28th Year of Service 2020

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

February 07, 2020 | Vol. XXVIII No. 06 | Periodicals Postage Paid

4 എയർ ഇന്ത്യ വിറ്റുപോയില്ലെങ്കിൽ പൂട്ടും
5 പ്രതീക്ഷകൾ കെടുത്തി നിർമല
9 രാജ്യം 71–ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു
12 വിദേശത്തും കൊറോണ പടരുന്നു
13 കർഷകക്ഷേമം മുൻനിർത്തി രാഷ്ട്രപതിയുടെ നയപ്രഖ്യാപനം

# സാമ്പത്തിക പ്രതിസന്ധിയിൽ മൗനം പാലിച്ച് കേന്ദ്ര ബജറ്റ്

ന്യൂഡൽഹി: സാമ്പത്തിക മുരടിപ്പു മറികടക്കാനോ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനോ പറ്റിയ വൻ പ്രഖ്യാപനങ്ങളില്ലാത്ത കേന്ദ്രബജറ്റിൽ ആദായ നികുതി ഘടനയിൽ മാറ്റവും ഇളവുകളും. എന്നാൽ, നിലവിലുള്ള നികുതി ഒഴിവുകൾ ഇല്ലാതാക്കുന്നതാണ് പുതിയ ഇളവുകൾ. നൂറിലേറെ നികുതി ഒഴിവുകളിൽ 70 എണ്ണം ഇല്ലാതാക്കിയെന്നും ഭാവിയിൽ പൂർണമായും ഇല്ലാതാക്കുമെന്നും ധനമന്ത്രി നിർമലാ സീതാരാമൻ അറിയിച്ചു. ബാങ്ക് നിക്ഷേപങ്ങൾക്കു സുരക്ഷ നൽകുന്ന ഇൻഷുറൻസിന്റെ പരിധി അഞ്ചുലക്ഷം രൂപയാക്കും. ഇപ്പോൾ അത് ഒരുലക്ഷം രൂപയാണ്.

അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്ന ബജറ്റിൽ കാർഷിക മേഖലയ്ക്ക് 16ഇന വികസന പദ്ധതികളും നിർമല പ്രഖ്യാപിച്ചു. എന്നാൽ കാര്യമായ ചലനമുണ്ടാക്കാവുന്ന പുതിയ വികസന-ക്ഷേമ പദ്ധതികളോ പ്രഖ്യാപനങ്ങളോ ബജറ്റിലുണ്ടായിരുന്നില്ല. ബെംഗളൂരുവിലെ 148 കിലോമീറ്റർ സബർബൻ റെയിൽ പദ്ധതിക്കായി 18,600 കോടി രൂപ നീക്കിവെക്കും. തമിഴ്നാട്ടിലും ഗുജറാത്തിലും അടക്കം അഞ്ചു പൗരാണിക കേന്ദ്രങ്ങൾ വികസിപ്പിക്കുമെന്നു പ്രഖ്യാപിച്ചപ്പോഴും കേരളത്തിന് പ്രത്യേകിച്ചൊന്നും നൽകിയില്ല.


നിർമലാ സീതാരാമൻ ബജറ്റ് അവതരിപ്പിക്കുന്നു.

വൻകിട കോർപറേറ്റുകളോടുള്ള സ്നേഹം പരസ്യമാക്കാൻ ധനമന്ത്രി മടിച്ചില്ല. ലോകത്തിലെതന്നെ ഏറ്റവും കുറഞ്ഞ 15 ശതമാനമാണ് ഇന്ത്യയിലെ കോർപറേറ്റ് നികുതിയെന്നു ധനമന്ത്രി ചൂണ്ടിക്കാട്ടി. പ്രത്യക്ഷനികുതിയുടെ കാര്യത്തിൽ തർക്കമുള്ളവർക്ക് മാർച്ച് 31നകം പലിശയും പിഴയുമില്ലാതെ നികുതി മാത്രം അടച്ച് കേസ് തീർക്കാൻ 'വിവാദ് സേ വിശ്വാസ്' പദ്ധതി പ്രഖ്യാപിച്ചു. (ശേഷം 28-ാം പേജിൽ)

## വിദേശത്തെ വരുമാനത്തിന് പ്രവാസികൾ ഇന്ത്യയിൽ നികുതി നൽകേണ്ട


ന്യൂഡൽഹി: പ്രവാസി ഇന്ത്യക്കാർ വിദേശത്തെ വരുമാനത്തിന് ഇന്ത്യയിൽ നികുതി നൽകേണ്ടതില്ലെന്ന് ധനമന്ത്രി നിർമലാ സീതാരാമൻ. പ്രവാസികളുടെ വരുമാനത്തിനു നികുതി ഏർപ്പെടുത്താനുള്ള ബജറ്റ് പ്രഖ്യാപനം വിവാദമായ സാഹചര്യത്തിലാണ് വിശദീകരണം. എന്നാൽ, വർഷം 120 ദിവസത്തിൽ കൂടുതൽ ഇന്ത്യയിൽ താമസിച്ചാൽ പ്രവാസി പദവി (എൻആർഐ) നഷ്ടപ്പെടുമെന്ന പുതിയ വ്യവസ്ഥ മാറ്റില്ല.

182 ദിവസമെന്നതാണ് 120 ആക്കുന്നത്. ഉയർന്ന വരുമാനക്കാർ ഈ വ്യവസ്ഥ ദുരുപയോഗിച്ച് ഒരു രാജ്യത്തും നികുതി നൽകാതിരിക്കുന്നുവെന്നും അത് പ്രോത്സാഹിപ്പിക്കാൻ ആവില്ലെന്നുമാണ് ബജറ്റ് രേഖയിൽ പറയുന്നത്.

(ശേഷം 28-ാം പേജിൽ)

## കേരളത്തിൽ മൂന്നുപേർക്ക് കൊറോണ

കോട്ടയം: കേരളത്തിൽ മൂന്നുപേർക്ക് കൊറോണ വൈറസ് ബാധ റിപ്പോർട്ട് ചെയ്തു. ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിൽ കഴിയുന്ന വിദ്യാർത്ഥിക്കും കാഞ്ഞങ്ങാട് ഗവ. ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ കഴിയുന്ന വിദ്യാർത്ഥിക്കുമാണ് രോഗം സ്ഥിരീകരിച്ചത്. കഴിഞ്ഞമാസം 24ന് ചൈനയിൽ നിന്നും വന്ന ശേഷം വിദ്യാർത്ഥി ഐസോലേഷൻ വാർഡിൽ നിരീക്ഷണത്തിൽ ആയിരുന്നു. രോഗം സ്ഥിരീകരിച്ചു പൂനാ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിലെ ഫലം ആരോഗ്യവകുപ്പിന് ലഭിച്ചതായി ആരോഗ്യമന്ത്രി കെ.കെ. ഷൈലജ ആലപ്പുഴയിൽ അറിയിച്ചു. വിദ്യാർത്ഥിയുടെ ആരോഗ്യനില തൃപ്തികരമാണെന്നും മന്ത്രി അറിയിച്ചു. തൃശൂരിൽ രോഗം സ്ഥിരീകരിച്ചതിനു പിന്നാലെയാണ് ഇപ്പോൾ ആലപ്പുഴയിലും രോഗം കണ്ടെത്തിയിരിക്കുന്നത്. നാലു പേരാണ് ആലപ്പുഴയിലെ ഐസോലേഷൻ വാർഡിൽ നിരീക്ഷണത്തിലുള്ളത്. ഇതിലൊരാൾ രോഗം സ്ഥിരീകരിക്കപ്പെട്ട വിദ്യാർത്ഥിയുടെ ബന്ധുവാണ്. ബാക്കിയുള്ളവർ ചൈനയിൽ നിന്ന് എത്തിയവരും. ജില്ലയിൽ മെഡിക്കൽ കോളജിലും ജനറൽ ആശുപത്രിയിലുമാണ് ഇപ്പോൾ ഐസോലേഷൻ വാർഡുകൾ സജ്ജീകരിച്ചിരിക്കുന്നത്. 87 ബെഡുകളാണ് നിലവിൽ (ശേഷം 28-ാം പേജിൽ)



## വുഹാനിൽ നിന്ന് രണ്ടു വിമാനങ്ങളെത്തി

ന്യൂഡൽഹി: കൊറോണ വൈറസ് മരണം വിതയ്ക്കുന്ന ചൈനയിൽ കുടുങ്ങിയ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യക്കാരെയും വഹിച്ച് രണ്ടുവിമാനങ്ങൾ ന്യൂഡൽഹിയിൽ. വിമാനം പുറപ്പെടുന്നതിനു തൊട്ടു മുമ്പ് ആറുപേർക്ക് ചൈന യാത്രാനുമതി നിഷേധിച്ചു.

ഫെബ്രുവരി ഒന്നിന് രാവിലെ 7.26നാണ് കൊറോണ പ്രഭവകേന്ദ്രമായ വുഹാനിൽ നിന്ന് എയർ ഇന്ത്യ പ്രത്യേക വിമാനം ന്യൂഡൽഹിയിലെ ഇന്ദിരാ ഗാന്ധി രാജ്യാന്തര വിമാനത്താവളത്തിലിറങ്ങിയത്. 324 യാത്രക്കാരിൽ ബഹുഭൂരിപക്ഷവും വിദ്യാർത്ഥികളാണ്. ഇവരെ വിമാനത്താവളത്തിൽ സജ്ജീകരിച്ച പ്രത്യേക പരിശോധനാ കേന്ദ്രത്തിൽ നിരീക്ഷിച്ചശേഷം ചാവ്‌ലയിലെ ഐടിബിപി സെന്ററിൽ ക്രമീകരിച്ചിരിക്കുന്ന ഐസൊലേഷൻ വാർഡുകളിലേക്കു മാറ്റി. 14 ദിവസം ഇവിടെ കഴിയുന്ന 324 പേരെയും കർശന പരിശോധനയ്ക്കുശേഷം വൈറസ് ബാധിതരല്ലെന്ന് ഉറപ്പാക്കി പുറത്തുവിടും. ഒന്നിന് പുലർച്ചെയാണ് ബോയിങ് 747 ജംബോ വിമാനം വുഹാൻ ടിയാനെ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നു തിരിച്ചത്. നിശ്ചയിച്ചതിൽ നിന്ന് വൈകിയായിരുന്നു വിമാനം പുറപ്പെട്ടത്. അവസാനവട്ട പരിശോധനയിൽ ആറുപേർക്ക് അനുമതി നിഷേധിച്ചതാണ് വിമാനം വൈകാൻ കാരണം. ഇവരിൽ പനിയുടെ ലക്ഷണം തിരിച്ചറിഞ്ഞതോടെ അധികൃതരെ മാറിച്ചിന്തിക്കാൻ പ്രേരിപ്പിച്ചു. തുടർന്ന് ആറുപേരെയും ഒഴിവാക്കി അനുമതി ലഭിച്ചതോടെയാണ് അനിശ്ചിതത്വം ഒഴിവായതെന്നു യാത്രക്കാരിൽ ഒരാൾ പറഞ്ഞു. മുഖാവരണം (ശേഷം 28-ാം പേജിൽ)


ചൈനയിലെ വുഹാനിൽ നിന്ന് പ്രത്യേക വിമാനത്തിൽ ന്യൂഡൽഹി വിമാനത്താവളത്തിലെത്തിച്ചവരെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കുന്നു.

## രാഷ്ട്രപിതാവിന് രാഷ്ട്രത്തിന്റെ കൂപ്പുകൈ

ന്യൂഡൽഹി: രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 72-ാം രക്തസാക്ഷിത്വ ദിനത്തിൽ, അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന രാജ്ഘട്ടിൽ രാഷ്ട്രപിതാവ് രാം നാഥ് കോവിന്ദും പ്രധാനമന്ത്രി നരേന്ദ്രമോദിയും ആദരാഞ്ജലി അർപ്പിച്ചു.

ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു, മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗ് എന്നിവർ ഇവർക്കൊപ്പം രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തി.

കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധി, പ്രതിരോധമന്ത്രി രാജ്നാഥ് സിങ്, കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി, ഡൽഹി ലഫ്റ്റനന്റ് ഗവർണർ അനിൽ ബൈജാൽ, മുതിർന്ന ബിജെപി നേതാവ് എൽ.കെ. അഡ്വാനി, സംയുക്ത സേനാ മേധാവി (സിഡിഎസ്) ബിപിൻ റാവത്ത്, അഡ്മിറൽ സുനിൽ ലൻബ, എയർ ചീഫ് മാർഷൽ രാകേഷ് കുമാർ, ജനറൽ മാനോജ് മുകുന്ദ് നർവാനെ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.


മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്ഘട്ടിലെ ഗാന്ധി സമാധിയിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

Visit Our Website: www.keralaexpress.com

# 6th Birthday in Heaven



OUR PRECIOUS VAVA/CHETTAI,

It is hard to believe six years went by without your physical presence. The pain of losing you is still fresh in us. With each day that passes, we miss you more. We live with the hope of seeing you again in that beautiful shore. We live with the precious memories you left us with.We miss your loud laugh and jokes. Your love is still our guide and you are still the light of our home. We feel your presence all the time.Keep guiding us. Until we meet again, rest in peace. We love you.

**Appa, Amma, Jesvin, Chech, Ammu**
**Achachan, Ammachi**
**Uncles, Aunts, Cousins**



## PRAVIN MATHEW VARUGHESE

**07-29-1994 - 02-13-2014**




JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS

# JAIBU MATHEW KULANGARA & ASSOCIATES

## For Personal & Business TAX SERVICE




7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com

Free Electronic Filing

## FIRST DEATH ANNIVERSARY

2-9-2020



IN LOVING MEMORY OF

### JOY LUKOSE CHEMMACHEL

(JOYCHEN)

**Always in our hearts and memories**

**SHILA,**
**LUCAS, GEO,**
**ALLI, MARIE**




# FOR ALL YOUR PERSONAL AND BUSINESS TAX SERVICES




**TOMY NELLAMATTAM, E.A.**
Enrolled to Practice Before IRS

Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

Free Electronic Filing
Full Time In Accounting
& Tax Services

# എയർ ഇന്ത്യ വിറ്റുപോയില്ലെങ്കിൽ പൂട്ടും

മുംബൈ: പൊതുമേഖലാ വിമാന ക്കമ്പനിയായ എയർ ഇന്ത്യയുടെ നവി മുംബൈയിൽ നെരൂരിളുള്ള ഭൂമി വിൽ ക്കാൻ ശ്രമം. ഇതുവഴി 1500 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം.

മഹാരാഷ്ട്ര നഗര, വ്യവസായ വി കസന കോർപ്പറേഷന്റെ (സിഡ്കോ) സഹായത്തോടെ പരമാവധി വില ലഭ്യ മാക്കി ഭൂമി വിൽക്കാനാണ് ആലോചന നടക്കുന്നത്.

ഏകദേശം ഒരു ലക്ഷം ചതുരശ്ര കിലോമീറ്റർ സ്ഥലമാണ് എയർ ഇന്ത്യ യുടേതായി നവിമുംബൈയിലുള്ളത്. ഇതിന്റെ പത്തുശതമാനം മാത്രമാണ് നിലവിൽ വാണിജ്യാവശ്യങ്ങൾക്കായി വികസിപ്പിച്ചിട്ടുള്ളത്. ബാക്കി താമസ സ്ഥലമാണ്.

പുതിയ വിമാനത്താവളം വരുന്ന പ ശ്ചാത്തലത്തിൽ നവിമുംബൈ മേഖല യിൽ വൻ വികസന പദ്ധതികളാണ് ന



ടന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടു തന്നെ ഈ സ്ഥലത്തിന് മികച്ച വില ലഭി ക്കുമെന്ന് എയർ ഇന്ത്യ അധികൃതർ പ്രതീക്ഷിക്കുന്നു. നിലവിൽ ഈ സ്ഥല ത്തുള്ള ഫ്ളാറ്റ് സമുച്ചയങ്ങളിലായി അ ഞ്ഞൂറോളം താമസക്കാരുണ്ട്. എയർ ഇന്ത്യ ജീവനക്കാർക്കാണ് ഇവിടെ ഫ്ളാറ്റ് കൈമാറിയിട്ടുള്ളത്.

2011–12ലാണ് എയർ ഇന്ത്യയുടെ ആസ്തികൾ വിൽക്കുന്നതിന് സർക്കാ ർ ശ്രമം തുടങ്ങിയത്. വർഷം 500 കോ ടിയുടെ ആസ്തികൾ വീതം വിൽക്കാ നാണ് തീരുമാനിച്ചത്. രണ്ടുവർഷം മു മ്പ് 9500 കോടി രൂപയുടെ 111 ആസ്തി കൾ വിൽക്കാൻ നടപടികളായിരുന്നു. ടെൻഡർ ക്ഷണിച്ചെങ്കിലും പലതിലും അതിൽ കാണിച്ചിരുന്ന കുറഞ്ഞ തുക യ്ക്കുപോലും വാങ്ങാനാളെത്തിയില്ല. ഇതോടെ ഈ ശ്രമം പരാജയപ്പെട്ടു.

## എയർ ഇന്ത്യ വിൽപ്പന: താത്പര്യ പത്രം ക്ഷണിച്ചു

ന്യൂഡൽഹി: എയർ ഇന്ത്യയുടെ നൂറുശതമാനം ഓഹരികളും വിറ്റഴിക്കാൻ നടപടികൾ തുടങ്ങി. വാങ്ങാനുദ്ദേശിക്കുന്നവർ മാർച്ച് 17നകം താത്പര്യപത്രം സമർപ്പിക്കണം. എയർ ഇന്ത്യയുടെയും എയർ ഇന്ത്യ എക്സ്പ്രസിന്റെയും മുഴുവൻ ഓഹരികളും ഗ്രൗണ്ട് എയർലൈൻസുമായി സഹകരിച്ചുണ്ടാക്കിയ സംയുക്ത സംരംഭമായ ഐസാറ്റ്സിന്റെ പകുതി ഓഹരികളുമാണ് വിറ്റഴി ക്കുക. വാങ്ങുന്നവർക്ക് എയർ ഇന്ത്യ എന്ന ബ്രാൻഡ് തന്നെ തുടരാം. ലേലം സംബന്ധിച്ച പ്രാഥമിക വിവരപത്രം ജനുവരി 27നാണ് പുറത്തിറക്കിയത്. എയർ ഇന്ത്യയുടെ 76 ശതമാനം ഓഹരികൾ വിറ്റഴിക്കാൻ 2018–ൽ സർക്കാർ ശ്രമം നടത്തിയെങ്കിലും ആരും താത്പര്യമറിയിച്ചില്ല.

## കേരളത്തിന് കേന്ദ്ര നികുതി വിഹിതം കൂട്ടിയില്ല

ന്യൂഡൽഹി: പൊതുമേഖലാ സ്ഥാ പനങ്ങൾക്കുള്ള ചെറിയ സഹായങ്ങൾ ക്കപ്പുറം കേരളത്തിനു പ്രത്യേകിച്ചൊ ന്നുമില്ല. കേന്ദ്രത്തിൽ നിന്നുള്ള നികു തി വിഹിതം 16,401.05 കോടി രൂപയിൽ നിന്ന് 15,326.64 കോടിയായി കുറയുക യും ചെയ്തു. കഴിഞ്ഞ വർഷം രാജ്യ ത്തെ ആകെ നികുതിയുടെ 2.5% കിട്ടി യെങ്കിൽ ഇപ്പോൾ 1.94% മാത്രം.

ഏറ്റവും കൂടുതൽ നികുതി വിഹി തം യുപിക്കാണ്. 1,40,611.48 കോടി. കു റവു ഗോവയ്ക്കും – 3026.94 കോടി.

റെയിൽവേ ബജറ്റിൽ പ്രഖ്യാപിച്ച 150 സ്വകാര്യ ട്രെയിനുകൾ ഓടിക്കുന്ന റൂട്ടുകളിൽ തിരുവനന്തപുരം – എറണാ കുളം, തിരുവനന്തപുരം – ഗുവാഹത്തി എന്നിവയുമുണ്ടെന്നു സൂചനയുണ്ട്. കേരളത്തിന്റെ തോട്ടം മേഖലയ്ക്കു ല ഭിക്കുക 681 കോടി.

**കേരളവുമായി ബന്ധപ്പെട്ട ചില പ്രഖ്യാപനങ്ങൾ**

റബർബോർഡ്: 221.34 കോടി (മുൻവർഷത്തെക്കാൾ 20 കോടി കുറ വ്), കോഫി ബോർഡ്: 225 കോടി (കു റവ് 23 കോടി), സ്പൈസസ് ബോർഡ്: 120 കോടി (7 കോടി കൂടുതൽ), തേ യില ബോർഡ്: 200 കോടി (2 കോടി കൂടുതൽ), കയർ ബോർഡ്: 92.75 കോടി.

*(മേൽപ്പറഞ്ഞവയ്ക്ക് രാജ്യത്താ കെ അനുവദിച്ച തുകയിൽ ഒരു വിഹി തമാകും കേരളത്തിനു ലഭിക്കുക)*

തിരുവനന്തപുരം ഐഐഎസ്ടി: 90 കോടി, കൊച്ചിൻ പോർട്ട് ട്രസ്റ്റ്: 26.28 കോടി, കൊച്ചിൻ ഷിപ്പ്യാർഡ്: 650.50 കോടി, കശുവണ്ടി കയറ്റുമതി പ്രമോ ഷൻ കൗൺസിൽ: 10 കോടി, ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം: 210 കോ ടി, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം: 21 കോടി.

## നിർഭയ: വധശിക്ഷ തടഞ്ഞതിന് എതിരെ ഹർജിയുമായി കേന്ദ്രം

ന്യൂഡൽഹി: നിർഭയ കേസിലെ പ്ര തികളുടെ വധശിക്ഷ നടപ്പാക്കുന്നതു തടഞ്ഞുള്ള കോടതി ഉത്തരവിനെതി രെ കേന്ദ്രസർക്കാർ നൽകിയ ഹർജി ഡൽഹി ഹൈക്കോടതി വിധി പറയാൻ മാറ്റി. കേസിൽ കക്ഷിചേർന്നിട്ടുള്ള എ ല്ലാവരുടെയും വാദങ്ങൾ കേട്ട ശേഷം ഉത്തരവു പുറപ്പെടുവിക്കുമെന്നു ജസ്റ്റി സ് സുരേഷ് കൈറ്റ് വ്യക്തമാക്കി.

ശിക്ഷ വൈകിപ്പിക്കാൻ പ്രതികൾ ബോധപൂർവം ശ്രമിക്കുകയാണെന്നു കേന്ദ്രസർക്കാരിനുവേണ്ടി ഹാജരായ സോളിസിറ്റർ ജനറൽ തുഷാർ മേത്ത വാദിച്ചു. പ്രതികൾ കണക്കുകൂട്ടിയുള്ള നീക്കങ്ങളാണ് നടത്തുന്നത്. പ്രതിക ളിലൊരാളായ പവൻ ഗുപ്ത തിരുത്ത ൽ ഹർജിയും ദയാ ഹർജിയും നൽകാ തിരിക്കുന്നതു മനഃപൂർവ്വമാണെന്നും നിയമ നടപടി പൂർത്തിയാക്കുന്നവർ ക്കു വധശിക്ഷ നടപ്പാക്കണമെന്നും തു ഷാർ മേത്ത ആവശ്യപ്പെട്ടു. പ്രതികൾ ക്കുവേണ്ടി എ.പി. ലിങ്, റെബേക്ക ജോ ൺ എന്നിവർ ഹാജരായി. കേസിൽ കേന്ദ്രസർക്കാർ ഇടപെടൽ ഉണ്ടാവുന്ന ത് 2 ദിവസം മുൻപു മാത്രമാണെന്നും മരണ വാറന്റിന് കേന്ദ്ര–സംസ്ഥാന സ ർക്കാരുകൾ വിചാരണക്കോടതിയെ സ മീപിച്ചിരുന്നില്ലെന്നും റെബേക്ക ജോ ൺ ബോധിപ്പിച്ചു.

## എം. കമലം അന്തരിച്ചു

കോഴിക്കോട്: മുൻ മന്ത്രിയും സംസ്ഥാന വനിതാ കമ്മിഷൻ അദ്ധ്യക്ഷയു മായിരുന്ന മുതിർന്ന കോൺഗ്രസ് നേതാവ് എം. കമലം (93) ഓർമയായി. 1980ലും 82ലും കൽപറ്റ മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.



മലബാറിൽ നിന്നുള്ള ആദ്യ വനിതാ മന്ത്രിയാണ്. 1982ലെ കെ. കരുണാകരൻ മന്ത്രിസഭയിൽ സഹ കരണ, സാമൂഹിക ക്ഷേമ മന്ത്രിയായി. ഒരു തവണ പാർലമെന്റിലേക്ക് മത്സരിച്ചെങ്കിലും പരാജയ പ്പെട്ടു.

കോൺഗ്രസ് സംസ്ഥാന കമ്മിറ്റി അംഗം, കെപിസിസി വൈസ് പ്രസിഡണ്ട്, ജനറൽ സെക്ര ട്ടറി തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. എഐ സിസി വർക്കിങ് കമ്മിറ്റിയിലും സ്ഥാനം ലഭിച്ചു.

ഭർത്താവ് പരേതനായ എം. സാമിക്കുട്ടി. മക്ക ൾ: എം. യതീന്ദ്രദാസ്, എം. പത്മജ, എം. മുരളി, എം. രാജഗോപാൽ, എം. വിജ യകൃഷ്ണൻ. മരുമക്കൾ: ശോഭാ ദാസ്, ഡോ. ചാരുദത്തൻ, രമ മുരളി, റീന രാജ ഗോപാൽ, രാജശ്രീ വിജയകൃഷ്ണൻ.

## കർണാടകയിൽ കൂറുമാറിയ 10 പേർക്ക് മന്ത്രിസ്ഥാനം

ബെംഗളൂരു: കൂറുമാറി ബിജെപിയി ലെത്തി ഉപതെരഞ്ഞെടുപ്പിൽ വിജയി ച്ച 11 എംഎൽഎമാരിൽ 10 പേർക്കും മന്ത്രിസ്ഥാനം നൽകി കർണാടക മ ന്ത്രിസഭാ വികസനം ആറിന്. ബെളഗാ വി അത്താണിയിൽ നിന്നുള്ള എംഎൽ എ മഹേഷ് കുമത്തല്ലിക്കാണ് വിമത രിൽ മന്ത്രിസ്ഥാനം കിട്ടാതെ പോവു ക. ഉപമുഖ്യമന്ത്രി ഉൾപ്പെടെ 5 മന്ത്രി മാർ ബെളഗാവി മേഖലയിൽ നിന്നുള്ള താണ് മഹേഷിനെ ഒഴിവാക്കാൻ കാര ണം. എന്നാൽ, കാബിനറ്റ് റാങ്കിലുള്ള പദവികൾ നൽകി അദ്ദേഹത്തെ ആശ്വ സിപ്പിക്കുമെന്നാണ് സൂചന.

പുതിയ മന്ത്രിമാരിൽ 3 പേർ മാത്ര മാണ് മുതിർന്ന ബിജെപി നേതാക്കൾ. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ചന്നപട്ടണയിൽ ദൾ നിയമസഭാ കക്ഷി നേതാവ് കുമാരസ്വാമിയോടു തോറ്റ സിപി യോഗേശ്വർ, ഉമേഷ് കട്ടി, അര വിന്ദ് ലിംബാവലി എന്നിവരാണിവർ. അതൃപ്തരെ അനുനയിപ്പിക്കാനായി 3 സ്ഥാനങ്ങൾ ഒഴിച്ചിടും.

## ഗർഭഛിദ്രത്തിനുള്ള സമയപരിധി 24 ആഴ്ചയാക്കും

ന്യൂഡൽഹി: വൈദ്യശാസ്ത്ര നിർദേശപ്രകാരം ഒഴിവാക്കാനാവാത്ത അവ സരങ്ങളിൽ ഗർഭഛിദ്രം നടത്തുന്നതിനുള്ള സമയപരിധി 20–ൽ നിന്ന് 24 ആഴ്ചയായി വർധിപ്പിക്കാൻ ചട്ടം ഭേദഗതി ചെയ്യും. ഇതിനായി 1971–ലെ മെഡി ക്കൽ ടെർമിനേഷൻ ഓഫ് പ്രഗനൻസി ആക്ട് (എംപിടി ആക്ട്) ഭേദഗതി ചെയ്ത് പുതിയ ബിൽ ബജറ്റു സമ്മേളനത്തിൽ അവതരിപ്പിക്കും. ബലാൽസം ഗത്തിനിരയായവർ, ഭിന്നശേഷിക്കാർ, പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ തുടങ്ങിയവരെയും ഇതിൽ ഉൾപ്പെടുത്തും.

20 ആഴ്ചവരെ പ്രായമുള്ള ഗർഭം അലസിപ്പിക്കാനേ നിലവിൽ അനുമതി യുള്ളൂ. അതിനുമേൽ വളർച്ചയെത്തിയ ഗർഭം ഒഴിവാക്കണമെങ്കിൽ കോടതി യുടെ പ്രത്യേകാനുമതിവേണം. കോടതി അനുവദിച്ചില്ലെങ്കിൽ അനധികൃത മാർഗ ങ്ങൾ തേടുന്ന പ്രവണത വർധിക്കുന്നുണ്ട്. ഇതു ഗുരുതരമായ ആരോഗ്യപ്രശ്ന ങ്ങളുണ്ടാക്കുന്നു. മരണവും സംഭവിക്കാം. ഈ സാഹചര്യത്തിൽ വിവിധ കേന്ദ്ര ങ്ങളിൽ നിന്നുള്ള ആവശ്യപ്രകാരമാണ് സമയപരിധി വർധിപ്പിക്കുന്നതെന്ന് മന്ത്രി സഭാ തീരുമാനം വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി പ്രകാശ് ജാവഡേക്കർ പറ ഞ്ഞു. മന്ത്രി നിതിൻ ഗഡ്കരി അദ്ധ്യക്ഷനായ മന്ത്രിതല സമിതി വിവിധ തലങ്ങ ളിൽ നടത്തിയ ചർച്ചയെത്തുടർന്നാണ് ബില്ലിലെ വ്യവസ്ഥകൾ തയാറാക്കിയത്.

## നിർമ്മലയുടെ തീരുമാനം പ്രവാസികളെ പ്രതികൂലമായി ബാധിക്കും

കോട്ടയം: പ്രവാസി നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ഒരുവശത്ത് കൊ ണ്ടുപിടിച്ച ശ്രമങ്ങൾ നടക്കുമ്പോൾ, അവരുടെ പ്രവാസി പദവിയെത്തന്നെ വെല്ലുവിളിക്കുന്ന കേന്ദ്രസർക്കാരിന്റെ ബജറ്റ് നിർദേശം സാമ്പത്തിക മേഖയി ൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കു ന്നതാണ്. ഇന്ത്യയിൽ കഴിയാനുള്ള സ മയപരിധി, രാജ്യാന്തര തലത്തിൽ അംഗീകരിക്കപ്പെട്ട 182 ദിവസത്തിൽ നി ന്നു 120 ആയി കുറയ്ക്കുന്നത് പ്രവാ സികളെ നിക്ഷേപത്തിൽ നിന്ന് അക റ്റാനേ ഉപകരിക്കൂ. ഈ തീരുമാനം ഏ റ്റവും പ്രതികൂലമായി ബാധിക്കുക പ്രള യാനന്തര പുനർനിർമാണത്തിൽ ശ്രദ്ധ യൂന്നുന്ന കേരളത്തെയാണ്.

കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് പ്രവാസികൾ. 22 ലക്ഷ ത്തോളം വരുന്ന പ്രവാസികൾ പ്രതി വർഷം കേരളത്തിലേക്ക് അയയ്ക്കുന്ന ത് ഒരുലക്ഷം കോടി രൂപയ്ക്ക് മുകളി ലാണ്. ഈ ബജറ്റ് അവരെയൊക്കെ നി രുത്സാഹപ്പെടുത്തും.

സാങ്കേതിക വിദ്യയിലെ മുന്നേറ്റം സമ്പദ് വ്യവസ്ഥയെ ഡിജിറ്റലാക്കി മാ റ്റിയിട്ടുണ്ട്. ഒരിടത്തിരുന്ന് ലോകത്തെ വിടെയും സംരംഭങ്ങൾ നടത്താവുന്ന നിലയിലേക്ക് സാങ്കേതിക വിജ്യ മാറി ക്കൊണ്ടിരിക്കുകയാണ്. വീട്ടിലിരുന്നു ജോലി ചെയ്താൽ മതിയെന്ന് ബഹു രാഷ്ട്ര കമ്പനികൾ ജീവനക്കാരെ നിർ ബന്ധിക്കുന്ന കാലം. ഇങ്ങനെയുള്ള കാലത്ത് 4 മാസത്തിൽ കൂടുതൽ ഇ ന്ത്യയിൽ നിന്നാൽ പ്രവാസി പദവി ന ഷ്ടമാകുമെന്ന നിയന്ത്രണം കൊണ്ടു വരുന്നത് യുക്തിരഹിതമാണ്.

പ്രവാസികൾ വിദേശത്തു നിന്ന് സ മ്പാദിക്കുന്ന തുകയ്ക്കും നികുതി നൽ കണമെന്ന വിചിത്രമായ നിർദേശം വ്യാപകമായ ആശങ്കയ്ക്കു വഴിയൊരു ക്കുന്നു. ഇക്കാര്യത്തിൽ കേന്ദ്രസർക്കാ രിന്റെ തിരുത്തൽ വന്നിട്ടുണ്ടെങ്കിലും ആശയക്കുഴപ്പം പൂർണമായി മാറി എ ന്നു പറയാറായിട്ടില്ല.

പ്രവാസികൾ ഇന്ത്യയിൽനിന്നു ണ്ടാക്കുന്ന വരുമാനത്തിന് ഇപ്പോഴത്ത ന്നെ കൃത്യമായ നികുതി അടയ്ക്കുന്നു ണ്ട്. ഇന്ത്യയുടെ വ്യാപാരക്കമ്മി കുറ യ്ക്കുന്നതിൽ വിദേശത്തുനിന്നുള്ള വ രുമാനത്തിന് പ്രധാന പങ്കുണ്ട്. പ്രവാ സികൾ നാട്ടിലേക്ക് അയയ്ക്കുന്ന പ ണമാണ് ഇതിലെ മുഖ്യഘടകം. വിദേ ശവരുമാനം സ്വന്തം നാട്ടിൽ നിക്ഷേ പിക്കാനുള്ള അവസരങ്ങൾ പ്രോത്സാ ഹിപ്പിക്കാനുള്ള സർക്കാർ ശ്രമങ്ങൾക്ക് ബജറ്റ് നിർദേശം തിരിച്ചടിയാകും.

വിദേശത്ത് സംരംഭങ്ങൾ നടത്തി വിജയിച്ച പ്രവാസികൾ നാട്ടിലെ വമ്പ ൻ നികുതിഘടന മൂലം ഇപ്പോഴേ തിരി ച്ചുവരേണ്ടെന്ന നിലപാടിലേക്കു മാറി ക്കഴിഞ്ഞു. ഇന്ത്യയിലേക്കു വന്നാൽ വി ദേശത്തു ജീവിതകാലം മുഴുവൻ സ മ്പാദിച്ച പണത്തിന്റെ വലിയൊരു ശത മാനം നികുതിയൊടുക്കേണ്ടിവരും. സി റ്റ്സർലൻഡ്, സിംഗപ്പൂർ, ദുബായ് എ ന്നിവിടങ്ങൾ ഇത്തരക്കാരെ ചുവപ്പു പ രവതാനി വിരിച്ചു സ്വീകരിക്കാൻ തയാ റായി നിൽപ്പുണ്ട്. കാരണം ഈ സമ്പാ ദ്യം അവരുടെ സമ്പദ്‌വ്യവസ്ഥയ്ക്ക് മു തൽക്കൂട്ടാകുമെന്ന ബോധ്യം തന്നെ. ഇന്ത്യൻ പൗരത്വം പോലും ഉപേക്ഷി ച്ചാണ് പലരും കുടിയേറിപ്പാർക്കുന്നത്.

എന്നെങ്കിലുമൊരിക്കൽ നാട്ടി ലേക്കു മടങ്ങേണ്ടിവരുമെന്ന ചിന്ത യിൽ വീടിനും ഭൂമിക്കുമായി സമ്പാദ്യം മുഴുവൻ ചെലവഴിച്ചിരുന്ന മലയാളിക ൾ ഉൾപ്പെടെയുള്ള പ്രവാസികൾ പോ ലും ഇപ്പോൾ മാറിച്ചിന്തിച്ചു തുടങ്ങിയി രുന്നു. പലരും കാനഡയിലേക്കും ഓ സ്ട്രേലിയയിലേക്കും കുടിയേറി പ്പാർക്കുന്നു.

നാടിന്റെ പുരോഗതിക്കായി പ്രവാ സികളെ ഇന്ത്യയിൽ നിക്ഷേപിക്കാൻ പ്രേരിപ്പിക്കുന്നതിനു പകരം, ഇത്തരം ദീർഘവീക്ഷണമില്ലാത്ത നികുതിയിന ങ്ങളിലൂടെ അവരെ ആട്ടിയോടിക്കുക യാണ്. ഈ ബജറ്റ് നിർദേശം നൽകു ന്ന സന്ദേശം പ്രതിലോമകരമാണ്. പിടി ച്ചുനിൽക്കാൻ പാടുപെടുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് കൂടുതൽ ആഘാ തമുണ്ടാകുന്നതിന് മുൻപ് ഈ നിർ ദേശം പിൻവലിക്കാൻ കേന്ദ്രസർക്കാർ തയാറാകണം.

## വനിതാ പോലീസ് എന്ന് വിളിക്കരുത്

തിരുവനന്തപുരം: കേരളാ പോലീസിലെ 'വനിത'യെന്ന വിളി പൂർണ മായി അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ഡിജിപി ലോക്നാഥ് ബെഹ്റയുടെ സർക്കുലർ. ഇനി എല്ലാവരും പോലീസുകമാർ മാത്രം. സേനയിൽ ലിംഗസ മത്വം നടപ്പാക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി.

2011ൽ വനിതാ പോലീസ് കോൺസ്റ്റബിളിന്റെ പേര് സിവിൽ പോലീസ് ഓഫിസറെന്നും വനിതാ ഹെഡ്കോൺസ്റ്റബിളിന്റെ പേര് സീനിയർ സിവിൽ പോലീസ് ഓഫീസറെന്നും ആക്കിയിരിക്കുന്നു. ബറ്റാലിയനുകളിൽ വനിത യെന്ന പദം ഒഴിവാക്കി പോലീസ് കോൺസ്റ്റബിളും ഹവിൽദാറുമെന്നുമാക്കി. എന്നാൽ ഇതു പ്രയോഗത്തിൽ വന്നില്ല. സ്ത്രീയാണെങ്കിൽ സ്ഥാനപ്പേരിനു മുന്നിൽ 'വനിത' എന്നു വിശേഷിപ്പിക്കുന്നതിൽ മാറ്റമുണ്ടായില്ല. ഇതേത്തു ടർന്നാണ് ഡിജിപി പുതിയ നിർദേശം ഇറക്കിയത്.

സിവിൽ പോലീസ് ഓഫിസർ മുതൽ എസ്പിവരെ (നോൺ ഐപിഎ സ്) 49,886 പേരാണ് പോലീസ് സേനയിലുള്ളത്. സ്റ്റേഷനുകളിൽ ജോലി ചെയ്യുന്ന വനിതകളുടെ എണ്ണം 3470. ഒരു വനിതാ ഡിവൈഎസ്പി, 22 വനിതാ സിഐ, 129 വനിതാ എസ്ഐ, 3 വനിതാ എഎസ്ഐ, 168 വനിതാ സീനി യർ സിവിൽ പോലീസ് ഓഫിസർ, 3147 വനിതാ സിവിൽ പോലീസ് ഓഫി സർ തുടങ്ങിയവർ വിവിധ സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നു.

# പ്രതീക്ഷകൾ കെടുത്തി നിർമല

സ്വന്തം ലേഖകൻ

വലിയ പ്രതീക്ഷകൾ ജനിപ്പിച്ചു. ഒടുവിൽ നിരാശമാത്രം. നരേന്ദ്രമോദിയുടെ രണ്ടാം സർക്കാരിന്റെ രണ്ടാമത്തെ ബജറ്റിനെപ്പറ്റി അതേ പറയാനാവൂ. രാജ്യത്തു കടുത്ത സാമ്പത്തിക മുരടിപ്പുണ്ട്. വളർച്ചാതോത് ഒറ്റ വർഷം കൊണ്ട് പകുതിയായി. ഔദ്യോഗിക കണക്കെഴുത്തുകാർക്കുപോലും മറച്ചുവെക്കാൻ പറ്റാത്ത മുരടിപ്പ്. അതു മാറ്റാൻ എല്ലാവരും നടപടികൾ പ്രതീക്ഷിച്ചു.

സർക്കാരിന്റെ ഒരു വക്താവ് ഒരു ചാനലിൽ ചോദിച്ചു: ‘വളർച്ച കുറഞ്ഞ് വരുമാനം കുറഞ്ഞ ഈ സമയത്ത് ഉത്തേജക പദ്ധതി പ്രതീക്ഷിച്ചതല്ലേ വിവരക്കേട്.’ സർക്കാരിൽ നിന്ന് ഈയിടെ റിട്ടയർചെയ്ത ആ ഓഫീസർക്കുള്ള മറുപടി ഓഹരിവിപണി നൽകി. ഒറ്റയടിക്ക് ആയിരം പോയിന്റെ താഴെയായി സെൻസെക്സ്. 2008നു ശേഷമുള്ള ഏറ്റവും വലിയ തകർച്ച.

ഓഹരിവിപണിയിലുള്ളവർ സാമ്പത്തിക കാര്യങ്ങളിൽ നല്ല വിധിയെഴുത്തുകാരാണെന്ന് അഭിപ്രായമില്ല. പക്ഷേ അവരുടെ പെട്ടെന്നുള്ള വിലയിരുത്തലിൽ കുറേ കഴമ്പുണ്ടാകും.

നിർമല സീതാരാമന്റെ രണ്ടാം ബജറ്റിനു പ്രത്യേക നിറമില്ല, പ്രത്യേക രുചിയുമില്ല, ഏതെങ്കിലും ദിശയിലേക്ക് ആ ബജറ്റ് രാജ്യത്തെ നയിക്കുന്നുമില്ല.

ആദായനികുതിയിലെ നിർദിഷ്ട മാറ്റം അധികമാർക്കും രസിച്ചില്ല. നികുതിദായകർക്ക് അതിൽ ലാഭവുമില്ല. സമ്പാദ്യശീലം കുറയ്ക്കും എന്ന ദോഷമുണ്ടുതാനും. ലാഭവിതരണനികുതി (ഡിഡിടി) നിറുത്തിയതു കമ്പനികൾക്കു ലാഭമൊന്നും നൽകുന്നില്ല. ചില്ലറ സൗകര്യം കിട്ടും എന്നു മാത്രം. ഓഹരിയുടമകൾ അതിനുകൂടി നികുതിയടയ്ക്കുകയും വേണം. മരുടിപ്പുള്ളപ്പോഴാണ് ഉത്തേജനം വേണ്ടതെന്ന് എല്ലാവരും കരുതി. റിട്ടയർചെയ്ത ഓഫീസർ മാത്രം അതു മനസിലാക്കിയില്ല. നല്ല വളർച്ചയും ഇഷ്ടംപോലെ വരവുമുള്ളപ്പോൾ ഉത്തേജനം വേണ്ടല്ലോ.

ഉത്തേജനത്തിന്റെ പ്രധാന കാരണം പണം നൽകുന്ന വിധം നികുതി നിരക്ക് കുറയ്ക്കലാകും എന്ന് എല്ലാവരും കരുതി. രാജ്യത്ത് ഡിമാൻഡ് ഇല്ലാത്തതാണ് മുരടിപ്പിനു വലിയ കാരണം. അത് മാറ്റാൻ ജനങ്ങൾക്ക് കൂടുതൽ പണം ചെലവാക്കണം.

പക്ഷേ നികുതി കുറയ്ക്കാതെ ഒരു ഐച്ഛിക പദ്ധതി മാത്രം നിർമല അവതരിപ്പിച്ചു. അതാകട്ടെ അനാകർഷ



കവും. ഫലം ജനങ്ങൾ കൂടുതൽ പണം ചെലവഴിക്കില്ല. കമ്പനികൾക്കു വില്പന കൂടില്ല.

ധനമന്ത്രിയും സർക്കാരും ആദായ നികുതിയേക്കാൾ കൂടുതൽ ശ്രദ്ധിച്ചത് കസ്റ്റംസ് ഡ്യൂട്ടിയിലാണെന്നും വ്യക്തം. വിദേശത്തു നിന്നുള്ള ഉത്പന്നങ്ങളുടെ തള്ളിക്കയറ്റത്തിൽ ഇന്ത്യൻ വ്യവസായങ്ങൾ തകർന്നടിയുന്നു. അതു മാറ്റാൻ ഇറക്കുമതി പ്രളയം തടയണം. അതിനു ബജറ്റ് ഊന്നൽ നൽകി. നാനൂറിലേറെ ഇനം സാധനങ്ങളുടെ ഇറക്കുമതിച്ചുങ്കം സർക്കാർ കൂട്ടി.

ആസിയാൻ കരാറിന്റെ മറവിൽ ചൈനീസ് ഉത്പന്നങ്ങൾ വരുന്നതിനെ തടയുകയാണ് ചെയ്യുന്നതെന്നാണ് സർക്കാർ പറയുന്നത്. രാജ്യത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ രക്ഷിക്കാനാണ് ഈ നടപടി.

കളിപ്പാട്ടം മുതൽ ഡിന്നർ സെറ്റ് വരെ രാസവസ്തുക്കൾ മുതൽ ചുവരിൽ വെക്കുന്ന ഫാൻവരെ, ചെരുപ്പ് മുതൽ സ്വർണകോയിൻ വരെ, ഇലക്ട്രോണിക് കംപോണന്റുകൾ മുതൽ റഫ്രിജറേറ്ററിന്റെ കംപ്രസർവരെ കാലിത്തീറ്റയ്ക്കുള്ള ചോളം മുതൽ കൊക്കോ പാനീയം വരെ – ചുങ്കം വർധിച്ചവയിൽ പെടുന്നവയുടെ പട്ടിക നീണ്ടതാണ്.

ഇതോടെ ഒന്ന് ഉറപ്പായി. രാജ്യത്ത് ഈവക സാധനങ്ങൾക്കു വില വർധിക്കും. ഇറക്കുമതി സാധനത്തിന്റെ വിലയാണ് മിക്കലയിലും അടിസ്ഥാനവില. ഇറക്കുമതി ചെലവേറുമ്പോൾ ഇന്ത്യൻ സാധനത്തിനു വില കൂടും. ഇപ്പോൾത്തന്നെ ഭക്ഷ്യവിലക്കയറ്റം രൂക്ഷമാണ്. ഇനി മറ്റുത്പന്നങ്ങൾക്കും വില കൂടിയാൽ ജനത്തിന്റെ നില കഷ്ടമാകും. വളർച്ചയില്ലാത്തതുകൊണ്ടു രാജ്യത്തിന്റെ നികുതി വരുമാനം പ്രതീക്ഷയിലും കുറവായി. അതുകൊണ്ട് കമ്മി കൂടി.

2008-09ൽ രാജ്യത്തു സമാനസാഹചര്യം വന്നു. അന്നു ലോകമാന്ദ്യമായിരുന്നു പ്രശ്നം. ഇന്ത്യ അതിനെ നേരിട്ടത് കമ്മി വർധിപ്പിച്ചാണ്. വർധിപ്പിച്ചത് സർക്കാരിന്റെ ചെലവ് കൂട്ടാൻ. ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയടക്കമുള്ള പദ്ധതികൾക്കു സഹസ്രകോടികൾ മുടക്കി. കമ്മി കൂടിയെങ്കിലു ജനത്തിനു പണി ലഭിച്ചു. സർക്കാരിനു തുടക്കവർഷങ്ങളിലേക്കു വരുമാനം കൂടി. ഇവിടെ വരവ് കുറഞ്ഞപ്പോൾ ചെലവും ചുരുക്കി. 27.86 ലക്ഷം കോടി ചെലവ് പറഞ്ഞിടത്ത് 26.98 ലക്ഷം കോടിയിൽ അത് ഒരുക്കുന്നു.

ഇക്കൊല്ലം ജിഡിപിയുടെ 3.3 ശതമാനം കമ്മി പ്രതീക്ഷിച്ചത് 3.8 ശതമാനമാകും. അടുത്ത വർഷം 3.5 ശതമാനവും. കമ്മി മൂന്നു ശതമാനത്തിൽ ഒതുക്കുക എന്ന ലക്ഷ്യം മുന്നുവർഷം കൂടി നീട്ടിവെക്കുകയാണ് നിർമല ചെയ്യുന്നത്. ഈ ബജറ്റിലെ നല്ല ഒരു കാര്യം ബാങ്ക് നിക്ഷേപകർക്കുള്ള ഇൻഷ്വറൻസ് അഞ്ചുലക്ഷം രൂപയാക്കിയതാണ്. ഏതെങ്കിലും ബാങ്ക് തകർന്നാൽ നിക്ഷേപകരിൽ ഓരോരുത്തർക്കും പരമാവധി ഒരു ലക്ഷം രൂപ വരെയേ ഇതുവരെ ലഭിക്കുമായിരുന്നുള്ളൂ. ഇതാണ് അഞ്ചുലക്ഷമാക്കുന്നത്.

ഈ ഇൻഷ്വറൻസിനു നിക്ഷേപകർ പ്രീമിയം അടയ്ക്കേണ്ട. ബാങ്കാണ് അതടയ്ക്കുന്നത്. ഒരു ബാങ്കിൽ എത്ര തുക നിക്ഷേപം ഒരാൾക്കുണ്ടെങ്കിലും പരമാവധി സംരക്ഷിക്കപ്പെടുന്ന തുകയാണ് അഞ്ചുലക്ഷം രൂപാ ഇതു നടപ്പാക്കുന്ന തീയതി റിസർവ് ബാങ്ക് പിന്നീടു പ്രഖ്യാപിക്കും.

## കൊറോണയെ നേരിടാൻ ഡബ്ല്യുഎച്ച്ഒയുടെ ആരോഗ്യ അടിയന്തരാവസ്ഥ

ജനീവ: കൊറോണ വൈറസിന്റെ വ്യാപനത്തെ നേരിടാൻ ലോകാരോഗ്യ സംഘടന (ഡബ്ല്യുഎച്ച്ഒ) ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ലോകം മുഴുവൻ ഇപ്പോൾ ജാഗ്രത പാലിക്കേണ്ടതുണ്ടെന്നും രാജ്യങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്നും മുന്നറിയിപ്പുണ്ട്.

ലോകമെമ്പാടുമായി ഇതിനോടകം 8,100ൽ അധികം പേർക്ക് കൊറോണ വൈറസ് സ്ഥിരീകരിച്ചെന്നും ഡബ്ല്യു എച്ച്ഒ വ്യക്തമാക്കി. വൈറസ് പടരുന്നതിനെ തുടർന്ന് ആഗോള അടിയന്തരാവസ്ഥ പ്രഖ്യാപിക്കണമെന്ന് ഒരാഴ്ച മുൻപുതന്നെ ആവശ്യമുയർന്നിരുന്നു.

അമേരിക്കയിൽ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കൊറോണ പകർന്നതായുള്ള വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടതിനു പിന്നാലെയാണ് ഡബ്ല്യുഎച്ച്ഒയുടെ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപനം. ചിക്കാഗോയിലാണ് ഭാര്യയിൽ നിന്ന് ഭർത്താവിന് കൊറോണ ബാധിച്ചത്.

## രാഷ്ട്രപതിക്കെതിരെ പ്രതിപക്ഷം; നയപ്രഖ്യാപനത്തിൽ ബഹളം

ന്യൂഡൽഹി നയപ്രഖ്യാപന പ്രസംഗത്തിൽ പൗരത്വ നിയമത്തെ പ്രകീർത്തിച്ച് രാഷ്ട്രപതി രാംനാഥ് കോവിന്ദിനെതിരെ പ്രതിപക്ഷം. പൗരത്വ നിയമം പാസാക്കിയ പാർലമെന്റ് മഹാത്മാഗാന്ധിയുടെ ആഗ്രഹം സഫലമാക്കിയെന്ന പരാമർശത്തെ ഭരണപക്ഷം കയ്യടികളോടെ എതിരേറ്റപ്പോൾ ‘നാണക്കേട്’ എന്നു വിളിച്ച് പറഞ്ഞ് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റു.

കേരളത്തിൽ നിന്നുള്ള എംപിമാരായ പി.കെ. കുഞ്ഞാലിക്കുട്ടി, ആന്റോ ആന്റണി, കെ. മുരളീധരൻ, ഇ.ടി. മുഹമ്മദ് ബഷീർ, ടി.എൻ. പ്രതാപൻ, വി.കെ. ശ്രീകണ്ഠൻ, രാജ്മോഹൻ ഉണ്ണിത്താൻ, ബിനോയ് വിശ്വം എന്നിവർ ബഹളം വെച്ചതോടെ പ്രസംഗം ഏതാനും നിമിഷം തടസ്സപ്പെട്ടു.

പൗരത്വ നിയമവും ദേശീയ പൗരത്വ രജിസ്റ്ററും റദ്ദാക്കണമെന്ന് എഴുതിയ പ്ലക്കാർഡുമായി പിന്നാലെ തൃണമൂൽ അംഗങ്ങൾ എഴുന്നേറ്റു. 3 മിനിറ്റ് മൗനമാചരിച്ച അംഗങ്ങൾ പിന്നീട് സഭയ്ക്ക് പുറത്തും പ്രതിഷേധിച്ചു. പൗരത്വ നിയമത്തിനെതിരായ വാചകങ്ങൾ വസ്ത്രത്തിൽ എഴുതിയാണ് തൃണമൂൽ എംപി: ഡോള സെൻ എത്തിയത്. രാവിലെ 14 പ്രതിപക്ഷ കക്ഷികൾ പാർലമെന്റ് വളപ്പിലെ ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ പ്രതിഷേധ ധർണ നടത്തി. കോൺഗ്രസ്, ഡിഎംകെ, മുസ്ലിം ലീഗ്, ആർജെഡി, എൻസിപി, സമാജ്‌വാദി പാർട്ടി, സിപിഎം, സിപിഐ, ശിവസേന, ജെഎംഎം, ജെഡിഎസ്, ആർഎസ്പി, കേരളാ കോൺഗ്രസ് എം, നാഷണൽ കോൺഫറൻസ് അംഗങ്ങൾ ധർണയ്ക്കു പിന്നാലെ കറുത്ത ബാഡ്ജ് ധരിച്ച് സെൻട്രൽ ഹാളിലേക്ക് കയറി. പ്രതിഷേധ സൂചകമായി മുൻനിരയിലെ ഇരിപ്പിടം ഒഴിവാക്കി മറ്റ് പാർട്ടി എംപിമാർക്കൊപ്പം അഞ്ചാം നിരയിലാണ് കോൺഗ്രസ് പ്രസിഡണ്ട് സോണിയാ ഗാന്ധിയും രാജ്യസഭയിലെ കക്ഷി നേതാവ് ഗുലാം നബി ആസാദും ഇരുന്നത്. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് മാത്രമേ ഒന്നാം നിരയിലിരുന്നുള്ളൂ. പൗരത്വ നിയമം പാസാക്കിയതു കേന്ദ്രത്തിന്റെ ഭരണനേട്ടമായി നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയതു നിർഭാഗ്യകരമാണെന്നും ഇതിനെക്കാൾ വലിയ നാണക്കേടില്ലെന്നും ഗുലാം നബി ആസാദ് പറഞ്ഞു.




കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 06
February 07, 2020

**Chief Editor** K.M. Eapen
**Executive Editor** Jose Kaniyaly
**Managing Editors** Joseph Mathew, K.O. Jose, C.P.A., Titus Eapen
**Circulation Manager** Ajith Eapen
**Office Administration** Anish Eapen

**Legal Advisor** Selma C. D'souza
**Manager** K.M. Thimothy
**Overseas Office** KERALA EXPRESS, KMC 172-A, C.M.S. College Jn., Kottayam - 686001, Kerala, India, Tel : + 91 481-2561203, Fax : + 91 481-2568648

**Co-ordinating Editor** Mani Samuel
**Chief News Editor** Thomas Vadakel
**News Editor** Mini Mani
**Sub Editor** Cyril Thomas
**Graphics** Samuel Mani
**Consultant Editor** Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:** Send Address Changes to Kerala Express, Grace Publications, Inc. 2050 W. Devon Ave. Chicago, Illinois 60659.

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

### മഹദ്വചനം

നാളെ തിരിച്ചടിക്കാൻ സാധ്യതയുള്ള ആനന്ദത്തെ ആട്ടിയകറ്റുക.

**ഹെർബർട്ട് സ്പെൻസർ**

ഈശ്വരൻ ഓരോ പറവയ്ക്കും ആഹാരം സൃഷ്ടിക്കുന്നു. എന്നാൽ, അതു കൂട്ടിലെത്തിച്ചു നൽകുന്നില്ല.

**പഴമൊഴി**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## കേന്ദ്രബജറ്റ് പ്രവാസികൾക്ക് പ്രഹരം

ആദായനികുതിയിൽ ആശ്വാസം നല്കിയെന്ന് പുറമേയ്ക്ക് തോന്നുമെങ്കിലും ചതിക്കുഴികൾ ഒളിപ്പിച്ചുവെച്ച് മധ്യവർഗ്ഗത്തെ കബളിപ്പിച്ചിരിക്കുന്നു ധനമന്ത്രി നിർമ്മലാ സീതാരാമൻ. നികുതി ഇളവുകൾ ലഭിക്കുന്ന ആനുകൂല്യങ്ങൾ വേണ്ടെന്ന് വെച്ചാലാണ് പുതിയ നികുതിനിരക്ക് ബാധകമാകുക. ഇപ്പോഴത്തെ ബജറ്റിൽ ഇത് ഓപ്ഷനാണെങ്കിൽ ഇനിവരുന്ന ബജറ്റുകളിൽ ഓപ്ഷൻ സാദ്ധ്യത ഉണ്ടാകില്ല. ഇൻഷുറൻസ്, ഭവനവായ്പ, പി.എഫ് നിക്ഷേപം തുടങ്ങിയവയ്ക്കുള്ള ഇളവുകൾ ഇല്ലാതാക്കുന്നതിനായുള്ള പൊടിക്കൈ മാത്രമാണ് പുതിയ നികുതിനിരക്ക്. മാത്രമല്ല, നികുതി ഇളവിനായുള്ള നിലവിലെ നൂറിലേറെ ഇളവുകളിൽ 70 എണ്ണം ഒഴിവാക്കിയിട്ടുമുണ്ട്. ഈ സാമ്പത്തികവർഷം ഇളവുകൾ വേണ്ടെന്നുവെച്ചാൽ ലഭിക്കുന്ന പുതിയ നിരക്ക് ഏഴര ലക്ഷത്തിനു മുകളിൽ ശമ്പളം ലഭിക്കുന്നവർക്ക് മാത്രമാണ് പ്രയോജനം ചെയ്യുക. ഇത് എത്രപേർ സ്വീകരിക്കുമെന്ന് കണ്ടറിയണം. കോർപ്പറേറ്റുകൾക്ക് വമ്പൻ ഇളവു നല്കിയ ബജറ്റിൽ മധ്യവർഗ്ഗത്തെ പരിഗണിച്ചുവെന്ന് വരുത്തിത്തീർക്കാൻ നടത്തിയ കൺകെട്ട് വിദ്യയിൽ പതിയിരിക്കുന്നത് വലിയ അപകടമാണ്. ലോണെടുത്തു വീടുവെക്കുന്നവരും പി.എഫിൽ നിന്ന് പണം സ്വരുക്കൂട്ടുന്നവരും ഇൻഷുറൻസ് പരിരക്ഷ തേടുന്നവരും കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ആഗ്രഹിക്കുന്നവരും നികുതി ഇളവെന്ന ചെറിയ ലാഭംകൂടി ലക്ഷ്യമിടുന്നുണ്ട്. സാധാരണക്കാരിൽ സാധാരണക്കാരായവരുടെ ഭാവിസ്വപ്നങ്ങൾക്ക് നികുതി ഇളവ് പ്രോത്സാഹനവുമായിരുന്നു. ഇതാണ് കേന്ദ്രസർക്കാർ തട്ടിപ്പറിച്ചെടുക്കുന്നത്. സമൂഹത്തിലെ ചെറിയ മനുഷ്യരുടെ കുഞ്ഞുസ്വപ്നങ്ങൾക്കു പോലും മങ്ങലേല്പിക്കുന്നു. കോർപറേറ്റുകളുടെ മടിശ്ശീല വീർപ്പിക്കുകയും.

ഇതിനേക്കാൾ ക്രൂരതയാണ് പ്രവാസികളോട് കേന്ദ്രമന്ത്രി കാട്ടുന്നത്. യു.എ.ഇ, സൗദി തുടങ്ങിയ നികുതിരഹിത ഗൾഫ് രാജ്യങ്ങളിൽ കഴിയുന്ന രണ്ടര ലക്ഷത്തിനുമേൽ വാർഷിക വരുമാനമുള്ള പ്രവാസി ഇന്ത്യാക്കാർ ഇന്ത്യയിൽ ആദായനികുതി അടയ്ക്കേണ്ട സ്ഥിതിയാണ് ധനമന്ത്രി സൃഷ്ടിക്കാൻ പോകുന്നത്. ജീവിക്കാൻ വേണ്ടി നാടും വീടും വിട്ട് പ്രവാസത്തിന്റെ വിരഹംകൊണ്ട് ചേർത്തുവെക്കുന്ന ചെറിയ വരുമാനത്തിലും കയ്യിട്ടുവാരുന്നതിനെ പിടിച്ചുപറിക്കൽ എന്നേ സാമാന്യമായി പറയാൻ കഴിയൂ. പുതിയ ആദായനികുതി നിരക്ക് ഏർപ്പെടുത്തുന്നതോടെ ഉണ്ടാകുമെന്നു കരുതുന്ന 40,000 കോടിയുടെ വരുമാനനഷ്ടം പ്രവാസികളിൽ നിന്ന് കണ്ടെത്താമെന്ന യുക്തിക്കു പിന്നിൽ ധനകാര്യം മാത്രമാണോ ഉള്ളതെന്ന സംശയവും ഉയരുന്നുണ്ട്. ഇന്ത്യാക്കാർ അവർ താമസിക്കുന്ന രാജ്യത്ത് നികുതി നല്കുന്നില്ലെങ്കിൽ ഇന്ത്യയിൽ നികുതി നല്കണമെന്നാണ് ബജറ്റ്നിർദ്ദേശം. മന്ത്രി ലക്ഷ്യമിടുന്നത് ഗൾഫ് രാജ്യങ്ങളെയാണെന്ന് വ്യക്തം. അവിടെ പണിയെടുക്കുന്ന, പട്ടിണികൊണ്ട് ജീവിതത്തിൽ പച്ചത്തുരുത്ത് തേടുന്ന പാവങ്ങളിൽ പാവങ്ങളെ ഉന്നമിടുമ്പോൾ ചില സന്ദേഹങ്ങൾ ഉയിർകൊള്ളുന്നത് സ്വാഭാവികം. പ്രത്യേകിച്ചും സർക്കാരിന്റെ സമീപകാല നിയമനിർമ്മാണങ്ങളുടെ പൊരുളുകൾ സാമാന്യനീതിയെ തിരസ്കരിച്ചു മുന്നേറുമ്പോൾ.

പ്രവാസി നികുതി സംബന്ധിച്ച് ചെറിയ തിരുത്ത് ധനമന്ത്രി പാർലമെന്റിൽ നടത്തിയെങ്കിലും ആശങ്ക അവസാനിക്കുന്നില്ല. പ്രവാസികളുടെ ഇന്ത്യയിലെ വരുമാനത്തിന് നികുതി നല്കണമെന്നാണ് ബജറ്റ്നിർദ്ദേശമെന്നാണ് മന്ത്രി തിരുത്തിയത്. ഇന്ത്യയിൽ നടത്തുന്ന ബിസിനസ് സംരംഭങ്ങൾക്ക് പ്രവാസികൾക്ക് പ്രത്യേക ഇളവൊന്നും ഇപ്പോഴും ലഭിക്കുന്നില്ല. മന്ത്രിയുടെ ബജറ്റ് നിർദ്ദേശവും പിന്നാലെ വന്ന തിരുത്തും വൈരുദ്ധ്യപൂർണമാകുന്നത് ഇതിനാലാണ്. നിലവിൽ നികുതി നല്കുന്നവർക്ക് വീണ്ടും നികുതി ഏർപ്പെടുത്തുന്ന അസാധാരണ നിർദ്ദേശം ബജറ്റിൽ വരുമെന്ന് കരുതാനാകില്ല. പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിൽ കൈവെക്കാനുള്ള ശ്രമത്തിനെതിരെ ഉയർന്ന വിമർശനങ്ങളുടെ മുനയൊടിക്കാനുള്ള തന്ത്രം മാത്രമാകരുത് മന്ത്രിയുടെ തിരുത്ത്. കാരണം, പ്രവാസികളെ കറവപ്പശുക്കളാക്കാൻ കൃത്യമായ ചുവടുവെപ്പാണ് ധനവകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ളത്. പ്രവാസി പദവി നിലനിൽക്കണമെങ്കിൽ വർഷം 240 ദിവസം വിദേശത്ത് താമസിക്കണമെന്ന ഭേദഗതി കൊണ്ടുവരുന്നത് പ്രവാസികളെ സ്നേഹാലിംഗനം ചെയ്യാനല്ല. ഇതിനായി ആദായനികുതി നിയമം സെഷൻ ആറ് ഭേദഗതി ചെയ്യാനാണ് നീക്കം. പുതുതായി കൊണ്ടുവരുന്ന ഭേദഗതി അനുസരിച്ച് 121 ദിവസം ഇന്ത്യയിൽ തങ്ങിയാൽ എൻ.ആർ.ഐ പദവി നഷ്ടപ്പെടും. ആയിരക്കണക്കിന് പ്രവാസി സംരംഭകരെ ഇന്ത്യയിൽ നിന്ന് അകറ്റിനിർത്താനെ ഈ ഭേദഗതി ഉപകരിക്കൂ. മധ്യവർഗ സമ്പന്നരുടെ ഇന്ത്യയിലെ നിക്ഷേപസാദ്ധ്യതയെ തകർത്തെറിയാനുള്ള പുതിയ നീക്കവും കോർപറേറ്റുകൾക്കുള്ള വിടുവേലയായേ കാണാൻ കഴിയൂ. രാജ്യത്ത് തൊഴിലില്ലായ്മ എല്ലാ പരിധികളും ലംഘിച്ചു മുന്നേറുമ്പോൾ, വിദേശ തൊഴിൽ തേടിയുള്ള പ്രയാണം നാൾക്കുനാൾ വർദ്ധിക്കുന്നു. രാജ്യാന്തര കുടിയേറ്റക്കാരുടെ പട്ടികയിൽ ഇന്ത്യ ഇപ്പോൾ ഒന്നാം സ്ഥാനത്താണ്. 1.64 കോടി ഇന്ത്യക്കാർ തൊഴിൽതേടി കടൽകടന്നു പോയിട്ടുണ്ട്-കൂലിപ്പണിയെടുക്കുന്ന നിരക്ഷരർ മുതൽ ശാസ്ത്രജ്ഞർ വരെ. ഇവർ നാലരലക്ഷം കോടിയോളം രൂപയാണ് ഇന്ത്യയിലേക്ക് അയയ്ക്കുന്നത്. ഇന്ത്യയുടെ റവന്യൂ വരുമാനത്തിന്റെ 25 ശതമാനം വരും ഈ തുക. ഇന്ത്യയുടെ വിദേശനാണ്യ ശേഖരത്തിന് പ്രവാസികളുടെ വിയർപ്പിന്റെ ഉപ്പുരസമുണ്ട്. കൊട്ടിഘോഷിക്കുന്ന കേരള മോഡലിന്റെ ശില്പികളും അന്യനാടുകളിൽ വിയർപ്പൊഴുക്കുന്ന പ്രവാസികൾ തന്നെയാണ്. പ്രവാസികൾ അയയ്ക്കുന്ന പണത്തിൽ കുറവുണ്ടാകുന്നുണ്ടെങ്കിലും അവർ തന്നെയാണ് ഇപ്പോഴും കേരള സമ്പദ്ഘടനയുടെ നട്ടെല്ല്. 65000 കോടിയിലേറെ രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷവും പ്രവാസികൾ കേരളത്തിലേക്ക് അയച്ചത്. പ്രവാസികൾ ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിൽ 15 ശതമാനം എത്തുന്നത് കേരളത്തിലേക്കാണെന്നത് ധനമന്ത്രിയെ പ്രകോപിപ്പിച്ചിട്ടുണ്ടോയെന്ന് ഗവേഷണം നടത്തണം. രാജ്യത്തിന്റെ പുരോഗതിയിൽ നിർണായക പങ്കാളിത്തമുള്ള പ്രവാസികളെ കൊള്ളയടിക്കാനുള്ള നീക്കം രാജ്യത്തുണ്ടാക്കുന്ന പ്രത്യാഘാതം പ്രവചനാതീതമായിരിക്കും. നോട്ട് നിരോധനംപോലെ മണ്ടൻ തീരുമാനമായി ചരിത്രം വിധിയെഴുതുന്ന തീരുമാനമാകുമിത്. കേന്ദ്ര ധനമന്ത്രി തീരുമാനത്തിൽ നിന്ന് പിന്നോട്ടു പോകുന്നതാകും നാടിന് നന്മ ചെയ്യുക. നാടും വീടും ബന്ധുജനങ്ങളേയും വിട്ട് മറുനാടുകളിൽ വിയർപ്പൊഴുക്കി നേടുന്ന പണം നമ്മുടെ മാതൃരാജ്യത്തിന്റെ വികസനത്തിൽ വഹിക്കുന്ന പങ്കെങ്കിലും ധനമന്ത്രി ഓർക്കുക.

# നിപ്പയെ നേരിട്ടതുപോലെ കൊറോണയേയും തുരത്താം

ഇന്ത്യയിൽ ആദ്യമായി ജനുവരി 30ന് കൊറോണ വൈറസ് ബാധ സ്ഥിരികരിച്ചു. ചൈനയിൽ ഈ വൈറസ് പടർന്നുപിടിച്ച വുഹാനിൽനിന്ന് എത്തിയ മലയാളി മെഡിക്കൽ വിദ്യാർത്ഥിനിക്കാണ് വൈറസ് ബാധ ആദ്യം കണ്ടെത്തിയത്. പിന്നീട് രണ്ടുപേർക്കു കൂടി കണ്ടെത്തി. ഇതു സംബന്ധിച്ചു കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഔദ്യോഗിക സ്ഥിരീകരണം നല്കി. സംസ്ഥാന ആരോഗ്യമന്ത്രിയും ഇക്കാര്യം സ്ഥിരീകരിച്ചിട്ടുണ്ട്. വുഹാനിൽ നിന്ന് കേരളത്തിലെത്തിയ നാല് മെഡിക്കൽ വിദ്യാർത്ഥികളാണ് ചികിത്സ തേടിയത്. ഈ രോഗിയുടെ നില തൃപ്തികരമാകയും ചെയ്യും. ഇത് അപകടകരമാകാം. അതുകൊണ്ടുതന്നെ ജാഗ്രത പുലർത്തേണ്ടത് അനിവാര്യമാണ്. ചൈനയിൽ കൊറോണ വൈറസ് ബാധ അപകടകരമാംവിധം പടരുന്നു. ഇത് റിപ്പോർട്ട് ചെയ്യുമ്പോൾ മരണസംഖ്യ 361 ആയി. പതിനേഴായിരത്തിലേറെപ്പേർക്ക് വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. 31 പ്രവിശ്യകൾ വൈറസ് ബാധിതമായി പ്രഖ്യാപിച്ചു. പല പ്രവിശ്യകളും അകത്തേക്കും പുറത്തേക്കുമുള്ള യാത്രകളും നിരോധിച്ചിരിക്കുന്നു. ചൈനയിലെപ്പോലെ കടുത്ത നടപടികൾ ഇന്ത്യയിൽ സാദ്ധ്യമായെന്നു വരില്ല. അതുകൊണ്ടുതന്നെ അധികൃതരും ജനങ്ങളും ഒരുപോലെ ജാഗ്രത പുലർത്തുക മാത്രമാണ് ഇത്തരം ദുരന്തങ്ങളെ അകറ്റിനിർത്താനുള്ള ഏകമാർഗം. ആരോഗ്യപ്രവർത്തകരും സർക്കാരും നല്കുന്ന മുന്നറിയിപ്പുകളും പ്രതിരോധ മാർഗ്ഗങ്ങളും കൃത്യമായി പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ഇത്തരം വൈറസ് ബാധകൾക്കെതിരെ കേരളം പ്രത്യേക ജാഗ്രത പുലർത്തേണ്ടതുണ്ട്. ലോകത്തിന്റെ എല്ലാ കോണുകളിലുമുള്ള മലയാളി സാന്നിദ്ധ്യം ഈ വിശേഷാൽ ജാഗ്രത അനിവാര്യമാക്കുന്നു. ഇരുപത് രാജ്യങ്ങളിൽ ഇതിനോടകം കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ലോകാര്യോഗ്യ സംഘടന ആഗോള ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

ശാസ്ത്രലോകത്തിനു പോലും തടുക്കാനാവാത്ത ദുരന്തങ്ങളെ നേരിടുമ്പോൾ തികഞ്ഞ ആത്മസംയമനവും ഉത്തരവാദിത്വബോധവും എല്ലാവരും പ്രകടിപ്പിക്കേണ്ടതുണ്ട്. അമേരിക്കയും ജപ്പാനും വുഹാനിൽനിന്ന് തങ്ങളുടെ പൗരന്മാരെ തിരികെ കൊണ്ടുപോയിരുന്നു. ഇന്ത്യൻ വിമാനക്കമ്പനികൾ ഉൾപ്പെടെ നിരവധി അന്തർദ്ദേശീയ വിമാനക്കമ്പനികൾ ചൈനയിലേക്കുള്ള സർവീസുകൾ വെട്ടിക്കുറയ്ക്കുകയോ റദ്ദാക്കുകയോ ചെയ്തിട്ടുണ്ട്. വുഹാനിലും മറ്റും കുടുങ്ങിപ്പോയ ഇന്ത്യാക്കാരെ അവിടെനിന്നു നാട്ടിലെത്തിക്കുന്ന നടപടികൾ സ്വീകരിച്ചു. എന്നാൽ, വിദേശപൗരന്മാരെയും പുറത്തേക്കു വിടുന്നതിന് ചൈന ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് ഇന്ത്യക്കാരെ പുറത്തേക്കു കൊണ്ടിവരുന്നത് വൈകിക്കുകയുണ്ടായി. ശ്രീലങ്കയും ഫിലിപ്പീൻസും ചൈനീസ് വിനോദസഞ്ചാരികൾക്ക് വിസ ഓൺ അറൈവൽ നല്കുന്നത് നിർത്തിവെച്ചിരിക്കുകയാണ്. ചൈനയുമായി ബന്ധിപ്പിക്കുന്ന കടത്തുബോട്ടുകളും ട്രെയിൻ സർവീസുകളും ഹോങ്കോംഗ് നിർത്തി. ചൈനീസ് അതിർത്തി റഷ്യ അടച്ചു.

നിരവധി മലയാളികളും മലയാളി വിദ്യാർത്ഥികളും ചൈനയിലുണ്ട്. ഇവരെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾക്കായി കുടുംബാംഗങ്ങളുടെ സമ്മർദ്ദം ശക്തമാണ്. ചൈനയിലുള്ള മലയാളി വിദ്യാർത്ഥികളെ അടിയന്തരമായി നാട്ടിലെത്തിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്തയച്ചിരുന്നു. ചൈനയിൽ നിന്ന് എത്തുന്നവർ സ്വമേധയാ ആരോഗ്യവകുപ്പിന് റിപ്പോർട്ട് ചെയ്യണമെന്ന് ആരോഗ്യന്ത്രി കെ.കെ. ശൈലജ ആവശ്യപ്പെട്ടു. വുഹാനിൽ നിന്നു വരുന്നവർ പ്രത്യേക നിരീക്ഷണത്തിനു വിധേയരാകേണ്ടതുണ്ട്. പരിശോധന നടത്തി കുഴപ്പമില്ലെന്നു കണ്ടവരെ വീടുകളിലേക്ക് തിരിച്ചയയ്ക്കുന്നു. രോഗലക്ഷണങ്ങളൊന്നും പുറമെ കാണിക്കാത്തവരെ വീടുകളിൽ തന്നെ പാർപ്പിച്ചാണ് നിരീക്ഷിക്കുന്നത്. ചൈനയിൽ നിന്നു മാത്രമല്ല, ഇപ്പോൾ വൈറസ് ബാധ കണ്ടെത്തിയിട്ടുള്ള ഏതു രാജ്യത്തുനിന്നും മടങ്ങിവന്നവർ കുടുംബാംഗങ്ങൾ ഉൾപ്പെടെ മറ്റുള്ളവരുമായി സമ്പർക്കം പൂർണമായി ഒഴിവാക്കണമെന്നും ആരോഗ്യവകുപ്പിന്റെ നിർദ്ദേശമുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലാണ് നിരീക്ഷണം ക്രമീകരിച്ചിരിക്കുന്നത്. നിപ്പാ പോലുള്ള മാരക വൈറസുകളെ പ്രതിരോധിച്ച കരുത്ത് കേരളത്തിനുണ്ട്. അത് കേരള ജനതയുടെ കൂട്ടായ്മയുടെ വിജയം കൂടിയായിരുന്നു. കൊറോണയും നമ്മുടെ പടിവാതിൽക്കലെത്തി നിൽക്കുന്നു. നിപ്പയെ അപേക്ഷിച്ച് കൊറോണയ്ക്ക് മരണസാദ്ധ്യത കുറവാണെങ്കിലും വ്യാപനസാദ്ധ്യത കൂടുതലാണെന്നു വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു. അതുകൊണ്ടുതന്നെ വളരെ സൂക്ഷ്മതയോടെ നാം ഈ സാഹചര്യം കൈകാര്യം ചെയ്യേണ്ടതുണ്ട്. ചഞ്ചലചിത്തരാകാതെ ആത്മസംയമനത്തോടെയും കൃത്യമായും മുൻകരുതലുകളെടുത്തു നമുക്ക് ഈ വിപത്തിനെയും അകറ്റിനിർത്താം.



ണെന്നും ഗുരുതര സാഹചര്യമില്ലെന്നും ആരോഗ്യമന്ത്രി വ്യക്തമാക്കി. വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടയാൾക്കായി തൃശൂരിൽ ഐസൊലേഷൻ വാർഡ് സജ്ജീകരിച്ചിട്ടുണ്ട്. വുഹാനിൽ യാത്രാനിയന്ത്രണവും യാത്രാവിലക്കും ഏർപ്പെടുത്തുന്നതിനു മുമ്പാണ് ഇവർ അവിടെനിന്നും നാട്ടിലേക്കു പോന്നത്. മൂന്നാമത്തെയാൾ കാഞ്ഞങ്ങാട് സ്വദേശിയായ വിദ്യാർത്ഥിയും. ഈ രോഗിയെ കാഞ്ഞങ്ങാട് ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

സമീപകാലത്ത് ചൈന സന്ദർശിച്ചിട്ടുള്ളവരും അവിടെ നിന്നെത്തിയവരും വിവരം അധികൃതരെ അറിയിക്കണമെന്നും 28 ദിവസത്തേക്ക് നിരീക്ഷണത്തിൽ കഴിയണമെന്നും ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നല്കി. ഇത്തരം നിർദ്ദേശങ്ങളോട് പ്രതിബദ്ധത പുലർത്താൻ എല്ലാ പൗരന്മാർക്കും ചുമതലയുണ്ട്. എങ്കിൽ മാത്രമേ ഇത്തരം പ്രതിസന്ധി ഘട്ടങ്ങളെ അതിജീവിക്കാൻ കഴിയൂ. കൊറോണ വൈറസ് പ്രതിരോധത്തിനായി കേന്ദ്ര ആഭ്യന്തരമന്ത്രി ഹർഷവർധൻ കേരളത്തിന് എല്ലാ സഹായവും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇത്തരമൊരു സംയുക്ത നീക്കമാണ് നമുക്കിന്നാവശ്യം. അതിരുവിട്ട ആശങ്കയ്ക്ക് അടിസ്ഥാനമില്ലെങ്കിലും ജാഗ്രത അനിവാര്യമാണ്.

കേരളത്തിൽ നിന്നു ധാരാളം വിദ്യാർത്ഥികൾ ചൈനയിൽ വിവിധ കോഴ്സുകൾ പഠിക്കാൻ പോയിട്ടുണ്ട്. ഇവരിൽ പലരും വൈറസ് ബാധയെക്കുറിച്ചുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ നാട്ടിൽ മടങ്ങിയെത്തി. അതിൽ വുഹാനിൽ പഠിക്കുന്നവർ മാത്രമല്ല, ചൈനയുടെ മറ്റു പ്രദേശങ്ങളിൽ നിന്നുള്ളവരുമുണ്ട്. മടങ്ങിവന്നവരിൽ പലർക്കും വൈറസ് ബാധയുണ്ടാകാനിടയില്ലെങ്കിലും ഇവരെല്ലാംതന്നെ പരിശോധനയ്ക്കു വിധേയരാകണം. ഇക്കാര്യത്തിൽ രക്ഷിതാക്കളും ജാഗ്രത പുലർത്തിയേ പറ്റൂ. ഒരുപക്ഷേ, വൈറസ് ബാധയുടെ ലക്ഷണങ്ങൾ ഒന്നുമില്ലാത്തതിനാൽ ചൈനയിൽ നിന്നും മടങ്ങിയെത്തിയവർ സാധാരണപോലെ വീട്ടിൽ എല്ലാവരുമായി ഇടപഴകുകയും മുൻകരുതലുകളൊന്നും എടുക്കാതിരിക്കു

## കൊറോണ ആലപ്പുഴയിൽ പരിശോധിക്കാം

ആലപ്പുഴ: കൊറോണ വൈറസ് ബാധയുടെ പരിശോധന ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലും ആരംഭിച്ചു. നിലവിൽ പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മാത്രമാണ് പരിശോധന നടത്തുന്നത്. ആലപ്പുഴയിലും കൂടി പരിശോധന നടത്താൻ ആരോഗ്യവകുപ്പ് കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെ അനുമതി തേടിയിരുന്നു. ഫെബ്രുവരി ഒന്നിന് അനുമതി നൽകിയ അറിയിപ്പ് ലഭിച്ചു. അതോടെ ആലപ്പുഴയിൽ പരിശോധന തുടങ്ങി. ആലപ്പുഴയിൽ രോഗം സ്ഥിരീകരിച്ച വിദ്യാർത്ഥിയുടെ സാമ്പിൾ പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലാണ് പരിശോധിച്ചത്. ഇനിയുള്ള പരിശോധനകൾ ആലപ്പുഴയിൽ നടത്താൻ കഴിയുന്നതോടെ പരിശോധനാഫലം വേഗത്തിൽ ലഭിക്കും.


PANCHAKARMA AYURVEDA & NATUROPATHY TREATMENTS
Wellness Programmes
Rejuvenation Therapy
Body Detoxification Therapy
Relaxation Programme
Weight Management Plans
Post Delivery Mother Care
Daily Yoga Sessions
aarogyamantra
INTEGRATED HEALING
Ayurveda & Yoga & Naturopathy
www.aarogyamantra.com
T : +91 482 924 5400
M : +91 954 494 7778
E : info@aarogyamantra.com
W : www.aarogyamantra.com
REHABILITATION FACILITIES & CONVALESCENCE CARE


Malabar
FOODS
909 Greenwood Rd., Unit B, Glenview, IL 60025
Tel: 224-616-3048
Email: malabarcorp@gmail.com
Indian Spices & Groceries
Meat & Sea Food
Kerala Snacks
South Indian / North Indian Catering & Carry Out
Fruits & Vegetables
Organic Produce
WE ACCEPT
EBT
LINK CARD
Royal Malabar
Catering
911 B Greenwood Rd, Glenview, IL 60025
Tel: 847-998-5635
Email: malabarcorp@gmail.com


Spectacular TOURS
Mathews Pilgrimage Tour
Holy Land
(Jordan, Israel, Palestine & Egypt)
Feb.16-27,2020 -Chicago
Rev.George Stephenson
April 17-28,2020-Chicago/FL
April 19-30,2020-Chicago
June22-July3,2020-WA,MTC.
Fabulous
Europe
Sept 7 - 19, 2020
Memorable
South Africa
Sept 1 - 13, 2020
Best of
Greece & Turkey
Oct.5 - 15, 2020
Stunning
AUSTRALIA & NEW ZEALAND
April 13—25, 2020 from New York
Discover Amazing
MALAYSIA, SINGAPORE & THAILAND
November 8 - 21, 2020
Singapore
Malaysia
Thailand
Book NOW: (847) 759-0899
Email: info@mathewstour.com

### നയപ്രഖ്യാപന പ്രസംഗത്തിലെ 18–ാം ഖണ്ഡികയും വായിച്ച് ഗവർണർ

# ഗവർണറെ നിയമസഭയിൽ തടഞ്ഞ് പ്രതിപക്ഷത്തിന്റെ അപ്രതീക്ഷിത നീക്കം

തിരുവനന്തപുരം: ഗവർണറെ നിയമസഭയിൽ തടഞ്ഞുള്ള പ്രതിപക്ഷത്തിന്റെ അപ്രതീക്ഷിത നീക്കത്തിനു പിന്നാലെ, നയപ്രഖ്യാപന പ്രസംഗത്തിലെ പൗരത്വ നിയമത്തിനെതിരായ ഭാഗം ഉൾപ്പെടെ വായിച്ച് ഗവർണറുടെ മലക്കം മറിച്ചിൽ. ഒരു മാസമായി തുടരുന്ന സർക്കാർ – ഗവർണർ പോരിനും അയവ്.

രണ്ടു മണിക്കൂർ നീണ്ട പ്രസംഗം മുഴുവൻ വായിച്ച ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, സർക്കാരിന്റെ നയങ്ങളുടെയോ പരിപാടികളുടെയോ ഭാഗമല്ല പൗരത്വ നിയമത്തിനെതിരായ ഭാഗമെന്ന മുഖവുരയോടെയാണ് വിവാദ ഖണ്ഡികയിലേക്കു കടന്നത്. മുഖ്യമന്ത്രിയുടെ ആഗ്രഹത്തെ മാനിച്ച് ഈ ഭാഗം വായിക്കുകയാണെന്ന വാക്കുകൾ കേട്ട് അമ്പരന്നു. കേന്ദ്രവിരുദ്ധ പരാമർശങ്ങളടങ്ങിയ 18–ാം ഖണ്ഡിക, ഭരണഘടനയും സുപ്രീംകോടതി വിധികളും ഉറപ്പു നൽകുന്ന വിവേചനാധികാരം ഉപയോഗിച്ചു താൻ വായിക്കില്ലെന്നു ജനുവരി 28ന് നൽകിയ കത്തിൽ ഗവർണർ വ്യക്തമാക്കിയിരുന്നു.

എന്നാൽ, 29ന് രാവിലെ അദ്ദേഹം നിയമസഭയിലേക്കു തിരിക്കുന്നതിന് അരമണിക്കൂർ മുൻപ് ദൂതൻ മുഖേന മുഖ്യമന്ത്രി രാജ്ഭവനിലെത്തിച്ച കത്ത് കാര്യങ്ങൾ മാറ്റിമറിച്ചു. ഭരണഘടനയുടെ 176–ാം അനുച്ഛേദമനുസരിച്ച് മന്ത്രിസഭയുടെ സഹായവും ഉപദേശവും തേടിയാണ് ഗവർണർ പ്രവർത്തിക്കേണ്ടതെന്നും മന്ത്രിസഭ അംഗീകരിച്ച നയപ്രഖ്യാപനപ്രസംഗം കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലുകളോ ഇല്ലാതെ വായിക്കണമെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം. അതോടെ ഗവർണർ നിലപാട് മാറ്റി.

നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധം പ്രതീക്ഷിച്ചിരുന്നെങ്കിലും രാവിലെ 8.52ന് വാതിൽ കടന്ന് ഇരിപ്പിടത്തിലേക്കു നീങ്ങിയ ഗവർണർക്ക് മുന്നിൽ പ്രതിപക്ഷം മനുഷ്യമതിൽ തീർത്തപ്പോൾ സ്പീക്കറും മുഖ്യമന്ത്രിയും അങ്കലാപ്പിലായി.

തടഞ്ഞ എംഎൽഎമാർക്ക് നേരെ ഗവർണർ മൂന്നുവട്ടം കൈകൂപ്പി. 'റീകോൾ ഗവർണർ, ഗവർണർ ഗോ ബാക്ക്' വിളികളുമായി തടഞ്ഞുനിന്ന എംഎൽഎമാരുമായി സ്പീക്കർ ചർച്ച നടത്തിയെങ്കിലും കാര്യമുണ്ടായില്ല. പ്രതിപക്ഷ നേതാവ് ചെന്നിത്തലയെ അനുനയിപ്പിക്കാനുള്ള നീക്കവും ഫലിച്ചില്ല.

ഒടുവിൽ മുഖ്യമന്ത്രിയുമായി ആലോചിച്ച ശേഷം സ്പീക്കർ അൻപതോളം വാച്ച് ആൻഡ് വാർഡ് ഉദ്യോഗസ്ഥരെ വരുത്തി എംഎൽഎമാരെ നീക്കി. ഗവർണർക്കു വഴിയൊരുക്കി. പ്രസംഗത്തിന്റെ തുടക്കത്തിൽ മുദ്രാവാക്യങ്ങൾ മുഴക്കിയ പ്രതിപക്ഷം 10 മിനിറ്റിനുശേഷം സഭ ബഹിഷ്കരിച്ചു. പ്രസംഗം കഴിഞ്ഞു പുറത്തേക്കിറങ്ങുമ്പോൾ ഗവർണറെ തടയാൻ പ്രതിപക്ഷം പദ്ധതിയിട്ടെങ്കിലും പിന്നീട് ഉപേക്ഷിച്ചു.



നയപ്രഖ്യാപന പ്രസംഗത്തിനായി നിയമസഭയിലെത്തിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ തടയുന്ന പ്രതിപക്ഷാംഗങ്ങൾ.

## നിയമസഭയിൽ ഗവർണറെ തടയുന്നത് മൂന്നാംതവണ

തിരുവനന്തപുരം: നയപ്രഖ്യാപന പ്രസംഗത്തിനെത്തിയ ഗവർണർ ആരിഫ് മുഹമ്മദ്ഖാനെ പ്രതിപക്ഷം തടഞ്ഞപ്പോൾ, സംസ്ഥാന നിയമസഭയുടെ ചരിത്രത്താളുകളിൽ ഗവർണറെ സഭയ്ക്കുള്ളിൽ തടയുന്ന മൂന്നാം സംഭവമായി അത്. നിയമസഭാ ഹാളിനുള്ളിൽ യുഡിഎഫ് ഗവർണറെ തടയുന്ന ആദ്യസംഭവവും. മുമ്പു രണ്ടു തവണയും ഗവർണറെ തടഞ്ഞ സിപിഎം ഇത്തവണ ഗവർണറെ അകത്ത് എത്തിക്കാൻ സംരക്ഷണകവചമൊരുക്കിയെന്ന വൈരുദ്ധ്യവുമുണ്ട്.

മുമ്പ് രണ്ടു തവണയും മന്ത്രിമാരുടെയും മുഖ്യമന്ത്രിയുടെയും പേരിലാണ് ഗവർണറെ തടഞ്ഞതെങ്കിൽ ഗവർണർക്കെതിരേയുള്ള പ്രതിഷേധത്തിന്റെ പേരിൽ അദ്ദേഹത്തെ തടയുന്ന ആദ്യസംഭവമാണിത്. കഴിഞ്ഞ രണ്ടു തവണയും തടയാനെത്തിയവരുടെ കണ്ണുവെട്ടിച്ച് പിൻവശത്തുകൂടെ സ്പീക്കറുടെ ഡയസിൽ ഗവർണറെ എത്തിക്കുകയായിരുന്നുവെങ്കിൽ ഇക്കുറി പ്രതിഷേധക്കാർക്കു നേരെ ബലംപ്രയോഗിച്ചു കൃത്യമായ വഴിയിലൂടെ എത്തിച്ചു നയം പ്രഖ്യാപിക്കാനായെന്ന പ്രത്യേകതയുണ്ട്.

സി. അച്യുതമേനോൻ സർക്കാരിന്റെ കാലത്തായിരുന്നു നയപ്രഖ്യാപനത്തിനെത്തിയ ഗവർണറെ കേരള നിയമസഭയിൽ ആദ്യം തടഞ്ഞത്. പ്രതിപക്ഷത്തായിരുന്ന സിപിഎം അംഗങ്ങൾ 1974 ജനുവരി 31–നാണ് ഗവർണർ എൻ.എൻ. വാഞ്ചുവിനെ തടഞ്ഞത്. അന്നത്തെ മന്ത്രിസഭാംഗങ്ങൾക്കെതിരെ ഉയർന്ന അഴിമതിയാരോപണങ്ങളെക്കുറിച്ച് സമഗ്രാന്വേഷണം ആവശ്യപ്പെട്ടായിരുന്നു ഗവർണറുടെ വഴിമുടക്കിയത്. സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാമന്ദിരത്തിലെത്തിയ ഗവർണറെ സ്പീക്കറുടെ ഡയസിലേക്ക് എത്താൻ പ്രതിപക്ഷാംഗങ്ങൾ അനുവദിച്ചില്ല. തുടർന്ന് സഭാമന്ദിരത്തിന്റെ പിറകിലൂടെ ഗവർണറെ സ്പീക്കറുടെ ചേംബറിൽ (മുറി) എത്തിച്ചശേഷം പിന്നീട് ഡയസിലെത്തിച്ചു. തുടർന്ന് അദ്ദേഹം നയപ്രഖ്യാപനപ്രസംഗവും നടത്തി.

1995 ജനുവരി 21–നായിരുന്നു നിയമസഭയിൽ ഗവർണറെ തടഞ്ഞ രണ്ടാം സംഭവം. ഐഎസ്ആർഒ ചാരക്കേസിൽ മുഖ്യമന്ത്രി കെ. കരുണാകരന്റെ രാജി ആവശ്യപ്പെട്ടായിരുന്നു ഗവർണർ രാച്ചയ്യയ്ക്ക് നേരെ പ്രതിഷേധമുയർന്നത്. പ്രതിഷേധത്തിനു ശക്തിയേറിയതോടെ പിൻവാതിലിലൂടെ വഴിതിരിച്ചു ഗവർണറെ സ്പീക്കറുടെ ഡയസിലെത്തിച്ചു. അതേവർഷം മാർച്ചിൽ കരുണാകരന് മുഖ്യമന്ത്രിസ്ഥാനം രാജിവെക്കേണ്ടിവന്നു.

ഗവർണർമാരെ നിയമസഭാ പരിസരത്തു തടഞ്ഞ നിരവധി സംഭവങ്ങളുമുണ്ടായിട്ടുണ്ട്. 1997–ൽ ജോർജ് ഈഡനും കെ.സി. വേണുഗോപാലും ചേർന്നു നിയമസഭാ പരിസരത്തു ഗവർണറെ തടഞ്ഞിരുന്നു. പ്രതിഷേധത്തെത്തുടർന്ന് ഗവർണർക്ക് നയപ്രഖ്യാപനം പൂർത്തിയാക്കാൻ കഴിയാതെവന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

## ആർഎസ്എസിന് എതിരെ ഒരുമിച്ച് പോരാടണം: എ.കെ. ആന്റണി

തിരുവനന്തപുരം: ആർഎസ്എസിന്റെ ആശയങ്ങൾ പിൻപറ്റാത്ത എല്ലാ പാർട്ടികളും ജാതിമത സംഘടനകളും രാഷ്ട്രീയം മറന്ന് പൗരത്വ നിയമഭേദഗതിക്കെതിരായ പോരാട്ടത്തിൽ ഒന്നിക്കണമെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ.കെ. ആന്റണി. "പൗരത്വ നിയമഭേദഗതിക്കെതിരായ സമരപോരാട്ടങ്ങളിൽ നിസ്സംഗത പാലിക്കുന്നവരും പുറംതിരിഞ്ഞ് നിൽക്കുന്നവരും ഒന്ന് ഓർക്കണം. ഇന്ന് ഞാൻ, നാളെ നീ അതായിരിക്കും സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് യുഡിഎഫ്–എൽഡിഎഫ് എന്ന വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പൊരുതണം": അദ്ദേഹം പറഞ്ഞു.

## റിസോർട്ടുകളുടെ പട്ടയം റദ്ദാക്കൽ: ഇടുക്കി കളക്ടർക്കെതിരെ സിപിഎം

തൊടുപുഴ: വ്യവസ്ഥ ലംഘിച്ചതിനു പള്ളിവാസൽ പഞ്ചായത്തിലെ 3 റിസോർട്ടുകളുടെ പട്ടയങ്ങൾ റദ്ദാക്കിയ ഇടുക്കി കളക്ടർ എച്ച്. ദിനേശനെതിരെ സിപിഎം. ഇടുക്കിയിലെ ഭൂവിനിയോഗനിയമങ്ങൾ ഭേദഗതി ചെയ്ത ഉടൻ സർക്കാർ തീരുമാനം ഉണ്ടാകുമെന്നു മന്ത്രി ഇ. ചന്ദ്രശേഖരൻ കട്ടപ്പനയിൽ നടന്ന പട്ടയമേളയിൽ അറിയിച്ചിരുന്നു. പിറ്റേന്നു തന്നെ ജില്ലയിലെ 3 പട്ടയങ്ങൾ റദ്ദാക്കിയ കളക്ടറുടെ നടപടി സർക്കാർ നയങ്ങൾക്കെതിരാണെന്നു ജില്ലാ സെക്രട്ടറിയേറ്റ് ആരോപിച്ചു. സർക്കാരിന്റെ സജീവ പരിഗണനയിലുള്ള വിഷയത്തിൽ ഉദ്യോഗസ്ഥ നടപടി ഉണ്ടായത് അംഗീകരിക്കാനാകില്ല. കളക്ടറുടെ നടപടി അനുചിതമാണെന്നും യൂത്ത് കോൺഗ്രസ് നേതാവിന്റെ പരാതിയിൽ കളക്ടർ തിടുക്കത്തിൽ നടപടിയെടുത്ത് മൂന്ന് പട്ടയങ്ങൾ റദ്ദാക്കിയതു സർക്കാർ പരിശോധിക്കണമെന്നും സിപിഎം ജില്ലാ സെക്രട്ടറി കെ.കെ. ജയചന്ദ്രൻ പറഞ്ഞു. അതേസമയം, വിജിലിൻസ് അന്വേഷണത്തിൽ നിയമലംഘനം നടന്നതായി കണ്ടെത്തി സർക്കാരിനു റിപ്പോർട്ട് നൽകിയിരുന്നുവെന്നും സർക്കാർ നിർദേശപ്രകാരമാണ് റിസോർട്ടുകൾക്കെതിരെ നടപടിയെടുത്തതെന്നും കളക്ടർ ദിനേശൻ പറഞ്ഞു. പള്ളിവാസൽ പുലിപ്പാറയ്ക്കു സമീപം ആംബർ ഡെയ്ൽ (പ്ലംജൂഡി റിസോർട്ട്, വർഷങ്ങളായി നിർമാണം നിർത്തിവെച്ചിരിക്കുന്ന മാടപ്പറമ്പിൽ റിസോർട്സ്, സാഗർ റിസോർട്സ് എന്നിവയുടെ പട്ടയമാണ് കളക്ടർ റദ്ദാക്കിയത്. 1964ലെ ഭൂപതിവു ചട്ടങ്ങൾ ലംഘിച്ചു വാണിജ്യാവശ്യങ്ങൾക്കു കെട്ടിടം നിർമിച്ചതിനാണ് നടപടി.

Ann's Beauty Salon

517 N. Wolf Road, Hillside, IL 60162
annsalon@gmail.com
A Full Service Salon & Spa
For all your Beauty Care Needs

Call for appointment
708-547-6787

Business Hours
Tue - Fri 9:30 a.m to 7 p.m.
Sat. 8 a.m. - 5 p.m.
Sunday appointment only
Monday closed



Lissy
(Licensed Cosmetologist & Licensed Cosmetology Instructor)

-Special-
Spa Day Package Includes

| | |
|---|---|
| Full Facial | $ 47 |
| Eyebrow Arch | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair | $ 30 |
| Scalp Massage w/hot oil | $ 30 |
| Manicure | $ 15 |
| Pedicure | $ 25 |
| Total | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

We Specialize In:
Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service
• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion





# രാജ്യം 71–ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു

ന്യൂഡൽഹി: വർണാഭവവും പ്രൗഢഗംഭീരവുമായ ചടങ്ങുകളോടെ രാജ്യം ജനുവരി 26ന് 71–ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു. രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യവും സൈനികശക്തിയും വിളിച്ചോതി രാജ്പഥിൽ നടന്ന റിപ്പബ്ലിക്ദിന പരേഡ് ഇത്തവണ പുതുമകൾ നിറഞ്ഞതായി. ബ്രസീൽ പ്രസിഡണ്ട് ജെയർബൊൽസൊനാരോയായിരുന്നു ഇത്തവണത്തെ ആഘോഷങ്ങളിലെ മുഖ്യാതിഥി.



71–ാം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ രാജ്പഥിൽ നടന്ന പരേഡ് വീക്ഷിക്കാനെത്തിയ രാഷ്ട്രപതി രാംനാഥ് കോവിന്ദ്, വിശിഷ്ടാതിഥി ബ്രസീൽ പ്രസിഡണ്ട് ജയ്ർ ബൊൽസൊനാരോ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ പ്രത്യേകം ഇരിപ്പിടത്തിലേക്ക് നടന്നുനീങ്ങുന്നു.

എ. സാറ്റ് – ഉപഗ്രഹവേധ മിസൈൽ സംവിധാനവും ചിനൂക്ക് – അപാച്ചി സൈനിക ഹെലികോപ്റ്ററുകളും ആദ്യമായി പരേഡിന്റെ ഭാഗമായി. പതിവിൽ നിന്നു വ്യത്യസ്തമായി പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ യുദ്ധസ്മാരകത്തിനു മുന്നിലെത്തി വീരമൃത്യുവരിച്ച ജവാന്മാർക്ക് പ്രണാമമർപ്പിച്ചു. ഇന്ത്യ ഗെയ്റ്റിലെ അമർജവാൻ ജ്യോതിയിൽ പ്രണാമമർപ്പിക്കുന്ന പതിവിനാണ് മോദി ഇത്തവണ മാറ്റം കൊണ്ടുവന്നത്.

രാഷ്ട്രപതി രാംനാഥ് കോവിന്ദ് പരേഡിൽ സല്യൂട്ട് സ്വീകരിച്ചു. കേന്ദ്രഭരണ പ്രദേശങ്ങളുടെ കൂട്ടത്തിൽ ആദ്യമായി പരേഡിലെത്തിയ ജമ്മുകശ്മീർ തിരികെ ഗ്രാമത്തിലേക്ക് എന്ന വിഷയത്തിൽ ഫ്ളോട്ട് അവതരിപ്പിച്ചു.

കേന്ദ്രമന്ത്രിമാർക്കു പുറമെ, മുൻ പ്രധാനമന്ത്രി മൻമോഹൻസിങ്, കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധി, ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ എന്നിവരും അടുത്തിടെ ചുമതലയേറ്റ സിഡിഎസ് ബിപിൻ റാവത്ത് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥരും പരേഡിനു സാക്ഷികളായി. പരേഡ് ചടങ്ങുകൾ ഒന്നരമണിക്കൂർ നീണ്ടു.

കര–നാവിക–വ്യോമ സേനകളുടെ ഏറ്റവും ശ്രദ്ധേയങ്ങളായ ഉപകരണങ്ങളും വെടിക്കോപ്പുകളും പരേഡിൽ പ്രദർശിപ്പിച്ചു.

# ഇന്ത്യൻ ഗവേഷകൻ പവൻ സുഖ്ദേവിന് പരിസ്ഥിതി നൊബേൽ

ന്യൂയോർക്ക്: പരിസ്ഥിതി നൊബേൽ എന്നറിയപ്പെടുന്ന വിഖ്യാതമായ ടൈലർ പ്രൈസ് ഇന്ത്യൻ പരിസ്ഥിതി സാമ്പത്തിക വിദഗ്ധൻ പവൻ സുഖ്ദേവിനും യുഎസ് ജീവശാസ്ത്രജ്ഞ ഗ്രെച്ചൻ ഡെയ്‌ലിക്കും. 2 ലക്ഷം യുഎസ് ഡോളർ (1.42 കോടി രൂപ) സമ്മാനത്തുക ഇവർ പങ്കിടും.

ജൈവ വൈവിധ്യം എങ്ങനെ സാമ്പത്തികവളർച്ചയുടെ ഉപാധിയാക്കാം എന്നത് സംബന്ധിച്ച് 2008–10 കാലത്ത് ഐക്യരാഷ്ട്ര സംഘടന (യുഎൻ) നടത്തിയ പഠനത്തിനു നേതൃത്വം നൽകിയതിനാണ് സുഖ്ദേവിന് പുരസ്കാരം. 'ഇക്കോണമിക്സ് ഓഫ് ഇക്കോസിസ്റ്റംസ് ആൻഡ് ബയോഡൈവേഴ്സിറ്റി' (ടീബ്) എന്ന ഈ പഠന റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് യുഎൻ ഹരിത സമ്പദ്‌വ്യവസ്ഥ സംരംഭം (ഗ്രീൻ ഇക്കണോമി ഇനിഷ്യേറ്റീവ്) ആരംഭിച്ചത്.



യുഎൻ പരിസ്ഥിതി പരിപാടി (യുഎൻഇപി)യുടെ ഗുഡ്‌വിൽ അംബാസഡർ, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് (ഡബ്ല്യുഡബ്ല്യുഎഫ്) പ്രസിഡണ്ട്, ടീബ് ഉപദേശക സമിതി അംഗം എന്നീ നിലകളിൽ ഇപ്പോൾ പ്രവർത്തിച്ചു വരികയാണ് ഇദ്ദേഹം. സുഖ്ദേവിന്റെ കാഴ്ചപ്പാടുകൾ ലോകമാകെ പരിസ്ഥിതി–ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ നിർണായകമായെന്ന് യുഎൻഇപി മുൻ മേധാവി അക്കിം സ്റ്റെയ്നർ പറഞ്ഞു.

യുഎസിലെ യൂണിവേഴ്സിറ്റി ഓഫ് സതേൺ കാലിഫോർണിയ ഏർപ്പെടുത്തിയ ടൈലർ പ്രൈസ് ലോകത്തെ ഏറ്റവും പഴയ പരിസ്ഥിതി പുരസ്കാരങ്ങളിലൊന്നാണ്.

# യുദ്ധമുണ്ടായാൽ പാക്കിസ്ഥാനെ കീഴടക്കാൻ ദിവസങ്ങൾ മാത്രം മതി: പ്രധാനമന്ത്രി

ന്യൂഡൽഹി: ഇനിയൊരു യുദ്ധമുണ്ടായാൽ പത്തോ പന്ത്രണ്ടോ ദിവസത്തിനകം തന്നെ പാക്കിസ്ഥാനെ പരാജയപ്പെടുത്താൻ കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. കഴിഞ്ഞ മൂന്ന് യുദ്ധങ്ങളിലും പരാജയപ്പെട്ട പാക്കിസ്ഥാൻ നിഴൽയുദ്ധം തുടരുകയാണെന്ന് അദ്ദേഹം ആരോപിച്ചു. ഡൽഹിയിൽ എൻസിസി റിപ്പബ്ലിക് ദിന റാലിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. "ദശാബ്ദങ്ങളായി അവർ ഇന്ത്യക്കെതിരെ നിഴൽയുദ്ധം തുടരുകയാണ്. ആയിരക്കണക്കിന് സാധാരണക്കാരുടെയും ജവാന്മാരുടെയും ജീവനാണ് ബലികഴിക്കപ്പെട്ടത്. ഇനിയൊരു യുദ്ധമുണ്ടായാൽ അവരെ തോൽപ്പിക്കാൻ നമ്മുടെ സായുധസേനകൾക്ക് പത്തോ പന്ത്രണ്ടോ ദിവസത്തിൽ കൂടുതൽ വേണ്ട. മുൻകാല സർക്കാരുകൾ പാക്കിസ്ഥാന്റെ നിഴൽയുദ്ധത്തെ ക്രമസമാധാനപ്രശ്നമായാണ് കണ്ടത്. സൈന്യം നടപടിക്കു തുനിഞ്ഞാലും അനുമതി നൽകിയിരുന്നില്ല:" അദ്ദേഹം കുറ്റപ്പെടുത്തി.



ഡൽഹിയിൽ നടന്ന എൻസിസി വാർഷിക റാലിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഗാർഡ് ഓഫ് ഓണർ പരിശോധിക്കുന്നു.

പൗരത്വ നിയമ ഭേദഗതിയുടെ പേരിൽ ഭീതി പരത്തുന്നവർ പാക്കിസ്ഥാനിൽ മതന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന പീഡനത്തെക്കുറിച്ച് മൗനം പാലിക്കുകയാണെന്നും പ്രധാനമന്ത്രി കുറ്റപ്പെടുത്തി. "ചരിത്രപരമായ അനീതി തിരുത്തുന്നതിനാണ് പൗരത്വ നിയമ ഭേദഗതി (സിഎഎ) കൊണ്ടുവന്നത്. അയൽരാജ്യങ്ങളിൽ പീഡനമേറ്റ് കഴിയുന്ന ന്യൂനപക്ഷങ്ങൾക്ക് നൽകിയ വാഗ്ദാനം നിറവേറ്റുകയാണ് സിഎഎയുടെ ലക്ഷ്യം. സ്വാതന്ത്ര്യം ലഭിച്ചതു മുതൽ ജമ്മുകാശ്മീരിൽ സംഘർഷം നിലനിൽക്കുകയായിരുന്നു. ചില കുടുംബങ്ങളും രാഷ്ട്രീയപാർട്ടികളും ഈ സംഘർഷം മുതലെടുത്തു. അതിന്റെ ഫലമായി അവിടെ ഭീകരപ്രവർത്തനം ശക്തിപ്പെട്ടു. എന്നാൽ, ബിജെപി അധികാരത്തിൽ വന്നതിനെത്തുടർന്ന് ജമ്മു കാശ്മീരിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും സമാധാനം കൊണ്ടുവരാൻ കഴിഞ്ഞു. ദശാബ്ദങ്ങളായി അവഗണിക്കപ്പെട്ടുകിടന്ന വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വികസനം നടപ്പാക്കാൻ കഴിഞ്ഞു": അദ്ദേഹം പറഞ്ഞു. ജമ്മുകശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കൽ, ബോഡോ കരാർ, മുത്തലാഖ് നിരോധനം തുടങ്ങിയവ എൻഡിഎ സർക്കാരിന്റെ നേട്ടങ്ങളാണെന്നും മോദി അവകാശപ്പെട്ടു.


# കോടിയേരിയെ ബാബു ആന്റണി സന്ദർശിച്ചു

ഹൂസ്റ്റൺ: ചികിത്സയ്ക്കായി അമേരിക്കയിലെത്തിയ സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെ അമേരിക്കയിലുള്ള നടൻ ബാബു ആന്റണി സന്ദർശിച്ചു. ഹിൽട്ടൺ ഹൂസ്റ്റൺ പ്ലാസ മെഡിക്കൽ സെന്ററിൽ ആണ് കോടിയേരി ബാലകൃഷ്ണൻ ചികിത്സയിൽ കഴിയുന്നത്. ആശുപത്രിയിലെത്തിയാണ് ബാബു ആന്റണി കോടിയേരിയെ കണ്ടത്. സന്ദർശനത്തിന്റെ ചിത്രം ബാബു ആന്റണി തന്നെ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചു.



കോടിയേരി ബാലകൃഷ്ണൻ, ഭാര്യ എസ്.ആർ. വിനോദിനി എന്നിവർക്കൊപ്പമുള്ള ചിത്രമാണ് ബാബു ആന്റണി ഫേസ്ബുക്കിൽ പങ്കുവെച്ചത്. കുറച്ചുനാളായി അസുഖത്തെ തുടർന്ന് കോടിയേരി ബാലകൃഷ്ണൻ സജീവ പാർട്ടി പ്രവർത്തനത്തിൽ നിന്ന് അവധിയെടുത്ത് വിട്ടുനിൽക്കുകയാണ്. ഹൂസ്റ്റണിലെ ആശുപത്രിയിൽ വിദഗ്ധ പരിശോധനയ്ക്ക് ശേഷം ആവശ്യമെങ്കിൽ അവധി നീട്ടിയേക്കും.



# കാറും ലോറിയും കൂട്ടിയിടിച്ച് ഒരു കുടുംബത്തിലെ 5 പേർ മരിച്ചു

കുറവിലങ്ങാട്: എംസി റോഡിൽ കാളികാവ് പെട്രോൾ പമ്പിനു മുൻവശത്തു കാറും ലോറിയും കൂട്ടിയിടിച്ച് 5 പേർ മരിച്ചു. തിരുവാതുക്കൽ ഗുരുമന്ദിരത്തിനു സമീപം ഉള്ളാട്ടിൽപടി തമ്പി (68), ഭാര്യ വത്സല (65), മകൻ പ്രവീണിന്റെ (ബിനോയ്) ഭാര്യ പ്രഭ (46), മകൻ അർജുൻ (അമ്പാടി-19), പ്രഭയുടെ അമ്മ ഉഷ എന്നിവരാണ് മരിച്ചത്.



തമ്പി



ഉഷ



വത്സല



പ്രഭ



അർജുൻ

ജനുവരി 31ന് പന്ത്രണ്ടരയോടെയാണ് അപകടം. അർജുനാണ് കാർ ഓടിച്ചിരുന്നത്. കുടുംബാംഗങ്ങളൊരുമിച്ച് പാലക്കാട്ട് പോയി മടങ്ങുകയായിരുന്നു. കാർ എതിരെ വന്ന തടിലോറിയിൽ ഇടിക്കുകയായിരുന്നു. കാർ പൂർണമായും തകർന്നു.

കാറിനുള്ളിൽ കുരുങ്ങിപ്പോയ 5 പേരെയും നാട്ടുകാരും കടുത്തുരുത്തിയിൽ നിന്ന് എത്തിയ അഗ്നിരക്ഷാസേനയും ചേർന്നു വാഹനം വെട്ടിപ്പൊളിച്ചാണ് പുറത്തെടുത്തത്. മൃതദേഹങ്ങൾ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചു.

അപകടത്തെത്തുടർന്ന് എംസി റോഡിൽ മുക്കാൽ മണിക്കൂറോളം ഗതാഗതം സ്തംഭിച്ചു. അഗ്നിരക്ഷാ സേനയുടെ നേതൃത്വത്തിൽ വാഹനാവശിഷ്ടങ്ങൾ റോഡിൽ നിന്നും നീക്കം ചെയ്തശേഷമാണ് ഗതാഗതം പുനരാരംഭിച്ചത്. പ്രവീണിന് കുവൈത്തിലാണ് ജോലി.

ലോട്ടറി വ്യാപാരം നടത്തുന്ന തമ്പി കുടുംബാംഗങ്ങളോടൊപ്പം ബന്ധുക്കളെ സന്ദർശിക്കുന്നതിന് ജനുവരി 31ന് വൈകിയാണ് ചാലക്കുടിക്കുപുറപ്പെട്ടത്. രാത്രി വൈകിയേ വരൂവെന്നതിനാലാണ് പുറത്തെ ലൈറ്റ് ഓൺ ചെയ്തിട്ടു പോയതെന്ന് ചുരുക്കം.

ചാലക്കുടിയിൽ ബന്ധുവിന്റെ മകളുടെ അരങ്ങേറ്റമായിരുന്നു. അതിലും പങ്കെടുത്താണ് ഈ കുടുംബം കോട്ടയത്തേക്ക് മടങ്ങിയത്. അരങ്ങേറ്റം കഴിഞ്ഞ നൃത്തവേഷത്തിലുള്ള കുട്ടിയോടൊപ്പം എല്ലാവരും നിൽക്കുന്ന ചിത്രങ്ങൾ പ്രഭയുടെ ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.

കാർ ഷോറൂമിൽ ജീവനക്കാരനായ പ്രവീണിന്റെ ഭാര്യ പ്രഭയും മകൻ അർജുനും കുവൈത്തിലായിരുന്നു. കുവൈത്തിൽ നേഴ്സായ പ്രഭ അർജുന്റെ പഠനം സംബന്ധിച്ചാണ് അടുത്ത കാലത്ത് നാട്ടിലെത്തിയത്. മൂന്നുവർഷം മുമ്പാണ് ഈ വീട് പുതുക്കിപ്പണിതത്. കാർ വാങ്ങിയത് രണ്ടു വർഷം മുൻപാണ്.

കുവൈത്തിലുള്ള പ്രവീൺ തിരികെ എത്തുമ്പോൾ ഈ വീട്ടിൽ ആരുമില്ല.

# മുൻകൂർ ജാമ്യത്തിന് സമയപരിധിയില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മുൻകൂർ ജാമ്യം അനുവദിക്കുന്നതിൽ സമയപരിധിയില്ലെന്ന് സുപ്രീംകോടതി. വിചാരണ അവസാനിക്കുന്ന സമയംവരെ മുൻകൂർ ജാമ്യം തുടരാം. വിചാരണ ആരംഭിക്കുന്നതിന്റെ ഭാഗമായി കുറ്റം ആരോപിക്കുന്നയാളിന് സമൻസ് അയച്ചാലും മുൻകൂർ ജാമ്യത്തിന്റെ കാലാവധി അവസാനിക്കില്ല. പ്രത്യേകമായുള്ള കാരണങ്ങളാലും അത്യാവശ്യമായ അവസരങ്ങളിലും മാത്രമേ മുൻകൂർ ജാമ്യം റദ്ദാക്കാവൂയെന്നും അഞ്ചംഗ ഭരണഘടനാ ബെഞ്ച് ഉത്തരവിട്ടു. രാജ്യത്തെ പൗരന്മാരുടെ അവകാശങ്ങൾ വെട്ടിച്ചുരുക്കാൻ പാർലമെന്റ് ശ്രമിക്കരുതെന്നും അത്തരം അധികാരങ്ങൾ ഉപയോഗിക്കുന്നത് അപകടകരമായ സ്ഥിതിവിശേഷമുണ്ടാക്കുമെന്നും ഉത്തരവിൽ പറയുന്നു. വിചാരണ ആരംഭിക്കുന്ന ഘട്ടത്തിൽ കോടതിയിൽ നിന്ന സമൻസ് അയയ്ക്കുകയോ കുറ്റം ചുമത്തപ്പെടുകയോ ചെയ്യുന്ന ഘട്ടത്തിലാണെങ്കിൽ പോലും മുൻകൂർ ജാമ്യം രദ്ദാക്കപ്പെടുകയില്ല. എന്നാൽ, പ്രത്യേകവും വിചിത്രവുമായ കേസുകളിൽ സമയപരിധി നിശ്ചയിക്കാനാകുമെന്നും ജസ്റ്റിസ് അരുൺ മിശ്ര അദ്ധ്യക്ഷനായ അഞ്ചംഗ ബെഞ്ചിന്റെ ഉത്തരവിൽ പറയുന്നു. അതേസമയം പൗരന്റെ മൗലികാവകാശങ്ങൾക്കാണ് വിചാരണ നടപടികളിൽ പ്രാമുഖ്യം നല്കേണ്ടതെന്നും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് അതിന് വിഘാതമാകരുതെന്നും ജസ്റ്റിസ് രവീന്ദ്ര ഭട്ട് എഴുതിയ പ്രത്യേക വിധിന്യായത്തിൽ ചൂണ്ടിക്കാട്ടി.

മുൻകൂർ ജാമ്യാപേക്ഷ പരിഗണിക്കുമ്പോൾ കുറ്റകൃത്യത്തിൽ പ്രതികളുടെ പങ്ക്, തെളിവുകൾ നശിപ്പിക്കാനും സാക്ഷികളെ സ്വാധീനിക്കാനുമുള്ള സാദ്ധ്യത തുടങ്ങിയവ കണക്കിലെടുക്കണം. ഓരോ കേസിന്റേയും സ്വഭാവം അനുസരിച്ച് കോടതികൾക്ക് ജാമ്യവ്യവസ്ഥകൾ നിശ്ചയിക്കാം. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുന്നതിനു മുമ്പ് കോടതിയെ സമീപിക്കുന്നതിൽ തടസമില്ല. മുൻകൂർ ജാമ്യം അനുവദിക്കുന്നത് കേസ് അന്വേഷിക്കാനുള്ള പോലീസിന്റെ അധികാരത്തെ ചുരുക്കാനുള്ളതല്ലെന്നും കുറ്റാരോപിതനു കിട്ടുന്ന പരിപൂർണ സംരക്ഷണമല്ലെന്നും ഭരണഘടനാ ബെഞ്ച് വ്യക്തമാക്കി.

# ട്രെയിനിൽ നിന്നു ചാടിപ്പോയ പ്രതിയെ പിടികൂടി

ഷൊർണൂർ: പോലീസിനെ തള്ളിമാറ്റി ട്രെയിനിൽനിന്നു ചാടി രക്ഷപ്പെട്ട കവർച്ചക്കേസ് പ്രതി ബംഗ്ലാദേശ് സ്വദേശി മാണിക് സർക്കാരിനെ (35) ഷൊർണൂരിൽനിന്നു പിടികൂടി.

ഷൊർണൂർ നമ്പ്രം പ്രദേശത്ത് ഭാരതപ്പുഴയോടു ചേർന്ന് പ്രതിയെ കണ്ടതായി നാട്ടുകാരിൽ ചിലർ ഷൊർണൂർ റെയിൽവേ പോലീസിനു നല്കിയ രഹസ്യ വിവരത്തെ തുടർന്ന് ചെറുതുരുത്തി, ഷൊർണൂർ പോലീസ് സംയുക്തമായി നടത്തിയ നീക്കത്തിലാണ് ഇയാളെ സാഹസികമായി പിടികൂടിയത്.

ജനുവരി 29ന് രാവിലെ 11-നാണ് നമ്പ്രം പ്രദേശത്ത് പ്രതിയെ കണ്ടതായി പോലീസിനു വിവരം ലഭിച്ചത്. തുടർന്ന് പോലീസ് പ്രദേശം വളഞ്ഞു പ്രതിയെ പിടികൂടുകയായിരുന്നു. പ്രതി പോലീസിനെ ആക്രമിക്കാൻ ശ്രമിച്ചതായി ഷൊർണൂർ റെയിൽവേ സിഐ എം.കെ. കീർത്തി ബാബു പറഞ്ഞു. പ്രതിയെ തൃശൂർ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിനു മുമ്പാകെ ഹാജരാക്കിയശേഷം റിമാൻഡ് ചെയ്തു.

കണ്ണൂരിൽ മാധ്യമപ്രവർത്തകനായ കെ. വിനോദ് ചന്ദ്രൻ. ഭാര്യ സരിതകുമാരി എന്നിവരെ കെട്ടിയിട്ട് 20 ലക്ഷം രൂപയുടെ മുതൽ കവർച്ച നടത്തിയ കേസിലും കൊലക്കേസിലും പ്രതിയായ ബംഗ്ലാദേശ് പ്രിഷ്പൂർ ജില്ലയിലെ മാണിക് സർക്കാർ 28ന് ചൊവ്വാഴ്ചയാണ് കണ്ണൂർ എആർ ക്യാമ്പിലെ പോലീസുകാരെ ആക്രമിച്ച് ട്രെയിനിൽ നിന്ന് ചാടിപ്പോയത്. രണ്ടു മാസമായി കണ്ണൂർ സെൻട്രൽ ജയിലിൽ റിമാൻഡിലായിരുന്ന പ്രതി മൂന്നു പോലീസുകാർക്കൊപ്പം എറണാകുളം കാക്കനാട് ജയിലിലേക്കു കൊണ്ടുപോകും വഴിയാണ് ഷൊർണൂരിനും ചെറുതുരുത്തിക്കുമിടയിൽ ട്രെയിനിന്റെ വേഗം കുറഞ്ഞ സമയത്ത് പോലീസുകാരെ തട്ടിയിട്ട് ട്രെയിനിൽ നിന്നും താഴേക്കു ചാടിയത്. കർണാടകയിൽ കവർച്ചയ്ക്കിടെ ദമ്പതികളെ കൊലപ്പെടുത്തിയ കേസിലും പ്രതിയായ ഇയാൾ ഹൂഗ്ലി ജയിലിൽ റിമാൻഡിലിരിക്കെയാണ് കണ്ണൂർ പോലീസ് കസ്റ്റഡിയിൽ വാങ്ങിയത്. കണ്ണൂർ കേസിൽ പ്രതിയായ ബംഗ്ലാദേശ് സ്വദേശി മുഹമ്മദ് ഖിലാലി (19) നെ ചോദ്യം ചെയ്തപ്പോഴാണ് മണിക് സർക്കാരും പ്രതിയാണെന്ന വിവരം ലഭിച്ചത്.

# അക്രമിയെ വധിച്ചു; കുട്ടികൾക്കും സ്ത്രീകൾക്കും മോചനം

ഫറൂഖാബാദ്: പിറന്നാൾ വിരുന്നിനെത്തിയ 20 കുട്ടികളെയും ഏതാനും സ്ത്രീകളെയും തടവിലാക്കിയ കൊലക്കേസ് പ്രതിയെ വധിച്ച് പോലീസ് ബന്ദികളെ രക്ഷിച്ചു. ജനുവരി 31ന് പുലർച്ചെയോടെയാണ് ഇവരെ മോചിപ്പിച്ചത്. ഉത്തർപ്രദേശിലെ കതാരിയ ഗ്രാമത്തിലാണ് നാടിനെ മണിക്കൂറുകളോളം മുൾമുനയിൽ നിർത്തിയ സംഭവം അരങ്ങേറിയത്.

കൊലക്കേസിൽ പ്രതിയായ സുഭാഷ് ബതാം എന്നയാളാണ് കുട്ടികളെയും സ്ത്രീകളെയും മകളുടെ പിറന്നാൾ ആഘോഷത്തിനായി ക്ഷണിച്ചുവരുത്തി വീടിന്റെ നിലവറയിൽ തടവിലാക്കിയത്. 6 മാസം മുതൽ 15 വയസ്സുവരെയുള്ള കുട്ടികളാണ് തടവിലാക്കപ്പെട്ടത്.

പോലീസിന്റെയും കമാൻഡോകളുടെയും നേതൃത്വത്തിൽ നടന്ന രക്ഷാശ്രമത്തിനൊടുവിൽ ഇവരെ മോചിപ്പിച്ചു. പോലീസുകാർക്കും പ്രദേശവാസികൾക്കും നേരെ ബതാം വീടിനുള്ളിൽ നിന്ന് പലവട്ടം വെടിയുതിർത്തു. ഇയാളുടെ കൈവശം തോക്കും ഗ്രനേഡും ഉണ്ടായിരുന്നെന്ന് പോലീസ് പറഞ്ഞു.

കൊലപാതക കേസിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്ന ബതാം പരോളിൽ ഇറങ്ങിയിരിക്കുകയായിരുന്നു. മകളുടെ ഒന്നാം പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാനെന്ന വ്യാജേനയാണ് കുട്ടികളെ ഇയാൾ വീട്ടിലേക്ക് വിളിച്ചുവരുത്തിയത്. എന്നാൽ മണിക്കൂറുകൾ കഴിഞ്ഞിട്ടും ഇവർ തിരിച്ചുവരാതിരുന്നതോടെ അന്വേഷിച്ചെത്തിയപ്പോളാണ് കുട്ടികളെ ബന്ദികളാക്കിയ വിവരം മാതാപിതാക്കൾ അറിയുന്നത്. ഇതോടെ പോലീസിൽ വിവരം അറിയിക്കുകയായിരുന്നു.




അക്രമിയുടെ വീട്ടിൽ പോലീസ് പരിശോധന നടത്തുന്നു

അക്രമിയെ വധിച്ച ശേഷം നാട്ടുകാർ നടത്തിയ ആക്രമണത്തിൽ അക്രമിയുടെ ഭാര്യയും കൊല്ലപ്പെട്ടു. നാട്ടുകാരുടെ മർദ്ദനത്തെത്തുടർന്നാണ് ഇവർ മരിച്ചതെന്നാണ് റിപ്പോർട്ട്. നാട്ടുകാരിൽ നിന്ന് രക്ഷപ്പെടുത്തി ഇവരെ പോലീസ് ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചു.

# മണ്ണുമാന്തിയിടിപ്പിച്ച് കൊലപാതകം; ആറ് പേർ കൂടി അറസ്റ്റിൽ

കാട്ടാക്കട: പ്രവാസിയും വിമുക്തഭടനുമായ കീഴാറ്റൂർ കാഞ്ഞിരംവിള ശ്രീമംഗലം വീട്ടിൽ സംഗീതിനെ (36)നെയാണ് മണ്ണുമാന്തിയുടെ യന്ത്രക്കൈകൊണ്ട് ഇടിപ്പിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രധാനപ്രതികൾ അടക്കം ആറുപേർ അറസ്റ്റിൽ. പോലീസിന്റെ വീഴ്ച സംബന്ധിച്ച് അന്വേഷണം നെടുമങ്ങാട് ഡിവൈഎസ്പിക്കെന്നും റിപ്പോർട്ട് ലഭിച്ചാൽ നടപടി എടുക്കുമെന്നും റൂറൽ പോലീസ് മേധാവി ബി. അശോകൻ പറഞ്ഞു. മണ്ണ് മാന്തി ഉടമ ചാരുപാറ കോട്ടേകോണം വീട്ടിൽ സജു എന്ന് വിളിക്കുന്ന സ്റ്റാൻലി ജോൺ (48), ടിപ്പർ ലോറിഉടമ കിഴമച്ചൽ പത്മിനി നിവാസിൽ ഉത്തമനെന്നു വിളിക്കുന്ന മണികണ്ഠൻ (34), ഡ്രൈവർ കൊല്ലകോണം കുഴിവിള വീട്ടിൽ ലിനു (30), ക്ലീനർ കൂവളശേരി റോഡരികത്ത് വീട്ടിൽ മിഥുൻ (25), പ്രതികൾക്ക് രക്ഷപ്പെടാൻ അവസരമൊരുക്കിയ ചെമ്പൂര് പുളിങ്കുടി പാലോട്ട് കോണം ലക്ഷ്മി ഭവനിൽ ലാൽകുമാർ (ഉണ്ണി-26), ഒറ്റശേഖരമംഗലം വെള്ളാങ്ങൽ ഉഷ ഭവനിൽ തേങ്ങാ ആനീഷെന്ന് വിളിക്കുന്ന വിനീഷ് (26) എന്നിവരാണ് അറസ്റ്റിലായത്. ലാൽകുമാറിനെയും വിനീഷിനെയും റിമാൻഡ് ചെയ്തു.

P. Isaac Isaac, B.S., D.D.S., M.P.H.

ISAAC PARAMPOTTIL, D.D.S.

**FAMILY DENTAL CLINIC**

259 E. Rand Rd, Suite # 110
Mount Prospect, IL 60056

**Most Major Insurance Plans Accepted**

Modern Personal Dental Care

For New Patient FREE Consultation


**COMPREHENSIVE DENTAL CARE**

Office Hours by Appointments

**847-292-6640**

- Extraction / Dentures
- Cosmetic Bonding / Bleaching / Porcelain Laminate / Cleaning / X-rays / Filling
- Preventive Checkups
- Root Canals / Crowns / Bridges


Trusted Representation
Achieves Aggressive Financial Results
Over $ 50M Recovered and Collected For Our Clients
Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
Free Confidential Consultation On All Matters
Home Visits Available
Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Attorney Steve Crifase
Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603
312-855-0511
StevenCrifase.com
LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603
Phone (312) 855-0511,
Fax (312) 855- 0537
A+ Rating
AV PREEMINENT
Peer Rated for Highest Level of Professional Excellence 2018


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


K.O. JOSE & ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com

# വിദേശത്തും കൊറോണ പടരുന്നു

ബെയ്ജിംഗ്: ജർമനിയിലും ജപ്പാനിലും മനുഷ്യരിൽ നിന്നു പുതിയ കൊറോണ വൈറസ് പടർന്നതോടെ ചൈനയെ ഒറ്റപ്പെടുത്തി ലോകരാജ്യങ്ങൾ. വൈറസ് ബാധിത മേഖലയിൽപ്പെട്ട തങ്ങളുടെ രാജ്യക്കാരെ മടക്കിക്കൊണ്ടു പോകാൻ ഇന്ത്യയടക്കം വിവിധ രാജ്യങ്ങൾ ശ്രമം ഊർജിതമാക്കി.



കൊറോണ വൈറസ് ബാധ തടയാനായി ദക്ഷിണകൊറിയയിലെ ഗ്വാംഗ്ജു നഗരത്തിൽ അണുനാശിനി തളിക്കുന്ന ജീവനക്കാർ.

എന്നാൽ, വിദേശികളെ ഒഴിപ്പിക്കാൻ ചൈന ഇനിയും അനുമതി നൽകിയിട്ടില്ല. കൂടുതൽ രാജ്യങ്ങൾ ചൈനയിലേക്കു യാത്ര വിലക്കി. ചൈനയിൽ നിന്നുള്ള സന്ദർശകർക്കുപോലും പല ഏഷ്യൻ രാജ്യങ്ങളും നിയന്ത്രണം പ്രഖ്യാപിച്ചു.

ദക്ഷിണ ചൈനയിലെ ഹൂബെ പ്രവിശ്യയുടെ തലസ്ഥാനമായ വുഹാനിൽ തുടങ്ങി വ്യാപകമായി പടർന്നതാണ് വൈറസ്. ഇപ്പോൾ ചൈനയിലെ 90 ശതമാനം പ്രവിശ്യകളിലും രോഗബാധയുണ്ട്. രാജ്യതലസ്ഥാനമായ ബെയ്ജിംഗിലും മരണം സംഭവിച്ചതോടെ ഭീതി വ്യാപകമായി.

പ്രധാനമന്ത്രി ലി കെചിയാംഗിന്റെ നേതൃത്വത്തിൽ വൈറസ് വ്യാപനം നേരിടാൻ ഉന്നതാധികാര സമിതി ഉണ്ടാക്കിയിട്ടുണ്ട്. ലി കഴിഞ്ഞദിവസം വുഹാനിൽ എത്തി നടപടികൾ പരിശോധിച്ചു.

ചൈനയിൽ നിന്നു രോഗികൾ വരുന്നതു തടയാൻ വൻകരയിലേക്കുള്ള ട്രെയിൻ സർവീസ് നിർത്താൻ ഹോങ്കോംഗ് തീരുമാനിച്ചു. വിദേശയാത്ര ഒഴിവാക്കാൻ ചൈനയും പൗരന്മാർക്കു നിർദേശം നൽകി.

യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും ഇന്ത്യയും അടക്കം 13 രാജ്യങ്ങൾ വുഹാനിൽ കുടുങ്ങിയ നാട്ടുകാരെ മടക്കിക്കൊണ്ടുപോകാൻ ചൈനയുടെ അനുവാദം തേടി. പക്ഷേ, അതിന്റെ ആവശ്യമില്ലെന്നാണ് ചൈന പറയുന്നത്. ചൈനയിലുള്ള ലോകാരോഗ്യസംഘടന (ഡബ്ല്യുഎച്ച്ഒ) പ്രസിഡണ്ടും ആ നിലപാടിലാണ്.

ആവശ്യത്തിനു ജീവനക്കാരും മരുന്നും സുരക്ഷാ ഉപകരണങ്ങളും മുഖംമൂടികളും കൈയുറകളും ഇല്ലെന്നത് വുഹാനിലും പരിസരനഗരങ്ങളിലും രക്ഷാപ്രവർത്തനം മന്ദഗതിയിലാക്കുന്നു. രണ്ട് ആശുപത്രികൾ ദ്രുതഗതിയിൽ പണിയുന്നുണ്ടെങ്കിലും രോഗികളിൽ വളരെ കുറച്ചു പേർക്കേ ഇപ്പോൾ ചികിത്സ ലഭിക്കുന്നുള്ളൂ.

6000 മെഡിക്കൽ ജീവനക്കാരെ വുഹാനിലേക്കു നിയോഗിച്ചതായി പ്രധാനമന്ത്രി ലി കെചിയാംഗ് പ്രഖ്യാപിച്ചു.

ജപ്പാനിലും ജർമനിയിലും രോഗബാധ ഉണ്ടായതു ചൈനയിൽ പോകാത്തവർക്കാണ്. ചൈനയിൽ നിന്നു വന്ന സഞ്ചാരികളുമായി സംസർഗത്തിലാണ് ഇവർക്ക് വൈറസ് പകർന്നത്. ഇതു രോഗബാധയുടെ വ്യാപ്തി നിയന്ത്രണാതീതമാകുമെന്ന് കാണിക്കുന്നു.

കുട്ടികളിലും യുവാക്കളിലും ഈ ദിവസങ്ങളിൽ രോഗബാധ കണ്ടു. വൃദ്ധരിലും മറ്റു രോഗങ്ങൾ ഉള്ളവരിലുമാണ് വൈറസ് കയറുന്നതെന്ന ധാരണയും തിരുത്തേണ്ടിവന്നു.

## കൊറോണ ഭീകര സത്വം: ചിൻപിംഗ്

ബെയ്ജിംഗ്: കൊറോണ വൈറസ് ഭീകര സത്വമാണെന്നു ചൈനീസ് പ്രസിഡണ്ട് ഷി ചിൻപിംഗ്. ബെയ്ജിംഗിലെത്തിയ ലോകാരോഗ്യ സംഘടനാ മേധാവി തെദ്രോസുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

ചൈനീസ് ജനത ഈ ഭീകരസത്വവുമായി പോരാട്ടത്തിലാണ്. പകർച്ചവ്യാധി സംബന്ധിച്ച് സർക്കാരിന്റെ പ്രവർത്തനങ്ങൾ സുതാര്യമായിരിക്കുമെന്നും വിവരങ്ങൾ സമയത്തു പുറത്തുവിടുമെന്നും ചൈനീസ് പ്രസിഡണ്ട് പറഞ്ഞു.

വിദേശകാര്യമന്ത്രി വാംഗ്‌യിയുമായും തെദ്രോസ് കൂടിക്കാഴ്ച നടത്തി. പകർച്ചവ്യാധി നേരിടാൻ ചൈന സ്വീകരിച്ച നടപടികളെ തെദ്രോസ് പ്രശംസിച്ചു.

## നിയമസഭ ഡിജിറ്റലായി; കൗതുകത്തോടെ അംഗങ്ങൾ

തിരുവനന്തപുരം: നയപ്രഖ്യാപനത്തിനായി നിയമസഭ ചേർന്നപ്പോൾ സഭയിലെത്തിയ അംഗങ്ങളിൽ പലരുടെയും കണ്ണുകളിൽ കൗതുകം നിറഞ്ഞു. തങ്ങളുടെ ഇരിപ്പിടത്തോടൊപ്പമുള്ള മേശമേൽ ടച്ച് സ്ക്രീൻ കമ്പ്യൂട്ടറുകൾ സ്ഥാപിച്ചിരിക്കുന്നു. ഗവർണറുടെ നയപ്രഖ്യാപനം സ്ക്രീനിൽ വിരലോടിച്ചാണ് ഏറെപ്പേരും വായിച്ചത്. എന്നാൽ, മുതിർന്ന അംഗങ്ങളിൽ ചിലർ അൽപം അങ്കലാപ്പിലുമായി. ഡിജിറ്റൽ രേഖകൾ കൈകാര്യം ചെയ്യാൻ അംഗങ്ങൾക്കുള്ള പരിശീലനം തുടരുന്നുണ്ടെന്ന് സ്പീക്കറുടെ അറിയിപ്പ് വന്നതോടെ അവർക്കും ആശ്വാസമായി.

സമ്പൂർണ കടലാസ് രഹിത നിയമസഭയെന്ന ഖ്യാതി സ്വന്തമാക്കി ഡിജിറ്റലായി മാറിയ കേരള നിയമസഭയുടെ ഉദ്ഘാടനം നയപ്രഖ്യാപന പ്രസംഗത്തിനു മുന്നോടിയായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ നിർവഹിച്ചു.

കമ്പ്യൂട്ടറിനു പുറമെ എല്ലാ എംഎൽഎമാർക്കും മൊബൈൽ ടാബും നൽകിയിട്ടുണ്ട്. ഇതോടെ നിയമസഭയുടെ വിവിധ രേഖകൾ ഇനി എംഎൽഎമാർക്ക് വിരൽതുമ്പിൽ ലഭ്യമാകും. നിയമസഭയിൽ അവതരിപ്പിക്കപ്പെടുന്ന ചോദ്യോത്തരങ്ങൾ, ബില്ലുകൾ തുടങ്ങിയ രേഖകളെല്ലാം നിശ്ചിത സമയത്തിനു മുമ്പു കമ്പ്യൂട്ടറിൽ ലഭ്യമാകും. നടപ്പു സമ്മേളനത്തിൽ കമ്പ്യൂട്ടറിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം പ്രിന്റ് ചെയ്ത രേഖകൾ കൂടി ലഭ്യമാക്കുമെന്ന് സ്പീക്കർ അറിയിച്ചു. മുതിർന്ന അംഗങ്ങൾക്കുൾപ്പെടെ ഡിജിറ്റലായി മാറിയതിനു ശേഷമുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാനാണിതെന്ന് സ്പീക്കർ അറിയിച്ചു.

40 കോടി രൂപ മുതൽ മുടക്കിയാണ് സഭ ഡിജിറ്റലൈസ് ചെയ്തത്. ഒരു വർഷം നിയമസഭയുടെ വിവിധ രേഖകൾ അച്ചടിക്കുന്നതിനായി 35 മുതൽ 40 വരെ കോടി രൂപയാണ ചെലവിട്ടിരുന്നത്.

## ഭാര്യയിൽ നിന്ന് ഭർത്താവിന് കൊറോണ ബാധിച്ചു

ചിക്കാഗോ: അമേരിക്കയിൽ ഒരാളിൽ നിന്നു മറ്റൊരാളിലേക്ക് കൊറോണ വൈറസ് ബാധിച്ചു. ഇത്തരത്തിലുള്ള ആദ്യത്തെ കേസാണ് അമേരിക്കയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ചിക്കാഗോയിൽ ഭാര്യയിൽ നിന്ന് ഭർത്താവിനാണ് കൊറോണ ബാധിച്ചത്.

വുഹാനിൽ നിന്നും കൊറോണ ബാധിച്ച് നാട്ടിലെത്തിയ ചിക്കാഗോ സ്വദേശിയായ സ്ത്രീയുടെ അറുപതുകാരനായ ഭർത്താവിനാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. ഇയാളുടെ നില തൃപ്തികരമാണെന്ന് ചിക്കാഗോ ആരോഗ്യവിഭാഗം അറിയിച്ചു.

ഭാര്യ ചിക്കാഗോയിലെ ആശുപത്രിയിൽ ഐസൊലേഷൻ വാർഡിൽ ചികിത്സയിലാണ്. പിതാവിനെ പരിചരിക്കാനായാണ് ഇവർ വുഹാനിൽ പോയത്.

ഇല്ലിനോയിസിൽ കൊറോണ രണ്ടുപേർക്ക് സ്ഥിരീകരിച്ചിട്ടുണ്ട്. ഇവിടെ 21 പേർ നിരീക്ഷണത്തിലുണ്ട്. യുഎസിൽ ആകെ ആറുപേർക്ക് ഇതിനകം രോഗം സ്ഥിരീകരിച്ചു. രാജ്യത്ത് 165 പേർ നിരീക്ഷണത്തിലുണ്ടെന്നും ആരോഗ്യ വിഭാഗം പറയുന്നു.

## സ്വയം സമർപ്പിക്കണമെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ഭരണഘടനയെ അതിന്റെ എല്ലാ മൂല്യങ്ങളോടും കൂടി സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ സ്വയം സമർപ്പിക്കാൻ എല്ലാവരും സന്നദ്ധരാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പൗരത്വ നിയമത്തിനെതിരായി ലക്ഷങ്ങളെ അണിനിരത്തി കാസർഗോഡ് മുതൽ കളിയിക്കാവിള വരെ എൽഡിഎഫ് സംഘടിപ്പിച്ച മനുഷ്യ മഹാശൃംഖല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അനിഷ്ട സംഭവങ്ങൾ ഇല്ലാതെ കനത്ത പ്രതിഷേധമാണ് കേരളത്തിൽ നിയമത്തിനെതിരെ ഉണ്ടായതെന്നു മുഖ്യമന്ത്രി പറഞ്ഞു. ജാതിഭേദവും മതദ്വേഷവുമില്ലാതെ എല്ലാവരും സോദരരായി വാഴുന്ന നാടിനു മാത്രമേ ഈ രീതിയിൽ പ്രതികരിക്കാൻ കഴിയൂ. എൽഡിഎഫ് ആഹ്വാനം ചെയ്തതാണെങ്കിലും പൗരത്വനിയമം പാസാക്കിയതിൽ പ്രതിഷേധിക്കുന്ന മുഴുവൻ പേരും ശൃംഖലയുടെ ഭാഗമായെന്നും അദ്ദേഹം പറഞ്ഞു. ഭരണഘടന സംരക്ഷിക്കുക, മതം നോക്കി പൗരത്വം നിർണയിക്കുന്ന നിയമം റദ്ദാക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തിയുള്ള മനുഷ്യ ശൃംഖല നാടിന്റെ സാമൂഹിക മുന്നേറ്റ ചരിത്രത്തിൽ പുത്തൻ അധ്യായം കുറിച്ചെന്ന് എൽഡിഎഫ് കൺവീനർ എ. വിജയരാഘവൻ പറഞ്ഞു.

സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ മേഖലയിലെ പ്രമുഖർ, ജനപ്രതിനിധികൾ, സ്വാതന്ത്ര്യസമര സേനാനികളുടെയും രക്തസാക്ഷികളുടെയും കുടുംബാംഗങ്ങൾ, തൊഴിലാളികൾ,വിദ്യാർത്ഥികൾ, വീട്ടമ്മമാർ തുടങ്ങി എല്ലാ മേഖലയിലുമുള്ളവർ ശൃംഖലയുടെ ഭാഗമായെന്നും അദ്ദേഹം അറിയിച്ചു.

പരിപാടിയിൽ പങ്കെടുത്തവർ ഭരണഘടനയുടെ ആമുഖം വായിച്ചു പ്രതിജ്ഞയെടുത്തു. സംസ്ഥാനത്ത് 250 കേന്ദ്രങ്ങളിൽ പൊതുയോഗങ്ങളും നടന്നു. പൊളിറ്റ് ബ്യൂറോ അംഗം എസ്. രാമചന്ദ്രൻ പിള്ള കാസർഗോട്ട് ആദ്യ കണ്ണിയായി. പാറശാല കളിയിക്കാവിളയിൽ പൊളിറ്റ് ബ്യൂറോ അംഗം എം.എ. ബേബിയാണ് അവസാന കണ്ണിയായത്. തിരുവനന്തപുരത്ത് പാളയത്ത് മുഖ്യമന്ത്രി പിണറായി വിജയൻ കുടുംബസമേതമാണ് എത്തിയത്. സിപിഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രനും അവിടെ കണ്ണിചേർന്നു.

## തൊഴിലുറപ്പ് തൊഴിലാളികൾക്കിടയിലേക്ക് ഉണങ്ങിയ തെങ്ങ് വീണ് വീട്ടമ്മയ്ക്ക് ദാരുണാന്ത്യം

വൈക്കം: ഉണങ്ങിനിന്ന തെങ്ങ് തൊഴിലുറപ്പ് ജോലിക്ക് എത്തിയവർക്കിടയിലേക്ക് മറിഞ്ഞ് വീട്ടമ്മയ്ക്ക് ദാരുണാന്ത്യം. കുലശേഖരമംഗലം കൊടുപ്പാടം നാലുപടവിൽ തങ്കച്ചന്റെ ഭാര്യ സോളി (46) ആണ് മരിച്ചത്.

ഉച്ചയ്ക്കായിരുന്നു സംഭവം. ഊണും വിശ്രമവും കഴിഞ്ഞു തൊഴിലാളികൾ പണി തുടങ്ങവേ അടുത്ത പുരയിടത്തിലെ തെങ്ങ് നിലംപതിക്കുകയായിരുന്നു. പലരും ഓടിരക്ഷപ്പെട്ടു. സോളിയും കൂടെയുണ്ടായിരുന്ന സുശീലയും തെങ്ങിനടിയിൽപ്പെട്ടു. ഉടൻ ഇരുവരെയും ചെമ്മനാകരി ഇൻഡോ അമേരിക്കൻ ആശുപത്രിയിൽ എത്തിച്ചു. മൂന്നരയോടെ സോളി മരിച്ചു. സുശീലയുടെ കാലുകൾക്കാണ് പരുക്ക്. മക്കൾ: എൻ.ഒ. ജിതിൻ (ഫാർമേഴ്സ് ബാങ്ക്, തലയോലപ്പറമ്പ്), എൻ.ഒ. ജിതിൻ (ബിരുദ വിദ്യാർത്ഥി, കൊതവറ സെയിന്റ് സേവ്യേഴ്സ് കോളജ്), എൻ.ഒ. ജീവ (പ്ലസ്ടു വിദ്യാർത്ഥി, വൈക്കം സെയിന്റ് ലിറ്റിൽ തെരേസാസ് ഹയർ സെക്കൻഡറി സ്കൂൾ).

## ശ്രീറാമിന്റെ സസ്പെൻഷൻ നീട്ടി

തിരുവനന്തപുരം: മാധ്യമ പ്രവർത്തകൻ കെ.എം. ബഷീറിന്റെ കാറിടിച്ചു മരിച്ച കേസിൽ സസ്പെൻഷനിലായ ഐഎഎസ് ഉദ്യോഗസ്ഥൻ ശ്രീറാം വെങ്കിട്ടരാമനെ സർവീസിൽ തിരിച്ചെടുക്കാനുള്ള ശിപാർശ വിവാദമായതോടെ സസ്പെൻഷൻ മൂന്നു മാസത്തേക്കുകൂടി നീട്ടി മുഖ്യമന്ത്രി ഉത്തരവിട്ടു.

ചീഫ് സെക്രട്ടറി ടോം ജോസ് ചെയർമാനായ ഉദ്യോഗസ്ഥ സമിതി ശ്രീറാമിനെ തിരിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ടു മുഖ്യമന്ത്രി പിണറായി വിജയനു ശിപാർശ നൽകിയിരുന്നു. ഇതു ചർച്ചയായതോടെയാണ് പുതിയ ഉത്തരവ്.



സസ്പെൻഷൻ പിൻവലിക്കാൻ അവസരമൊരുക്കുന്നതിനായി ശ്രീറാമിനെതിരായ കുറ്റപത്രം യഥാക്രമം കോടതിയിൽ സമർപ്പിക്കുന്നതു പോലീസ് ഉന്നതർ തടഞ്ഞുവെന്നും ആരോപണമുയർന്നു.

കേസ് അന്വേഷണം ക്രൈം ബ്രാഞ്ച് എസ്പിക്കാണെങ്കിലും ക്രൈംബ്രാഞ്ച് ഐജിക്കോ എഡിജിപിക്കോ മേൽനോട്ടച്ചുമതല നൽകിയില്ല.

അന്വേഷണവും തെളിവ് ശേഖരിക്കലുമെല്ലാം ഒരു മാസം മുൻപേ ബ്രാഞ്ച് എസ്പി: ഷാനവാസിന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം പൂർത്തിയാക്കിയിട്ടുണ്ട്.

കഴിഞ്ഞ ഓഗസ്റ്റ് മൂന്നിന് രാത്രി 12.55നാണ് ബഷീർ കാറിടിച്ച് കൊല്ലപ്പെട്ടത്. അന്നു ശ്രീറാം സർവേ ഡയറക്ടറായിരുന്നു.

അപകടം നടക്കുമ്പോൾ താനല്ല, ഒപ്പമുണ്ടായിരുന്ന സുഹൃത്ത് വഫയാണ് കാർ ഓടിച്ചിരുന്നതെന്നായിരുന്നു ശ്രീറാം ചീഫ് സെക്രട്ടറിക്കു നൽകിയ വിശദീകരണം. അപകടവുമായി ബന്ധപ്പെട്ട് ഉയർന്ന ആരോപണങ്ങളെല്ലാം അദ്ദേഹം നിഷേധിച്ചിരുന്നു.

## സൈന നെഹ്‌വാൾ ഇനി ബിജെപിയുടെ കോർട്ടിൽ

ന്യൂഡൽഹി: ബാഡ്മിന്റൺ താരം സൈന നെഹ്‌വാൾ ഇനി രാഷ്ട്രീയത്തിന്റെ കോർട്ടിൽ. ബിജെപിയുടെ കളത്തിൽ നിന്നാണ് സൈനയുടെ സ്മാഷുകൾ ഉയരുക. ജനുവരി 29ന് ബിജെപി ആസ്ഥാനത്തെത്തി സൈനയും ചേച്ചി ചന്ദ്രാംശു നെഹ്‌വാളും പാർട്ടി അംഗത്വം സ്വീകരിച്ചു. ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ സൈന പ്രചാരണത്തിനിറങ്ങും. ദേശീയ ജനറൽ സെക്രട്ടറി അരുൺ സിങ്ങാണ് ഇരുവർക്കും പാർട്ടി അംഗത്വം നൽകിയത്. കുറച്ചുനാളായി ബിജെപിയുടെയും കേന്ദ്രസർക്കാരിന്റെയും നയങ്ങളെ പിന്തുണച്ച് സൈന ടിറ്റർ സന്ദേശങ്ങൾ നൽകിയിരുന്നു.

"കഠിനാധ്വാനികളെ എനിക്ക് ഇഷ്ടമാണ്. കഠിനാധ്വാനിയായ പ്രധാനമന്ത്രി രാവുംപകലും രാജ്യത്തിനായി പ്രവർത്തിക്കുന്നു. അദ്ദേഹത്തോടൊപ്പം രാജ്യത്തിനായി എന്തെങ്കിലും ചെയ്യാൻ കഴിയുന്നത് മികച്ച അവസരമായി കാണുന്നു. നരേന്ദ്രമോദിയിൽ നിന്ന് നല്ല പാഠങ്ങൾ പഠിക്കാൻ കഴിഞ്ഞു": സൈന വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 70.52 |
| യൂറോ | 78.27 |
| സ്റ്റെർലിംഗ്പൗണ്ട് | 92.68 |
| സ്വിസ് ഫ്രാങ്ക് | 72.77 |
| സിംഗപ്പൂർ ഡോളർ | 52.22 |
| കനേഡിയൻ ഡോളർ | 53.59 |
| ഓമാൻ റിയാൽ | 180.43 |
| ബഹ്റൈൻ ദിനാർ | 184.16 |
| സൗദി റിയാൽ | 18.56 |
| യു.എ.ഇ. ദിർഹം | 18.98 |
| കുവൈത്ത് ദിനാർ | 229.51 |

# കർഷകക്ഷേമം മുൻനിർത്തി രാഷ്ട്രപതിയുടെ നയപ്രഖ്യാപനം

ന്യൂഡൽഹി: പൗരത്വ നിയമഭേദഗതിയെയും അയോധ്യ കോടതി വിധിയെയും അനുമോദിച്ച് രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ നയപ്രഖ്യാപനം പ്രസംഗം.

പൗരത്വ നിയമ ഭേദഗതി പാർലമെന്റ് പാസാക്കിയതിലൂടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ആഗ്രഹമാണ് യാഥാർത്ഥ്യമായതെന്ന് രാഷ്ട്രപതി രാംനാഥ് കോവിന്ദ്. ചരിത്രപരമായ നിയമമാണ് ഇതെന്ന് പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിനു തുടക്കം കുറിച്ചുകൊണ്ടുള്ള നയപ്രഖ്യാപന പ്രസംഗത്തിൽ രാഷ്ട്രപതി പറഞ്ഞു. കർഷകരുടെയും പാവപ്പെട്ടവരുടെയും ക്ഷേമമാണ് സർക്കാരിന്റെ ലക്ഷ്യമെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

പാക്കിസ്ഥാനിൽ ന്യൂനപക്ഷ സമുദായങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങളെ രാഷ്ട്രപതി അപലപിച്ചു. ഇക്കാര്യത്തിൽ രാജ്യാന്തര സമൂഹത്തിന്റെ ഇടപെടൽ വേണം. ഇന്ത്യയിൽ എല്ലാ മതത്തിൽപ്പെട്ടവർക്കും പൗരത്വം ലഭിക്കുന്നതിനു വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥകൾ അങ്ങനെതന്നെ നിലനിൽക്കുന്നുമുണ്ട്.

പ്രതിഷേധത്തിന്റെ പേരിൽ നടക്കുന്ന അക്രമങ്ങൾ സമൂഹത്തെയും രാജ്യത്തെയും ദുർബലമാക്കും. പൗരത്വ നിയമ ഭേദഗതിയെക്കുറിച്ച് രാഷ്ട്രപതി നടത്തിയ പരാമർശങ്ങൾ സഭയിൽ ബഹളത്തിന് ഇടയാക്കി. ഭരണപക്ഷ അംഗങ്ങൾ ഡെസ്കിലടിച്ച് ആഹ്ലാദിച്ചപ്പോൾ പ്രതിപക്ഷം ശബ്ദമുണ്ടാക്കി പ്രതികരിച്ചു.



ബജറ്റ് സെഷനു മുന്നോടിയായുള്ള സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യാൻ രാഷ്ട്രപതി രാം നാഥ് കോവിന്ദ് പാർലമെന്റ് സെൻട്രൽ ഹാളിലേക്ക് ഉപരാഷ്ട്രപതി വെങ്കയ്യ നായിഡു, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ സ്പീക്കർ ഓം ബിർള എന്നിവർക്കൊപ്പം വരുന്നു.

സർക്കാരിന്റെ ഉറച്ച പ്രതിജ്ഞ ബദ്ധതയാൽ മുസ്ലിം വനിതകൾക്ക് വേണ്ടി മുത്തലാക്ക് നിരോധന നിയമം കൊണ്ടുവന്നു. രാമജന്മഭൂമിയിന്മേലുള്ള കോടതിവിധിക്കു ശേഷം രാജ്യത്തെ പൗരന്മാർ പ്രകിടിപ്പിച്ച പക്വത അഭിനന്ദനാർഹമാണെന്നും രാഷ്ട്രപതി ചൂണ്ടിക്കാട്ടി.

ജമ്മു കാഷ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞ നടപടി ചരിത്രപരമാണ്. മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെയാണ് സഭ അതു പാസാക്കിയത്.

ജമ്മു, കാഷ്മീർ, ലഡാക്ക് മേഖലകളുടെ തുല്യമായ വികസനത്തിന് അതു വഴിവെക്കുമെന്നു രാഷ്ട്രപതി പറഞ്ഞു. ജമ്മു കാഷ്മീരിലെയും ലഡാക്കിലെയും ജനങ്ങൾ രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലെ ജനങ്ങൾക്കു തുല്യരാവുന്നത് സന്തോഷകരമായ കാര്യമാണെന്ന് രാഷ്ട്രപതി പറഞ്ഞു.

സർക്കാർ സ്ഥാനമേറ്റ ഏഴു മാസത്തിനകം തന്നെ നിർണായകമായ പല നിയമങ്ങളും കൊണ്ടുവരാൻ കഴിഞ്ഞു. ഈ ദശകത്തെ ഇന്ത്യയുടെ ദശകമായും നൂറ്റാണ്ടിന്റെ ദശകമായും മാറ്റുന്നതിനുള്ള ശക്തമായ ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്.

ഭീകരതയെ നേരിടാൻ സേനാ വിഭാഗങ്ങൾക്കു പൂർണസ്വാതന്ത്ര്യം നൽകിയിരിക്കുകയാണ് സർക്കാർ. മൂന്നു സേനാ വിഭാഗങ്ങൾക്കുകൂടി സംയുക്ത തലവൻ വന്നതോടെ സൈന്യത്തിന്റെ ഏകോപനം കൂടുതൽ ഫലപ്രദമാവും. സ്ത്രീകളുടെ സുരക്ഷയ്ക്ക് അതിയായ പ്രാമുഖ്യമാണ് സർക്കാർ നൽകുന്നത്. സ്ത്രീകൾക്കെതിരായ അതിക്രമകേസുകൾ വിചാരണ ചെയ്യാൻ ആയിരം കോടതികൾ സ്ഥാപിക്കുമെന്നും രാഷ്ട്രപതി നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു.

മേക്ക് ഇൻ ഇന്ത്യ പദ്ധതി വിജയം കണ്ടു. ആയിരം അതിവേഗ കോടതികൾ സ്ഥാപിച്ചു. ജലസംരക്ഷണം ഉറപ്പുവരുത്തി. ഗ്രാമീണ മേഖലയിൽ നിരവധി വികസന പദ്ധതികൾ നടപ്പാക്കി. വനിതാ ക്ഷേമം ഉറപ്പു വരുത്തി. ചരിത്രമായി കർത്താർപുർ ഇടനാഴി തുറന്നു. സർക്കാർ ഭീകരവാദവിരുദ്ധ പ്രവർത്തനങ്ങൾ ശക്തമാക്കിയെന്നും രാഷ്ട്രപതി പറഞ്ഞു.

പ്രതിരോധ രംഗത്തിന് സുപ്രധാന പരിഗണനയാണ് സർക്കാർ നൽകുന്നത്. ഇലക്ട്രോണിക് രംഗത്തും ശ്രദ്ധേയമായ വളർച്ചയാണുള്ളത്. റെയിൽവേ വികസനക്കുതിപ്പിലാണെന്നും രാഷ്ട്രപതി പറഞ്ഞു.

# മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്ക് നേരെ വെടിവെപ്പ്

ന്യൂഡൽഹി: മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനത്തിൽ രാജ്ഘട്ടിലേക്കു മാർച്ച് നടത്തിയ ജാമിയ മില്ലിയ സർവകലാശാലയിലെ വിദ്യാർത്ഥികൾക്കു നേരെ അക്രമി വെടിവെച്ചു. തോക്കുമായി ഭീകരാന്തരീക്ഷം സൃഷ്ടിച്ച ഉത്തർപ്രദേശ് ഗൗതം ബുദ്ധ് നഗർ ജേവാർ സ്വദേശിയെ അറസ്റ്റ് ചെയ്തു. ഇടതു കയ്യിൽ വെടിയേറ്റ സർവകലാശാലാ മാസ് കമ്യൂണിക്കേഷൻ വിഭാഗം രണ്ടാം വർഷ പിജി വിദ്യാർത്ഥി ഷദാബ് ഫാറൂഖ് അപകടനില തരണം ചെയ്തു.

പ്രതിക്ക് 19 വയസ്സാണെന്ന് ആദ്യം അറിയിച്ച പോലീസ് പിന്നീട് രാത്രി വൈകി 18 വയസ്സിൽ താഴെയാണെന്നു വ്യക്തമാക്കി.

'ഇതാ പിടിച്ചോ നിങ്ങളുടെ സ്വാതന്ത്ര്യം' എന്ന് ആക്രോശിച്ചായിരുന്നു പ്രതി വെടിയുതിർത്തത്. നടുറോഡിൽ തോക്കുചൂണ്ടി ഭീഷണി മുഴക്കിയിട്ടും ഇയാളെ തടയാൻ പോലീസ് ഒന്നും ചെയ്തില്ലെന്ന് ദൃക്സാക്ഷി പറഞ്ഞു. വെടിയുതിർത്ത ശേഷമാണ് പോലീസ് ഇയാളെ പിടികൂടിയത്. രാത്രി വൈകി പോലീസ് കേസ് രജിസ്റ്റർ ചെയ്തു.



ഇടതുകയ്യിൽ വെടിയേറ്റ ഷദാബ് ഫാറൂഖ്.

വെടിയേറ്റ വിദ്യാർത്ഥിയെ ആശുപത്രിയിൽ പോകാൻ പോലീസ് വഴിയൊരുക്കിയില്ലെന്നും ആരോപണമുണ്ട്. ആംബുലൻസിനു വരാൻ സൗകര്യമൊരുക്കാത്തതിനെ തുടർന്ന് ബാരിക്കേഡ് ചാടിക്കടന്നാണ് സമീപത്തെ ഹോളി ഫാമിലി ആശുപത്രിയിൽ ഷദാബ് എത്തിയത്.

പൗരത്വ നിയമത്തിനെതിരെയുള്ള പ്രതിഷേധത്തിന്റെ ഭാഗമായാണ് ഉച്ചയ്ക്ക് ഒന്നരയോടെ ക്യാംപസിൽ നിന്ന് മാർച്ച് ആരംഭിച്ചത്. സമാധാനപൂർണമായ മാർച്ച് പ്രധാന റോഡിലൂടെ കടന്നുപോകുമ്പോഴാണ് തോക്കുമായി അക്രമിയെത്തിയത്.

തോക്കുചൂണ്ടിയ ഇയാളെ വിദ്യാർത്ഥികൾ അനുനയിപ്പിക്കാൻ ശ്രമിക്കുന്നതിനിടെ വെടിയുതിർക്കുകയായിരുന്നു.

സംഭവത്തിനു പിന്നാലെ വിദ്യാർത്ഥികളുടെ ശ്രമം സംഘർഷത്തിനു കാരണമായി. പോലീസ് ലാത്തിവീശി. 2 മലയാളികൾ ഉൾപ്പെടെ പത്തിലേറെ വിദ്യാർത്ഥികളെ പോലീസ് കസ്റ്റഡിയിലെടുത്തശേഷം വിട്ടയച്ചു.

# നടി ജമീല മാലിക് വിടവാങ്ങി

തിരുവനന്തപുരം: സമ്പന്നതയുടെ മടിത്തട്ടിൽ നിന്നു ദാരിദ്ര്യത്തിന്റെ അടിത്തട്ടിലെത്തി പ്രശസ്തിയുടെ പരിവേഷങ്ങളില്ലാതെ കഴിഞ്ഞിരുന്ന നടി ജമീല മാലിക് (72) വിടവാങ്ങി. മലയാള സിനിമയിൽ ഒരു കാലത്തു നായികയായും ഉപനായികയുമായി തിളങ്ങിയ ജമീല പൂണെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ ആദ്യ മലയാളി വിദ്യാർത്ഥിനിയായിരുന്നു. എഴുത്തുകാരി, നാടകകൃത്ത്, ഡബ്ബിങ് കലാകാരി എന്നീ നിലകളിലും അറിയപ്പെട്ട ഇവരുടെ സംസ്കാരം സ്വദേശമായ കൊല്ലം ജോനകപ്പുറത്തെ വലിയ പള്ളിയിൽ നടത്തി. അൻസാർ മാലിക് മുഹമ്മദ് ഏക പുത്രനാണ്.



സമ്പത്തും പ്രതാപവും നിറഞ്ഞ വീട്ടിൽ ജനിച്ചു വളർന്ന ജമീലയുടെ അവസാന നാളുകൾ തിരുവനന്തപുരം പാലോടുള്ള മൂന്നു സെന്റിൽ സുമനസ്സുകളുടെ കനിവുകൊണ്ടു ലഭിച്ച ചെറിയ വീട്ടിലായിരുന്നു. 5 ഭാഷകളിലായി അറുപതിലേറെ സിനിമകളിൽ വേഷമിട്ട ജമീലയുടെ ജീവിതം പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിന്റേതായിരുന്നില്ല. മറിച്ച്, വീഴ്ചകളും വേദനകളും നിറഞ്ഞതായിരുന്നു. സേതുവിന്റെ നോവൽ 'പാണ്ഡവപുരം' അതേ പേരിൽ സിനിമയാക്കിയപ്പോൾ നായിക ജമീലയായിരുന്നു. എം.എസ്. സത്യു തകഴിയുടെ 'കയർ' ഹിന്ദിയിൽ ടെലിഫിലിം ആക്കിയപ്പോൾ ജമീലയ്ക്കായിരുന്നു മുഖ്യ വേഷം. ലക്ഷ്മി, അതിശയരാഗം ഉൾപ്പെടെ തമിഴ് സിനിമകളിലും നായികയായി. ഹിന്ദിയിലും ശ്രദ്ധേയ വേഷങ്ങൾ ചെയ്തു. ദൂരദർശന്റെ ആദ്യകാലത്തെ പ്രമുഖ പരമ്പരകളിലെല്ലാം ജമീല അഭിനയിച്ചിട്ടുണ്ട്. ഒട്ടേറെ ഹിന്ദി ചിത്രങ്ങൾക്കു ശബ്ദവും നൽകി. ആകാശവാണിക്കുവേണ്ടി പന്ത്രണ്ടോളം നാടകങ്ങൾ എഴുതി. ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ജയ ബച്ചൻ ഉൾപ്പെടെ പ്രശസ്തർ സഹപാഠികളായിരുന്നെങ്കിലും അത്തരം ബന്ധങ്ങളും ജീവിതത്തിൽ ജമീലയ്ക്കു തുണയായില്ല.




# സർഗ്ഗവേദിയിൽ കവിതകളിലെ മാറ്റങ്ങളിലേക്ക് ഒരെത്തിനോട്ടം

പി.ടി. പൗലോസ്

ആധുനിക കവിതകളുടെ ആത്മാവിലേക്ക് ഇറങ്ങി വിജ്ഞാനപ്രദമായ ഒരു ചർച്ചയ്ക്ക് വേദിയൊരുക്കി ജനുവരിമാസ സർഗ്ഗവേദി. 19ന് ഞായറാഴ്ച ആറു മണി. ന്യൂയോർക്ക് കേരളാ സെന്ററിൽ പ്രശസ്ത കവിയും എഴുത്തുകാരനും സിനിമാ സംവിധായകനും സർഗ്ഗവേദിയുടെ ആത്മബന്ധുവുമായ ജയൻ കെ.സി അദ്ധ്യക്ഷനായി. ഡോ. നന്ദകുമാർ ചാണയിൽ സദസ്സിനെ സ്വാഗതം ചെയ്തു. ജയൻ കെ.സി. തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ കവിതയിലെ ആധുനികത ഇന്നിന്റെ മാത്രം സൃഷ്ടിയല്ല എന്നും 1916 മുതൽ ഗദ്യകവിതയുടെ മുന്നേറ്റവും ലാറ്റിൻ അമേരിക്കൻ കവികളുടെ സ്വാധീനവും കേരളത്തിൽ ഉണ്ടായിട്ടുണ്ട് എന്നു പറഞ്ഞുകൊണ്ട് കവിതയുടെ നാൾവഴിയിലൂടെ ഹ്രസ്വമായ ഒരു സഞ്ചാരം നടത്തി.

തുടർന്ന് സന്തോഷ് പാലാ 'സമകാലിക കവിതകളിലെ നൂതന പ്രവണതകൾ' എന്ന വിഷയം ചർച്ചയ്ക്ക് അവതരിപ്പിച്ചു. മറ്റെല്ലാ ഭാഷകളിലുമെന്നപോലെ മലയാളത്തിന്റെ കാവ്യവഴികളിലും ഓരോ കാലവും ആവശ്യപ്പെടുന്ന മാറ്റങ്ങളുണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ട് സന്തോഷ് തന്റെ പ്രസംഗമാരംഭിച്ചു. ഭക്തിപ്രസ്ഥാനങ്ങളിൽ തുടങ്ങി ആധുനിക കവിത്രയത്തിലെത്തുമ്പോഴേക്കും കവിത സങ്കീർണമായ വഴികളിലൂടെ കടന്നുപോയത് നമുക്ക് കാണാൻ കഴിയും. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും മൂലൂർ പത്മനാഭപ്പണിക്കരും തമ്മിലുണ്ടായിരുന്ന കാവ്യശണ്ഠ സവർണ്ണ/അവർണ്ണ കവി(ത)കളുടേതു കൂടിയായിരുന്നു. സവർണ്ണ മേധാവിത്വമുള്ള കവിതക്കളരിയിൽ കുമാരനാശാനും ശ്രീനാരായണഗുരുവും മൂലൂരും അടക്കമുള്ളവർ കവിതകളെഴുതി. മലയാള സാഹിത്യത്തിലെ ശ്രദ്ധേയമായ കൃതികൾ അവരിൽനിന്നു പിറന്നുവീണു. ആധുനിക കവിത്രയത്തിനുശേഷം പി. ചങ്ങമ്പുഴ, ഇടപ്പള്ളി തുടങ്ങിയവരുടെ കാല്പനിക കാലമായിരുന്നു. കവിതയുടെ വസന്തകാലമറിയിച്ചുകൊണ്ട് പിന്നാലെ ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി, ഇടശ്ശേരി തുടങ്ങിയവർ ജീവിതഗന്ധിയായ കവിതകളെഴുതി. വൈലോപ്പിള്ളിയുടെ 1945-ൽ പുറത്തിറങ്ങിയ കന്നിക്കൊയ്ത് എന്ന കവിതാസമാഹാരത്തിലെ സഹ്യന്റെ മകൻ, കാക്ക തുടങ്ങിയ കവിതകൾ മലയാള കവിത അന്നുവരെ കാണാത്ത പുതിയ ദർശനങ്ങൾ പങ്കുവെക്കുന്നവയാണ്. ജീവിതത്തിന്റെ കടലാണ് കവിതയ്ക്ക് മഷിപ്പാത്രമെന്നതിന് അടിവരയിടുന്നതാണ് കുടിയൊഴിക്കൽ എന്ന കവിത. ഇടശ്ശേരിയും വ്യത്യസ്തനായിരുന്നില്ല. പാലാ നാരായണൻ നായർ, ബാലാമണിയമ്മ, അക്കിത്തം, എം. ഗോവിന്ദൻ, മേരി ജോൺ കൂത്താട്ടുകുളം, ജി. കുമാരപിള്ള, ആർ. രാമചന്ദ്രൻ, ഒളപ്പമണ്ണ, കക്കാട് തുടങ്ങിയ കവികളിലൂടെ മലയാള കവിത മുന്നോട്ടുപോയി. പി. ഭാസ്കരൻ, വയലാർ, ഒഎൻവി, പുതുശ്ശേരി രാമചന്ദ്രൻ, സുഗതകുമാരി, വിഷ്ണു നാരായണൻ നമ്പൂതിരി തുടങ്ങിയവരുടെ കാലമായിരുന്നു പിന്നീട്. അയ്യപ്പപ്പണിക്കർ, ചെറിയാൻ കെ. ചെറിയാൻ, ആറ്റൂർ കെ.ജി. ശങ്കരപ്പിള്ള തുടങ്ങിയവർ ആധുനിക കവിതയുടെ തുടക്കക്കാരാണ്. അതിന്റെ തുടർച്ചയെന്നവണ്ണം ബാലചന്ദ്രൻ ചുള്ളിക്കാട്, കടമ്മനിട്ട, വിനയചന്ദ്രൻ, അയ്യപ്പൻ, കുരീപ്പുഴ തുടങ്ങിയവരിലൂടെ അത് ശക്തിപ്രാപിച്ചു.



ആധുനിക കവിതകളിൽ കവി, കവിത, വായനക്കാരൻ എന്ന ക്രമത്തിനു പകരം കവി, കവിത, അരങ്ങ്, വായനക്കാരൻ എന്ന ക്രമം വരുന്നു എന്ന് ഒരു പഠനം പറയുന്നു. എന്നാൽ, ഇത് അയ്യപ്പപ്പണിക്കരുടെയും സച്ചിദാനന്ദന്റെയും കെ.ജി. ശങ്കരപിള്ളയുടെയും കാര്യത്തിൽ അത്രയൊന്നും ശരിയുമല്ല. ഈ കാലഘട്ടത്തിൽ തന്നെ വ്യത്യസ്ത വഴികളിലൂടെ കമലാദാസ്, വിജയലക്ഷ്മി, റോസ്മേരി തുടങ്ങിയവർ അവരുടെ സാന്നിദ്ധ്യമുറപ്പിച്ചിരുന്നു.

1990-ന്റെ ആരംഭത്തിലായിരുന്നു പുതുകവിതകളുടെ പിറവി. പുതുകവിതകൾ താരകമ്യേന ചെറുതാണ്. അതിന്റെ പ്രത്യേകത തെളിഞ്ഞ ഗദ്യഭാഷയാണ്. വൃത്തം കവിതയിൽനിന്നും പുറത്താകുന്നു. സാങ്കേതിക പദങ്ങൾ/ഇംഗ്ലീഷ്/മലയാളം കലർന്ന ഭാഷ കൂടുതലാകുന്നു. ദളിത്, ആദിവാസികൾ, സ്ത്രീകൾ, കുട്ടികൾ, ലൈംഗികന്യൂനപക്ഷങ്ങൾ തുടങ്ങിയവരിൽ നിന്നൊക്കെ വൈവിദ്ധ്യമായ വിഷയങ്ങളിൽ കവിതകൾ ഉണ്ടാകുന്നു.

എഡിറ്ററില്ലാത്ത കാലത്ത് കവിതകളുടെ നിലവാരം കുറയുന്നു എന്ന വിമർശനം ഗൗരവമായി പരിഗണിക്കുമ്പോൾ തന്നെ കവിതകൾ എവിടെയും പ്രസിദ്ധീകരിക്കുവാനുള്ള സ്വാതന്ത്ര്യം വലിയ മുന്നേറ്റമാണുണ്ടാക്കുന്നത്. ഇൻസ്റ്റലേഷൻ, ഗ്രാഫിക്കൽ പോയട്രി എന്നിങ്ങനെ പല രീതിയിലും കവിതയും പുതുമ തേടുകയാണ് എന്ന് സന്തോഷ് പറഞ്ഞുനിർത്തി.

തുടർന്ന് സംസാരിച്ച അലക്സ് എസ്തപ്പാൻ പറഞ്ഞത് സമൂഹത്തിലെ സംഘർഷാവസ്ഥയെ അനുനയിപ്പിക്കേണ്ട രീതിയിൽ ആയിരിക്കണം കവിതകൾ എന്നാണ്. ജോസ് ചെരിപുറത്തിന്റെ അഭിപ്രായത്തിൽ ആധുനിക കവിതയാണെങ്കിലും പുതുകവിതയാണെങ്കിലും അതിൽ ഒരു സന്ദേശവും വായനാസുഖവും ഉണ്ടായിരിക്കണം എന്നായിരുന്നു. മാമ്മൻ സി. മാത്യു തന്റെ ഹ്രസ്വമായ പ്രസംഗത്തിൽ പറഞ്ഞത് വാഴക്കുലയും രമണനും ഒക്കെ ഇപ്പോഴും മനസ്സിൽ ഉടക്കിക്കിടക്കുന്നുണ്ടെങ്കിലും ഒരു പുതിയ ആസ്വാദകസമൂഹത്തെ ആധുനിക കവിത സൃഷ്ടിച്ചു. അനീതിക്കെതിരെ പ്രതികരിക്കാനുള്ള ഒരു വേദികൂടി ആയിരിക്കണം കവിത. ജയൻ കെ.സിയുടെ സിനിമാ ഷോട്ടുകളിൽ ആധുനിക കവിതയുണ്ട് എന്നുകൂടി മാമ്മൻ കൂട്ടിച്ചേർത്തു.

രാജു തോമസ്, ജേക്കബ്, ഡോ. തെരേസ ആന്റണി എന്നിവർ ആധുനിക കവിത ആസ്വാദകസമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങളെക്കുറിച്ച് വിലയിരുത്തി. തുടർന്ന് ട്രാൻസ്ജണ്ടർ കവി വിജയരാജമല്ലികയുടെ കവിതകൾ വായിച്ചുകൊണ്ട് ജയൻ കെ.സി. പുതുകവിതകൾ ലൈംഗിക ന്യൂനപക്ഷങ്ങൾക്കും ഇടം നല്കുന്നുണ്ട് എന്ന് ചൂണ്ടിക്കാട്ടി. സന്തോഷ് പാലാ, പി.പി. രാമചന്ദ്രന്റെ 'ലളിതം' എന്ന കവിതയും പ്രതീക്ഷ സന്തോഷ് ഒരു ഇംഗ്ലീഷ് കവിതയും ആലപിച്ചു. അമ്മു നന്ദകുമാറിന്റെ സ്വരമാധുരിയിൽ ഒരു മലയാളഗാനാലാപനവും നടന്നു. പി.ടി. പൗലോസ് അദ്ധ്യക്ഷനും പ്രബന്ധാവതാരകനും സദസ്സിനും നന്ദി പറഞ്ഞതോടെ സർഗ്ഗവേദിയുടെ ഒരദ്ധ്യായം കൂടി പൂർണ്ണമായി.

# ഇടവക സന്ദർശിച്ചു

രാജൻ വാഴപ്പള്ളിൽ

വാഷിങ്ടൺ ഡിസി: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ടീം ഫിലാഡൽഫിയ ഡ്രെക്സിൽഹിൽ സെ. ജോൺസ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. ജനുവരി 12ന് വിശുദ്ധ കുർബാനയ്ക്കു ശേഷം നടന്ന യോഗത്തിൽ വികാരി ഫാ. കുര്യാക്കോസ് വർഗീസ് അദ്ധ്യക്ഷനായിരുന്നു. വികാരി കോൺഫറൻസ് അംഗങ്ങളെ ഇടവകയ്ക്ക് പരിചയപ്പെടുത്തുകയും കോൺഫറൻസിന് എല്ലാസഹായങ്ങളും നല്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

കോൺഫറൻസ് ട്രഷറർ എബി കുര്യാക്കോസ് ഏവരെയും കോൺഫറൻസിലേക്ക് ക്ഷണിക്കുകയും രജിസ്ട്രേഷനെക്കുറിച്ചും കോൺഫറൻസിനെക്കുറിച്ചും വിവരങ്ങൾ നല്കി. കമ്മിറ്റി അംഗം സണ്ണി വർഗീസ് സ്പോൺസർഷിപ്പിനെക്കുറിച്ചും സുവനീറിൽ നല്കാവുന്ന പരസ്യങ്ങളെക്കുറിച്ചും സംസാരിച്ചു. മുൻകോൺഫറൻസുകളിൽ പങ്കെടുത്ത അനുഭവം ടിജോ ജോസഫ് വിവരിച്ചു.

ഇടവക സെക്രട്ടറി ടോമി ചാക്കോ, ഇടവക ട്രസ്റ്റിയും ഭദ്രാസന അംഗവുമായ അലക്സാണ്ടർ ജോയ് മണപ്പള്ളിൽ, മലങ്കര അസോസിയേഷൻ അംഗം ഏബ്രഹാം തോമസ്, നൈനാൻ പൂവത്തൂർ എന്നിവർ നല്കിയ സഹായങ്ങൾക്കും ഇടവക വികാരിയോടും അംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും കമ്മിറ്റി അറിയിച്ചു.



# തരൺജിത് സിങ് സന്ധു യുഎസിൽ ഇന്ത്യൻ അംബാസഡർ



ന്യൂഡൽഹി: തരൺജിത് സിങ് സന്ധുവിനെ യുഎസിലെ ഇന്ത്യൻ അംബാസഡറായി നിയമിച്ചു. ഹർഷ് വർധൻ ശൃംഗ്ലയ്ക്ക് പകരമാണ് നിയമനം. ശൃംഗ്ല വിദേശകാര്യ സെക്രട്ടറിയായി ചുമതലയേറ്റു. ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായി പ്രവർത്തിച്ചു വരികയായിരുന്നു 1988 ബാച്ച് ഐഎഫ്എസുകാരനായ സന്ധു. നേരത്തെ വാഷിങ്ടൺ ഡിസിയിലെ ഇന്ത്യൻ എംബസി ചീഫ് ഓഫ് മിഷനായി പ്രവർത്തിച്ചിട്ടുണ്ട്. ഫ്രാങ്ക്ഫർട്ടിൽ കോൺസൽ ജനറലായും വിദേശകാര്യമന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറിയായും ജോലി നോക്കി.

# ഐഎൻഒസി കേരള മിഷിഗൺ ചാപ്റ്റർ



ഡിട്രോയിറ്റ്: അമേരിക്കയിലെ കോൺഗ്രസ് പ്രവർത്തകരെ ഒരു മനസ്സോടെ ഒരു കുടക്കീഴിൽ നിലനിർത്തുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഐഎൻഒസി കേരളയുടെ മിഷിഗൺ ചാപ്റ്റർ വി.ടി. ബലറാം എംഎൽഎ ഉദ്ഘാടനം ചെയ്തു. ഇതിനോടു ചേർന്ന് ഇന്ത്യയുടെ 71-ാമത് റിപ്പബ്ലിക്ദിനാഘോഷങ്ങളും നടന്നു. ഐഎൻഒസി നാഷണൽ ചെയർമാൻ കളത്തിൽ വർഗീസ്, നാഷണൽ പ്രസിഡണ്ട് ജോബി ജോർജ് എന്നിവർ മിഷിഗൺ ചാപ്റ്ററിന്റെ ഭാരവാഹികളെ പ്രഖ്യാപിച്ചു. ഡോ. മാത്യു വർഗീസ് (പ്രസിഡണ്ട്), അബ്ദുൾ പുന്നയൂർക്കുളം, ഡോ. വി.സി. കോശി (വൈസ് പ്രസിഡണ്ടുമാർ), അലൻ ജി. ജോൺ (സെക്രട്ടറി), അജയ് അലക്സ് (ജോ. സെക്രട്ടറി), സൈജൻ കണിയോടിക്കൽ (ട്രഷറർ), പ്രിൻസ് ഏബ്രഹാം (ജോ. ട്രഷറർ) എന്നിവർ ഭാരവാഹികളായി ചുമതലയേറ്റു. തോമസ് ജോർജ്, സാജി കോശി, ലാൽ തോമസ് (കാപ്പിലാൻ), സജു ഫിലിപ്പ്, ജോജി വർഗീസ്, ജോൺസ് ലെസ്ലി തോമസ്, ബോബി തോമസ്, ഷിബു ഫിലിപ്പ്, ഈപ്പൻ ചെറിയാൻ, ഫിലിപ്പ് ജോൺ, ഗൗതം ത്യാഗരാജൻ, കെ.സി. ചാക്കോ എന്നിവർ കമ്മിറ്റി അംഗങ്ങളായും പ്രവർത്തിക്കും. ഐഎൻഒസിയുടെ പ്രവർത്തനങ്ങളിൽ ഏവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് ചുമതലക്കാർ അഭ്യർത്ഥിച്ചു.

# വെസ്റ്റ് ചെസ്റ്റർ മലയാളി അസോസിയേഷന് നവനേതൃത്വം

വെസ്റ്റ്ചെസ്റ്റർ: വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷൻ നാൽപത്തിയഞ്ചുവർഷം പിന്നിടുകയാണ്. അതൊരു ചരിത്രം തന്നെയാണ്. പ്രത്യേകിച്ച് ജനിച്ച നാടും വീടും വിട്ട് മറ്റൊരു ഭൂമിയിലാകുമ്പോൾ ആ ചരിത്രമുഹൂർത്തത്തിന് പത്തര മാറ്റ് ഭംഗികൂടും. ഈ സംഘടനയുടെ ഭാഗമാകുക മാത്രമല്ല അതിന്റെ ചരിത്ര നിയോഗത്തിനൊപ്പം പങ്കാളിയാകുവാൻ സാധിച്ചു എന്ന സന്തോഷത്തോടെ നാല്പത്തിയാറാമത് ജനറൽ ബോഡി അതിന്റെ 2020 ഭാരവാഹികളെ എതിരില്ലാതെ തെരഞ്ഞെടുത്തു.

പ്രസിഡണ്ടായി ഗണേഷ് നായർ, വൈസ് പ്രസിഡണ്ട്: കെ.ജി. ജനാർദ്ദനൻ, സെക്രട്ടറിയായി ടെറൻസൺ തോമസ്, ട്രഷറർ: രാജൻ ടി. ജേക്കബ്, ജോ. സെക്രട്ടറി: ഷാജൻ ജോർജ് എന്നിവരെ തെരഞ്ഞെടുത്തു. കമ്മിറ്റി അംഗങ്ങൾ: കൊച്ചുമ്മൻ ടി. ജേക്കബ്, തോമസ് കോശി, ശ്രീകുമാർ ഉണ്ണിത്താൻ, ജോൺ സി. വർഗീസ്, ഫിലിപ്പ് ജോർജ്, ആന്റോ വർക്കി, ജോൺ തോമസ്, ഇട്ടൂപ്പ് ദേവസ്യ, ലിജോ ജോൺ, ബിപിൻ ദിവാകരൻ, ഷോളി കുമ്പിളുവേലിൽ, സുരേന്ദ്രൻ നായർ, നിരീഷ് ഉമ്മൻ, പ്രിൻസ് തോമസ്, കെ.കെ. ജോൺസൻ, ജോയ് ഇട്ടൻ (എക്സ്. ഓഫീ.)

ട്രസ്റ്റി ബോർഡിലേക്ക് പുതുതായി കെ.ജെ. ഗ്രിഗറിയെ തെരഞ്ഞെടുത്തു. നിലവിലുള്ള ട്രസ്റ്റി ബോർഡ് അംഗങ്ങൾ: ചാക്കോ പി. ജോർജ് (അനി). എം.വി. കുര്യൻ, ജോൺ മാത്യു (ബോബി), രാജ് തോമസ് എന്നിവരാണ്. ഓഡിറ്റേഴ്സായി ലീന ആലപ്പാട്ട്, മാത്യു ജോസഫ്, മെൻസ് ഫോറം ചെയർ ആയി രാധാ മേനോനെയും തെരഞ്ഞെടുത്തു. ചാക്കോ പി. ജോർജാണ് പുതിയ ട്രസ്റ്റി ബോർഡ് ചെയർ.



പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ഗണേഷ് നായർ കേരളത്തിലെ വിദ്യാർത്ഥിരാഷ്ട്രീയത്തിലൂടെ പ്രവർത്തനം ആരംഭിച്ചു. അമേരിക്കയിൽ എത്തിയശേഷം അമേരിക്കയുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വ്യക്തിയാണ്. വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ മുൻ സെക്രട്ടറി, ട്രഷറർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം അമേരിക്കയിൽ അറിയപ്പെടുന്ന സിനിമാ സംവിധായകനും എഴുത്തുകാരനുമാണ്. അവർക്കൊപ്പം എന്ന മൂവിയും വളരെയധികം ഷോർട്ട് ഫിലിമുകളും സംവിധാനം ചെയ്തിട്ടുണ്ട്.

വൈസ് പ്രസിഡണ്ട് കെ.ജി. ജനാർദ്ദനൻ വെസ്റ്റ്ചെസ്റ്റർ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡണ്ടായിരുന്നു. ഇൻഷുറൻസ് മേഖലയിൽ സജീവമായ അദ്ദേഹം അമേരിക്കയിൽ അറിയപ്പെടുന്ന വ്യക്തിത്വമാണ്. സെക്രട്ടറി ടെറൻസൺ തോമസ് ചെസ്റ്റർ മലയാളി അസോസിയേഷന്റെ രണ്ടുവട്ടം പ്രസിഡണ്ടും അസോസിയേഷന്റെ എല്ലാ സ്ഥാനങ്ങളും വഹിച്ചിട്ടുള്ളയാളും ഫൊക്കാനയുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. ട്രഷറർ രാജൻ ടി. ജേക്കബ് വെസ്റ്റർചെസ്റ്റർ മലയാളി അസോസിയേഷന്റെ മുൻ ട്രസ്റ്റി ബോർഡ് ചെയർമാനും മുമ്പ് അസോസിയേഷന്റെ ട്രഷറർ സ്ഥാനം വഹിച്ചിട്ടുള്ള വ്യക്തിയുമാണ്. ജോ. സെക്രട്ടറി ഷാജൻ ജോർജ് ന്യൂയോർക്കിൽ ഏറെ അറിയപ്പെടുന്ന വ്യക്തിയാണ്. മലയാളി അസോസിയേഷന്റെ വളരെക്കാലമായി പല സ്ഥാനങ്ങളും വഹിച്ചിട്ടുള്ള അദ്ദേഹം നല്ലൊരു ഫോട്ടോഗ്രാഫർ കൂടിയാണ്. പുതിയ ട്രസ്റ്റി ബോർഡ് ചെയർമാനായ ചാക്കോ പി. ജോർജ് വളരെക്കാലമായി അസോസിയേഷന്റെ കമ്മിറ്റി മെംബറായി സേവനമനുഷ്ഠിക്കുന്നു. അമേരിക്കയിൽ ടൂർസ് ആൻഡ് ട്രാവൽസ് നടത്തുന്ന ആദ്യകാലം മുതലുള്ള വ്യക്തിയാണ്.

രണ്ടായിരത്തിലധികം അംഗങ്ങളുള്ള അമേരിക്കയിലെ ഏറ്റവും പ്രബലമായ സംഘടനയാണ് വെസ്റ്റർ ചെസ്റ്റർ മലയാളി അസോസിയേഷൻ. ഒരു വ്യക്തിയല്ല മറിച്ച് സമൂഹമായിത്തന്നെയാണ് അസോസിയേഷന്റെ എക്കാലത്തെയും പ്രവർത്തനങ്ങൾ.

അതുകൊണ്ടുതന്നെ ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് വലിയ ഉത്തരവാദിത്വമാണുള്ളതെന്ന് ഇലക്ഷൻ കമ്മീഷണറായിരുന്ന ചാക്കോ പി. ജോർജ്, എം.വി. കുര്യൻ, ജോൺ മാത്യു, രാജ് തോമസ് എന്നിവർ അഭിപ്രായപ്പെട്ടു. പുതിയ ഭാരവാഹികളെ എല്ലാവരും അഭിനന്ദിച്ചു.

## ഇലക്ഷൻ കമ്മീഷണർമാരെ നിയമിച്ചു

ഡാളസ്:2020-22 വർഷത്തേക്കുള്ള ഫോമാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സുഗമമാക്കുന്നതിനു വേണ്ടി ഇലക്ഷൻ കമ്മീഷണർമാരെ നിയോഗിച്ചു. ജോർജ് മാത്യു ചീഫ് ഇലക്ഷൻ കമ്മീഷണർ സണ്ണി പൗലോസ്, സ്റ്റാൻലി കളരിക്കാമുറി എന്നിവരെ കമ്മീഷണറായും തെരഞ്ഞെടുത്തു. ജൂലൈ 6 മുതൽ10 വരെ നടക്കുന്ന ഫോമാ അന്തർദ്ദേശീയ ക്രൂസ് കൺവൻഷനിൽ വെച്ചാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. എല്ലാ പ്രധാന സ്ഥാനങ്ങളിലേക്ക് മത്സരമുണ്ട്. അവസാന റൗണ്ടിൽ ആരൊക്കെ പിന്മാറുമെന്ന് ഇപ്പോൾ പ്രവചന സാദ്ധ്യമല്ല. പക്ഷേ, ഫോമായിൽ മത്സരം സൗഹാർദ്ദപരമാണ്. മത്സരം കഴിഞ്ഞാൽ എല്ലാവരും ഒറ്റക്കെട്ടായി സംഘടനയുടെ പുരോഗതിക്കായി നിലകൊള്ളുന്നു.

ചീഫ് ഇലക്ഷൻ കമ്മീഷണറായി തെരഞ്ഞെടുക്കപ്പെട്ട ജോർജ് മാത്യു ഫോമായുടെ മുൻ പ്രസിഡണ്ടാണ്. ഫോമായുടെ സ്ഥാപകനേതാക്കളിൽ പ്രമുഖനായ ജോർജ് മാത്യു ഫോമായുടെ പ്രഥമ ഇലക്ഷൻ കമ്മീഷണറായി പ്രവർത്തിച്ച പിൻബലത്തിലാണ് ഇപ്പോൾ ചീഫ് ഇലക്ഷൻ കമ്മീഷണറായി നിയമിതനായത്. കലാ ഫിലാഡൽഫിയായുടെ പ്രസിഡണ്ടായി നിരവധി തവണ പ്രവർത്തിച്ചിട്ടുള്ള ജോർജ് മാത്യു സാമൂഹിക സാംസ്കാരിക രംഗത്ത് വളരെ സജീവമാണ്. അമേരിക്കൻ മലയാളികളുടെ സാമൂഹിക, സാംസ്കാരിക മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മികച്ച ഒരു സംഘാടകൻ കൂടിയാണ് ഇലക്ഷൻ കമ്മീഷണറായി തെരഞ്ഞെടുക്കപ്പെട്ട സണ്ണി പൗലോസ്. ഹഡ്സൺവാലി മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ട്, സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള സണ്ണി പൗലോസ് ഫോമായുടെ മുമ്പ് നടന്നിട്ടുള്ള ക്രൂസ് കൺവൻഷൻ ചെയർമാൻ എന്ന നിലയിൽ തന്റെ കഴിവുകൾ പ്രകടമാക്കിയിട്ടുണ്ട്. ജനനി മാസികയുടെ മാനേജിംഗ് എഡിറ്ററായ സണ്ണി പൗലോസ് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ ട്രഷറർ, ന്യൂയോർക്ക് ചാപ്റ്റർ സെക്രട്ടറി എന്നീ നിലകളിലും മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. ചിക്കാഗോ മലയാളി അസോസിയേഷനിലെ 20 വർഷത്തെ പ്രവർത്തന മികവിലാണ് സ്റ്റാൻലി കളരിക്കമുറി ഫോമായുടെ ഇലക്ഷൻ കമ്മീഷണറായി വീണ്ടുമെത്തുന്നത്.



ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ടും സെക്രട്ടറിയും ബോർഡ് മെംബറായും നേതൃത്വപാടവവും സംഘടനാ പ്രവർത്തനശേഷിയും പ്രകടിപ്പിച്ചിട്ടുള്ള സ്റ്റാൻലി ഫോമായുടെ വൈസ് പ്രസിഡണ്ടായും പ്രവർത്തിച്ചിട്ടുണ്ട്. മയാമി കൺവൻഷനിൽ ഇലക്ഷൻ കമ്മീഷണറായി പ്രവർത്തിച്ച മികച്ച പശ്ചാത്തലമുള്ള ആളാണ് സ്റ്റാൻലി. ഫോമായുടെ 2020-22 വർഷത്തേക്കുള്ള ഭാരവാഹികളായി മത്സരിക്കുന്ന എല്ലാവർക്കും ഫോമാ പ്രസിഡണ്ട് ഫിലിപ്പ് ചാമത്തിൽ, ജനറൽ സെക്രട്ടറി ജോസ് ഏബ്രഹാം, ട്രഷറർ ഷിനു ജോസഫ്, വൈസ് പ്രസിഡണ്ട് വിൻസന്റ് ബോസ് മാത്യു, ജോ. സെക്രട്ടറി സജു ജോസഫ്, ജോ. ട്രഷറർ ജെയിൻ കണ്ണച്ചാൻപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു. വളരെ സൗഹാർദ്ദപരമായി ഇലക്ഷൻ നടത്താൻ കമ്മീഷണർമാർക്കു കഴിയട്ടെയെന്നം അവർ ആശംസിച്ചു.

# പ്രത്യേക അറിയിപ്പ്

## വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

## ഫോട്ടോ അയക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

## എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപസമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.


Achieve Real Estate Group, Inc.

**Achieve all your real estate needs with us**

"Satisfied customers are our primary Goal"

"We are hiring brokers"

**Please contact Sabu Achettu for more information**

Achieve Brokers

**Alexander Mathew** 847 650 0110 (alexmathewchicago@gmail.com)

**Arkadiusz Jamula** 773 671 5555 (aj.jamula@gmail.com)

**Benny Joseph (Puthukulam)** 847 612 4319 (bennyrealtor@comcast.net)

**Biju Jacob** 847 840 5532 (bijubjacob@gmail.com)

**Eby George** 1 773 671 3911 (Ebychengannur@yahoo.com)

**George (Babu) Mathew** 847-602-9326 (georgelrealtor@gmail.com)

**George Panicker** 847 401 7771 (realtorpanicker@gmail.com)

**James P Kannookadan** 847 910 7866 (jimkannoox@hotmail.com)

**Jinson Vachachira** 618-203-9142 (VachaRealtor@gmail.com)

**John Lyndon Gatus** 224 258 8235 (realtoryjohn1992@gmail.com)

**John (Anish) Plamoottil** 563-505-7377 (jplamoottil.realtor@gmail.com)

**John (Thengumoottil) Mathew** 847 309 2826 (realtorjthengum@gmail.com)

**Luka Chirayil** 630 290 1524 (lchirayil22@yahoo.com)

**Luke Chirayil (Kochumon)** Cell 630 808 2125 (lchirayil@gmail.com)

**Mariamma Thomas** 847 452 8125 (mariammatho@gmail.com)

**Mohan Sebastian** 847 331 1123 (realtormohan@yahoo.com)

**Prince Eapen** 224 659 0336 (eapenrealtor@gmail.com)

**Renchi Varghese** 847 845 7361 (renchirealtor@yahoo.com)

**Roy John** 708 833 2769 (royjohnreb@yahoo.com)

**Sabu Achettu** (Managing Broker) 847 687 5100 (saburealtor@sbcglobal.net)

**Sabu Philip Madathiparambil** 847 276 7354 (sabuaphilip@hotmail.com)

**Shawn S Achettu** 847-529-7962 (realtorachettu@gmail.com)

**Sheljo Abraham** 331-202-6087 cell (realtorsheljo@gmail.com)

**Soy Mathew** 847 769 1805 (soymathew@sbcglobal.net)

**Tino Tomy** 847-651-2923.(realtortino@gmail.com)

**Thomas (Karikulam) Kuruvilla** 847 219 6050 thomasrealtor557@gmail.com

**Tomy Plathottathil Mathew** 773-349-7154 (tomyrealtor1229@gmail.com)

**"For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group"**

**834 E Rand RD Suite 6, Mount Prospect, IL 60056**
**Real Estate for diversified Investors and Promise for future generations.**

KERALA EXPRESS പ്രവാസി താളുകൾ

# BUILDING GODLY CHARACTER

**Some people are like wheels …. they don't work unless they are pushed**

**Some people are like trailers …. they have to be pulled!**

**Some people are like kites …. always up in the air, and if you don't keep a string on them, they fly away!!**

**Some people are like canoes …. they have to be paddled**

**Some people are like footballs…. you never know which way they are going to bounce next!**

**Some people are like balloons …. always puffed up, you never know when they are going to blow up!**

**Some people are like flat tires…. they have to be jacked up!**

**Some people are like good watches…. pure gold, open faced, always on time, dependable, quietly busy and just full of good works!** (Illustrations Unlimited)

Build godly character by remaining faithful to what is right in spite of being pulled in the opposite direction. The dictionary defines character as "moral excellence and firmness." The highest standard of character is set forth in Scripture and exemplified in Jesus Christ. All who are serious about following Christ are exhorted to attain moral excellence through a life of trusting God and resisting the evil influences that surround us and arise from within us.

The biblical account of Joseph is a classic example of strong character. Joseph was sold into slavery by his brothers. Yet he was peaceful towards them when, years later, they came to Egypt to buy food—not knowing that Pharaoh had given their brother Joseph rule over all of Egypt.

Joseph said to them, "But now, do not therefore be grieved or angry with yourselves because you sold me here, for God sent me before you to preserve life. For these two years the famine has been in the land, and there are still five years in which there will be neither plowing nor harvesting. And God sent me before you to preserve a posterity for you in the earth, and to save your lives by a great deliverance" (Genesis 45:5–7).

And he was faithful. Joseph had experienced many trials. He was sold as a slave by his own brothers, and later his master's wife falsely accused him of attempting to violate her. He was even sent to prison in Egypt. But he had strong character. How did he respond when his master's wife tried to tempt him into committing adultery? "And it came to pass that after these things, that his master's wife cast longing eyes on Joseph, and she said, 'Lie with me.' But he refused and said to his master's wife, 'Look, my master does not know what is with me in this house, and he has committed all that he has to my hand. There is no one greater in this house than I, nor has he kept back anything from me but you, because you are his wife. How then can I do this great wickedness, and sin against God?'" (Genesis 39:7–9).

All of us experience trials and tests as we learn the lessons of life. We must resist the temptations to do things we know we should not. We live by the assurance that God will give us the strength to endure whatever trials we face in this life. But when we compromise we tear down that character. Every time we give in, we find it that much harder to resist giving in the next time we face temptation.

But such character is not built overnight; it is developed through a process involving experience,

**Shirley Chacko**

hard work, and learning from past mistakes. The apostle Paul had this kind of character in mind when he admonished Timothy to "exercise yourself toward godliness" (1Timothy 4:7). Paul knew that Godly character comes only through resisting evil influences, impulses and focusing on the Kingdom of God and His righteousness.

Building Godly character is not about "earning" salvation



Shirley Chacko

through works. We know that salvation is a free gift. However, we also know that a person can lose his salvation by what he does or does not do! That's where character building comes in. When we speak of "building Godly character," we are speaking of the process of growing closer to God, relying on Him to strengthen us to resist and avoid those things that would cause us to stumble.

We need to be sure that what we do is out of faith and confidence, that it is right and acceptable to God or not do it at all. We need to be sure our motives are right and our conscience remains clear in everything we do. For this reason it is vital that we properly educate our conscience so that it is in alignment with God's Word, the Bible. We must study God's Word in depth and understand it entirely.

As Christians, we must always humbly remind ourselves that we have sinned and we are sinners. We must also remind ourselves of our past sins, just as Paul occasionally reminded brethren of their past sins. Just because one person's sin was exposed and another's person's sin is swept under the rug in a very clever manner, doesn't give anyone the license to look down on the person who has repented openly. The person whose sin is cleverly swept up under the rug has an "I am holier than you" attitude, which is clearly wrong in God's sight.

Why then should we desire to live a godly life? If we truly love someone, we will desire to please them. A godly lifestyle honors God. We want Him to be glorified in our lives. If we desire to live a godly life in order to please God, because we love Him, then we are on the right track. Blessings come from obedience. And God is a rewarder of those who obey Him.

Some practical ways to building a godly character are - A consistent devotional life. This first one should be obvious. A consistent devotional life is an absolute key to Christ like character. Not many things are automatic in Christianity, but here is one. A great amount of Christ like character can be transferred into our life by simply keeping a consistent devotional life. We are "transformed" by the renewing of our minds. It just makes sense that we become like those whom we hang around most. They "rub off" on us. The more we "hang around" with Jesus, the more we will become like Him.

Next is making the right choices, again and again, builds godly character into our lives. God has given us a will and the ability to choose right and wrong. Our habits become a lifestyle. And our lifestyle becomes who we are. We need to bring our thoughts, our mind, our will, and emotions under the influence of the Holy Spirit living inside of us. This is also where "praying without ceasing" comes into play. That doesn't mean that we stay on your knees all day long. What it does mean, is that all throughout the day our hearts are communing with Him, we are talking with Him and worshipping Him. Then we find it easier to make the right choices.

Thirdly, all of us need godly mentors in our lives. The Bible says in Proverbs 13:20 – "He who walks with wise men will be wise, but the companion of fools will suffer harm." Again, I don't think we realize how much our friends influence us. It's more than we realize. If we want to live a godly life, we need to find godly mentors and godly examples. I am truly grateful for several godly mentors in my own life.

We see that Jesus mentored 12 disciples. He spent 3 ½ years, twenty four hours, seven days a week with them. And imparted to them both godly character and supernatural power. Paul mentored Timothy. Elijah mentored Elisha. Moses mentored Joshua and the list is endless.

It is the will of God for us to live godly in Christ Jesus. If we truly love God, we will want to honor Him. We will want to represent Him well. A godly lifestyle brings glory and honor to Him. James urges us to "lay aside all filthiness and overflow of wickedness, and receive with meekness the implanted word, which is able to save your souls. Let's us all fight what is evil, be like Christ and build a Godly character.

**Plato once said," When people speak ill of you, so live that nobody will believe them".**

# TRAGIC DEATH OF KOBE & GIANNA

Kobe Bean Bryant born on August 23, 1978 was an American professional basketball player, a legend, hero to millions of basketball and sports fans around the world. A five time NBA champion, played his entire career with Los Angeles Lakers for twenty seasons, an amazing God given talent, captured the attention and respect of millions of fans around the globe by display of his dazzling performance with a basketball, was killed in a helicopter crash.

Kobe with his thirteen year old daughter Gianna and seven others were travelling to his daughters basketball game was only forty one (41) when killed in this horrible and heartbreaking crash that took the life of all nine in the helicopter. The chopper went down in Calabaza, about thirty miles northwest of downtown, California.

Bryant, a quiet force of nature on the court who gave himself the nickname Black Mamba, retired in 2016 with five NBA championship rings and a long list of NBA awards and achievements. He was among the world's best known athletes, a star on the order of Tiger Woods and Michael Jordan swarmed by fans whether he was in China, Japan or United States. He was an incredible athlete and leader in many ways and



a star who inspired a generation of young athletes, motivated millions around the world to become great basketball players and a hero to many everywhere.


**Joseph Kurian, Houston**

"Everythingnegative, pressure, challenges are all an opportunity for me to rise". I will do whatever it take to win games, whether it is sitting on a bench waving a towel to encourage team, handing a cup of water to a team mate or hitting the game winning shot" quotes form Kobe.

Kobe was a giant and a global sports icon. Many NBA players, who are mentally tough, physically strong and tall, financially milliners,never probably cried in their life cried after hearing the tragic death of their hero. Most of them taking time to evaluate how short life can be and evaluating their own life. Kobe was not only a great player, but a great husband and father to his four daughters.

God has a plan for each one of us and He only knows how long we live in this world. The Bible says "Show me Lord my life's end and the number of my days, let me know, how fleeting my life is" Psalms 39:4. Life is short but precious. But it does not matter how long we live, but it does matter, how well we live. When we hear this kind of tragedy, shattered hopes and dreams of the famous and the rich, we must learn the good lesson to live well pleasing our heavenly father, our time that God allows us in this world. Death is horrible, heartbreaking and unbearable, but those who believe in Christ, there is hope.


There is hope for those who live according to the word and will of God, the great hope and promise from Jesus Christ, who died for our sins on the cross, and the




Joseph Kurian, Houston

one who defeated death and coming back to take those who are saved and accepted Him as their personal savior. Jesus said, "I am the resurrection and life, those who believe in me will live, even though they die"

May God comfort those who are grieving by the death of Kobe, his daughter and others and may God open their spiritual eyes to know and accept Jesus and dedicate their life tolive for God.


Book Your Seats Now
A JOURNEY THROUGH THE HOLY LAND
Jordan, Israel, Palestine, Egypt
13 Days Tour on the Holy Places
Travel Date
01 NOV TO 13 NOV 2020
TOUR HIGHLIGHTS
Airfare from your departure city
Visa Charges
Breakfast, Lunch & Dinner
All entrance fees included in Israel, Egypt & Amman
Luxury A/C Coach
English speaking govt. licensed guide
Israel, Egypt & Jordan Border taxes
Service of an Experienced Tour Manager
JOSE'CO
TOURS & TRAVELS
FOR BOOKING AND DETAILS
JOSE VARGHESE
CALL: 917 817 4115 / 718 477 9747
E-mail: josenjessy@yahoo.com


yoga FOR ALL
STRETCH RELAX FIND THE INHERENT POWER
Begin your journey to a better life with Yoga
Yog is an ancient art, based on a harmonizing system of development for the body, mind, and spirit. The continued practice of yoga will lead you to a sense of peace and well-being, and also a feeling of being at one with their environment. The practice of yoga makes the body strong and flexible; it also improves the functioning of the respiratory, circulatory, digestive, and hormonal systems. Yoga brings about emotional stability and clarity of mind.
Would you like to improve your immune system? Perhaps reduce some weight, increase your level of fitness, and improve your mental and physical wellbeing? Then yoga can be an excellent practice to bring about positive change in your Life.
Days : Saturdays only
Customized packages are available based on
Duration: 1 month / 4 lessons, 3 months / 12 Lessons, 5 months / 20 days
Age groups & types: Adults & Older, Kids age 5 - 9 yrs., Kids age 10 - 16 yrs.
Intensity: Beginners, Moderate / Advanced, Family yoga
Workshops: Kids winter yoga, Summer camp
Location 1
834 E Rand Rd #13 (CMA Hall) Mt Prospect IL 60056
07.30 am - 08.30 am
09.00 am - 10.00 am
Location 2
1800 E Oakton St (KCS Community Center) Des Plaines IL 60018
10.30 am - 11.30 am
11.30 am - 12.30pm
Contact : +1-224 595 4257
drjinoybnys@gmail.com
yoga ALLIANCE
You get knowledge about yoga principles, types of yoga & its Philosophy and methods of practice from our sessions. We offer personalized sessions and yoga workshops for corporates upon booking


SHIJU ABRAHAM FINANCIAL SERVICES
www.ShijuFinancial.com
Off : 972-455-4371
sabraham@financialguide.com
Achieve Your Goals
Saving & Investment Strategies
Life Insurance & Annuities
College Saving Strategies
Disability & Long Term Care Insurance
Tax Reduction Strategies
IRA, Roth IRA & SEP IRA
Retirement Plans & Mutual Funds
401(k) Set Up & Rollovers
13455 Noel Rd, 20th Floor, Dallas, TX 75240
Securities offered through qualified registered representatives of MML Investors Services, LLC. Member www.sipc.org.
Shiju Abraham Financial Services is not a subsidiary or affiliate of MML Investors Services, LLC. or its affiliated companies
CRN202110-255789

# പത്മശ്രീ പങ്കജാക്ഷിയമ്മയ്ക്ക് ആദരവുമായി ബേബി ഊരാളിൽ

മോനിപ്പള്ളി: പത്മശ്രീ നല്കി രാജ്യം ആദരിച്ച നോക്കുവിദ്യാ പാവകളി കലാകാരി 84 വയസ്സുള്ള എം.എസ്. പങ്കജാക്ഷിയെ സന്ദർശിച്ച് മുൻ ഫോമാ പ്രസിഡണ്ട് ബേബി ഊരാളിലും സഹോദരൻ പീറ്റർ ഊരാളിലും അമേരിക്കൻ മലയാളികളുടെ സ്നേഹാദരവുകൾ അറിയിച്ചു.

ബേബി ഊരാളിലിന്റെ മോനിപ്പള്ളിയിലെ വീട്ടിൽനിന്ന് ഒരു കിലോമീറ്ററേയുള്ളൂ പങ്കജാക്ഷിയമ്മയുടെ മൂഴിക്കൽ വീട്ടിലേക്ക്. അവരെ നേരത്തെ പരിചയവുമുണ്ട്. എന്നാൽ, ഇത്തരം ഒരു ഉന്നത ബഹുമതി ഒരുനാൾ അവർക്ക് ലഭിക്കുമെന്നു കരുതിയില്ല. അതിൽ ഏറെ അഭിമാനമുണ്ട്. ഒരു നാട്ടുകാരി ആദരിക്കപ്പെടുമ്പോൾ നമ്മളും ആദരിക്കപ്പെടുന്നു-ബേബി ഊരാളിൽ പറഞ്ഞു.

അധികമാരും ശ്രദ്ധിക്കാതെ അന്യം നിന്നു പോകുന്ന ഈ കലാരൂപത്തെ നിലനിർത്തിയത് അവരുടെ തപസ്യയാണ്. ഫ്രാൻസിലും മറ്റും പോയി അവർ പാവകളി അവതരിപ്പിച്ചിട്ടുണ്ട്. സമ്പത്തോ പിടിപാടോ ഒന്നുമില്ലാതെ സ്വന്തം മികവുകൊണ്ട് ഒരു നാട്ടുകാരി ഈ പദവി നേടിയത് അഭിമാനമുണർത്തുന്നതായി അദ്ദേഹം പറഞ്ഞു. മടങ്ങും മുൻപ് അവർക്ക് ഉപഹാരവും നല്കി, വീട്ടുകാരെയും കണ്ടു. പങ്കജാക്ഷിയമ്മയ്ക്കുള്ള നാട്ടുകാരുടെ സ്വീകരണത്തിനുള്ള ഒരുക്കങ്ങൾക്ക് ബേബി ഊരാളിലും സജീവമായി രംഗത്തുണ്ട്.



വേലൻ വിഭാഗക്കാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന പാരമ്പര്യ കലാരൂപവുമായി പങ്കജാക്ഷി പരിചയപ്പെടുന്നത് പതിനൊന്നാം വയസ്സിൽ. ഓണക്കാലത്ത് വീടുകളിൽ പോയാണ് പാവകളി നടത്തുക. കിണ്ണം കറക്കൽ എന്നൊരു ഇനമുണ്ടായിരുന്നു. ഒരു കമ്പിനു പുറത്ത് കിണ്ണം വെച്ച് പ്രത്യേക രീതിയിൽ തട്ടി കൈയിൽ കൊണ്ടുവരും. ആ കിണ്ണത്തിലേക്കാണ് കാഴ്ചക്കാർ പണം നല്കുക. പങ്കജാക്ഷി പറഞ്ഞു. പാട്ടിനും തുടിതാളത്തിനുമൊപ്പം ശരീരം മെല്ലെ ചലിപ്പിച്ച് ചെയ്യുന്ന നോക്കുവിദ്യാ പാവകളിയിൽ ഭർത്താവ് എം.എസ്. ശിവരാമപ്പണിക്കർ വന്നതോടെയാണ് വ്യത്യസ്തത തിരിച്ചറിഞ്ഞത്. രാമായണം, മഹാഭാരതം കഥകൾക്ക് പുറമെ പുതിയ കഥകൾ അദ്ദേഹം എഴുതിച്ചേർത്തു. ഓരോ ഓണക്കാലത്തും പുതിയ പാവകളും കഥകളും കൂട്ടിച്ചേർക്കുമ്പോൾ കലാകാരിയും വളർന്നു. കേരളത്തിലെ വേദികൾ പിന്നിട്ട് ഡൽഹി, ബാംഗ്ലൂർ, പാരിസ് എന്നിവിടങ്ങളിലേക്ക് കലാരൂപവുമായി പോയി.

കുടുംബത്തിലെ സ്ത്രീകളാണ് പാവകളി നടത്തിയിരുന്നത്. പാട്ടും താളവും പുരുഷന്മാരുടേതാണ്. ഭർത്താവും പിന്നീട് മകനും താളവുമായി ഒപ്പം ചേർന്നു. ഏകമകൾ രാധാമണി പാരമ്പര്യത്തുടർച്ചയുടെ കണ്ണിയായില്ല. എന്നാൽ, പത്തുവർഷം മുൻപ് രാധാമണിയുടെ മകൾ രഞ്ജിനി പാവകളി പഠിച്ചു. ഉരുളികുന്നം മൂഴിക്കൽ പരേതരായ എം.കെ. ശങ്കരിന്റെയും പാപ്പിയമ്മയുടെയും മൂത്തമകളായ പങ്കജാക്ഷിയുടെ മറ്റ് മക്കൾ വിജയൻ, ശിവൻ എന്നിവരാണ്.

മൂക്കിനു താഴെ, മേൽച്ചുണ്ടിന് മേലേ ശ്രദ്ധയോടെ പിടിച്ച കമുങ്ങിന്റെ വാരികൊണ്ട് ചെത്തിമിനുക്കിയ ചെറിയ കമ്പ്. അതിനു മുകളിൽ പലതരം പാവകൾ. കൈയിലെ നൂലിൽ പിടിച്ച് പാവകളെ ചലിപ്പിച്ചാണ് കഥ അവതരിപ്പിക്കുന്നത്. മറ്റൊരാൾ തുടികൊണ്ട് ഈണംപിടിക്കും. പിന്നണിക്കാരനുമുണ്ട്. ആ താളത്തിനൊപ്പം ഗരുഡൻ, ഭീമൻ, കൃഷ്ണൻ... പലവിധ പാവകൾ കലാകാരിയുടെ മേൽച്ചുണ്ടിലിരുന്ന് ചലിക്കും. പാവകൾ വീണുപോയേക്കുമെന്നു തോന്നും. എന്നാൽ, കഥയും കലാരൂപവുമായി കൈമെയ് മറന്ന് ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ ഒരിക്കലും അങ്ങനെ സംഭവിക്കില്ല. അത്ഭുതക്കാഴ്ചയാണിത്.

# വി.ടി. ബൽറാം എംഎൽഎക്ക് മാപ്പ് സ്വീകരണം നല്കി

രാജു ശങ്കരത്തിൽ

ഫിലാഡൽഫിയ: അമേരിക്കയിലെ പ്രമുഖ നഗരങ്ങളിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനും ഹ്രസ്വസന്ദർശനത്തിനുമായി എത്തിച്ചേർന്ന കേരള രാഷ്ട്രീയത്തിലെ വ്യത്യസ്ത കാഴ്ചപ്പാടുകളിലൂടെ യുവജന ഹരമായി മാറിയ കോൺഗ്രസിന്റെ കരുത്തുറ്റ യുവനേതൃത്വം തൃത്താല എംഎൽഎ വി.ടി. ബൽറാമിന് മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയയുടെ (മാപ്പ്) ആഭിമുഖ്യത്തിൽ ഉജ്വല സ്വീകരണം നല്കി.



ജനുവരി 28ന് ചൊവ്വാഴ്ച മാപ്പ് പ്രസിഡണ്ട് ശാലു പുന്നൂസ്, വൈസ് പ്രസിഡണ്ട് തോമസ് ചാണ്ടി, യൂത്ത് കോ-ഓർഡിനേറ്റർ കുറിയാക്കോസ് വർഗീസ് എന്നിവർക്കൊപ്പം ലാൻകാസ്റ്റർ അമിഷ് വില്ലേജ്, ഫിലാഡൽഫിയ സിറ്റി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം വൈകിട്ട് മാപ്പിലെത്തിയ വി.ടി. ബൽറാമിനെ സ്വീകരിക്കുവാൻ മാപ്പിന്റെ മുതിർന്ന പ്രവർത്തകർ ഉൾപ്പെട്ട മാപ്പ് കുടുംബാംഗങ്ങളും കോൺഗ്രസ് അനുഭാവികളും സ്നേഹിതരും കൂടാതെ രാഷ്ട്രീയ ഭേദമെന്യേ വിവിധ രാഷ്ട്രീയപാർട്ടികളിലെ നിരവധി അനുഭാവികളും എത്തിയിരുന്നു.

പ്രവാസജീവിതത്തിലെ തിരക്കിനിടയിലും ജനോപകാരപ്രദമായ നിരവധി നന്മപ്രവൃത്തികൾ കാഴ്ചവെക്കുവാൻ കഴിഞ്ഞ നാല്പത്തിരണ്ട് വർഷക്കാലമായി മാപ്പിനു കഴിയുന്നതിൽ അദ്ദേഹം അതിയായ സന്തോഷം പ്രകടിപ്പിച്ചു. മാതൃരാജ്യത്തോടും മാതൃഭാഷയോടും കേരളത്തോടുമുള്ള അടങ്ങാത്ത സ്നേഹത്തിന്റെ ഉത്തമ ഉദാഹരണമാണ് ഈ സംഘടനയുടെ ഒത്തുചേരലും വിജയവുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യയുടെ പരമപ്രധാനമായ പരമാധികാരത്തിനും പരസ്പരം ഐക്യത്തിനും അഖണ്ഡതയ്ക്കും മതേതര



ത്വത്തിനും ജനങ്ങളുടെ സമാധാനത്തിനും വെല്ലുവിളി നേരിടുന്ന ഈ സാഹചര്യത്തിൽ ജനങ്ങൾ ഒന്നിച്ചു നിൽക്കേണ്ടതിന്റെ ആവശ്യകതയും പൗരത്വഭേദഗതി നിയമത്തിന്റെ ദോഷവശങ്ങളെപ്പറ്റിയും വി.ടി. ബൽറാം എംഎൽഎ ചോദ്യോത്തര വേളയിൽ വ്യക്തമായി വിശദമാക്കി.

മാപ്പ് പ്രസിഡണ്ട് ശാലു പുന്നൂസ് സ്വാഗതമാശംസിച്ചു. ട്രഷറർ ശ്രീജിത്ത് കോമാത്ത് നന്ദി പറഞ്ഞു.

സ്വീകരണയോഗം സൗഹൃദവിരുന്നോടെ സമാപിച്ചു.

# പുത്തനുണർവേകി അമ്മയുടെ റിപ്പബ്ലിക് ദിനാഘോഷം

ജോയിച്ചൻ കരിക്കാടൻ




അറ്റ്ലാന്റ: ഇന്ത്യയുടെ 71-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങൾ ജനുവരി 26ന് ഷുഗർ ഹിൽ സിറ്റി ഹാളിൽ സമുചിതമായി കൊണ്ടാടി. പ്രസിഡണ്ട് ഡൊമിനിക് ചാക്കോനാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം മുഖ്യാതിഥിയായിരുന്ന കർട്ട് തൊംസൺ (മുൻ അറ്റ്ലാന്റാ സ്റ്റേറ്റ് സെനറ്റർ) ഉദ്ഘാടനം ചെയ്തു. അമേരിക്കയിലെ വിവിധ തലങ്ങളിൽ പ്രത്യേകിച്ച് അറ്റ്ലാന്റയിലെ വിവിധ തലങ്ങളിൽ ഇന്ത്യൻ സമൂഹത്തിന്റെ അതിലുപരി മലയാളി സമൂഹത്തിന്റെ പ്രവർത്തനങ്ങൾ എടുത്തു പറയേണ്ടതും പ്രശംസനീയവുമാണെന്ന് കർട്ട് തോംസൺ പറഞ്ഞു. റിച്ചാർഡ് ഡീൻ വിൻഫീൽഡ്, ആൽഫ്രെഡ് ജോൺ, സുജാത ഗുപ്ത എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

തുടർന്നു നടന്ന ചടങ്ങിൽ ഡയറക്ടർ ബോർഡ് അംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിക്കുകയുണ്ടായി. പിന്നീട് അമ്മയുടെ പത്താമത് ജന്മദിനാഘോഷങ്ങളുടെ ലോഗോയുടെ പ്രകാശനം കർട്ട് തോംസൺ നിർവഹിച്ചു. അമ്മയുടെ വനിതാ വിഭാഗമായ കേരള വനിതാ വേദിയുടെ ഔദ്യോഗിക നാമകരണ പ്രഖ്യാപനം മോളി മുർത്താസ നടത്തി. അമ്മയുടെ പത്താം ജന്മദിനാഘോഷങ്ങൾ ഈ വർഷം വൻപരിപാടികളോടെ നടത്തപ്പെടുമെന്ന് ഡൊമിനിക് ചാക്കോനാൽ അറിയിച്ചു. തുടർന്ന് വിവിധ കലാപരിപാടികളും അരങ്ങേറി. യോഗത്തിൽ അമ്മ സെക്രട്ടറി റോഷൻ മെറാൻഡസ് സ്വാഗതവും ട്രഷറർ ജെയിംസ് കല്ലറക്കാനിയിൽ കൃതജ്ഞതയും രേഖപ്പെടുത്തി.

# ന്യൂയോർക്കിൽ ഇന്ത്യൻ റിപ്പബ്ലിക്ദിനം ആഘോഷിച്ചു





ന്യൂയോർക്ക്: ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ (ഐഒസി) നേതൃത്വത്തിൽ ന്യൂയോർക്ക് റീജിയണിലെ കോൺഗ്രസ് പ്രവർത്തകരും അനുഭാവികളും പ്രാദേശിക നേതാക്കളും ചേർന്ന് ഇന്ത്യാ റിപ്പബ്ലിക്ദിനം സമുജ്ജ്വലമായി ആഘോഷിച്ചു. ജനുവരി 26-ന് ഞായറാഴ്ച ക്വീൻസിലെ സോന പഞ്ചാബി റെസ്റ്റോറന്റ് ഓഡിറ്റോറിയത്തിൽ കൂടിയ സമ്മേളനത്തിൽ ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ, സിറ്റി കൗൺസിലർമാർ, വിവിധ സാമൂഹിക പ്രവർത്തകർ ഉൾപ്പെടെ അനേകർ പങ്കെടുത്തു.

ഇന്ത്യൻ ജനതയുടെ ജനാധിപത്യബോധവും വിഭിന്നതയോടുള്ള ബഹുമാനവും തനിക്ക് നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞെന്ന് ഈയിടെ ഇന്ത്യ സന്ദർശിച്ച ന്യൂയോർക്ക് സ്റ്റേറ്റ് സെനറ്റർ ജോൺ ലൂ തന്റെ പ്രസംഗത്തിൽ അറിയിച്ചു. ഐഒസി സെക്രട്ടറി ജനറൽ ഹർബച്ചൻ സിങ് ഇന്ത്യൻ ഭരണഘടനയുടെ ആമുഖം വായിച്ചു.

വൈസ് പ്രസിഡണ്ട് മാലിനി നായർ, സിറ്റി കൗൺസിൽ മെംബർമാരായ ബാരി ഗ്രോഡൻചിക്, റിച്ചാർഡ് ഡോനവാൻ, ഡിസ്ട്രിക്ട് ലീഡർമാരായ ഡേവിഡ് റിച്ചാർഡ്, ആൽബർട്ട് ബാൽഡിയോ, ഐഒസിയുടെ സെക്രട്ടറി രാജേന്ദർ ഡിച്ചിപ്പള്ളി, വൈസ് പ്രസിഡണ്ട് സതീഷ് ശർമ്മ, വൈസ് പ്രസിഡണ്ട് ജോസ് ചാരുമ്മൂട്, മഹാരാഷ്ട്ര ഘടകം പ്രസിഡണ്ട് ദേവേന്ദ്ര വോറാ, കേരളാ ഘടകം പ്രസിഡണ്ട് ലീലാ മാരേട്ട്, ന്യൂയോർക്ക് റീജിയൻ പ്രസിഡണ്ട് വർഗീസ് പോത്താനിക്കാട്, നാഷണൽ വിമൻസ് ഫോറം ചെയർപേഴ്സൺ ശോശാമ്മ ആൻഡ്രൂസ്, പാസ്റ്റർ ഇമ്മാനുവേൽ അസ്സേ എന്നിവർ ആശംസകളർപ്പിച്ചു, സെക്രട്ടറി ജനറൽ ഹർബച്ചൻ സിങ് പരിപാടികൾ കോ-ഓർഡിനേറ്റ് ചെയ്തു. സ്വപ്ന ശർമ്മയായിരുന്നു എംസി.

# ചിക്കാഗോയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ആചരിച്ചു

**ബിനോയി സ്റ്റീഫൻ കിഴക്കനടി**

ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ ലോകവിശുദ്ധരിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ഭക്തരുള്ള വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ഭക്തിപുരസ്സരം ആചരിച്ചു. ജനുവരി 26ന് ഞായറാഴ്ച രാവിലെ 9.45ന് ഫൊറോനാ വികാരി റവ. ഫാ. അബ്രാഹം മുത്തോലത്തിന്റെ കാർമ്മികത്വത്തിലാണ് തിരുക്കർമ്മങ്ങൾ നടന്നത്.

രണ്ടാം നൂറ്റാണ്ടിൽ യൂറോപ്പിൽ ജനിച്ച വി. സെബസ്ത്യാനോസ് എങ്ങനെയാണ് കേരളത്തിലെ വിശ്വാസികൾക്ക് ഏറെ പ്രിയപ്പെട്ടവനായതെന്നും ഉന്നതകുലജാതനും സേനാനായകനുമായിരുന്ന സെബസ്ത്യാനോസ് വിശുദ്ധനായതുപോലെ എല്ലാ ജീവിതസാഹചര്യങ്ങളിലുള്ളവർക്കും വിശുദ്ധരാകാമെന്നും മുത്തോലത്തച്ചൻ തിരുനാൾ സന്ദേശത്തിൽ അനുസ്മരിപ്പിച്ചു. വിവസ്ത്രനാക്കി മരത്തിൽ കെട്ടിയിട്ട് അമ്പുകൾ എയ്തും ഗദകൊണ്ട് അടിച്ചും അപൂർവങ്ങളിൽ അപൂർവമായി രണ്ടു പ്രാവശ്യം രക്തസാക്ഷിയായ വിശുദ്ധ സെബസ്ത്യാനോസിന്റെ ജീവിതവിശുദ്ധിയെപ്പറ്റിയും യൂറോപ്പിൽ പലയിടങ്ങളിലും പകർച്ചവ്യാധികൾ പടർന്നുപിടിച്ചപ്പോൾ വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം തേടി അപേക്ഷിച്ച് ശമനം ലഭിച്ചതിനെപ്പറ്റിയും മുത്തോലത്തച്ചൻ വിവരിച്ചു. വചന സന്ദേശം, ലദീഞ്ഞ്, നേർച്ചകാഴ്ച വിതരണം എന്നീ ആത്മീയ ശുശ്രൂഷകൾ തിരുനാൾ ആഘോഷങ്ങളെ ഭക്തിസാന്ദ്രമാക്കി.



ഈ ഇടവകയിലെ പേരൂർ ക്നാനായ ഇടവകാംഗങ്ങളായിരുന്നു തിരുനാളിന്റെ പ്രസുദേന്തിമാർ. എക്സിക്യൂട്ടീവ് അംഗങ്ങളായ അബ്രാഹം അരിച്ചിറയിൽ, റ്റിജോ കമ്മപ്പറമ്പിൽ, സണ്ണി മൂക്കേട്ട്, സാബു മുത്തോലം, ലെനിൻ കണ്ണോത്തറ, മേഴ്സി ചെമ്മലക്കുഴി, സണ്ണി മുത്തോലം, ബിനോയി കിഴക്കനടി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

# റെഞ്ചി വർഗീസ് മാർക്ക് പ്രസിഡണ്ട്

**ജോസഫ് റോയി**



ചിക്കാഗോ: ഇല്ലിനോയി സംസ്ഥാനത്തെ മലയാളി റെസ്പിറേറ്ററി തെറാപ്പിസ്റ്റുകളുടെ പ്രൊഫഷണൽ സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (മാർക്) മിഡ്‌വെസ്റ്റിന്റെ 2020-21 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. മാർക്കിന്റെ സ്ഥാപകനേതാവു കൂടിയായ റെഞ്ചി വർഗീസാണ് പുതിയ പ്രസിഡണ്ട്. സഖറിയ അബ്രഹാം ചേലയ്ക്കൽ ആണ് പുതിയ സെക്രട്ടറി. മറ്റ് ഭാരവാഹികൾ: വൈസ് പ്രസിഡണ്ട്-ജോബി ചാക്കോ കുഴിയാംപറമ്പിൽ, ജോ. സെക്രട്ടറി-തോമസ് പതിനഞ്ചിൽ, ട്രഷറർ-ഷാജൻ വർഗീസ്, ജോ. ട്രഷറർ-സണ്ണി കൊട്ടുകാപ്പള്ളി. സമയാ ജോർജ-ജനറൽ ഓർഗനൈസർ, റെജിമോൻ ജേക്കബ്, സനീഷ് ജോർജ്-എജ്യൂക്കേഷണൽ കോ-ഓർഡിനേറ്റേഴ്സ്.

പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, സെക്രട്ടറി, ജോ. സെക്രട്ടറി, ട്രഷറർ, ജോ. ട്രഷറർ, ജനറൽ ഓർഗനൈസർ, രണ്ട് എജ്യൂക്കേഷണൽ കോ-ഓർഡിനേറ്റേഴ്സ് എന്നിവർ ഉൾപ്പെടുന്നതാണ് പുതിയ എക്സിക്യൂട്ടീവ്.

യേശുദാസ് ജോർജ്, ജോസഫ് റോയി, സ്കറിയാക്കുട്ടി തോമസ്, വിജയ് വിൻസന്റ്, ജോസ് കല്ലിടുക്കിൽ എന്നിവരാണ് പുതിയ അഡ്വൈസറി ബോർഡ് അംഗങ്ങൾ. ടോം കാലായിൽ (പിആർഒ), അനീഷ് ചാക്കോ (ഓഡിറ്റർ), ബൻസി ബനഡിക്ട്, സാം തുണ്ടിയിൽ, ജസ്സി റിൻസി, ഷൈനി ഹരിദാസ് (എക്സി. കമ്മിറ്റി അംഗങ്ങൾ). ഡയാന സ്കറിയ (സ്റ്റുഡന്റ്സ് റെപ്രസെന്റേറ്റീവ്) എന്നിവരാണ് പുതിയ ഭാരവാഹികൾ.

യേശുദാസ് ജോർജ്, ഷാജൻ വർഗീസ്, ജോസഫ് റോയി, അനീഷ് ചാക്കോ, സമയാ ജോർജ്, സണ്ണി കൊട്ടുകാപ്പള്ളി, ജയ്മോൻ സ്കറിയ എന്നിവരുടെ നേതൃത്വത്തിലുള്ള നിലവിലുള്ള ഭരണസമിതിയിൽനിന്നും പുതിയ ഭാരവാഹികൾ ഫെബ്രുവരി ഒന്നിന് ശനിയാഴ്ച നടന്ന മാർക് ഫാമിലി നൈറ്റിൽ വെച്ച് സ്ഥാനമേറ്റെടുത്തു. മോർട്ടൺഗ്രോവിലുള്ള സെ. മേരീസ് ക്നാനായ ദേവാലയത്തിലാണ് ഫാമിലി നൈറ്റ് നടന്നത്. അമിതാ ഹെൽത്ത് ഹോളി ഫാമിലി മെഡിക്കൽ സെന്ററിന്റെ പ്രസിഡണ്ട് യൊലാണ്ട വിൽസൺ സ്റ്റബ്സ് പരിപാടി ഉദ്ഘാടനം ചെയ്തു. ചിക്കാഗോ മെഥഡിസ്റ്റ് ആശുപത്രിയുടെ അഡ്മിനിസ്ട്രേറ്ററും സിഇഒയുമായ ജോസഫ് ചാണ്ടി മുഖ്യപ്രഭാഷണം നടത്തി. ചിക്കാഗോയിലെ പൊളിറ്റിക്കൽ ആക്ടിവിസ്റ്റ് കെവിൻ ഓലിക്കൻ, ഇല്ലിനോയി നേഴ്സസ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. ആനി ഏബ്രഹാം എന്നിവർ ആശംസകളർപ്പിച്ചു. ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം റെസ്പിറേറ്ററി തെറാപ്പിസ്റ്റുകളുള്ള കുടുംബങ്ങളെ യോഗത്തിൽ ആദരിച്ചു. വിജയൻ വിൻസന്റാണ് പരിപാടികൾ ക്രമീകരിച്ചത്.

മാർക് കുടുംബാംഗങ്ങൾ അവതരിപ്പിച്ച പുതുമയാർന്ന കലാപരിപാടികൾ രണ്ടുമണിക്കൂർ നീണ്ടുനിന്നു. ഈ പരിപാടികൾക്ക് സമയാ ജോർജ് നേതൃത്വം നല്കി. മാർക് പിക്നിക്കിലെ സ്പോർട്സ് മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങളും വിതരണം ചെയ്തു.

# വി.ടി. ബലറാം എംഎൽഎക്ക് പമ്പ സ്വീകരണം നല്കി




ഫിലാഡൽഫിയ: പെൻസിൽവേനിയായിലെ കലാ-സാംസ്കാരിക സംഘടനയായ പമ്പ മലയാളി അസോസിയേഷൻ കേരള നിയമസഭയിലെ മിന്നും താരമായ തൃത്താല എംഎൽഎ വി. ടി. ബലറാമിന് സ്വീകരണം നല്കി. ജനുവരി 28ന് ചൊവ്വാഴ്ച പമ്പ ഇന്ത്യൻ കമ്യൂണിറ്റി സെന്ററിലാണ് സ്വീകരണ പരിപാടികൾ സംഘടിപ്പിച്ചത്. ജനറൽ സെക്രട്ടറി ജോൺ പണിക്കർ വി.ടി. ബലറാമിനെ പമ്പയിലേക്ക് സ്വാഗതം ചെയ്തു. പ്രസിഡണ്ട് അലക്സ് തോമസ് അദ്ധ്യക്ഷപ്രസംഗം നടത്തി.

സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ഇന്ത്യാരാജ്യം ഇന്നു നേരിടുന്ന പൗരത്വപ്രശ്നവും വർഗ്ഗീയതയും അപകടകരമായ ഫാസിസത്തിലേക്കാണ് നയിക്കുന്നതെന്നും രാജ്യത്തെ വർഗ്ഗ വർണ്ണ ജാതി മതങ്ങൾക്ക് അതീതമായി കാണാൻ കോൺഗ്രസിനു മാത്രമേ സാധിക്കുകയുള്ളുവെന്നും പറഞ്ഞു. പമ്പയുടെ സാമൂഹിക, സാംസ്കാരിക ജീവകാരുണ്യ പ്രവർത്തനങ്ങളെ അദ്ദേഹം ശ്ലാഘിച്ചു.

ഫാ. ഫിലിപ്പ് മോഡയിൽ, ജോർജ് ഓലിക്കൽ, ജോബി ജോർജ്, സുധ കർത്ത, മോഡി ജേക്കബ്, ജോർജ് നടവയൽ, ജീമോൻ ജോർജ്, രാജൻ സാമു

**ജോർജ് ഓലിക്കൽ**

വേൽ, ജോസ് ആറ്റുപുറം, കോമസ് പോൾ, റോണി വർഗീസ്, ജേക്കബ് കോര, റോയി സാമുവേൽ, എബി മാത്യു എന്നിവർ ആശംസകൾ നേർന്നു ഫീലിപ്പോസ് ചെറിയാൻ നന്ദിപ്രകാശനം നടത്തി. പമ്പയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ താത്പര്യമുള്ളവർ ബന്ധപ്പെടുക: അലക്സ് തോമസ് 215 850 5268, ജോൺ പണിക്കർ 215 605 5109, ജോർജ് ഓലിക്കൽ 215 873 4365.

# വാഷിങ്ടൺ ഡി.സി പ്രോലൈഫ് മാർച്ചിൽ മലയാളികളുടെ സജീവസാന്നിദ്ധ്യം




വാഷിങ്ടൺ ഡിസി: ദൈവത്തിന്റെ ദാനമായ ജീവൻ സംരക്ഷിക്കുന്നതിനും ജീവിതമൂല്യങ്ങൾ ഉയർത്തിക്കാട്ടുന്നതിനും വേണ്ടി നടത്തപ്പെടുന്ന ലോകത്തിലെ ഏറ്റവും വലിയ വാർഷിക പ്രോലൈഫ് റാലിയിൽ ഈ വർഷം മലയാളി ക്രൈസ്തവരും മുൻനിരയിൽ അണിനിരന്നു. 'മാർച്ച് ഫോർ ലൈഫ്' എന്നറിയപ്പെടുന്ന പ്രോലൈഫ് റാലിയുടെ 47 വർഷത്തെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഭരണത്തിലിരിക്കുന്ന ഒരു അമേരിക്കൻ പ്രസിഡണ്ട് റാലിയിൽ പങ്കെടുത്ത് സന്ദേശം പങ്കുവെച്ചത്.

ജനുവരി 24ന് വെള്ളിയാഴ്ച വാഷിങ്ടൺ ഡിസിയിൽ നടന്ന 47-ാമത് വാർഷിക പ്രോലൈഫ് റാലിയെ അഭിസംബോധന ചെയ്തുകൊണ്ട് അതിൽ പ

**ജോസ് മാളേയ്ക്കൽ**

ങ്കെടുത്ത പതിനായിരക്കണക്കിന് പ്രോലൈഫ് പ്രവർത്തകരോടും അനുഭാവികളോടുമായി പ്രസിഡണ്ട് ട്രംപ് പറഞ്ഞു: ഈ ഭൂമിയിൽ ജനിക്കുന്ന ഓരോ കുഞ്ഞും അമൂല്യവും ദൈവത്തിന്റെ ദാനവുമാണ്. അതിനാൽ ജീവൻ സംരക്ഷിക്കേണ്ടത് എല്ലാ മനുഷ്യരുടെയും കടമയാണ്. ജീവസംരക്ഷണത്തിൽ ഒരു പ്രോലൈഫ് ആയ തന്റെ എല്ലാവിധ സപ്പോർട്ടും ഉണ്ടാവുമെന്നു പറഞ്ഞത് അണികളിൽ വലിയ ആഹ്ലാദവും ആവേശവും ഉണർത്തി. ഇതിനു മുമ്പ് പ്രസിഡണ്ടുമാരായിരുന്ന റൊണൾഡ് റെയ്ഗനും ജോർജ് ഡബ്ല്യു. ബുഷും ടെലിഫോണിലൂടെ മാർച്ചുകാരോട് സംസാരിച്ചിട്ടുള്ളതല്ലാതെ വൈറ്റ് ഹൗസ് ഉന്നത ഉദ്യോഗസ്ഥരൊന്നും പ്രോലൈഫ് മാർച്ചിൽ സംബന്ധിച്ചിട്ടില്ല.

24ന് വെള്ളിയാഴ്ച തലസ്ഥാന നഗരി അക്ഷരാർത്ഥത്തിൽ ഒരു ജനസമുദ്രമായി മാറി. ശൈത്യകാലത്തിന്റെ കൊടുംതണുപ്പിനെ വകവെക്കാതെ, വസ്ത്രങ്ങൾ പല ലേയറുകളിലായി സ്വയം ബണ്ടിൽ അപ് ചെയ്ത് വർദ്ധിത ആവേശത്തോടെ കൈയിൽ ജീവന്റെ മഹത്വം ഉദ്ഘോഷിക്കുന്ന വിവിധ പ്ലാക്കാർഡുകളും പിടിച്ച് കൊച്ചുകുട്ടികൾ മുതൽ സീനിയർ സിറ്റിസൺസ് വരെ, വൈദികർ, വൈദിക വിദ്യാർത്ഥികൾ, സന്യസ്തർ മുതൽ വൈദിക മേലദ്ധ്യക്ഷന്മാർ വരെ മാർച്ചിൽ അണിനിരന്നു. കൈക്കുഞ്ഞുങ്ങളുമായി അമ്മമാരും ഭിന്നശേഷിക്കാരായ കുട്ടികളുമായി മാതാപിതാക്കളും നടക്കാൻവയ്യാത്ത കുഞ്ഞുങ്ങളെ സ്ട്രോളറിൽ ഇരുത്തി ബന്ധുജനങ്ങളും പ്രോലൈഫ് അനുകൂല മുദ്രാവാക്യങ്ങൾ മുഴക്കി റാലിയിൽ പങ്കെടുത്തു.

മലയാളി കത്തോലിക്കരെ പ്രതിനിധീകരിച്ച് സീറോമലബാർ, സീറോ മലങ്കര, ലത്തീൻ കത്തോലിക്കാ രൂപതകളിൽപ്പെട്ട പള്ളികളിൽ നിന്നായി നൂറുകണക്കിനു മതബോധനസ്കൂൾ കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളും റാലിയിൽ പങ്കെടുത്തു. കൂടാതെ വിവിധ അമേരിക്കൻ പാരിഷുകളിൽ നിന്നും സ്കൂളുകളിൽ നിന്നും വൈദിക സെമിനാരികളിൽ നിന്നും ധാരാളം ആൾക്കാർ ചാർട്ടേഡ് ബസുകളിലായി തലസ്ഥാനത്ത് എത്തിച്ചേർന്ന് ജീവന്റെ മഹത്വം ഉദ്ഘോഷിച്ചുകൊണ്ട് കൊച്ചു കൊച്ചു ഗ്രൂപ്പുകളായി ജാഥയിൽ പങ്കുചേർന്നു. ഫിലാഡൽഫിയാ അതിരൂപതയുടെ കീഴിലുള്ള സെ. ചാൾസ് ബൊറോമിയോ സെമിനാരി, വിവിധ ഇടവകകൾ, തീർത്ഥാടനകേന്ദ്രങ്ങൾ, കന്യാസ്ത്രീമഠങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നൂറുകണക്കിനു വൈദികരും കന്യാസ്ത്രീമാരും അൽമായരും പ്രോലൈഫ് പ്രവർത്തകരും അനുഭാവികളും ജീവൻരക്ഷാ മാർച്ചിൽ തോളോടുതോൾ ചേർന്നു.

ഫിലാഡൽഫിയാ സീറോമലബാർ ഫൊറോനാപള്ളി മതബോധനസ്കൂൾ പ്രിൻസിപ്പാൾ ജേക്കബ് ചാക്കോ, മതാദ്ധ്യാപകരായ മഞ്ജു ചാക്കോ, ജെയിൻ സന്തോഷ്, ജിറ്റി തോമസ്. ആനി ആനിത്തോട്ടം എന്നിവരുടെ നേതൃത്വത്തിൽ സൺഡേസ്കൂൾ കുട്ടികളും യുവജനങ്ങളും മരിയൻ മദേഴ്സും ഉൾപ്പെടെ 50-ലധികം പ്രോലൈഫ് വോളണ്ടിയേഴ്സ് മാർച്ചിൽ ആവേശപൂർവം പങ്കെടുത്തു. ഫിലാഡൽഫിയാ സെ. ജൂഡ് സീറോ മലങ്കര ദേവാലയത്തിൽ നിന്നും വികാരി റവ.ഡോ. സജി മുക്കൂട്ടിന്റെ

(ശേഷം 26-ാം പേജിൽ)

# റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുത്തു



ചിക്കാഗോ: 71-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ചിക്കാഗോ മലയാളി സമൂഹത്തെ പ്രതിനിധീകരിച്ച് ഇല്ലിനോയി മലയാളി അസോസിയേഷൻ ഭാരവാഹികൾ പങ്കെടുത്തു. രാവിലെ പത്തോടെ കൗൺസിൽ ജനറൽ സുധാകർ ദലീല ഇന്ത്യൻപതാക ഉയർത്തി. തുടർന്ന് ഇന്ത്യയുടെ ദേശീയഗാനം ആലപിച്ചു.

ഇന്ത്യൻ പ്രസിഡണ്ടിന്റെ ആശംസകൾ കൗൺസിൽ ജനറൽ തുടർന്നു വായിച്ചു. വികസന രംഗങ്ങളിൽ ഇന്ത്യ കൈവരിച്ചിട്ടുള്ള നേട്ടങ്ങളെപ്പറ്റിയുള്ള അവലോകനമായിരുന്നു ഇന്ത്യൻ പ്രസിഡണ്ടിന്റെ സന്ദേശം. ദേശഭക്തി ഗാനങ്ങളും ഇന്ത്യയെ പ്രകീർത്തിച്ചു

**ജോർജ് പണിക്കർ**

കൊണ്ടുള്ള നാട്യകലകളും നൃത്തനൃത്യങ്ങളും തുടർന്നു നടന്നു.

കേരളത്തെ പ്രതിനിധീകരിച്ചു വന്ന ഇല്ലിനോയി മലയാളി അസോസിയേഷന്റെ പ്രത്യേകം പ്രതിനിധികളായി പങ്കെടുത്ത ജോർജ് പണിക്കർ (പ്രസിഡണ്ട്), ജോയി പീറ്റർ ഇണ്ടിക്കുഴി (ട്രഷറർ), സിബു മാത്യു കുളങ്ങര (ജോ. സെക്രട്ടറി), പ്രവീൺ തോമസ് (ഫൊക്കാനാ ജോ. ട്രഷറർ) എന്നിവർക്ക് കൗൺസിൽ ജനറൽ പ്രത്യേകം അഭിനന്ദനം അറിയിച്ചു.

മുന്നൂറിലധികം ഇന്ത്യാക്കാർ പങ്കെടുത്ത റിപ്പബ്ലിക് ദിനാഘോഷങ്ങൾക്ക് ഉന്നതനിലവാരത്തിലുള്ള സദ്യയും ഒരുക്കിയിരുന്നു. പങ്കെടുത്തവർക്ക് കൗൺസിൽ ജനറൽ നന്ദി രേഖപ്പെടുത്തി.

# കൂടാരയോഗതല ദശവത്സര സംഗമം നടത്തി

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിന്റെ ദശവത്സരത്തോടനുബന്ധിച്ച് നടത്തപ്പെടുന്ന കൂടാരയോഗതല സംഗമത്തിന്റെ ഭാഗമായി പീറ്റർ ആൻഡ് പോൾ കൂടാരയോഗത്തിന്റെ സംഗമം ജനുവരി 26ന് ഞായറാഴ്ച നടത്തി. കൂടാരയോഗ കോ-ഓർഡിനേറ്റർ ജോയൽ ഇലയ്ക്കാട്ടിന്റെ നേതൃത്വത്തിൽ ദൈവാലയത്തിലെ പുഷ്പാലങ്കാരത്തിലും കുർബാനയോട് അനുബന്ധിച്ചുള്ള കാഴ്ചവെപ്പ് ക്രമീകരണത്തിലും നേതൃത്വം നല്കുകയും ചെയ്തു.



തുടർന്ന് പീറ്റർ ആൻഡ് പോൾ കൂടാരയോഗത്തിലെ വീടുകളിൽ മാതാവിന്റെ രൂപം പ്രതിഷ്ഠിക്കുന്നതിനായി തിരുസ്വരൂപം ഏറ്റുവാങ്ങുകയും കൂടാരയോഗത്തിലെ എല്ലാവരെയും ഉൾപ്പെടുത്തി ഇടവകയുടെ സ്മരണികയിലേക്ക് വേണ്ടി ഗ്രൂപ്പ്ചിത്രം എടുക്കുകയും ചെയ്തു.

കഥ

# നിഴലുകൾ

ജോൺ വേറ്റം

(മുൻലക്കം തുടർച്ച)

കേശവപിള്ളയും ഭാര്യയും മകളും കോടതിയിൽ ഹാജരായി. പോലീസ് ഇൻസ്‌പെക്ടർ നന്ദകുമാറും സർക്കാർ വക്കീൽ രംഗനാഥക്കുറുപ്പും അവിടെ ഉണ്ടായിരുന്നു. ഒരു അജ്ഞാത ശിശുവിന്റെ മരണം സംബന്ധിച്ച കേസാണ് കൊണ്ടുവന്നിരിക്കുന്നതെന്നും ശിശുവിനെ കണ്ടെടുത്തത് തറവാട്ടുകുളത്തിൽ നിന്നാകയാൽ ആ വീട്ടിലുള്ളവരെ ചോദ്യം ചെയ്യുന്നതിന് പോലീസിന് വിട്ടുകൊടുക്കാൻ ഉത്തരവാകണമെന്നും രംഗനാഥക്കുറുപ്പ് ജഡ്ജിയോട് ആവശ്യപ്പെട്ടു. എന്നാൽ, പുകമറ സൃഷ്ടിച്ച് ഒരു തറവാടിന്റെ മാനവും സ്വസ്ഥതയും പോലീസ് നശിപ്പിക്കുകയാണെന്നും കക്ഷികളെ പീഡിപ്പിച്ചും ഭയപ്പെടുത്തിയും കുറ്റം സമ്മതിപ്പിക്കുവാനുള്ള ആസൂത്രിത നാടകമാണ് നടത്തുന്നതെന്നും കക്ഷികളെ കോടതിയിൽ വരുത്തി വിചാരണ ചെയ്യാവുന്നതാണെന്നും കേശവപിള്ളയ്ക്കും കൂടും ബാംഗങ്ങൾക്കും വേണ്ടി ഹാജരായ വർക്കി വക്കീൽ വാദിച്ചു. വാദപ്രതിവാദങ്ങൾ കേട്ടെങ്കിലും ജഡ്ജി തീരുമാനമറിയിച്ചില്ല. രണ്ട് ദിവസം കഴിഞ്ഞ് ഇരുകൂട്ടരും കോടതിയിലെത്താൻ കല്പിച്ചു.

നിശ്ചയിച്ചപ്രകാരം കക്ഷികൾ കോടതിയിൽ ഹാജരായി. രംഗനാഥക്കുറുപ്പ് തയ്യാറാക്കിയ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു. കുളത്തിൽ നിന്നും കിട്ടിയ ശിശു പ്രസവത്തോടെ മരിച്ചതാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഉണ്ടെന്നും മീനാക്ഷി പ്രസവിച്ചുവെന്നതിന് സാക്ഷിമൊഴിയുണ്ടെന്നും അനന്തരകാര്യങ്ങൾക്ക് കേശവപിള്ളയും ഭാര്യയും കൂട്ടുനിന്നതായി കരുതണമെന്നും അതിൽ രേഖപ്പെടുത്തിയിരുന്നു. അതു വായിച്ചശേഷം ജഡ്ജി വിശേശ്വര അയ്യർ മീനാക്ഷിയുടെയും മാതാപിതാക്കളുടെയും രഹസ്യമൊഴി രേഖപ്പെടുത്തി. അവരെ പോലീസിനു വിട്ടുകൊടുത്തില്ല. ഒരാഴ്ച കഴിഞ്ഞ് വിചാരണ ആരംഭിക്കുമെന്ന് അറിയിച്ചുകൊണ്ട് കോടതി പിരിഞ്ഞു.


കാരണം കൂടാതെ കുറ്റവാളികളാക്കപ്പെടുകയും അപവാദം കേൾക്കുകയും ചെയ്തതിനാൽ, പാർവ്വതിയമ്മയും മകളും കഠിന ദുഃഖത്തിലായി. സംതൃപ്തവും സന്തുഷ്ടവുമായിരുന്ന തറവാട് സന്തപ്തമായതിനാൽ, രക്ഷയ്ക്കുവേണ്ടി കണ്ണീരോടെ പ്രാർത്ഥിച്ചു. എന്നാൽ, പ്രതിസന്ധിയുടെ ഗൗരവം മനസ്സിലാക്കിയ ഗൃഹനാഥന്റെ പരിശ്രമം മോചനത്തിനു വേണ്ടിയായിരുന്നു. മീനാക്ഷി അവിവാഹിതയും നിർദ്ദോഷിയുമാകയാൽ, വിചാരണ സ്വകാര്യമായി കോടതിയിൽ നടത്തണമെന്ന വർക്കി വക്കീലിന്റെ അപേക്ഷ കോടതി അംഗീകരിച്ചു. മീനാക്ഷിയുടെ മാതാപിതാക്കളുടെയും ന്യായവിസ്താരം പരസ്യമായി നടത്തിയില്ല. കടന്നാക്രമിക്കുന്നതും കോപിപ്പിക്കുന്നതും പരിഹസിക്കുന്നതും ഭയപ്പെടുത്തുന്നതും വികാരങ്ങളെ മുറിപ്പെടുത്തുന്നതും വെറുപ്പുളവാക്കുന്നതുമായിരുന്നു രംഗനാഥക്കുറുപ്പിന്റെ ചോദ്യങ്ങൾ. എന്നാൽ, ചെറുത്തുനിൽക്കാൻ സഹായിക്കുന്നതും ശക്തിപകരുന്നതും പതറാതെ ഒരേ മൊഴിയിൽ ഉറച്ചുനിൽക്കാൻ ബുദ്ധി നല്കുന്നതുമായിരുന്നു വർക്കിയുടെ എതിർവാദം. അനുരാഗം, അവിഹിത ബന്ധം, ഗർഭധാരണം, ഭ്രൂണഹത്യ എന്നീ വിഷയങ്ങളിലൂടെ രംഗനാഥക്കുറുപ്പിന്റെ ചോദ്യങ്ങൾ കടന്നുപോയി. അവിവാഹിതയും കന്യകയും നിർദ്ദോഷിയുമാണെന്ന മൊഴിയിൽ മീനാക്ഷി പിടിച്ചുനിന്നു. കുറ്റം ചെയ്തിട്ടില്ലെന്നും കെണിയിലകപ്പെട്ടതാണെന്നും കേശവപിള്ളയും ഭാര്യയും കോടതിയിൽ പറഞ്ഞു. കരയിക്കയും ഭയപ്പെടുത്തുകയും ചെയ്ത വിചാരണ മൂന്നു ദിവസത്തോളം നീണ്ടു. സ്ത്രീകളെ പരിശോധിച്ച ഡോക്ടറുടെ മൊഴിയെടുക്കാതെ വിധിയെഴുതിക്കാനായിരുന്നു വാദിഭാഗത്തിന്റെ ശ്രമം. അതു മനസ്സിലാക്കിയ വർക്കി, ഡോക്ടറെ പരസ്യമായി വിചാരണ ചെയ്യാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. വാദിഭാഗം എതിർത്തില്ല. ഒരു വെല്ലുവിളിയാണെന്നു വിചാരിച്ചില്ല. സാക്ഷിമൊഴി ഏറെ സഹായിക്കുമെന്ന് രംഗനാഥക്കുറുപ്പ് വിശ്വസിച്ചു. തന്റെ പരിചയസമ്പത്ത് വർക്കിയെ മലർത്തിയടിക്കുമെന്നും.

വിപ്ലവപ്പോരാട്ടങ്ങളും ഭീകരപ്രവർത്തനങ്ങളും പ്രതിദിന സംഭവങ്ങളാകയാൽ, സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള നിയമപാലകരുടെ അദ്ധ്വാനം ശ്ലാഘനീയമാണ്. എങ്കിലും നീതിക്കു വേണ്ടിയുള്ള നിയമം അവഗണിക്കപ്പെടുന്നു. സത്യത്തിനു വേണ്ടിയാണ് വാദിക്കുന്നതെങ്കിലും അധികാരത്തിന്റെയും ആധർമ്മത്തിന്റെയും സംഘടിത ശക്തിയോടാണ് പോരാടേണ്ടതെന്ന ബോധം വർക്കിയെ അസ്വസ്ഥനാക്കി. നെറിയും നേരും സംഗമിക്കുന്ന സ്ഥാനത്ത് ഉറച്ചുനിൽക്കാൻ ആഗ്രഹിച്ചു.

അന്ന് രാവിലെ മുതൽ കച്ചേരിമുക്കിലും കോടതിവളപ്പിലും ആളുകൾ കൂടിനിന്നു. അധികംപേർക്കും വിസ്താരം കേൾക്കണം. മറ്റുള്ളവർക്ക് കേസിന്റെ ഗതിയറിയണം. ഒരു ചോരക്കുഞ്ഞിനെ കൊന്നവളെ തൂക്കിലേറ്റുമെന്ന് ഒരഭിപ്രായം. മകളെ ശിക്ഷിച്ചാൽ അച്ഛനും അമ്മയും കുടുങ്ങുമെന്ന് മറ്റൊരു മനസ്സിലിരിപ്പ്. കാത്തിരുന്നു കാണാമെന്ന് ന്യൂനപക്ഷം. ബുദ്ധിജീവികളും തത്വചിന്തകരും മൗനമവലംബിച്ചു. കൃത്യം പത്ത് മണിക്ക് ജഡ്ജി വന്നു. ചടങ്ങുകൾക്കു ശേഷം സാക്ഷിയെ വിചാരണക്കൂട്ടിൽ വിളിച്ചുനിർത്തി. രംഗനാഥക്കുറുപ്പ് സാക്ഷിയെ സമീപിച്ചു. ഔദ്യോഗികമായ ഉത്തരവാദിത്തം ഉള്ളതുകൊണ്ട് സാക്ഷിത്തെളിവ് നല്കാൻ വന്നതാണെന്നും സാക്ഷിപ്പെടുത്തുന്നതിന് ആരും നിർബന്ധിക്കുകയോ സ്വാധീനിക്കുകയോ ചെയ്തിട്ടില്ലെന്നും ചോദ്യത്തിന് ഉത്തരമായി ഡോക്ടർ പറഞ്ഞു. കോടതിയിൽ കൊടുത്തിട്ടുള്ള സത്യവാങ്മൂലം സ്വയം തയ്യാറാക്കിയതാണെന്നും അതിൽ രേഖപ്പെടുത്തിയിട്ടുള്ള സംഗതികൾ സത്യമാണെന്നും മറ്റൊരു ചോദ്യത്തിന് മറുപടിയായി മൊഴി നല്കി. തല്ക്കാലം മറ്റൊന്നും ചോദിക്കാനില്ലെന്ന് കോടതിയെ അറിയിച്ചിട്ട് അയാൾ കസേരയിൽ ഇരുന്നു.

വർക്കി വക്കീൽ ഡോക്ടറുടെ മുന്നിൽ ചെന്നുനിന്നു. സൗമ്യതയോടെ പേരും ജോലിവിവരവും സാക്ഷിപ്പട്ടികയിലുണ്ടെന്നും ചോദിച്ചറിഞ്ഞു. കോടതിയിൽ ഹാജരാകാൻ സമൻസ് കിട്ടുന്നതിനു മുമ്പോ പിമ്പോ, സാക്ഷിയാകുന്നതു സംബന്ധിച്ച് മേലധികാരികളുമായി സംസാരിച്ചിട്ടുണ്ടോ, പോലീസിന്റെ ഉപദേശം സ്വീകരിച്ചിട്ടുണ്ടോ എന്ന ചോദ്യങ്ങൾക്ക് 'ഇല്ല' എന്ന് സാക്ഷി പറഞ്ഞു. ഈശ്വരവിശ്വാസിയാണോ എന്ന് ചോദിച്ചപ്പോൾ 'അതേ' എന്നാണ് പറഞ്ഞത്. കേസിലെ വാദിപ്രതികളെ വേർതിരിച്ചറിയാമോ, പോലീസിനെ പൂർണ്ണമായി വിശ്വസിക്കുന്നുണ്ടോ എന്നീ ചോദ്യങ്ങൾക്ക് 'ഉവ്വ്' എന്ന് പറഞ്ഞു. സത്യവാങ്മൂലം തയ്യാറാക്കിയത് പോലീസ് സ്റ്റേഷനിൽ വെച്ചായിരുന്നുവെന്നും ഒരു പോലീസുകാരൻ അത് പകർത്തിയെടുത്തെന്നും പകർപ്പിൽ ഒപ്പിട്ടുകൊടുത്തുവെന്നും സാക്ഷി സമ്മതിച്ചു. പാരിതോഷികങ്ങളും സമ്മാനങ്ങളും സ്വീകരിക്കാറില്ലെയെന്ന ചോദ്യത്തിനും 'ഇല്ല' എന്നു പറഞ്ഞു. സത്യവാങ്മൂലം പകർത്തിയെടുത്ത പോലീസുകാരനെ മുൻപരിചയമുണ്ടോയെന്നു ചോദിച്ചപ്പോൾ 'കണ്ടാലറിയാം' എന്നായിരുന്നു പ്രത്യുത്തരം. വാദിഭാഗത്തുള്ളവർ ഡോക്ടറെ ഭീഷണിപ്പെടുത്തിയെന്ന ആരോപണത്തിൽ കഴമ്പുണ്ടോ എന്ന് ചോദിച്ചപ്പോഴും 'അറിവില്ല' എന്നാണ് പറഞ്ഞത്. "സംഭവദിവസം ഉച്ചകഴിഞ്ഞ് ഡോക്ടർ മാവേലിത്തറവാട്ടിൽ ചെന്നപ്പോൾ, അവിടെ കണ്ടതും കേട്ടതും ചോദിച്ചറിഞ്ഞതുമായ കാര്യങ്ങൾ സത്യവാങ്മൂലത്തിൽ ചേർത്തിട്ടുണ്ടെന്നു സമ്മതിക്കുന്നു അല്ലെ" എന്നു ചോദിച്ചപ്പോഴും സമ്മതിക്കുന്നു എന്നു പറഞ്ഞു. "ഡോക്ടർ സ്വമേധയാ എഴുതിക്കൊടുത്ത പ്രസ്തുത സത്യവാങ്മൂലം, വ്യക്തിയെയോ വ്യക്തികളെയോ മാനഭംഗപ്പെടുത്തുന്നതും മുറിപ്പെടുത്തുന്നതും കുറ്റവാളികളാക്കി ശിക്ഷിക്കാൻ പ്രേരിപ്പിക്കുന്നതുമാണെന്ന് അറിയാമോ" എന്ന ചോദ്യത്തിന് സാക്ഷി ഒന്നും പറയാതെ മൗനമവലംബിച്ചു നിന്നു. പെട്ടെന്ന് രംഗനാഥക്കുറുപ്പ് എഴുന്നേറ്റ് ചൊടിച്ചുകൊണ്ട് ജഡ്ജിയോട് പറഞ്ഞു: "ഇതെന്തൊരു മൂഢമായ ചോദ്യമാ? സാക്ഷിയെ ഭയപ്പെടുത്താനും ചിന്താക്കുഴപ്പം സൃഷ്ടിക്കാനുമുള്ള തന്ത്രമാണ് പ്രതിഭാഗം കാണിക്കുന്നത്. ഇത് ചട്ടത്തിനു വിരുദ്ധമാണ്. ബഹുമാനപ്പെട്ട കോടതി ഇതിനെ തടയണം."

അതു കേട്ടെങ്കിലും ചോദ്യം തുടരാൻ ജഡ്ജി നിർദ്ദേശിച്ചു. വർക്കി വക്കീൽ തുടർന്നു: ഒരു സ്ത്രീയിൽ രക്തസ്രാവം കണ്ടാൽ, അത് എന്തു കാരണത്താൽ ഉണ്ടായി എന്ന് തിരിച്ചറിയാൻ കഴിയുമോ എന്ന ചോദ്യത്തിന് 'ഏറെക്കുറെ സാധിക്കും' എന്ന് ഉത്തരം നല്കി. പ്രസവം, മാസമുറ, രോഗം എന്നിവമൂലവും പ്രസവം അലസ്സുമ്പോഴും രക്തസ്രാവം ഉണ്ടാകുമെന്നും വിശദീകരിച്ചു.



ലേഖകൻ

രക്തസ്രാവവും വേദനയും കൂടാതെ സ്ത്രീകൾക്ക് പ്രസവിക്കാൻ കഴിയുമോ എന്നായിരുന്നു മറ്റൊരു ചോദ്യം. രക്തസ്രാവവും വേദനയുമില്ലാത്ത പ്രസവം അസ്സാധാരണമെന്ന് മറുപടി. ഒരു യുവതിയുടെ ആദ്യപ്രസവത്തിന്റെ വേദന എപ്പോൾ ആരംഭിക്കുമെന്ന് പറയാൻ കഴിയുമോ എന്ന് ചോദിച്ചപ്പോൾ, മാസം തികഞ്ഞും തികയാതെയും സ്ത്രീകൾ പ്രസവിക്കാറുണ്ടെന്നും ശരീരഘടന പ്രസവത്തെ ബാധിക്കുമെന്നും സാക്ഷി വിശദീകരിച്ചു. ഒരു സ്ത്രീയുടെ കടിഞ്ഞൂൽ പ്രസവത്തിൽ ഉണ്ടാകുന്ന രക്തസ്രാവം, പ്രസവശേഷം എത്ര ദിവസത്തേക്ക് തുടരുമെന്ന ചോദ്യത്തിന് 'പത്തു മുതൽ നാല്പത് ദിവസത്തോളം' എന്നാണ് പറഞ്ഞത്. ഒരു ഗർഭിണിക്ക് സ്വന്ത ഇഷ്ടപ്രകാരം പ്രസവസമയം നിശ്ചയിക്കാനും പ്രസവം ഒരു ദിവസമെങ്കിലും മാറ്റിവെക്കാനും പരസഹായം കൂടാതെ പ്രസവിക്കാനും സാധിക്കുമോ എന്ന ചോദ്യത്തിന് 'സാദ്ധ്യമല്ല' എന്നായിരുന്നു ഉത്തരം. കടിഞ്ഞൂൽ പ്രസവത്തിന്റെ പ്രത്യേകതകളെന്തെന്നായിരുന്നു മറ്റൊരു ചോദ്യം. ആദ്യപ്രസവത്തിന് വേദന കൂടുമെന്നും പ്രസവസ്ഥാനത്ത് മുറിവ് ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്നും പതിച്ചിയുടെയോ ഡോക്ടറിന്റെയോ സഹായം വേണ്ടിവരുമെന്നും സാക്ഷി പറഞ്ഞു.

"ഒരു സ്ത്രീ പ്രസവിച്ചാൽ അത് ആദ്യപ്രസവമോ അല്ലയോ എന്ന് എങ്ങനെ തിരിച്ചറിയും" എന്ന ചോദ്യത്തിന് 'പ്രസവിച്ച സ്ത്രീയോട് ചോദിച്ചറിയാമല്ലോ' എന്നായിരുന്നു ഉത്തരം. 'പരസഹായം കൂടാതെയും മൗനമായും രഹസ്യമായും ഒരു യുവതിക്ക് പ്രസവിക്കാൻ കഴിയുമോ' എന്ന സ്പഷ്ടമായ ചോദ്യത്തിന് 'അങ്ങനെ സംഭവിക്കാറുണ്ട്' എന്നായിരുന്നു കുറുകിയ മറുപടി. 'പരസഹായം ഉണ്ടെങ്കിലും ഇല്ലെങ്കിലും പ്രസവനേരത്ത് സ്ത്രീകൾ കരയാറില്ലേ' എന്നായിരുന്നു വേറൊരു ചോദ്യം. 'കരയാതെ പ്രസവിക്കുന്നവരും ഉണ്ട്' എന്ന് സാക്ഷി മന്ദഹസിച്ചുകൊണ്ട് പറഞ്ഞു. ഗർഭപാത്രത്തിൽ മരിച്ചുകിടക്കുന്ന കുഞ്ഞിനെയും ജീവനുള്ള കുഞ്ഞിനെയും പ്രസവിക്കുന്നത് ഒരുപോലെയല്ലെന്നും ചോദ്യത്തിനുത്തരമായി മൊഴി നല്കി. 'ഡോക്ടർ പ്രസവിച്ചിട്ടുണ്ടോ' എന്നായിരുന്നു അടുത്ത ചോദ്യം. എനിക്ക് മൂന്നു കുഞ്ഞുങ്ങൾ ഉണ്ടെന്നായിരുന്നു പെട്ടെന്നു നല്കിയ മറുപടി. ഡോക്ടർ ഗർഭം ധരിച്ചു പ്രസവിച്ച മക്കൾ എത്രയുണ്ടെന്നായിരുന്നു വേറൊരു നിർണ്ണായക ചോദ്യം. അതിന് ഉത്തരം പറയാതെ ഡോക്ടർ സംശയിച്ചുനിന്നു. സർക്കാർ വക്കീൽ കുതിച്ചെഴുന്നേറ്റു. "മാന്യതയുള്ളൊരു സാക്ഷിയുടെ വ്യക്തിപര കാര്യങ്ങളിലേക്കുള്ള കടന്നുകയറ്റമാണിത്. കുടുംബരഹസ്യങ്ങൾ അന്വേഷിക്കുന്നത് കോടതിയിൽ വെച്ചല്ലെന്നും വ്യക്തിഹത്യ ചെയ്യുന്ന ചോദ്യങ്ങൾ അനുവദിക്കരുതെന്നും" ജഡ്ജിയോട് പറഞ്ഞു. അപ്പോൾ വർക്കി വക്കീൽ ജഡ്ജിയെ നോക്കി നിന്നു പ്രതിരോധിച്ചുകൊണ്ട് പ്രസ്താവിച്ചു: ഈ കേസിൽ ആരോപിച്ചിരിക്കുന്ന കുറ്റം ക്രൂരവും ഗൗരവമുള്ളതും ആസൂത്രിതവുമാണ്. അതു തെളിയിക്കുന്നതിന് ആവശ്യമുള്ളത് ആശ്രയയോഗ്യമായ തെളിവാണ്. ആരോപണം ശരിയോ തെറ്റോ എന്നു തെളിയിക്കുന്നതിനുള്ള അന്വേഷണമാണ് നടത്തുന്നത്. ആയതിനാൽ, വാസ്തവമറിയാൻ അനുവദിക്കണം. വിസ്താരം തുടരാൻ ജഡ്ജി അനുവദിച്ചു. വർക്കി വാദം തുടർന്നു. ഒരു സ്ത്രീയിൽ പ്രസവത്തോടെ ഉണ്ടാകുന്ന രക്തസ്രാവത്തിനും മാസമുറയിലുണ്ടാകുന്ന രക്തത്തിനും തമ്മിൽ വ്യത്യാസം ഉണ്ടോ എന്നും വ്യത്യാസമുണ്ടെങ്കിൽ അതു കാഴ്ചയിൽ തിരിച്ചറിയാൻ കഴിയുമോയെന്ന ചോദ്യത്തിന്, രക്തസ്രാവത്തിന്റെ തരവും സ്വഭാവവുമനുസരിച്ച് രക്തത്തിന്റെ ഘനത്തിനും നിറത്തിനും അംശമായ വ്യത്യാസം ഉണ്ടാവുമെന്നും പ്രസവത്തിൽ ഒഴുകിവരുന്നത് പുതുരക്തമായിരിക്കുമെന്നും ഡോക്ടർ വിശദീകരിച്ചു. ആരോപിതരുടെ തറവാട്ടുകുളത്തിൽ നിന്നും കിട്ടിയ ശിശുവിനെ കണ്ടപ്പോൾ അതിന് എന്ത് പ്രായം ഉണ്ടായിരുന്നുവെന്ന് പറയാമോ എന്ന ചോദ്യത്തിന്, ശിശുവിനെ കണ്ടില്ലെന്നും കാണേണ്ട ആവശ്യം തനിക്കില്ലെന്നും സാക്ഷി പറഞ്ഞു. അതോടെ അന്നത്തെ ന്യായവിസ്താരം അവസാനിച്ചു. പിറ്റേന്ന് ഡോക്ടർ ഹാജരായില്ല. അതുകൊണ്ട് വിചാരണ മാറ്റിവെച്ചു.

അധികാരത്തെ അഴിമതിക്ക് ഉപയോഗിക്കുന്നവർ ഭരണതലങ്ങളിൽ ഉണ്ടെന്നും അവരുടെ ആയുധങ്ങൾ അക്രമവും അനീതിയുമാണെന്നും വർക്കിക്ക് അറിയാമായിരുന്നു. അതുകൊണ്ട് തന്റെ കക്ഷിയെ രക്ഷിക്കാൻ കഴിയുമോ എന്ന് സംശയിച്ചു. കൊലക്കുറ്റം ചെയ്തുവെന്ന ഗാഢമായ സംശയമാണ് കോടതിയിൽ കൊണ്ടുവന്നിട്ടുള്ളതെന്നും അതിനെ എങ്ങനെ വിച്ഛേദിക്കുമെന്നും ചിന്തിച്ചു. സാക്ഷിവിവരണവും സാഹചര്യത്തെളിവും ദുരൂഹത സൃഷ്ടിച്ച ശിശു എന്ന തൊണ്ടിമുതലും നീതിപീഠം നിരത്തിവെക്കും. ആ പരിശോധന വിധിവാചകമെഴുതാൻ സഹായിക്കും. വർക്കിയുടെ ചിന്ത തീക്ഷ്ണവും ഇച്ഛാഭംഗമുള്ളതുമായി. ഇത്രത്തോളം സങ്കീർണ്ണമായൊരു കേസ് മുമ്പ് കൈകാര്യം ചെയ്തിട്ടില്ല. കേസിന്റെ പിന്നിൽ ഒരു വഞ്ചകരഹസ്യം മറഞ്ഞിരിപ്പുണ്ട്. അത് എന്താണ്? വാസ്തവം വെട്ടത്ത് വരണം. തന്റെ അറിവില്ലായ്മ ഒരു നിർദ്ദോഷിയെ ശിക്ഷയ്ക്ക് ഏല്പിച്ചുകൊടുക്കരുത്. തന്റെ വാക്കുകൾ ഇരുട്ടിലെ വെട്ടുകളാകരുത്. സുരക്ഷയിലേക്കുള്ള മാർഗ്ഗദർശനത്തിന് മനസ് ധ്യാനനിരതമായി.

നിശ്ചയിച്ചപ്രകാരം ന്യായവിസ്താരം തുടർന്നു. സാക്ഷി സ്ഥാനത്ത് നിന്ന ഡോക്ടറോട് വർക്കി വക്കീൽ ചോദിച്ചു: "എന്റെ കക്ഷിയെ കണ്ടു സംസാരിക്കയും ദേഹപരിശോധന നടത്തുകയും ചെയ്തതിനുശേഷം, തയ്യാറാക്കുകയും കോടതിക്കു കൊടുത്തയച്ചതുമായ സത്യവാങ്മൂലം, സ്വമനസ്സാലെ രേഖപ്പെടുത്തിയതും വാസ്തവവസ്തുതകൾ ഉൾക്കൊള്ളുന്നതുമാണെന്നും കോടതി മുമ്പാകെ വീണ്ടും സമ്മതിക്കുന്നു, അല്ലേ എന്ന ചോദ്യത്തിന് സമ്മതിക്കുന്നു എന്നു പറഞ്ഞു. കേസിലെ കുറ്റാരോപണത്തിന്റെ മുഖ്യകാരണം അഥവാ പ്രേരണ ഉണ്ടാക്കിയത് പ്രസ്തുത രേഖയാണെന്ന് അറിയാമോ എന്നു ചോദിച്ചപ്പോൾ അറിവില്ല എന്നാണ് പറഞ്ഞത്. "അറിഞ്ഞോ അറിയാതെയോ കോടതിയെ തെറ്റിദ്ധരിപ്പിക്കുന്നത് ഗുരുതരമായ കുറ്റമാണെന്നറിയാമോ എന്ന ചുഴിഞ്ഞ ചോദ്യത്തിന് 'മനസ്സിലാകുന്നില്ല' എന്നാണ് പറഞ്ഞത്. "ഡോക്ടർ വാസ്തവസത്യം മറച്ചുവെച്ചത് പരോക്ഷമായൊരു കുറ്റമാണെന്ന് അറിയാമോ" എന്ന് ചോദിച്ചപ്പോഴും 'മനസ്സിലാകുന്നില്ല'യെന്ന് അസ്വസ്ഥതയോടെ ഡോക്ടർ പറഞ്ഞു. മറ്റൊരു ചോദ്യം ചോദിക്കുന്നതിനു മുമ്പ് രംഗനാഥക്കുറുപ്പ് ചാടിയെഴുന്നേറ്റ് ഉച്ചത്തിൽ പറഞ്ഞു: ഇവിടെ നടത്തുന്നത് ന്യായവിസ്താരമല്ല. കുറ്റാരോപണമാണ്. മനസ്സിലാകാത്ത കുറുക്കൻ ചോദ്യമെറിഞ്ഞ് സാക്ഷിയെ മയക്കാനാണ് ശ്രമം. നേരേ ചൊവ്വേ ചോദിക്കാനും പറയാനും അറിയത്തില്ലെങ്കിൽ പിന്നെ... ചോദ്യം ലളിതമാക്കണമെന്ന് ജഡ്ജി വർക്കി വക്കീലിനെ ഉപദേശിച്ചു. വർക്കി തുടർന്നു ചോദിച്ചു:

"അധികാരസ്ഥാനത്തുള്ളവരുടെ ബുദ്ധിയുപദേശമനുസരിച്ചാണോ ഡോക്ടർ സത്യവാങ്മൂലം തയ്യാറാക്കിയത്." അല്ലായെന്നായിരുന്നു മറുപടി. "തറവാട്ടിൽ ചെന്നപ്പോൾ സ്ത്രീകളുമായുള്ള അഭിമുഖ സംഭാഷണത്തിന്റെ കുറിപ്പ് പോലീസിനെ കാണിച്ചുവോ എന്ന ചോദ്യത്തിന് കാണിച്ചു എന്നു സമ്മതിച്ചു. പോലീസ് തയ്യാറാക്കിത്തന്ന സത്യവാങ്മൂലത്തിലാണോ ഒപ്പിട്ടു കൊടുത്തത് എന്ന ചോദ്യത്തിനും അല്ലാ എന്ന് ഉത്തരം പറഞ്ഞു. ഒരു സ്ത്രീയുടെ പ്രസവത്തോടെ ഉണ്ടാകുന്ന രക്തസ്രാവത്തിനും മാസമുറയിൽ ഉണ്ടാകുന്ന രക്തസ്രാവത്തിനും തമ്മിൽ വ്യത്യാസം ഉണ്ടോയെന്നും രണ്ടിനെയും വേർതിരിച്ചറിയാൻ ഡാക്ടർക്കു സാധിക്കുമോയെന്നും ചോദിച്ചപ്പോൾ അങ്ങനെ വേർതിരിച്ചു കാണേണ്ട ആവശ്യം ഉണ്ടായില്ലെന്നു പറഞ്ഞു. ഈ കേസിലെ ഒരു കക്ഷി പ്രസവിച്ചുവെന്ന് രേഖാമൂലമായിട്ടോ അല്ലാതെയോ ഡാക്ടർ പോലീസിനെ അറിയിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് പ്രസവിച്ചു എന്ന് പറഞ്ഞിട്ടില്ലെന്നായിരുന്നു വ്യക്തമായ ഉത്തരം. പ്രസവിച്ചുവെന്ന് തിട്ടമായി പറഞ്ഞില്ല. പക്ഷേ, പ്രസവിച്ചുവെന്ന സംശയം രേഖപ്പെടുത്തിയെന്ന് സമ്മതിക്കുന്നുവോ എന്ന ചോദ്യത്തിന് ഇടറിയ സ്വരത്തിൽ ഉവ്വ് എന്ന് സാക്ഷി പറഞ്ഞു."

ഡോക്ടർക്കുണ്ടായ സംശയം അഥവാ അനുമാനം കുറ്റാരോപണത്തിന് പോലീസിനെ പ്രേരിപ്പിച്ചുവെന്ന് അറിയാമോ എന്ന ചോദ്യത്തിന് സാക്ഷി മറുപടി പറയുന്നതിനു മുമ്പായി സർക്കാർ വക്കീൽ എഴുന്നേറ്റ് ജഡ്ജിയെ നോക്കിപ്പറഞ്ഞു: "ക്രിമിനൽ കേസുകൾ സംബന്ധിച്ചു പോലീസിന് സംശയമുണ്ടാകുന്നത് സാധാരണമാണ്. സംശയം തെറ്റും കുറ്റവുമല്ല. കുറ്റാന്വേഷണത്തിന് അത് ആവശ്യമാണ്. കുറ്റവാളികളെ കണ്ടെത്തുന്ന വഴിയാണ് സംശയം. ആരേയും സംശയിക്കാതെ കുറ്റാന്വേഷണം സാദ്ധ്യമല്ല. അതറിയാതെ പിച്ചുംപേയും പറയുന്നത് ശരിയല്ല. ഈ കേസിൽ സംശയിക്കാൻ പ്രേരിപ്പിച്ചത് തറവാട്ടു കുളത്തിൽ ചത്തുകിടന്ന ചോരക്കുഞ്ഞാണ്. സാക്ഷിയല്ല. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് ശിശു പ്രസവത്തോടെ മരിച്ചുവെന്നാണ്. പ്രസവ സമയത്ത് തള്ളപിള്ളയുടെ ജീവനെടുത്ത സംഭവങ്ങൾ കെട്ടുകഥകളല്ല. ഇതൊന്നുമറിയാതെ വിരോധാഭാസം വിളമ്പിയാൽ ഫലിക്കുമോ?" അതു ശ്രദ്ധിച്ചു കേട്ടെങ്കിലും വാദം തുടരട്ടെയെന്നായിരുന്നു ജഡ്ജിയുടെ നിർദ്ദേശം. വർക്കി ചോദ്യം ആവർത്തിച്ചു. അപ്പോഴും സാക്ഷി ഉത്തരം പറഞ്ഞില്ല. സംശയിച്ചുനിന്നു. സംഭവദിവസം ഡോക്ടർ തറവാട്ടിലെത്തിയപ്പോൾ കണ്ടതും കേട്ടതും ചോദിച്ചറിഞ്ഞതുമായ എല്ലാ കാര്യങ്ങളും സത്യവാങ്മൂലത്തിൽ ചേർത്തുവെന്ന് ഇപ്പോഴും സമ്മതിക്കുന്നുണ്ടോയെന്ന് ചോദിച്ചു. ഉണ്ട് എന്ന് ഡോക്ടർ മറുപടി നല്കി. തറവാട്ടിൽ ചെന്നതിനുശേഷം ഡോക്ടർ എന്തു ചെയ്തുവെന്ന് കോടതി മുമ്പാകെ

(ശേഷം 26-ാം പേജിൽ)

# ബർഗൻ കൗണ്ടിയിൽ ക്രിസ്മസും നവവത്സരവും ആഘോഷിച്ചു

ബർഗൻഫീൽഡ്: ബർഗൻ കൗണ്ടി മലയാളി ക്രിസ്ത്യൻ ഫെലോഷിപ്പ് ക്രിസ്മസ് നവവത്സരാഘോഷങ്ങൾ നടത്തി. ബർഗൻഫീൽഡ് സെ. തോമസ് ഇവാഞ്ചലിക്കൽ ദേവാലയത്തിൽ നടന്ന ആഘോഷങ്ങൾ റവ.ഫാ. ബാബു കെ. മാത്യുവിന്റെ പ്രാരംഭപ്രാർത്ഥനയോടെ ആരംഭിച്ചു. ആലിസൻ തര്യൻ വേദഭാഗം വായിച്ചു. അമേരിക്കയിൽ ജനിച്ചുവളർന്ന ആലിസൻ മലയാളം ബൈബിളിൽ നിന്നും പാഠം വായിച്ചത് എല്ലാവരുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചു. റവ. പ്രകാശ് ജോൺ മദ്ധ്യസ്ഥപ്രാർത്ഥന നയിച്ചു. ഫെലോഷിപ്പ് പ്രസിഡണ്ട് എഡിസൻ മാത്യു സ്വാഗതമാശംസിച്ചു. സി.എസ്. രാജു ബിഷപ്പ് സി.വി. മാത്യുവിനെ സദസിന് പരിചയപ്പെടുത്തി. ബി.സി.എം.സി ഫെലോഷിപ്, സെ. തോമസ് മാർത്തോമ്മാ ചർച്ച് യോങ്കേഴ്സ്, സെ. സ്റ്റീഫൻ ഓർത്തഡോക്സ് ചർച്ച് മിഡ്ലാൻഡ് പാർക്ക്, സെ. തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ബർഗൻഫീൽഡ്, സെ. തോമസ് ഇവാഞ്ചലിക്കൽ ചർച്ച് ബ്ലോവെൽറ്റ്, ന്യൂയോർക്ക് എന്നീ ഗായകസംഘങ്ങൾ ശ്രുതിമധുരമായി ക്രിസ്മസ് കരോൾ ഗാനങ്ങൾ ആലപിച്ചു.

സാധക മ്യൂസിക് സ്കൂൾ ഡയറക്ടർ കെ.ഐ അലക്സാണ്ടർ ആലപിച്ച ഗാനവും ആസ്വാദ്യകരമായിരുന്നു. ബി.സി.എം.സി. ഫെലോഷിപ് വൈസ് പ്രസിഡണ്ട് സെബാസ്റ്റ്യൻ ജോസഫ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. സ്തോത്രകാഴ്ചകൾക്ക് നന്ദി കരേറ്റി പാസ്റ്റർ പോൾ ജോൺ പ്രാർത്ഥനയർപ്പിച്ചു. ഫെലോഷിപ്പിന്റെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട രാജൻ മോഡയിൽ കൃതജ്ഞത രേഖപ്പെടുത്തി. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ വർഗീസ് പ്ലാമൂട്ടിൽ സദസ്സിനു പരിചയപ്പെടുത്തുകയും ബിഷപ് ഡോ. സി. വി. മാത്യു അവരെ അനുമോദിച്ചു സംസാരിക്കുകയും പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്തു.



**വർഗീസ് പ്ലാമൂട്ടിൽ**

ബി.സി.എം.സി ഫെലോഷിപ് സെക്രട്ടറി അജു തര്യൻ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. സെ. മേരീസ് സിറിയക് ഓർത്തഡോക്സ് ചർച്ച് ബർഗൻഫീൽഡ് വികാരി റവ. ഫാ. എൽദോസ് കെ.പി. സമാപന പ്രാർത്ഥന നടത്തി. ഡിന്നറോടെ ക്രിസ്മസ് ന്യൂഇയർ ആഘോഷങ്ങൾ സമാപിച്ചു.

# അമ്മയുടെ പത്താം വാർഷികാഘോഷങ്ങൾക്ക് തുടക്കമായി

അറ്റ്ലാന്റ്: ജോർജിയ സ്റ്റേറ്റ് മുൻ സെനറ്റർ കർട്ട് തോംസൺ ജനുവരി 26ന് ഷുഗർ ഹിൽ സിറ്റി ഹാളിൽ അമ്മയുടെ ആഭിമുഖ്യത്തിൽ നടന്ന ഇന്ത്യൻ റിപ്പബ്ലിക് ദിനാഘോഷ വേളയിൽ

**ആനി അനുവേലിൽ**

നൂറുകണക്കിന് അംഗങ്ങളുടെയും അഭ്യുദയകാംക്ഷികളുടെയും സാന്നിദ്ധ്യത്തിൽ അസോസിയേഷന്റെ പത്താം വാർഷികാഘോഷത്തിന്റെ പ്രത്യേക ലോഗോ ഔദ്യോഗികമായി പുറത്തിറക്കി. തോംസൺ തന്റെ പ്രസംഗത്തിൽ കേരള ജനതയുടെ ദേശസ്നേഹത്തെയും സമ്പന്നമായ സംസ്കാരത്തെയും പ്രകീർത്തിച്ചു.

കഴിഞ്ഞ പത്ത് വർഷമായി എന്റെ മുൻഗാമികൾ സംഘടിപ്പിച്ച നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക പ്രവർത്തനങ്ങളും സ്റ്റേജ് ഷോകളും ഈ അസോസിയേഷനെ അറ്റ്ലാന്റയിലെ വേറിട്ട ഒരു അസോസിയേഷനായി വളരാൻ സഹായിച്ചിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ പത്താം വാർഷികം അർത്ഥവത്തായ ഒരു ആഘോഷമാക്കാനാണ് തങ്ങളുടെ ആഗ്രഹമെന്നും വാർഷികാഘോഷത്തിന്റെ രൂപരേഖ തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായും പ്രസിഡണ്ട് ഡൊമിനിക് ചാക്കോനാൽ പറഞ്ഞു.



അമ്മയുടെ നിലവാരമുള്ള പ്രവർത്തനങ്ങൾ നൂറുകണക്കിന് പുതുതലമുറ കേരളീയർ അമ്മയെ പിന്തുണയ്ക്കുവാനും അവരുടെ ഹൃദയങ്ങളിൽ ഏറ്റെടുക്കുവാനും കാരണമായതായി ജനറൽ സെക്രട്ടറി റോഷൻ മെറാൻഡസ് കാർത്തിക് പറഞ്ഞു. 2020-ൽ അമ്മയുടെ പത്താം വാർഷികാഘോഷങ്ങൾ പ്രഖ്യാപിച്ച അമ്മ എക്സിക്യൂട്ടീവ് കമ്മിറ്റി അടുത്ത ദശകത്തിൽ അസോസിയേഷനെ പുതിയ ഉയരങ്ങളിലാക്കുന്ന വിവിധ ആശയങ്ങൾ മുന്നോട്ടുവെച്ച് വിവിധ പരിപാടികൾ ഉടൻ പ്രഖ്യാപിക്കുമെന്നും ജെയിംസ് കല്ലറക്കാണിയിൽ പറഞ്ഞു.

പുതിയ സെലിബ്രേഷൻ കമ്മിറ്റി ഉടൻ രൂപീകരിക്കുമെന്നും ടിക്ക് ടോക്ക്, സെൽഫീസ്, കവിതാരചന, ഉപന്യാസ രചന, ഫോട്ടോഗ്രാഫി എന്നിങ്ങനെ വിവിധ മത്സരങ്ങൾ വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുമെന്നും സംഘാടകർ അറിയിച്ചു.

# ഡാളസിൽ ഇന്ത്യൻ റിപ്പബ്ലിക് ദിനം ആഘോഷിച്ചു

ഡാളസ്: മഹാത്മാ ഗാന്ധി മെമ്മോറിയൽ ഓഫ് നോർത്ത് ടെക്സസിന്റെ ആഭിമുഖ്യത്തിൽ എഴുപത്തിയൊന്നാമത് ഇന്ത്യൻ റിപ്പബ്ലിക് ദിനാഘോഷങ്ങൾ ഇർവിംഗ് മഹാത്മാഗാന്ധി പാർക്കിൽ സമുചിതമായി സംഘടിപ്പിച്ചു. ഡാളസിൽ അനുഭവപ്പെട്ട കഠിന തണുപ്പിനെപ്പോലും അവഗണിച്ച് ജനുവരി 26ന് രാവിലെ തന്നെ ഡാളസ് ഫോർട്ട് വർത്ത് മെട്രോപ്ലെക്സിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആഘോഷപരിപാടികളിൽ പങ്കെടുക്കുന്നതിന് നൂറുകണക്കിനാളുകൾ പാർക്കിൽ എത്തിച്ചേർന്നിരുന്നു. എം.ജി.എം.എൻ.റ്റി സെക്രട്ടറി റാവു കർവാല സ്വാഗതപ്രസംഗം നടത്തി. ദേശീയ പതാക ഉയർത്തിയതിനുശേഷം ചെയർമാൻ ഡോ. പ്രസാദ് തോട്ടക്കൂറ അദ്ധ്യക്ഷപ്രസംഗം നടത്തി. സ്വതന്ത്ര ഇന്ത്യയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് ഇന്ത്യൻ റിപ്പബ്ലിക് ദിനത്തിൽ തുടക്കം കുറിച്ചുവെന്നും ഡോ. ബി.ആർ. അംബേദ്കറുടെ നേതൃത്വത്തിൽ ഇന്ത്യൻ പൗരന്മാർക്ക് തുല്യ അവകാശം ഉറപ്പു നല്കുന്ന ഭരണഘടനയ്ക്ക് രൂപം നല്കുന്നതിനും സ്വാതന്ത്ര്യലബ്ധിക്കുശേഷം മൂന്നു വർഷം ജവഹർലാൽ നെഹ്റു, ഡോ. രാജേന്ദ്രപ്രസാദ്, സർദാർ വല്ലഭായ് പട്ടേൽ, മൗലാനാ അബ്ദുൽകലാം ആസാദ്, ശ്യാം പ്രസാദ് മുഖർജി തുടങ്ങിയവരുടെ വിശ്രമരഹിതമായ പ്രവർത്തനത്തിനു കഴിഞ്ഞുവെന്നും തോട്ടക്കൂറ പറഞ്ഞു. ഇന്ത്യയിലെ 600 മില്യൺ ജനസംഖ്യയിൽ പകുതിയും യുവജനങ്ങളാണെന്നും ഇവരുടെ കൈകളിൽ ഇന്ത്യയുടെ ഭാവി സുരക്ഷിതമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ ഇന്ത്യൻ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയെ അനുസ്മരിക്കേണ്ടതുണ്ടെന്ന് നന്ദിപ്രസംഗത്തിൽ ബോർഡ് ഡയറക്ടർ അഭിജിത് ഓർമ്മിപ്പിച്ചു.



# അന്താരാഷ്ട്ര ഹിന്ദു നേതൃസമ്മേളനം

ഫീനിക്സ്: അറുകോൽ ചെറുകോൽപുഴ ഹിന്ദുമത പരിഷത്തിന്റെ ഭാഗമായി നടക്കുന്ന അന്താരാഷ്ട്ര ഹിന്ദു നേതൃയോഗത്തിൽ കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക പ്രസിഡണ്ട് ഡോ. സതീഷ് അമ്പാടി ആദ്ധ്യക്ഷ്യം വഹിക്കും.





ഫെബ്രുവരി 6ന് രാവിലെ 10.30ന് നടക്കുന്ന സമ്മേളനം അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വേദിക സ്റ്റഡീസ് സ്ഥാപകൻ ഡേവിഡ് ഫ്രാവലി ഉദ്ഘാടനം ചെയ്യും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഹൈന്ദവ സംഘടനാ പ്രതിനിധികൾ പങ്കെടുക്കും. ഗോപീവൃന്ദ ദാസ് (ഇസ്കോൺ മെൽബോൺ), ജിബി ഗോപാലൻ (ഹിന്ദു വെൽഫെയർ സൊസൈറ്റി യു.കെ), പ്രദീപ് ചന്ദ്ര (കേരള ഹിന്ദു സൊസൈറ്റി, ആസ്ട്രേലിയ), അനിൽകുമാർ പിള്ള (കേരള ഹിന്ദുസ് ഓഫ് നോർത്ത് അമേരിക്ക) എന്നിവർ പ്രസംഗിക്കും. ഫെബ്രുവരി രണ്ടു മുതൽ 9 വരെയാണ് ഇത്തവണത്തെ ചെറുകോൽപുഴ ഹിന്ദു കൺവൻഷൻ.

## സ്വർണ്ണം, റബർ മാർക്കറ്റ്

(ഫിലാഡൽഫിയ ബ്യൂറോ)

### സ്വർണ്ണം

| | |
|---|---|
| 8 ഗ്രാം | 29720 |
| 1 ഗ്രാം | 3715 |

### റബർ

| | |
|---|---|
| കോട്ടയം | 13750 |
| കൊച്ചി | 13750 |
| കോഴിക്കോട് | 13450 |

### രാജ്യാന്തരം

ബാങ്കോക്ക്

| | |
|---|---|
| ആർ.എസ്.എസ്.-1 | 11711 |
| ആർ.എസ്.എസ്.-2 | 11571 |
| ആർ.എസ്.എസ്.-3 | 11442 |
| ആർ.എസ്.എസ്.-4 | 11371 |
| എസ്.എം.ആർ.-20 | 10467 |

# സ്റ്റാറ്റൻ ഐലൻഡ് ഇടവകയിൽ രജിസ്ട്രേഷൻ കിക്കോഫ്

വാഷിങ്ടൺ ഡിസി: മലങ്കര ഓർത്തഡോക്സ് ചർച്ച് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് പ്രചരണാർത്ഥം നടത്തുന്ന ഇടവക സന്ദർശനങ്ങളുടെ ഭാഗമായി കമ്മിറ്റി അംഗങ്ങൾ സ്റ്റാറ്റൻ ഐലൻഡ് സെ. ജോർജ് ഓർത്തഡോക്സ് ഇടവക സന്ദർശിച്ചു. ജനുവരി 12ന് വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന യോഗത്തിൽ വികാരി വെരി റവ. പൗലോസ് ആദായി കോർ എപ്പിസ്കോപ്പ കമ്മിറ്റി അംഗങ്ങളെ സ്വാഗതം ചെയ്തു.



ജനറൽ സെക്രട്ടറി ജോബി ജോൺ, കമ്മിറ്റി അംഗങ്ങളായ സണ്ണി വർഗീസ്, ജോർജ് തോമസ്, ഷൈനി രാജു എന്നിവർ കോൺഫറൻസിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും സുവനീറിലേക്കുള്ള പരസ്യങ്ങളെക്കുറിച്ചും വിവരണം നല്കി.

മുൻ കോൺഫറൻസുകൾക്ക് നല്കിയിട്ടുള്ള എല്ലാ സഹായങ്ങൾക്കും ജോബി ജോൺ നന്ദി പറഞ്ഞു. ഈ വർഷവും ഇതുപോലുള്ള സഹായ

**രാജൻ വാഴപ്പള്ളിൽ**

ങ്ങൾ പ്രതീക്ഷിക്കുന്നതായും അദ്ദേഹം അറിയിച്ചു.

ഇടവകയിൽ നിന്നുള്ള ആദ്യരജിസ്ട്രേഷൻ ജോബി ജോണിനു നല്കിക്കൊണ്ട് വികാരി വെരി റവ. പൗലോസ് ആദായി കോർ എപ്പിസ്കോപ്പ രജിസ്ട്രേഷൻ കിക്കോഫ് നിർവഹിച്ചു.

തുടർന്ന് നിരവധിയംഗങ്ങൾ രജിസ്റ്റർ ചെയ്യുകയും സുവനീറിലേക്ക് പരസ്യങ്ങൾ നല്കുകയും ചെയ്തു.


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


7 മലയാളം ചാനൽ, മാസം $13.33 മാത്രം
ഒരു വർഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *
മഴവിൽ manorama
SURYA
SURYA MOVIE
KAIRALI
KAIRALI NEWS
We
NEWS 18 കേരളം
WILLOW
INDIA TODAY TELEVISION
NDTV 24x7
dish
sling
അമേരിക്കയിലെ അംഗീകൃത മലയാളം ചാനൽ വിതരണക്കാർ.
UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586
മഴവിൽ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനൽ, ചാനൽ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനൽ. കൂടാതെ നിരവധി ഫ്രീ ചാനലുകളും




## ചാക്കോച്ചന് നിമിഷ നായിക

മാർട്ടിൻ പ്രക്കാട്ട് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ചാക്കോച്ചന് നിമിഷ സജയൻ നായികയാകുന്നു. ചിത്രീകരണം കോലഞ്ചേരിയിൽ തുടങ്ങി. ജോജു ജോർജ്, അനിൽ നെടുമങ്ങാട്, യമ എന്നിവരും ഒഡിഷനിലൂടെ തെരഞ്ഞെടുക്കപ്പെട്ട നവാഗതരും ചിത്രത്തിലഭിനയിക്കുന്നു. ജോസഫിലൂടെ ശ്രദ്ധേയനായ ഷാഹി കബീറിന്റേതാണ് തിരക്കഥ. ഷൈജു ഖാലിദ്, എഡിറ്റിംഗ്



മഹേഷ് നാരായണൻ, സംഗീതം വിഷ്ണു വിജയ്, ഗാന രചന അൻവർ അലി, സംവിധായകൻ രഞ്ജിത്ത്, ശശികുമാർ എന്നിവരുടെ ഗോൾഡ് കോയിൻ പിക്ചേഴ്സും മാർട്ടിൻ പ്രക്കാട്ട് ഫിലിംസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. കൊടൈക്കനാൽ ആണ് പ്രധാന ലൊക്കേഷൻ. അടിമാലി, മൂന്നാർ, വട്ടവട, കൊട്ടക്കാംബൂർ എന്നിവിടങ്ങളിലും ചിത്രീകരണമുണ്ട്.

## വർക്കി

നാട്ടിൽ അറിയപ്പെടുന്ന ചട്ടമ്പിയാണ് വർക്കി. പക്ഷേ നേരും നെറിയുമുള്ളവനാണ്. അവന്റെ ഗുരു പഴയകാല ഗുണ്ട വെട്ടുക്കാടൻ സാബുവാണ്. കുടുംബം പോറ്റാൻ നിവൃത്തിയില്ലാത്ത സാഹചര്യം വന്നപ്പോൾ സാബു ഒരു ക്വട്ടേഷൻ ഏറ്റു. വിവാഹത്തലേന്ന് പെൺകുട്ടിയെ തട്ടിക്കൊണ്ടുപോകുക.

ഇത്തരം കാര്യങ്ങളിൽ താല്പര്യമില്ലാതിരുന്ന വർക്കി, ഗുരുവിനു വേണ്ടി അതിനു തയാറായി.

പറഞ്ഞതുപോലെ മേബിൾ എന്ന പെൺകുട്ടിയെ വിവാഹത്തിന്റെ തലേന്ന് വർക്കി തട്ടിക്കൊണ്ടുപോയി. പക്ഷേ, എങ്ങോട്ടു കൊണ്ടുപോകണമെന്ന് ആശാൻ പറഞ്ഞില്ല. പെൺകുട്ടിയുമായി ആശാൻ താമസിക്കുന്നിടത്ത് ചെന്നപ്പോഴ് ആശാന്റെ മരണവാർത്തയാണ് അയാൾ അറിഞ്ഞത്. മേബിളിനെ എന്തു ചെയ്യണമെന്നറിയാതെ വർക്കി നട്ടം തിരിഞ്ഞു. ഒടുവിൽ വീട്ടിൽ തിരിച്ചുകൊണ്ടുവിടാമെന്നു പറഞ്ഞപ്പോൾ മേബിൾ വിസമ്മതിച്ചു. തുടർന്ന് വർക്കിയുടെ ജീവിതത്തിലുണ്ടാകുന്ന സംഭവബഹുലവും രസകരവുമാണ് മുഹൂർത്തങ്ങളാണ് വർക്കി എന്ന ചിത്രം പറയുന്നത്. വർക്കിയായി സമദ് സുലൈമാൻ, സാബുവായി സലിംകുമാർ, മേബിളായി പുതുമുഖ നായിക ദൃശ്യ ദിനേസ് എന്നിവർ അഭിനയിക്കുന്നു. നാദിർഷായുടെ സഹോദരനും ഗായകനുമാണ് സമദ് സുലൈമാൻ.



നവാഗതനായ ആദർശ് വേണുഗോപാൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ചിത്രത്തിൽ സലിംകുമാർ, ശ്രീജിത്ത് രവി, മിഥുൻ രമേശ്, അലൻസിയർ, ബൈജു എഴുപുന്ന, ജാഫർ ഇടുക്കി, സാദിഖ്, ജെൻസൺ ആലപ്പാട്ട്, ഏലൂർ ജോർജ്, ജോമോൻ ജോഷി, ജയശങ്കർ, കൃഷ്ണപ്രഭ, മാലാ പാർവതി, അഞ്ജന അപ്പുക്കുട്ടൻ കുളപ്പുള്ളി ലീല തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

മേപ്പാടൻ ഫിലിംസിന്റെ ബാനറിൽ ബിജു മണികണ്ഠൻ ഗ്രീഷ്മ സുധാകരൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം ശ്യാം നിർവഹിക്കുന്നു.

## വരയൻ

മാർക്കോണി മത്തായി എന്ന ചിത്രത്തിനുശേഷം സത്യം സിനിമാസിന്റെ ബാനറിൽ സിജു വിൽസണെ നായകനാക്കി പ്രേമചന്ദ്രൻ എ.ജി. നിർമ്മിക്കുന്ന വരയൻ എന്ന ചിത്രത്തിന്റെ പൂജയും സ്വിച്ചോൺ കർമ്മവും നടന്നു. നവാഗതനായ ജിജോ ജോസഫ് സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ ലിയോണ ലിഷോയ് നായികയാവുന്നു.



മണിയൻപിള്ള രാജു, വിജയരാഘവൻ, ജോയ് മാത്യു, ബിന്ദു പണിക്കർ, ജയശങ്കർ, ജൂഡ് ആന്റണി, അരിസ്റ്റോ സുരേഷ് തുടങ്ങിയവരാണ് പ്രമുഖ താരങ്ങൾ.

ഡാനി കപ്പൂച്ചിൻ തിരക്കഥ സംഭാഷണമെഴുതുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം രജീഷ് രാമൻ നിർവ്വഹിക്കുന്നു. ബി.കെ. ഹരിനാരായണൻ എഴുതിയ വരികൾക്ക് പ്രകാശ് അലക്സ് സംഗീതം പകരുന്നു.

## മെമ്പർ രമേശൻ 9–ാം വാർഡ്

അർജുൻ അശോകൻ നായകനാകുന്ന ചിത്രമാണ് മെമ്പർ രമേശൻ 9-ാം വാർഡ്. ചെമ്പൻ വിനോദ്, സാബുമോൻ, ശബരീഷ് വർമ്മ തുടങ്ങിയവർ പ്രധാന




വേഷത്തിലെത്തുന്ന ചിത്രത്തിൽ ഗായത്രി അശോക് നായികയാകുന്നു. ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് ടോവിനോ തോമസ് പുറത്തുവിട്ടു. ബോബൻ ആൻഡ് മോളി എന്റർടൈൻമെന്റ്സിന്റെ ബാനറിൽ ബോബൻ, മോളി എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ചിത്രം നവാഗതരായ ആന്റോ ജോസ് പെരേരയും എബി ട്രീസ പോളും ചേർന്ന് രചിച്ച് സംവിധാനം ചെയ്യുന്നു. എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ ജോഷി തോമസ് പള്ളിക്കൽ. ഛായാഗ്രാഹകൻ എൽദോ ഐസക്. ഉടൻ ചിത്രീകരണം തുടങ്ങും.

## സിദ്ധാർത്ഥ് ഭരതന്റെ ജിന്ന്

സിദ്ധാർത്ഥ് ഭരതൻ സംവിധാനം ചെയ്യുന്ന ജിന്ന് എന്ന ചിത്രത്തിന്റെ ചിത്രീകരണം കാസർകോട് ആരംഭിച്ചു. കാസർകോടിന്റെ അലിഖിതമായ ചില കീഴ്‌വഴക്കങ്ങൾക്കുകൂടി പ്രാധാന്യം നൽകി ഒരു സാധാരണക്കാരനായ യുവാവിന്റെ കഥയാണ് ഈ ചിത്രത്തിലൂടെ അവതരിപ്പിക്കുന്നത്. സൗബിനാണ് കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. നിമിഷാ സജയനാണ് നായിക. ഷറഫുദ്ദീൻ, ഷൈൻ ടോം ചാക്കോ, തരികിട സാബു, ജാഫർ ഇടുക്കി, കലിംഗ ശശി എന്നിവരും നിരവധി പുതുമുഖങ്ങളും ഈ ചിത്രത്തിലണിനിരക്കുന്നു.

## സോൾട്ട് ആൻഡ് പെപ്പറിന്റെ രണ്ടാം ഭാഗം

സോൾട്ട് ആൻഡ് പെപ്പർ എന്ന ചിത്രത്തിലെ കഥാപാത്രങ്ങളുമായി നടൻ ബാബു രാജ് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ബ്ലാക്ക് കോഫിയുടെ



ചിത്രീകരണം പൂർത്തിയായി.

ബാബുരാജ്, ലാൽ, ശ്വേതാ മേനോൻ എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. സണ്ണി വെയ്ൻ, സിനിൽ സൈനുദ്ദീൻ, മൂപ്പനായി അഭിനയിച്ച കേളുമൂപ്പൻ, സുധീർ കരമന, ഇടവേള ബാബു, സുബീഷ് സുധി, സ്ഫടികം ജോർജ്, സാജു കൊടിയൻ, കോട്ടയം പ്രദീപ്, പൊന്നമ്മ ബാബു, തെസ്നി ഖാൻ, അംബികാ മോഹൻ തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ.

വിശ്വദീപ്തി ഫിലിംസിന്റെ ബാനറിൽ സജീഷ് മഞ്ചേരി നിർമ്മിക്കുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിച്ചിരിക്കുന്നത് ജെയിംസ് ക്രിസാണ്. റഫീഖ് അഹമ്മദ്, സന്തോഷ് വർമ എന്നിവരുടെ വരികൾക്ക് ബിജിബാൽ സംഗീതം പകരുന്നു. എഡിറ്റിങ്: സന്ദീപ് നന്ദകുമാർ.



## പകൽക്കിനാവ്

ജോർജ് തുമ്പയിൽ 186


thumpayil@aol.com

# കൊറോണ, ജൈവയുദ്ധത്തിന്റെ പ്രതിഫലനമോ?

കൊറോണ വൈറസ് അമേരിക്ക പടച്ചു വിട്ടതാണെന്ന് ചൈനയും അതല്ല, ചൈനീസ് ലാബിൽ നിന്നും ചോർന്നതാണെന്നുമുള്ള ആരോപണ പ്രത്യാരോപണങ്ങൾ നടക്കുന്നു. എന്തായാലും മരണസംഖ്യ, ഇത് എഴുതുമ്പോൾ നൂറിനോട് അടുക്കുന്നു. മൂവായിരത്തിലേറെ പേർ മരണത്തോട് മല്ലടിക്കുന്നു. ഇങ്ങനെ ഒരു ജൈവയുദ്ധം ശരിക്കുമുണ്ടോ?

കഴിഞ്ഞ നൂറ്റാണ്ടിൽ 500 ദശലക്ഷത്തിലധികം ആളുകൾ പകർച്ചവ്യാധികൾ മൂലം മരിച്ചു. രണ്ടാം ലോകമഹായുദ്ധസമയത്ത് ചൈനയ്ക്കെതിരായ ആക്രമണത്തിനിടെ ജപ്പാനീസ് രോഗകാരികളോ വിഷവസ്തുക്കളോ മനപൂർവ്വം പുറത്തുവിട്ടതാണ് ഈ പതിനായിരക്കണക്കിന് മരണങ്ങൾക്ക് കാരണം. രണ്ട് അന്താരാഷ്ട്ര ഉടമ്പടികൾ മൂലം 1925 ലും 1972 ലും ജൈവ ആയുധങ്ങൾ നിരോധിച്ചുവെങ്കിലും അതു ഫലം കണ്ടില്ലെന്ന് ഇപ്പോഴത്തെ കൊറോണ വൈറസും പറയുന്നു. ആക്രമണാത്മക ആയുധ ഗവേഷണം നടത്തുന്നതിൽ നിന്നും വലിയ തോതിലുള്ള ജൈവ ആയുധങ്ങൾ ഉൽപാദിപ്പിക്കുന്നതിൽ നിന്നും രാജ്യങ്ങളെ തടയുന്നതിൽ ഈ ഉടമ്പടികൾ പരാജയപ്പെട്ടു. രോഗകാരികളായ വൈറസുകൾ, ബാക്ടീരിയകൾ, വിഷവസ്തുക്കൾ എന്നിവയെക്കുറിച്ചുള്ള നമ്മുടെ അറിവ് വർദ്ധിക്കുന്നതിനനുസരിച്ച്, ഇതെല്ലാം ജൈവ യുദ്ധത്തിന് വിനാശകരമായി മാറുമെന്നത് ഭയപ്പെടുത്തുന്നു. രണ്ടാം ലോകമഹായുദ്ധസമയത്ത്, കോളറ, ടൈഫോയിഡ് എന്നിവ പടരുന്നതിനെക്കുറിച്ച് പഠിക്കാൻ എന്ന വ്യാജേന ജാപ്പനീസ് സൈന്യം ചൈനീസ് ഗ്രാമങ്ങളിലെ ആയിരത്തിലധികം കിണറുകളിൽ വിഷം കലർത്തി. ഇത് വലിയൊരു പ്രശ്നമായി അന്ന് ഉയർന്നു വന്നുവെങ്കിലും യുദ്ധത്തിന്റെ പാരമ്യതയിൽ അത് ചർച്ചയ്ക്കു പോലും വന്നില്ലെന്നതാണ് യാഥാർത്ഥ്യം.

നാഗരികതയുടെ ആരംഭം മുതൽ മനുഷ്യൻ കൊലപാതക ആവശ്യങ്ങൾക്കായി വിഷം ഉപയോഗിച്ചു. വ്യക്തിഗത ശത്രുക്കൾക്കെതിരെ മാത്രമല്ല, ഇടയ്ക്കിടെ സൈന്യങ്ങൾക്കെതിരെയും പ്രയോഗിച്ചു. എന്നിരുന്നാലും, ലൂയി പാസ്ചർ, റോബർട്ട് കോച്ച് എന്നിവരുടെ മൈക്രോബയോളജിയുടെ അടിസ്ഥാനം ജൈവ ആയുധങ്ങളിൽ താൽപ്പര്യമുള്ളവർക്ക് പുതിയ സാധ്യതകൾ വാഗ്ദാനം ചെയ്തതോടെ ലോകം ഇതിന്റെ അപകടം മണത്തു. ഈ അപകടങ്ങൾ പെട്ടെന്നുതന്നെ തിരിച്ചറിഞ്ഞു, അതിന്റെ ഫലമായി രണ്ട് അന്താരാഷ്ട്ര പ്രഖ്യാപനങ്ങൾ 1874ൽ ബ്രസ്സൽസിലും 1899ൽ ഹേഗിലും വിഷം കലർന്ന ആയുധങ്ങൾ ഉപയോഗിക്കുന്നത് നിരോധിച്ചു. എന്നിരുന്നാലും, ഇവയും പിന്നീടുള്ള ഉടമ്പടികളും എല്ലാം നല്ല വിശ്വാസത്തോടെയാണ് ഉണ്ടാക്കിയതെങ്കിലും അവയിൽ നിയന്ത്രണ മാർഗ്ഗങ്ങളൊന്നും അടങ്ങിയിരുന്നില്ല. അതിനാൽ താൽപ്പര്യമുള്ള കക്ഷികൾ ജൈവ ആയുധങ്ങൾ വികസിപ്പിക്കുന്നതിലും ഉപയോഗിക്കുന്നതിലും തടയുന്നതിൽ പരാജയപ്പെട്ടു. ഒന്നാം ലോകമഹായുദ്ധസമയത്ത് ജൈവശാസ്ത്രപരവും രാസപരവുമായ വൻതോതിലുള്ള ആയുധങ്ങൾ ജർമ്മൻ സൈന്യം ഉപയോഗിച്ചു. ജൈവ ആയുധങ്ങളു



മായുള്ള ആക്രമണം ചെറിയ തോതിലായിരുന്നു. ആന്ത്രാക്സും ഗ്രന്ഥികളെ ബാധിക്കുന്നതുമായ വൈറസുകളെ കടത്തിവിട്ടുള്ള പകർച്ചവ്യാധി പടർത്താനായിരുന്നു ജർമ്മനിയുടെ നീക്കം.

കഴിഞ്ഞ സഹസ്രാബ്ദത്തിൽ ജീവശാസ്ത്രപരമായ യുദ്ധത്തിന്റെ ഉദാഹരണങ്ങൾ ഇപ്പോൾ പരിശോധിച്ചാൽ ഞടുങ്ങി പോകും. കൊറോണയുടെ എഴുന്നള്ളത്തൊക്കെ എത്ര നിസാരമെന്നു തോന്നുന്ന നീക്കങ്ങൾ മാനവരാശിയുടെ ചരിത്രത്തിൽ ദർശിക്കാം. 1155-ൽ ചക്രവർത്തി ബാർബറോസ കിണറുകളിൽ വിഷം കലർത്തി. ഇറ്റലിയിലെ ടോർട്ടോണയിലായിരുന്നു സംഭവം. ക്രിമിയൻ പെനിൻസുലയിലെ നഗരമതിലുകൾക്ക് മുകളിലൂടെ 1346-ൽ മംഗോളിയൻ പ്ലേഗ് ബാധിതരുടെ മൃതദേഹങ്ങൾ വിതറിയതായി കേട്ടിട്ടുണ്ട്. അതിനേക്കാൾ ക്രൂരമായ സംഭവമുണ്ടായത്, 1495-ലാണ്. കുഷ്ഠരോഗികളുടെ രക്തം വീഞ്ഞിൽ കലർത്തിയ സ്പെയ്ൻ അവരുടെ ഫ്രഞ്ച് ശത്രുക്കളായ ഇറ്റലിയിലെ നേപ്പിൾസിന് വിറ്റു. 1650-ൽ പോളിഷ് സേന പേവിഷമേറ്റ ക്രൂര നായ്ക്കളുടെ ഉമിനീരെടുത്തു ശത്രുക്കളിൽ പടർത്തിയത്രേ. 1763-ൽ വസൂരി രോഗികൾ ഉപയോഗിച്ച പുതപ്പ് ബ്രിട്ടീഷുകാർ അമേരിക്കക്കാർക്ക് പുതപ്പ് വിതരണം ചെയ്തു. 1797-ൽ രാജ്യത്തിന്റെ വ്യാപനം വർദ്ധിപ്പിക്കുന്നതിനായി നെപ്പോളിയൻ ഇറ്റലിയിലെ മാന്റുവയ്ക്ക് ചുറ്റുമുള്ള സമതലങ്ങളിൽ വെള്ളപ്പൊക്കമുണ്ടാക്കി. 1863-ൽ കോൺഫെഡറേറ്റുകൾ മഞ്ഞപ്പിത്തം, വസൂരി രോഗികളിൽ നിന്നുള്ള വസ്ത്രങ്ങൾ അമേരിക്കയിലെ യൂണിയൻ സൈനികർക്ക് വിൽക്കുന്നു

ഈ ആക്രമണങ്ങളിൽ ഏതെങ്കിലും രോഗം പടരാൻ കാരണമായോ എന്ന് വ്യക്തമല്ല. കഫയിൽ, പ്രതിസന്ധിയിലായ നഗരത്തിലെ ശുചിത്വമില്ലാത്ത അവസ്ഥ കാരണം പ്ലേഗ് സ്വാഭാവികമായും പടർന്നിരിക്കാം. അതുപോലെ, ഇന്ത്യക്കാർക്കിടയിലെ വസൂരി പകർച്ചവ്യാധി കുടിയേറ്റക്കാരുമായുള്ള സമ്പർക്കം മൂലമാകാം. കൂടാതെ, മഞ്ഞപ്പിത്തം പടർത്തുന്നത് കൊതുകുകൾ മാത്രമാണ്. തെക്കേ അമേരിക്ക പിടിച്ചടക്കിയപ്പോൾ സ്പാനിഷുകാർ വസൂരി ആയുധമായി ഉപയോഗിച്ചിരിക്കാം. എന്നിരുന്നാലും, സ്വദേശികളായ അമേരിക്കക്കാർക്കിടയിൽ മനപൂർവ്വം രോഗങ്ങൾ പടർന്നത് കൊളംബസിനു മുൻപുള്ള ജനസംഖ്യയുടെ 90% പേരിൽ കുറവുണ്ടാക്കിയെന്നു കണ്ടെത്തിയിട്ടുണ്ട്.

ജൈവ ആയുധങ്ങളെക്കുറിച്ചുള്ള നിലവിലെ ചർച്ച തീർച്ചയായും അവബോധം വളർത്തുന്നതിലും ആക്രമണത്തെ നേരിടാനുള്ള തയ്യാറെടുപ്പ് വർദ്ധിപ്പിക്കുന്നതിലും പ്രധാനമാണ്. എന്നിരുന്നാലും, ജൈവ ആക്രമണത്തിന്റെ ഊഹങ്ങളെ, പ്രതിവർഷം തടയാൻ കഴിയുന്ന അണുബാധകളിൽ നിന്ന് ഇപ്പോഴും മരിക്കുന്ന ദശലക്ഷക്കണക്കിന് ആളുകളുടെ ഭീകരമായ യാഥാർത്ഥ്യവുമായി താരതമ്യപ്പെടുത്തുമ്പോൾ, ഒരു സാങ്കൽപ്പികം മാത്രമാകാം.

ഇറാഖ് ജൈവ ആയുധങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട് എന്ന വിവരമായിരുന്നു അവസാനമായി ഭയപ്പെടുത്തിയത്. ഇപ്പോൾ കൊറോണയിൽ എത്തുമ്പോൾ ഇതിൽ യാഥാർത്ഥ്യമുണ്ടോയെന്നു സംശയമുണ്ട്. ജൈവ ആക്രമണത്തെ വിവരിക്കുന്ന ഏറ്റവും കൂടുതൽ വിറ്റുപോകുന്ന നോവലുകൾ, സെപ്റ്റംബർ 11 ന് നടന്ന ഭീകരാക്രമണത്തിന് ശേഷമുള്ള ആന്ത്രാക്സ് കത്തുകൾ എന്നിവ ഉൾപ്പെടെ നിരവധി ഘടകങ്ങൾ കാരണം ജൈവ യുദ്ധത്തിലും ഭീകരതയിലും ലോകം ഉറ്റു നോക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ചരിത്രം പറയുന്നതുപോലെ, വൻതോതിലുള്ള നാശത്തിന്റെ ആയുധങ്ങൾ വികസിപ്പിക്കാൻ കഴിവുള്ള ഒരു രാജ്യവും അങ്ങനെ ചെയ്യുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നില്ല. ഫലപ്രദമായ പരിശോധനാ നടപടിക്രമം നിലവിലില്ലെങ്കിൽ അന്താരാഷ്ട്ര ഉടമ്പടികൾ അടിസ്ഥാനപരമായി ഉപയോഗശൂന്യമാണെന്ന് സോവിയറ്റ് പദ്ധതി കാണിക്കുന്നു. നിർഭാഗ്യവശാൽ, രോഗകാരികൾക്കെതിരായ മരുന്നുകളും വാക്സിനുകളും വികസിപ്പിക്കുന്നതിന് ആവശ്യമായ അതേ അറിവ് ജൈവ ആയുധങ്ങളുടെ വികസനത്തിനായി ദുരുപയോഗം ചെയ്യാനുള്ള സാധ്യതയുണ്ട്. അതിനാൽ, ഹാനികരമായ രോഗകാരികളെക്കുറിച്ചുള്ള വിവരങ്ങൾ പരസ്യമാക്കരുതെന്നും പകരം 'ഉചിതമായ പ്രതിനിധികളുടെ' കൈകളിൽ വയ്ക്കണമെന്നും അഭിപ്രായപ്പെടുന്നു.

ശാസ്ത്രജ്ഞർക്കും രാഷ്ട്രീയക്കാർക്കും താൽപ്പര്യമുള്ള നടപടികൾ ആവിഷ്കരിക്കാനും ആവശ്യമായ എല്ലാ വിവരങ്ങളും നൽകുന്നതിന് ജൈവ ആയുധങ്ങളുടെ വികാസത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകാനും ഐക്യരാഷ്ട്രസഭ തന്നെ രംഗത്തു വരേണ്ടിയിരിക്കുന്നു. കൊറോണയെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ പരക്കുമ്പോഴും ഇത്തരമൊരു നീക്കമാണ് ഉണ്ടാവേണ്ടത്.

# ശബരിമല കേസിൽ സുപ്രീംകോടതി: 10 ദിവസം മാത്രം വാദം

ന്യൂഡൽഹി: ശബരിമല യുവതീപ്രവേശമുൾപ്പെടെ, മതങ്ങളും സ്ത്രീകളുടെ അവകാശങ്ങളും സംബന്ധിച്ച് ഒൻപതംഗ ഭരണഘടനാ ബെഞ്ച് മുൻപാകെ 10 ദിവസത്തെ വാദം മതിയെന്ന് ചീഫ് ജസ്റ്റിസ് എസ്.എ. ബോബ്ഡെ അദ്ധ്യക്ഷനായ സുപ്രീംകോടതി ബെഞ്ച് വ്യക്തമാക്കി.

ബെഞ്ച് പരിഗണിക്കേണ്ട പ്രശ്നങ്ങളെക്കുറിച്ച് അഭിഭാഷകർക്ക് അഭിപ്രായ ഐക്യം സാധ്യമായില്ലെന്ന് സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ അറിയിച്ചു.

കോടതിയുടെ നിർദേശാനുസരണം കഴിഞ്ഞ 17ന് അഭിഭാഷകർ യോഗം ചേർന്ന് നിർദേശങ്ങൾ ചർച്ച ചെയ്തിരുന്നു. വി. ഗിരി ഇവ ക്രോഡീകരിച്ചു. ഈ പട്ടിക തുഷാർ മേത്ത കോടതിക്കു കൈമാറി. പരിഗണിക്കേണ്ട വിഷയങ്ങൾക്ക് കോടതി തന്നെ അന്തിമ രൂപം നൽകണമെന്ന് മേത്ത പറഞ്ഞു. ആവശ്യം പരിഗണിക്കുമെന്ന് ജഡ്ജിമാരായ ബി.ആർ. ഗവായ്, സൂര്യ കാന്ത് എന്നിവരുൾപ്പെട്ട ബെഞ്ച് പറഞ്ഞു.

അടുത്തമാസം 3 മുതൽ 6 വരെയുള്ള കാലയളവിൽ 23 ദിവസം വാദം വേണമെന്നാണ് അഭിഭാഷക യോഗത്തിലുണ്ടായ ധാരണ. മതങ്ങളും സ്ത്രീകളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട പൊതു സ്വഭാവമുള്ള ചോദ്യങ്ങളാണ് കോടതി മുൻപാകെയുള്ളത്.

നിലവിലെ കേസുകളിലെ കക്ഷികളുടെ അഭിഭാഷകർക്ക് പുറമേ, മറ്റു ചില സീനിയർ അഭിഭാഷകരും നിലപാടു പറയാൻ താൽപര്യമറിയിച്ചിട്ടുണ്ട്. അതിനാൽ, 10 ദിവസംകൊണ്ട് വാദം പൂർത്തിയാക്കാനാവില്ലെന്നാണ് അഭിഭാഷകരുടെ നിലപാട്.

ശബരിമല യുവതീപ്രവേശം മാത്രമല്ല, ഇതര മതസ്ഥനെ വിവാഹം ചെയ്യുന്ന പാർസി സ്ത്രീയുടെ ആരാധനാ അവകാശം, ദാവൂദി ബോറ വിഭാഗക്കാർ പെൺകുട്ടികളുടെ ജനനേന്ദ്രിയത്തിൽ മാറ്റം വരുത്തുന്ന രീതി, മസ്ജിദുകളിലെ സ്ത്രീ പ്രവേശം എന്നിവ സംബന്ധിച്ച കേസുകളിലെ നിയമപ്രശ്നങ്ങളും 9 അംഗ ബെഞ്ച് പരിശോധിക്കും. അതിനാൽതന്നെ, അഭിഭാഷകരുടെ യോഗത്തിലുണ്ടായ മിക്ക നിർദേശങ്ങളും പൊതു സ്വഭാവമുള്ളവയാണ്.



# ലാനയുടെ നവനേതൃത്വം ചുമതലയേറ്റു

പി.ഡി. ജോർജ് നടവയൽ



ഡാളസ്: ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്കാ (ലാന) നവനേതൃത്വം ചുമതലയേറ്റു. 2020 -2021 വർഷങ്ങളിലേക്കാണ് ചുമതല. ജനുവരി 18ന് ഡാളസിലെ സാബൂസ് റെസ്റ്റോറന്റ് ബാങ്ക്വറ്റ് ഹാളിൽ പ്രവർത്തനോദ്ഘാടനം നടന്നു. അഡ്വൈസറി ബോർഡ് അംഗവും മുൻ പ്രസിഡണ്ടുമായ ജോസ് ഓച്ചാലിൽ അദ്ധ്യക്ഷനായിരുന്നു. ലാനയുടെ സ്ഥാപകപ്രസിഡണ്ടും പ്രശസ്ത സാഹിത്യകാരനുമായ ഡോ. എം.എസ്.ടി. നമ്പൂതിരി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഭാരവാഹികളെ പ്രതിനിധീകരിച്ച് ലാനാ പ്രസിഡണ്ട് ജോസെൻ ജോർജ് രേഖകൾ സ്വീകരിച്ചു. എഴുത്തുകാരി ജെയിൻ ജോസഫ് സ്വാഗതം ആശംസിച്ചു. ലാനാ ടെക്സസ് ഏരിയാ കോ-ഓർഡിനേറ്റർ ഹരിദാസ് തങ്കപ്പൻ നന്ദി പ്രകാശിപ്പിച്ചു.

1997-ൽ ലാന രൂപം കൊണ്ടതു മുതലുള്ള 22 വർഷങ്ങളിലെ പ്രവർത്തന മികവുകൾ എം.എസ്.ടി നമ്പൂതിരി വിലയിരുത്തി പ്രസംഗിച്ചു. പ്രശസ്ത നോവലിസ്റ്റും ലാനാ സ്ഥാപകപ്രമുഖനും മുൻ പ്രസിഡണ്ടുമായ ഏബ്രഹാം തെക്കേമുറി ഭാവുകപ്രസംഗം നിർവഹിച്ചു. ഭരണസമിതി അംഗങ്ങളായ ജെയിൻ ജോസഫ് ഓസ്റ്റിൻ (വൈസ് പ്രസിഡണ്ട്), അനിൽ ശ്രീനിവാസൻ-ചിക്കാഗോ (സെക്രട്ടറി), ജോർജ് നടവയൽ-ഫിലാഡൽഫിയ (ജോ. സെക്രട്ടറി), കെ.കെ. ജോൺസൺ-ന്യൂയോർക്ക് (ട്രഷറർ) എന്നിവർക്കും എല്ലാ ലാനാ അംഗങ്ങൾക്കും ഒപ്പം ചേർന്ന് കൂട്ടായ പ്രവർത്തനങ്ങളിലൂടെയും സാഹിത്യ സൗഹൃദ ചർച്ചകളിലൂടെയും സാഹിത്യസമ്മേളനങ്ങളിലൂടെയും രചനാ പ്രോത്സാഹനങ്ങളിലൂടെയും മലയാള സാഹിത്യത്തിന് അമേരിക്കയിൽ നിന്ന് മൂല്യവത്തായ സംഭാവനകൾ നല്കുവാൻ പുതുഭരണസമിതി എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുമെന്ന് മറുപടിപ്രസംഗത്തിൽ പ്രസിഡണ്ട് ജോസെൻ ജോർജ് വ്യക്തമാക്കി. പ്രവർത്തന പദ്ധതികളുടെ മാതൃകാരൂപം അവതരിപ്പിച്ചു. ഫോമാ നാഷണൽ പ്രസിഡണ്ട് ഫിലിപ്പ് ചാമത്തിൽ, ടി.എസ്. ചാക്കോ (പ്രസ്ക്ലബ് ഡാളസ്), ഫിലിപ് തോമസ് (ഡാളസ് സൗഹൃദവേദി), ഷിജു ഏബ്രഹാം (റാന്നി അസോസിയേഷൻ), സോണി ജേക്കബ് (തിരുവല്ലാ അസോസിയേഷൻ), ഇന്ദു മനയത്ത് (മലയാളി മങ്ക 2019) എന്നിവർ ആശംസകളറിയിച്ചു. ലാനയുടെ വളർച്ചാ കാര്യങ്ങളിലും സാഹിത്യ പ്രവർത്തനങ്ങളിലും അർപ്പിച്ച മികച്ച സംഭാവനകളെ ആദരിച്ച് ലാനയുടെ ഉന്നത ബഹുമതിയായ 'അക്ഷര നക്ഷത്രം' അവാർഡുകൾ ഡോ. എം.എസ്.ടി നമ്പൂതിരി, ഏബ്രഹാം തെക്കേമുറി, ജോസ് ഓച്ചാലിൽ എന്നീ ഗുരുസ്ഥാനീയർക്ക് സമ്മാനിച്ചു.

ഡാളസ് മെലഡിയുടെ ശ്രുതിസാന്ദ്രമായ സംഗീതമേളം സമ്മേളനത്തെ ഊർജ്ജസ്വലമാക്കി. ഹരിദാസ് തങ്കപ്പൻ, ഐറിൻ കല്ലൂർ, ദീപാ ഫ്രാൻസിസ്, ജെയ്സൺ, ഫ്രാൻസിസ് തോട്ടം, ഷാജു ജോൺ എന്നീ ഗായകർ ഡാളസ് മെലഡിയിൽ ഗാനകല്ലോലിനികളായി. 'സഖാവ്' എന്ന കവിത അനശ്വർ മാമ്പള്ളിൽ ആലപിച്ചു.

# സിങ് ഹല്ലേലുയ്യ പ്രോഗ്രാം ഏപ്രിൽ നാലിന്

ജിനേഷ് തമ്പി

ന്യൂജേഴ്സി: പ്രശസ്ത സാധക സ്കൂൾ ഓഫ് മ്യൂസിക്കിന്റെ ഭാഗമായ സാധന മ്യൂസിക് ബാൻഡ് അവതരിപ്പിക്കുന്ന സംഗീതസായാഹ്ന പരിപാടി സിങ് ഹല്ലേലൂയ്യ 2020 ഏപ്രിൽ നാലിന് ശനിയാഴ്ച വൈകുന്നേരം അഞ്ചിന് റോക്‌ലാൻഡ് കൗണ്ടിയിലുള്ള എബനേസർ ഫുൾ ഗോസ്പൽ അസംബ്ലി ചർച്ച് ഓഡിറ്റോറിയത്തിൽ അരങ്ങേറും. ലൈവ് ഓർക്കസ്ട്രയുടെ അകമ്പടിയോടു കൂടി സാധക ഡയറക്ടർ കെ.ഐ അലക്സാണ്ടർ നയിക്കുന്ന ഈ ക്രിസ്ത്യൻ സംഗീതസായാഹ്ന നിശയിൽ സാധകയുടെ ഭാവി വാഗ്ദാനങ്ങളായ കുരുന്നു പ്രതിഭകളും മറ്റു ക്വയർ ഗ്രൂപ്പുകളും ശ്രുതിമധുരമായ ക്രിസ്ത്യൻ ഭക്തിഗാനാലാപനങ്ങൾക്ക് നേതൃത്വം കൊടുക്കും.

ജനശ്രദ്ധയാകർഷിച്ച നിരവധി സംഗീത ആൽബങ്ങളും സ്റ്റേജ് പ്രോഗ്രാമുകളും അവതരിപ്പിച്ചിട്ടുള്ള സാധകയുടെ ഡയറക്ടർ കെ.ഐ അലക്സാണ്ടർ ചുരുങ്ങിയ കാലയളവിനുള്ളിൽതന്നെ തനതായ ശൈലിയിലൂടെ സംഗീതാസ്വാദകരുടെ മനസ്സിൽ ഇടംതേടിയ ഗായികപ്രതിഭയാണ്. മലയാള സിനിമാ പിന്നണിഗാന രംഗത്തും തന്റെ സാന്നിദ്ധ്യമറിയിക്കാൻ ഒരുങ്ങുകയാണ് ഈ അനുഗൃഹീത കലാകാരൻ.

കിഡ്നി സംബന്ധമായ രോഗബാധിതരെയും ഡയാലിസിസ് രോഗികളേയും സഹായിക്കുന്നതിനുള്ള ജീവകാരുണ്യ പ്രവർത്തനത്തിന് ലക്ഷ്യമിട്ടാണ് സാധക മ്യൂസിക് ബാൻഡ് ഈ പ്രോഗ്രാം അവതരിപ്പിക്കുന്നത്. സാധകയുടെ അഭ്യുദയകാംക്ഷിയായ റവ. ഫാ. ഡേവിസ് ചിറമേൽ വിഭാവനം ചെയ്ത കാരുണ്യസ്പർശം എന്ന പദ്ധതിയുടെ ഭാഗഭാക്കാകുവാൻ കൂടിയാണ് ഈ പരിപാടി.



ജെ. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ വെസ്റ്റ് ചെസ്റ്ററിലുള്ള ആർസലിൽ സംഘടിപ്പിച്ച പ്രവർത്തനോദ്ഘാടന യോഗത്തിൽ റവ.ഫാ. വർഗീസ് ഈശോ മാത്യു, ജോൺ മാത്യു (റോക്‌ലാൻഡ്), ഷിബു വർഗീസ് (ന്യൂജേഴ്സി), ജോർജ് സാമുവേൽ (ന്യൂജേഴ്സി), ഗുരുകുലം മലയാളം സ്കൂളിൽ നിന്നും പുരുഷോത്തമൻ പണിക്കർ, ഫിലിപ്പ് വേമ്പനിൽ, സോണിയ തോമസ് എന്നിവരോടൊപ്പം റിച്ചി ഉമ്മൻ, മാർട്ടിൻ വർഗീസ് തുടങ്ങിയവർ പങ്കെടുത്തു. ഈ യോഗത്തിൽ സിങ് ഹല്ലേലൂയ്യ 2020 പരിപാടിയുടെ വിജയത്തിനായുള്ള പ്രായോഗിക നിർദ്ദേശങ്ങൾ വിലയിരുത്തുകയും പരിപാടിയുടെ വിജയത്തിനായി ഉദാരമനസ്കരിൽ നിന്നും സഹായഹസ്തങ്ങൾ അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചു. തങ്ങളുടെ എട്ടു വർഷത്തെ ജൈത്രയാത്രയിൽ സാധക ആദരിച്ച പ്രമുഖരിൽ പണ്ഡിറ്റ് രമേശ് നാരായൺ, പി. ഉണ്ണിക്കൃഷ്ണൻ, പ്രശസ്ത പിന്നണിഗായകരായ മധുശ്രീ നാരായൺ, കെ.എസ്. ഹരിശങ്കർ എന്നിവർ ഉൾപ്പെടുന്നു.

ട്രൈസ്റ്റേറ്റ് മേഖലയിലെ ന്യൂജേഴ്സി, ന്യൂയോർക്ക്, പി.എ സ്റ്റേറ്റുകളിൽ നിരവധി സംഗീത ക്ലാസുകളും സ്റ്റേജ് പരിപാടികളും അവതരിപ്പിച്ചിട്ടുള്ള സാധകയ്ക്കു സുമനസ്സുകൾ നല്കിവരുന്ന എല്ലാ സഹായസഹകരണങ്ങൾക്കും നന്ദി പ്രകാശിപ്പിക്കുന്നതിനൊപ്പം സിങ് ഹല്ലേലൂയ്യ 2020 പ്രോഗ്രാം വിജയിപ്പിക്കുന്നതിനായി എല്ലാവരും മുന്നോട്ടു വരണമെന്നും സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: കെ.ഐ അലക്സാണ്ടർ 267 632 1557.

# ഏകദിന കോൺസുലർ ക്യാമ്പ്

കൊളറാഡോ: ഹൂസ്റ്റൺ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ ഫെബ്രുവരി 8ന് ശനിയാഴ്ച കൊളറാഡോയിൽ ഏകദിന കോൺസുലർ ക്യാമ്പ് സംഘടിപ്പിക്കുന്നു. കോമേഴ്സ് സിറ്റി, സിംഗ് സഭയിൽ രാവിലെ 10 മുതൽ 5 വരെയാണ് ക്യാമ്പ്. ഹൂസ്റ്റൺ കോൺസുലേറ്റും ഇന്ത്യൻ അസോസിയേഷനും ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കും.

ഒസിഐ കാർഡ്, വിസ, റിണൻസിയേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭിക്കുന്നതിനുള്ള പൂരിപ്പിച്ച അപേക്ഷകൾ ക്യാമ്പിൽ കൊണ്ടുവന്നാൽ ഉദ്യോഗസ്ഥർ പരിശോധിച്ച് ഹൂസ്റ്റൺ സി.കെ.ജി.എസ്സിന് അയച്ചുകൊടുക്കാവുന്നതാണ്. ഹൂസ്റ്റൺ കോൺസുലർ ജനറൽ ഓഫ് ഇന്ത്യ ക്യാമ്പിൽ പങ്കെടുക്കുന്നതിനാൽ സംശയങ്ങൾ ചോദിച്ച് പരിഹാരം കണ്ടെത്തുന്നതിനും അവസരം ലഭിക്കുമെന്ന് സംഘാടകർ അറിയിച്ചിട്ടുണ്ട്. 20555 E 120th Ave, Commerce City, CO 80022.

## നിഴലുകൾ

(21-ാം പേജിൽനിന്നും)

വിശദീകരിക്കണമെന്ന് വർക്കി പറഞ്ഞു. അതുകേട്ട് ഡോക്ടർ രംഗനാഥക്കുറുപ്പിനെ നോക്കി. അനുമതി നല്കുന്ന അർത്ഥത്തിൽ അയാൾ തലയാട്ടി. ഡാക്ടർ കരുതലോടെ വിവരിച്ചു:

"സംഭവദിവസം ഉച്ചകഴിഞ്ഞ് പോലീസിനൊപ്പം തറവാട്ടിലെത്തി. ഇൻസ്പെക്ടറുടെ നിർദ്ദേശമനുസരിച്ച് അവിടെയുള്ള സ്ത്രീകളെ പരിശോധിച്ചു മൊഴി രേഖപ്പെടുത്താൻ ആരംഭിച്ചു. തറവാട്ടമ്മയും വേലക്കാരിയും പൂർണ്ണമായി സഹകരിച്ചു. ഓരോരുത്തരെയും മുറിയിൽ വിളിച്ചിരുത്തിയിട്ടായിരുന്നു സംസാരം. എന്നാൽ, മകൾ അടുത്തു വരാൻ മടിച്ചു. മറ്റൊരു മുറിക്കുള്ളിലിരുന്നു. അതിന്റെ കാരണം അമ്മയോട് ചോദിച്ചു. മകൾക്ക് മാസമുറ വന്നെന്നും അതുകൊണ്ടാണ് മുന്നിൽ വരാത്തതെന്നും അമ്മ പറഞ്ഞു. അപ്പോൾ എനിക്ക് ജിജ്ഞാസ ഉണ്ടായി. മകളോട് സംസാരിക്കണമെന്നു പറഞ്ഞിട്ടും അവൾ വന്നില്ല. അക്കാര്യം ഞാൻ ഇൻസ്പെക്ടറെ അറിയിച്ചു. അയാൾ കക്ഷിയുടെ അച്ഛനുമായി സംസാരിച്ചു.

അച്ഛനും അമ്മയും നിർബന്ധിച്ചപ്പോൾ അവൾ വരാതയിൽ വന്നുനിന്നു. എങ്കിലും എന്റെ നിർദ്ദേശമനുസരിച്ച് രഹസ്യസംഭാഷണത്തിനു മുറിക്കുള്ളിലിരുന്നു. അവളുടെ മുഖം വിളറിയും ഭയപ്പെട്ടതു പോലെയുമിരുന്നു. മൂന്ന് ദിവസം മുമ്പ് മാസമുറ വന്നുവെന്നും അതുകൊണ്ട് മറ്റുള്ളവരുടെ മുമ്പിൽ പോകാറില്ലെന്നും അവൾ പറഞ്ഞു. അതു സത്യമോ കളവോയെന്നു തിട്ടം വരുത്തുവാൻ അവളുടെ അടിവസ്ത്രം അഴിച്ചുകാണിക്കണമെന്നു പറഞ്ഞപ്പോൾ അവൾ കോപിച്ചു. ഞാൻ നിർബന്ധിച്ചപ്പോൾ മുറിയിൽനിന്നും ഇറങ്ങിപ്പോകുവാൻ എന്നോട് പറഞ്ഞു.

അക്കാര്യവും ഞാൻ ഇൻസ്പെക്ടറോട് പറഞ്ഞു. യുവതി പ്രസവിച്ചുവെന്നും അത് മറച്ചുപിടിക്കാനാണ് ഞാൻ പറഞ്ഞത് അനുസരിക്കാഞ്ഞതെന്നും ഞാൻ സംശയിച്ചു."

(തുടരും)

## മലയാളികളുടെ സജീവസാന്നിദ്ധ്യം

(20-ാം പേജിൽനിന്നും)

നേതൃത്വത്തിൽ റവ.സിസ്റ്റർ ബനഡിക്ടാ, സൺഡേസ്കൂൾ അദ്ധ്യാപകർ, യുവജനങ്ങൾ എന്നിവരും ജീവൻരക്ഷാ മാർച്ചിൽ പങ്കുചേർന്നു. കൂടാതെ സമീപസംസ്ഥാനങ്ങളിലെ കത്തോലിക്കാ ദേവാലയങ്ങളിൽ നിന്നും ഇടവകജനങ്ങൾ ചാർട്ടർ ബസുകളിൽ എത്തി റാലിക്ക് അഭിവാദ്യമർപ്പിച്ചു. വാഷിങ്ടൺ, ബാൾട്ടിമോർ, റിച്ച്മോണ്ട് (വെർജീനിയ), സോമർസെറ്റ്, പാറ്റേഴ്സൺ (ന്യൂജേഴ്സി), ന്യൂയോർക്ക് എന്നിവിടങ്ങളിലെ കത്തോലിക്കാ ഇടവകകളും പ്രോലൈഫേഴ്സിനെ അയച്ചിരുന്നു.

കഴിഞ്ഞ 47 വർഷങ്ങളായി മാർച്ച് ഫോർ ലൈഫ് എന്ന പേരിലറിയപ്പെടുന്ന ജീവൻ സംരക്ഷണ റാലി സമാധാനപരമായി വാഷിങ്ടൺ ഡിസിയിൽ നടന്നുവരുന്നു. അമേരിക്കയുടെ നാനാഭാഗങ്ങളിൽ നിന്നുള്ള ലക്ഷക്കണക്കിന് പ്രോലൈഫ് പ്രവർത്തകരും വോളണ്ടിയർമാരും അനുഭാവികളും ജീവന്റെ സംരക്ഷണത്തിനുവേണ്ടി എല്ലാ വർഷവും ഒത്തുകൂടുന്നത് മഹത്തായ ഒരു ലക്ഷ്യത്തിനു വേണ്ടിയാണ്. ജീവന്റെ സംരക്ഷണത്തിനും കുടുംബമൂല്യങ്ങളുടെ പോഷണത്തിനും ഊന്നൽ നല്കി വാഷിങ്ടൺ ഡിസിയിൽ നടത്തപ്പെടുന്ന മാർച്ച് ഫോർ ലൈഫ് അമേരിക്കയിലെന്നല്ല, ലോകത്തിലെ തന്നെ ഏറ്റവും വലിയ പ്രോലൈഫ് റാലിയാണ്.

1973 ജനുവരി 22-ലെ യുഎസ് സുപ്രീംകോടതിയുടെ സുപ്രധാനമായ വിധിയിലൂടെ അമേരിക്കയിൽ ഗർഭച്ഛിദ്രം നിയമവിധേയമാക്കിയതിനെത്തുടർന്ന് അത് റദ്ദ് ചെയ്ത് ഗർഭസ്ഥശിശുവിനെ ഭ്രൂണാവസ്ഥയിൽ നശിപ്പിക്കുന്ന നടപടിക്ക് അറുതിവരുത്താൻ ജീവന് വിലകല്പിക്കുന്ന എല്ലാ മനുഷ്യസ്നേഹികളും വർണ്ണ, വർഗ, സ്ത്രീപുരുഷ ഭേദമന്യേ കൈകോർക്കുന്ന അമേരിക്കൻ ചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ മാർച്ചാണ് വാഷിങ്ടൺ ഡിസിയിൽ അരങ്ങേറിയത്. 1974 മുതൽ എല്ലാവർഷവും ജനുവരിമാസം 22-നോടടുത്തു വരുന്ന വീക്കെൻഡിൽ നടത്തപ്പെടുന്ന പ്രോലൈഫ് റാലി വാഷിങ്ടൺ കൂടാതെ മറ്റു പല അമേരിക്കൻ സിറ്റികളിലും അരങ്ങേറുന്നുണ്ട്.

ഗർഭസ്ഥ ശിശു മാതാവിന്റെ ഉദരത്തിൽ ജീവന്റെ തുടിപ്പുമായി കുതിക്കുന്നത് മുതൽ സ്വാഭാവികമായി ആ ജീവൻ നശിക്കുന്നതുവരെ മനുഷ്യജീവൻ വളരെ പരിപാവനവും വിലമതിക്കാനാവാത്തതുമാണെന്നും വളർച്ചയുടെ ഓരോ ഘട്ടത്തിലും അത് സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണെന്നും വിളിച്ചോതിക്കൊണ്ടായിരുന്നു പ്രോലൈഫ് പ്രവർത്തകരും അനുഭാവികളും സമാധാനപരമായി റാലിയിൽ പങ്കെടുത്തത്.

ചരിത്രപ്രസിദ്ധമായ മാർച്ച് ഫോർ ലൈഫ് റാലിയുടെ തുടക്കം നാഷണൽ ഷ്രൈൻ ഓഫ് ദി ഇമ്മാക്കുലേറ്റ് കൺസപ്ഷനിൽ നടന്ന ദിവ്യബലിയോടു കൂടിയായിരുന്നു. മാർച്ച് കോൺസ്റ്റിറ്റ്യൂഷൻ അവന്യൂവിൽ കൂടി സഞ്ചരിച്ച് സുപ്രീംകോടതി വളപ്പിൽ സമാപിച്ചു. പ്രോലൈഫ് മുദ്രാവാക്യങ്ങളും ബഹുവർണ്ണ പോസ്റ്ററുകളും ബാനറുകളും ഉച്ചഭാഷിണിയും പാട്ടും നടത്തവുമെല്ലാം മാർച്ചിനു കൊഴുപ്പേകിയതോടൊപ്പം ആവേശവും പകർന്നു.

തലേദിവസം ഉച്ചകഴിഞ്ഞ് രണ്ടു മുതൽ നാല് വരെ വാഷിങ്ടൺ ഡിസി റെനൈസൻസ് ഹോട്ടലിൽ നടന്ന യുവജന റാലിയിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വളരെയധികം യുവജനങ്ങൾ പങ്കെടുത്ത് പ്രോലൈഫ് റാലിക്ക് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. വൈസ് പ്രസിഡണ്ട് മൈക്ക് പെൻസിന്റെ പുത്രിയും ന്യൂയോർക്ക് ടൈംസ് ബെസ്റ്റ് സെല്ലിംഗ് ഗ്രന്ഥകർത്താവുമായ ഷാർലറ്റ് പെൻസ് മറ്റു പ്രഭാഷകർക്കൊപ്പം യുവജനറാലിയെ അഭിസംബോധന ചെയ്തു.

"ലൈഫ് എംപവ്വേഴ്സ്: പ്രോ-ലൈഫ് ഈസ് പ്രോ-വിമൻ" എന്നതായിരുന്നു ഈ വർഷത്തെ മാർച്ച് ഫോർ ലൈഫിന്റെ ആപ്തവാക്യം. ഗർഭത്തിൽ അകാലത്തിൽ നശിപ്പിക്കപ്പെടുന്ന പിഞ്ചുകുഞ്ഞുങ്ങൾക്ക് ജീവൻ കിട്ടിയിരുന്നെങ്കിൽ സമൂഹത്തിൽ അവർക്കും വ്യതിയാനങ്ങൾ വരുത്താൻ സാധിക്കും.

യുഎസിൽ മാത്രം ഓരോ വർഷവും പത്തു ലക്ഷത്തിലധികം കുഞ്ഞുങ്ങൾ നശിപ്പിക്കപ്പെടുന്നു. സ്വയം ശബ്ദിക്കാൻ സാധിക്കാത്ത ഇവർക്ക് മറ്റുള്ളവരോടൊപ്പം പുറംലോകം കാണുന്നതിനോ ജീവൻ നിലനിർത്തിക്കൊണ്ട് ലോകത്തെ മാറ്റിമറിക്കുന്നതിനോ ഉള്ള അവസരം നിഷേധിക്കപ്പെടുന്നു. ശബ്ദമില്ലാത്തവരുടെ ശബ്ദമായി പ്രോലൈഫ് പ്രവർത്തകർ നിസ്വാർത്ഥ സേവനം ചെയ്തുകൊണ്ടിരിക്കുന്നു വിവിധ സ്ഥലങ്ങളിലെ പ്രോലൈഫ് മിനിസ്ട്രികളിലൂടെ.

# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**
- Free Wi-Fi
- Plenty of parking.
- Beautician near by
- Mosquito proof house
- Currency exchange near by
- Cook available to cook with your choice
- Kottayam Railway Station & Town near by
- Excellent ayurvedic massage place near by
- All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# GREEN NESTLE HERITAGE HOME

Kannachamparambil, Kuruppanthara, Manjoor P.O, Kottayam 686 603

- For Vacation and Holiday rentals.
- Licensed Homestay, Safe and secured.
- 3 A/C rooms. Unique packages for 2-8 people very economical.
- Individual Room rental for families
- Fruits and vegetable Garden, nature's paradise.
- Feels like farm house with pets, animals, fish and birds.
- Free wifi- with High speed internet, CCTV camera, Police Clearance
- Gold classification - Tourism Department of Kerala.
- Cook available (optional)
- Full fledged kitchen with all facilities to cook yourself
- Caretaker to help you in as your needs, Transportation facilities to Pick up and Drop, HDTV





Contact -
+919497238215, +918078265859 (INDIA)
+16305976978, +12482502327 (USA)
greennestlehomes@gmail.com,
greennestlehomesusa@gmail.com
www.greennestlehomes.com

kovattutravels
kovattutravels@gmail.com
9544747146
9446209047
Office: 9744189382

# Kovattu
Tours & Travels



Tourist taxis - All Models and Sizes
For Booking In USA : 2679720705



MIDWEST WINDOWS & DOORS

# MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com



45% Off for Windows
40% Off for Doors and Siding

FREE ESTIMATE Please Contact
RAJU NADUVETTIL
CELL 773 474 9566
rajuabm@gmail.com

# ബ്രിട്ടൻ യൂറോപ്യൻ യൂണിയന്റെ പടിയിറങ്ങി

ലണ്ടൻ: യൂറോപ്യൻ യൂണിയനുമായുള്ള 47 വർഷത്തെ ബന്ധം ബ്രിട്ടൻ അവസാനിപ്പിച്ചു. പ്രാദേശിക സമയം ജനുവരി 31ന് രാത്രി പതിനൊന്നിനായിരുന്നു യൂറോപ്യൻ യൂണിയനുമായുള്ള ബന്ധം ബ്രിട്ടൻ ഔദ്യോഗികമായി അവസാനിപ്പിച്ചത്. പുതിയ തുടക്കമെന്നായിരുന്നു ബ്രെക്സിറ്റ് ദിവസത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറീസ് ജോൺസൺ വിശേഷിപ്പിച്ചത്. ബ്രിട്ടന്റെ പിൻവാങ്ങൽ ബില്ലി (ബ്രെക്സിറ്റ്)നു യൂറോപ്യൻ യൂണിയൻ (ഇയു) പാർലമെന്റ് ജനുവരി 29ന് പച്ചക്കൊടി കാട്ടിയിരുന്നു. 621 പ്രതിനിധികൾ ബ്രെക്സിറ്റിനെ അനുകൂലിച്ചു. 49 പേർ എതിർത്തു. 13 പേർ വിട്ടുനിന്നു.



മൂന്നരവർഷത്തെ രാഷ്ട്രീയ നാടകങ്ങൾക്കൊടുവിലാണ് ബ്രിട്ടന്റെ പടിയിറക്കം. 48നെതിരെ 53 ശതമാനം വോട്ടായിരുന്നു ബ്രെക്സിറ്റിന് ലഭിച്ചത്. 1973ലായിരുന്നു ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ ചേർന്നത്. ആദ്യമായാണ് ഒരു രാജ്യം ഇയു വിടുന്നത്. 28 അംഗങ്ങളാണ് ഇയുവിലുണ്ടായിരുന്നത്. ബ്രിട്ടന്റെ മടക്കത്തോടെ ഇത് 27 ആയി. അതേസമയം, സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് 11 മാസം ബ്രിട്ടൻ യൂറോപ്യൻ യൂണിയനിൽ നിൽക്കേണ്ടിവരും.

ബ്രിട്ടനിലെ വൻ നഗരങ്ങൾ യൂറോപ്യൻ യൂണിയനിൽ തുടരണമെന്നാവശ്യപ്പെട്ടപ്പോൾ ചെറുനഗരങ്ങൾ വിട്ടുപോകണമെന്ന് വോട്ട് ചെയ്തു. ഇംഗ്ലണ്ടും വെയിൽസും ബ്രെക്സിറ്റിന് അനുകൂലമായി നിലകൊണ്ടു. നോർത്തേൺ അയർലൻഡും സ്കോട്ട്ലൻഡും യൂറോപ്യൻ യൂണിയനിൽ തുടരണമെന്ന് നിലപാടെടുത്തു.

ഡേവിഡ് കാമറോൺ, തെരേസാ മേ എന്നീ പ്രധാനമന്ത്രിമാർക്ക് ബ്രെക്സിറ്റിൽ കൈപൊള്ളി സ്ഥാനമൊഴിയേണ്ടിവന്നു. തെരേസാ മേയ്ക്ക് പകരമെത്തിയ ബ്രെക്സിറ്റ് അനുകൂലിയായ ബോറീസ് ജോൺസൺ കരാറുമായി മുന്നോട്ടുപോയി. ഒടുവിൽ യാഥാർത്ഥ്യമായി.

## മഞ്ഞിനിക്കര പെരുന്നാൾ കൊടിയേറി

പത്തനംതിട്ട: മഞ്ഞിനിക്കര ദയറായിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ മാർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 88-ാം ദുഖ്റോന പെരുന്നാളിനു തുടക്കം. യൂഹാനോൻ മാർ മിലിത്തിയോസ് കൊടിയേറ്റി. മാത്യൂസ് മാർ തേവോദോസിയോസ്, ഗീവർഗീസ് മാർ അത്തനാസിയോസ് എന്നിവർ സഹകാർമികരായി. വൈകിട്ട് ഓമല്ലൂർ കുരിശിൻ തൊട്ടിയിൽ ഗീവർഗീസ് മാർ അത്തനാസിയോസ് പതാക ഉയർത്തി. ഇ.കെ. മാത്യൂസ് കോറെപ്പിസ്കോപ്പ, ഏബ്രഹാം തേക്കാട്ടിൽ കോറെപ്പിസ്കോപ്പ, ബർശീമോൻ റമ്പാൻ തുടങ്ങിയവർ സഹകാർമികരായി. തുടർന്ന് തീർത്ഥാടക സംഗമവും മൂന്നിന്മേൽ കുർബാനയും നടന്നു.

## മൗനം പാലിച്ച് കേന്ദ്ര ബജറ്റ്

(ഒന്നാം പേജിൽ നിന്നും)

മാർച്ച് 31ന് കേസ് തീർക്കുന്നവർക്കും ചെറിയ പിഴയടച്ച് ജൂൺ അവസാനംവരെ പദ്ധതി തുടരും. സാമ്പത്തിക നയ പരിഷ്കാരങ്ങൾക്കുള്ളതാണ് നരേന്ദ്രമോദി സർക്കാരിനു കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ വീണ്ടും ലഭിച്ച വൻ ഭൂരിപക്ഷമെന്നു ധനമന്ത്രി പറഞ്ഞു. പൊതുമേഖലാ ഓഹരി വിൽപന തുടരുന്നതിന്റെ ഭാഗമായി എൽഐസിയിലെ സർക്കാർ ഓഹരിയുടെ ഒരു ഭാഗം വിറ്റഴിക്കുമെന്നും ബജറ്റിൽ പ്രഖ്യാപിച്ചു. ഐഡിബിഐ ബാങ്കിലെ സർക്കാർ ഓഹരിയും വിൽക്കും. രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക പരിഷ്കാരവും ചരിത്രപരമായ നേട്ടവുമാണ് ജിഎസ്ടി. സമ്പദ് ഘടനയുടെ അടിത്തറ ശക്തമാണെന്നും പണപ്പെരുപ്പം നിയന്ത്രിച്ചുവെന്നും നിർമല അവകാശപ്പെട്ടു.

## ഇന്ത്യയിൽ നികുതി നൽകേണ്ട

(ഒന്നാം പേജിൽ നിന്നും)

മറ്റേതെങ്കിലും രാജ്യത്തു നികുതി നൽകാത്തവരെ ഇന്ത്യൻ പൗരന്മാരായി കണക്കാക്കുമെന്നാണ് പുതിയ നിർദേശം. ഇതു ദുരുപയോഗം തടയാനാണ്. ചിലർ ഇന്ത്യയിൽ നികുതി ഒഴിവാക്കാൻ നികുതി കുറഞ്ഞതോ നികുതിയില്ലാത്തതോ ആയ രാജ്യങ്ങളിൽ താമസിക്കുന്നു.

വിദേശരാജ്യങ്ങളിൽ തൊഴിലെടുക്കുന്ന ഇന്ത്യക്കാരെ നികുതി വലയിൽ ഉൾപ്പെടുത്താനല്ല പുതിയ വ്യവസ്ഥ. ഗൾഫ് രാജ്യങ്ങളിലുൾപ്പെടെ ജോലി ചെയ്യുന്നവർക്ക് അവിടെ നികുതി നൽകുന്നില്ലെങ്കിൽ ഇന്ത്യൻ നികുതി ഈടാക്കുമെന്നതു തെറ്റായ വ്യാഖ്യാനമാണ്.

പ്രവാസികൾക്ക് ഇന്ത്യയിലെ ബിസിനസിൽനിന്നും തൊഴിലിൽ നിന്നുമുള്ള വരുമാനത്തിനാണ് നികുതി ഈടാക്കുക.

## രണ്ടുപേർക്ക് കൊറോണ

(ഒന്നാം പേജിൽ നിന്നും)

സംസ്ഥാനത്തെ വിവിധ സ്വകാര്യ ആശുപത്രികളിൽ ഐസോലേഷനായി ക്രമീകരിച്ചിട്ടുള്ളത്. ആലപ്പുഴയിലും സ്വകാര്യ ആശുപത്രികളിൽ ഐസോലേഷൻ വാർഡുകൾ ക്രമീകരിക്കാൻ ആരോഗ്യമന്ത്രി നിർദേശം നൽകി.

വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ 124 പേരാണ് ആലപ്പുഴ ജില്ലയിൽ നിരീക്ഷണത്തിലുള്ളത്. സാധാരണ ഗതിയിൽ 14 ദിവസമാണ് ഇൻകുബേഷൻ പീരിഡ് എങ്കിലും രോഗത്തിന്റെ തീവ്രത പരിഗണിച്ച് 21 ദിവസമാക്കിയിട്ടുണ്ട്. മരണനിരക്ക് കുറവാണെങ്കിലും പകർച്ചാ സാധ്യത കൂടുതലുള്ള രോഗമെന്ന നിലയ്ക്കാണിത്. രണ്ടാമത്തെ കേസ് സ്ഥിരീകരിച്ചതോടെ കൺട്രോൾ റൂമുകൾ കൂടുതൽ സജീവമാക്കിയതായി മന്ത്രി പറഞ്ഞു.

## ജാമിയ മിലിയയിൽ വീണ്ടും വെടിവെപ്പ്

ന്യൂഡൽഹി: ഡൽഹി ജാമിയ മിലിയ സർവകലാശാല ഗെയ്റ്റിനു സമീപം വീണ്ടും വെടിവെപ്പ്. ഫെബ്രുവരി രണ്ടിനു രാത്രിയിലായിരുന്നു സംഭവം. പൗരത്വ നിയമ ഭേദഗതിക്കെതിരെ പ്രതിഷേധം നടത്തുന്നവർക്ക് നേരെ നാലു ദിവസത്തിനിടെ ഇത് മൂന്നാം തവണയാണ് വെടിവെപ്പുണ്ടാകുന്നത്. സ്കൂട്ടറിലെത്തിയ രണ്ടംഗ സംഘമാണ് വെടിയുതിർത്തതെന്ന് പ്രദേശവാസികൾ പറഞ്ഞു. ആർക്കും പരുക്കേറ്റതായി റിപ്പോർട്ടില്ല.

ജാമിയ മിലിയ സർവകലാശാലയുടെ അഞ്ചാം നമ്പർ ഗെയ്റ്റിനു സമീപമാണ് വെടിവെപ്പുണ്ടായത്. അക്രമികൾ ഓടി രക്ഷപ്പെട്ടതായും പ്രദേശവാസികൾ പറഞ്ഞു. അക്രമികളിൽ ഒരാൾ ചുവന്ന ജാക്കറ്റ് ധരിച്ചിരുന്നതായി ദൃക്സാക്ഷികൾ മൊഴി നൽകി. സ്കൂട്ടറിലാണ് ഇവർ എത്തിയത്. സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ച് അക്രമികളെ കണ്ടെത്താൻ ശ്രമിക്കുകയാണെന്ന് പോലീസ് പറഞ്ഞു.

വെടിവെപ്പിനെ തുടർന്ന് വിദ്യാർത്ഥികൾ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടുണ്ട്. രണ്ട് ദിവസം മുമ്പ് ജാമിയ വിദ്യാർത്ഥികൾ നടത്തിയ പ്രതിഷേധ പ്രകടനത്തിനിടെ പോലീസ് നോക്കിനിൽക്കെ നടത്തിയ വെടിവെപ്പിൽ ഒരു വിദ്യാർത്ഥിക്ക് പരുക്കേറ്റിരുന്നു. ഈയിടെ ഷഹീൻബാഗിലും വെടിവെപ്പുണ്ടായി. ഇയാളെ കോടതി രണ്ട് ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ഇയാൾക്ക് ഏതെങ്കിലും സംഘടനകളുമായി ബന്ധമുണ്ടോ എന്ന് അന്വേഷിക്കുമെന്ന് ഡിസിപി ചിന്മയ് ബിസ്വാൾ പറഞ്ഞു. ഷഹീൻ ബാഗിൽ സമരക്കാർ ഇരിക്കുന്ന സ്ഥലത്തിന് സമീപത്തായിരുന്നു ഫെബ്രുവരി 1ന് ശനിയാഴ്ച വൈകിട്ടോടെ വെടിവെപ്പുണ്ടായത്. പ്രതി ആകാശത്തേക്ക് വെടിവെക്കുകയാണ് ചെയ്തതെന്നും ആർക്കും പരുക്കില്ലെന്നും പോലീസ് വ്യക്തമാക്കിയിരുന്നു. ഇയാളുടെ തോക്കും പോലീസ് പിടിച്ചെടുത്തു.

## ശ്രീറാം വെങ്കിട്ടരാമനെതിരെ കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം: മാധ്യമപ്രവർത്തകൻ കെ.എം. ബഷീറിനെ വാഹനമിടിച്ചു കൊലപ്പെടുത്തിയെന്ന കേസിൽ ഐഎഎസ് ഉദ്യോഗസ്ഥൻ ശ്രീറാം വെങ്കിട്ടരാമനെ ഒന്നാം പ്രതിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. കാറിൽ ഒപ്പമുണ്ടായിരുന്ന സുഹൃത്ത് വഫാ ഫിറോസ് രണ്ടാം പ്രതിയാണ്. മദ്യലഹരിയിൽ അമിത വേഗത്തിൽ അലക്ഷ്യമായി വാഹനമോടിച്ചതാണ് അപകട കാരണമെന്നു ക്രൈംബ്രാഞ്ച് എസ്പി ഷാനവാസ് നൽകിയ കുറ്റപത്രത്തിൽ പറയുന്നു. കേസിൽ അന്വേഷണം പൂർത്തിയായി ഒരു മാസം കഴിഞ്ഞിട്ടും കുറ്റപത്രം സമർപ്പിക്കാതെ പോലീസ് ഒത്തുകളിക്കുന്നതായി ആരോപണമുയർന്നിരുന്നു. ശ്രീറാമിന്റെ സസ്പെൻഷൻ മൂന്ന് മാസത്തേക്ക് നീട്ടിയിരുന്നു. വഫ ഫിറോസ് നിരന്തരം ഗതാഗത നിയമം ലംഘിക്കുന്ന വ്യക്തിയാണെന്നും വേഗത്തിൽ വാഹനമോടിച്ചതിന് ഇവർക്കു നേരെത്തെ മോട്ടോർ വാഹനവകുപ്പ് പിഴ ഈടാക്കിയിട്ടുണ്ടെന്നും ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പറയുന്നു. അമിത വേഗത്തിൽ വാഹനമോടിക്കാൻ വഫ ശ്രീറാമിനെ പ്രേരിപ്പിച്ചതായും കുറ്റപത്രത്തിലുണ്ട്.

## ചൈനയിൽ മരണം 361

ബെയ്ജിങ്: കൊറോണാ വൈറസ് ബാധിച്ചു ചൈനയിൽ മരിച്ചവരുടെ എണ്ണം 361 ആയി. ഇതാദ്യമായി ചൈനയ്ക്കു പുറത്തും ഒരു മരണം റിപ്പോർട്ട് ചെയ്തു. ഫിലിപ്പീൻസിൽ മരിച്ചത് വുഹാനിൽ നിന്നെത്തിയ 44 വയസ്സുകാരനായ ചൈന സ്വദേശിയാണ്. 2590 പേർക്കുകൂടി കൊറോണാ സ്ഥിരീകരിച്ചതോടെ ചൈനയിൽ ഇതുവരെ രോഗം ബാധിച്ചവർ 14,380 ആയി. 2110 പേരുടെ നില ഗുരുതരമാണ്. രോഗം പൊട്ടിപ്പുറപ്പെട്ട ഹ്യുബെ പ്രവിശ്യ ഇപ്പോഴും ഒറ്റപ്പെട്ട നിലയിലാണ്. ഫെബ്രുവരി 13 വരെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

## വുഹാനിൽ നിന്ന് രണ്ടു വിമാനങ്ങളെത്തി

(ഒന്നാം പേജിൽ നിന്നും)

അടക്കമുള്ള 20 വിമാന ജോലിക്കാർക്കു പുറമെ വിദഗ്ധ ഡോക്ടർമാരുടെ സംഘം അടക്കമുള്ളവരുമായി ജനുവരി 31നാണ് ബോയിങ് 747 സ്പെഷൽ ഡബിൾ ഡക്കർ വിമാനം വുഹാനിലേക്ക് തിരിച്ചത്.

323 യാത്രക്കാരുമായി വുഹാനിൽ നിന്നുള്ള പ്രത്യേക വിമാനം ഫെബ്രുവരി 2ന് ത്തി. കേരളത്തിൽ നിന്നുള്ള 73 വിദ്യാർത്ഥികളാണ് രണ്ടാമത്തെ സംഘത്തിലുണ്ടായിരുന്നത്. മാലിദ്വീപിൽ നിന്നുള്ള ഏഴുപേരെയും ഈ വിമാനത്തിൽ ഡൽഹിയിലെത്തിച്ചിട്ടുണ്ട്. ഇവരെ മാനേസറിലും ഛവ്വലിലും തയാറാക്കിയ ഐസൊലേഷൻ ക്യാമ്പിലേക്ക് മാറ്റിയിട്ടുണ്ട്.

കൊറോണ വൈറസ് ബാധിച്ച് തൃശൂർ മെഡിക്കൽ കോളജിൽ ചികിത്സയിലുള്ള വിദ്യാർത്ഥിനിയുടെ സഹപാഠിക്കാണ് ഇപ്പോൾ രോഗം സംശയിക്കുന്നതെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ഡോ. ഹർഷ വർധൻ പറഞ്ഞു. ആദ്യം കൊറോണ സ്ഥിരീകരിച്ച വിദ്യാർത്ഥിയുമായി സമ്പർക്കം പുലർത്തിയിരുന്ന ആളുകൾ നിരീക്ഷണത്തിലാണ്. ചൈനയിൽ നിന്ന് എത്തുന്നവരെ മുൻകരുതൽ എന്ന നിലയിൽ കടുത്ത നിരീക്ഷണത്തിൽ പാർപ്പിച്ചുവരികയാണന്നും ഹർഷവർധൻ മാധ്യമങ്ങളോട് പറഞ്ഞു.


Mathew Kunjappy
Managing Broker
Emsons Realty LTD

BEST TIME TO BUY!!!
GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS
Holiday Inn Express
bp
IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA
The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.
For more details, please email or call!
Call: 1-630-935-4333 • Fax: 1-630-785-6605
Email: mk@emsonsrealty.com
IS 132 Summit Ave, Suite # 103, Oakbrook Terrace, IL 60181, USA
EMSONS REALTY

# SEEKING BRIDEGROOM

*Pentecostal, Malayali parents settled in USA inviting proposal for their daughter, 29 years, 5'1", born again, spirit filled, MD student in USA, expected to start residency during summer of this year. We are seeking a professionally qualified Christian man with a heart for mission work. Please respond with details and a recent photograph to **TLG7736@gmail.com**

*Pentecostal parents settled in U.S. seeking proposals for their daughter born and brought up in U.S., born again, baptized and spirit filled, board certified internal medicine doctor, currently doing fellowship in Geriatrics. She is 31/ 5"3 looking for a God fearing, compatible qualified boy from U.S.A. If interested please send recent photos with bio data to **mathewthomas0810@yahoo.com** or call **469-360-5735.**

*Pentecostal parents are prayerfully seeking a proposal for their daughter born in Kerala and brought up in Middle East and USA. She is 29, 5' 1", holds Doctors degree in Pharmacy and currently working as Pharmacy Manager In Kroger store, Michigan. She is born again, baptized, family-oriented, spiritual, loves the Lord. We are seeking proposals from the parents of Pentecostal, God-fearing who loves the Lord, educated, family-oriented and USA citizen or green card boys. Please contact with recent photos with full details. **Thomaskutty Mathai - Cell# 919-482-9788, tom966t@gmail.com**

**Pentecostal parents settled in USA inviting proposal for their daughter, 28 yrs 5"7, born again, baptized and completed medical school, currently doing second year residency. We are seeking born again, spiritual boys with similar educational background from USA. You may please contact with recent pictures to **sobha6588@yahoo.com**

*Orthodox parents invite proposals for our daughter. 27 years old. Born and brought up in the U.S.A. Who is a Family Nurse Practitioner working in Texas. We are very well established in the U.S.A and also outside of Kerala. Preferences will be given to boys who in the medical profession(Doctors NP, PA, Pharmacy etc) who are in Texas or willing to move to Texas. Boys with good character, good family background, non-smoker and non-drinker. From a well-established family with good educated family background. Orthodox, Catholic, Marthoma, Bretheran, CSI etc. Call **214-578-2235** leave message or email to **turnerj12000@yahoo.com**

*Knanaya Catholic parents settled in USA invite proposals for their daughter 37, widow, has a son. Interested Knanaya men or parents please contact **6305186001** or **jfmcd785@gmail.com**

*Pentecostal parents are prayerfully seeking a proposal for their daughter born and brought up in the US. She is 26, 5'1", holds BS degree in accounting and currently working as an accountant in a company. She is born again, baptized, family oriented, spiritual, loves the Lord and a worship leader. We are seeking proposals from the parents of Pentecostal, God fearing who loves the Lord, educated, family oriented and US born and brought up boys. Please contact with recent photos with full details. **shalomkbd2016@gmail.com.**

*Pentecostal parents settled in USA inviting proposal for their daughter, 28 yrs, 5'7" BSc Nurse, born again , spiritual, born and brought up in USA. We are seeking professionally qualified boys with good spiritual background. You may please contact with recent pictures and details to **vineyard525@gmail.com**

*Catholic parents settled in US inviting proposals for their daughter born and brought up in US (27 years,5'3") with a Masters Degree in Anesthesia from a prestigious University,currently working in a prestigious University Hospital in Missouri.We are seeking proposals from God fearing boys,preferably grow up in US. Please send with recent pictures and details to
**john.thomas2@duke.edu.**
Or call **336-693-9397**
or **crthomas913@gmail.com.**

*Pentecostal parents settled in North America invite proposal for their daughter, MBA; 33; 5'6" working in U.S. for a financial company. She is born again, baptized and spirit filled. Parents of professionally qualified boys and good spiritual background may please respond with details and picture to **scjoseph22@gmail.com** or call **905 793 5007.**

*Roman Catholic mother invites proposals for her daughter M.D. Working as Ob & Gyn Specialist in New York since 2012. She is born in July 1982, ht 5' 2", good looking with fair complexion, born in U.S and graduated from U.S. medical school. Seeking qualified christian professionals age 37-39yrs. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in US inviting proposal for their daughter, 27 yrs, 5'6", CPA, working in a major auditing firm. Born again, baptized, spiritual. Born and brought up in US, attractive. We are seeking professionally qualified Pentecostal boys. Please contact with recent pictures and detail to **wmathew1@comcast.net** or call Phone **206-234-5555**

*Kerala Pentecostal Parents invite proposal for their daughter (DOB:29/12/ 1992) (5'1") (BSc Nurse) Born again with good spirituAal values currently working in Kerala seeking proposal from professionally qualified, baptized, and spirit filled young men with similar Christian faith and values. Email:
**jaisonkvj@gmail.com.** Contact:
**+91 7025416048, +91 6282129858**

**Syrian Catholic parents settled in MI seeking groom for their God-fearing daughter who was born and raised in US. She is 25 years old (Dec 1993), 5'7" and currently completing MD degree at a top university. We are seeking God-fearing professionally qualified Catholic groom who is either born in the US or raised in the US since high school. Please contact with full details at: **mango4212@yahoo.com**

*Christian parents seeking groom for their, God-fearing, slim, fair and good-looking daughter (5.4 and 31) from Dallas, TX with a MPH degree and a nice job. She loves to travel and is a hard working individual. Seeking well-educated, true Christian boys who are either born in the US or raised in the US since high and preferably 5'7 and above. Interested please contact:
**blossom2029@gmail.com**

*Pentecostal parents currently settled in

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# SEEKING BRIDE

*Pentecostal family members are seeking a suitable life partner for our nephew (26 years old, 5'8") born in the U.S. Bachelor's in Business Management, MBA specialized in Aerospace Logistics. Working in the Tinker Airforce Base (civilian). Active in the church in the role of praise and worship leader, Sunday school teacher, and as evangelism director. We are seeking a born-again, spirit-filled girl, with some professional education (Knanaya background preferred). Please contact with details to **mtkuruvilla1@hotmail.com** or call **(405) 474-1222.**

*Syrian Christian Pentecostal parents invites proposal for their son 27, 179 cm, fair, B.Tech, working as instrumentation engineer in Kuwait, Baptized and spiritfilled. From parents of well educated girls with good spiritual life and family backgrounds. Phone USA **405 541 5567**, Kerala **9633170515**

*Pentecostal parents prayerfully seeking suitable life partner for their son (26, 5-11)born and brought up in the US, holds a degree in business administration and currently working for a reputable firm. We are seeking proposals from the parents of Pentecostal, Holy Spirit baptized US born girls with similar field of education, employed or unemployed. Please contact with full detailsto: **Eliazer2017@yahoo.com**

*Proposals are invited for a Knanaya Catholic groom, 39 years old, divorced, working in USA; from girls belonging to any mainstream Christian denominations. Please contact with details to: infomatrimonial **20@gmail.com** or call: (**803) 873-0395.**

**Christian/Catholic Malayalee parents settled in USA invite proposal for their son family-oriented, caring with moral/ spiritual value, good character, 34 years, 5'9", US-educated medical doctor MD. Proposal seeking from slim, fair, beautiful Christian/catholic girls with similar professions. please send emails with recent picture to
**mkurian101@gmail.com**

* Malayalee Pentecostal Parents settled in the USA invite marriage proposals for their son, born again, baptized, spirit filled, 5'10", 34 years old, spiritual, and family oriented IT professional working for a highly acclaimed IT firm in the USA, from parents of born again, baptized, spirit filled Pentecostal girls, with excellent spiritual and family values, preferably raised in the USA. Please reply with recent photos to
**onlyhisgrace79@gmail.com**

*Sister invites proposal for her born again brother, 26 years, fair in complexion, 5'9", studying MBA Pharmacy and completing in 2020. He is born and brought up in the US and from the Knanaya back-ground. Looking for God-fearing born again girl working or studying in the medical field preferably from the US or Canada. Phone # **847 337 0660.** Email: **Neethusz@gmail.com** or **ashzach84@gmail.com**

*Christian male, divorced, 44 yrs, well mannered, a graduate electrician with Saudi Arabian work experience currently in Kerala seeking Christian Malayalee bride (Single, widowed, divorced) from USA or Canada. Contact **(713) 505 4747** or email to: **priyajohn002@gmail.com.**

**Christian Malayalee parents settled in the USA invite proposal for their sons MD 41 & 42 years, 5'7" & 5'9". 1st son is ER doctor in California and 2nd son double board-certified MD V A Hospital. We are seeking God-fearing and professionally qualified, slim, fair and good looking girl. Please contact with recent picture and details to email: **j_indy21@hotmail.com**

*Roman Catholic parents well settled in USA invite Marriage Proposal for their only son 34 years 5'5" Fair Complex USA Educated Chemical Engineer with Master of Business Management. He is working in Chicago in a MN Chemical Company as Global Innovation manager. He has all The Best Qualities. Please send details with recent full size pictures to **stevarmaan@hotmail.com**

*Christian (Orthodox) malayalee parents settled in NY invite proposals for their son (31 years, 5'8") who is born and brought up in US, working as a pharmacist in NY. Proposals seeking from parents of family oriented and well educated christian girls from US, Canada and Middle East. Please send details with recent pictures to
**thomgpv@gmail.com** or call **(917) 689-3947.**

*Roman Catholic parents settled in Florida, USA invite proposal for their son, medical doctor, 36 years, 6'1" tall and handsome from parents of US settled girls with similar background. Please contact with recent photograph and details to **Kerala1999@hotmail.com**

*Christian parents settled in US invite proposals for their son, US born, Medical Doctor MD Cardiologist, 34 years, from parents of born again professional girls. Please contact
**Jubileeyear20@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## SEEKING BRIDEGROOM CONTD.....

Madhya Pradesh, India is inviting proposals for their daughter, brought up in Madhya Pradesh, India (27 Years, 4'11") with M.Com, MBA, working at a Multi National Corporation. She is born again, baptized, family oriented and committed for ministry. We are seeking proposals from God fearing boys who are US citizen or Green holder. Please contact with recent pictures and full details to: **tonygeorge316@sbcglobal.net** or Call at **815-723-0650**

**Pentecostal parents are prayerfully seeking a proposal for their daughter who was born and raised in the USA. She is 25 years old (October 1993), 5'4", and loves to travel. She is currently finishing up rotations for PA school and will graduate with her Masters in September. She is a hardworking individual who loves the Lord and is involved in the worship team. We are seeking proposals from a God-fearing Pentecostal groom who is professionally (BS/MS) qualified. We prefer him to be raised in the USA, Canada, Middle East, or North India as well as someone who has a personal relationship with God, loves family, and is actively involved in church activities. Interested individuals please contact with a latest picture and recent information by sending an email to **jaomf99@gmail.com**
**518-459-8646.**

# നിര്യാതരായി

## രാധ പരമേശ്വരയ്യർ

**ബേപ്പൂർ:** കവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ കൊച്ചുമകൻ പ്രഫ. ഉള്ളൂർ എം. പരമേശ്വരയ്യരുടെ (റിട്ട. ലൈബ്രേറിയൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി) ഭാര്യ രാധ (69) നിര്യാതയായി. മക്കൾ: മഹേഷ് പരമേശ്വരൻ (ടിഇ കണക്ടിവിറ്റി ബെംഗളൂരു), സിന്ധു പരമേശ്വരൻ (യുഎസ്). മരുമക്കൾ: ഗായത്രി (ബെംഗളൂരു), സന്തോഷ് (കൺസൽറ്റന്റ്, യുഎസ്).

## വി.ടി. സാമുവൽ

**പരിയാരം:** തോട്ടയ്ക്കാട് ഗവ. സ്കൂൾ റിട്ട. അധ്യാപകൻ ഇഞ്ചക്കാട്ട് വി.ടി. സാമുവൽ (ഉണ്ണി-90) അമേരിക്കയിൽ നിര്യാതനായി. ഭാര്യ: കോഴഞ്ചേരി മലയിൽ സാവിത്രി. മക്കൾ: ഡോ. തോമസ് സാമുവൽ, പരേതനായ മാത്യു സാമുവേൽ, മേരി സാമുവൽ. മരുമകൻ: പ്രസാദ് ജോർജ് (എല്ലാവരും അമേരിക്കയിൽ).

**ചാന്നാനിക്കാട്:** കേളമംഗലം ഗ്രൂപ്പ് സ്ഥാപകനും കോട്ടയം ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് മുൻ എക്സിക്യൂട്ടീവ് ഓഫിസറുമായിരുന്ന കേളമംഗലത്ത് കെ.ആർ. ജനാർദനൻ നായർ (86) നിര്യാതനായി.

## കെ.കെ. മാത്തുക്കുട്ടി

**തിരുവൻവണ്ടൂർ:** കളരിക്കൽ റിട്ട. സുബേദാർ കെ.കെ. മാത്തുക്കുട്ടി (79) നിര്യാതനായി. ഭാര്യ: തിരുവൻവണ്ടൂർ മണച്ചുവട്ടിൽ മറിയാമ്മ. മക്കൾ: ലിസി, ലാലു (ഇരുവരും യുഎസ്). മരുമക്കൾ: ജോ കുര്യൻ കാത്തനാശേരി (കറ്റോട്), സൂസൻ മാത്യു (ഇരുവരും യുഎസ്).

**വാകത്താനം:** കഞ്ഞിക്കുഴി ശാലേം പ്രിന്റേഴ്സ് ഉടമ ശാലേം പോളച്ചിറയിൽ രാജു മാത്യു (66) നിര്യാതനായി.

## അന്നമ്മ കുര്യൻ

**വാരിക്കാട്:** ഭിലായ് സ്റ്റീൽ പ്ലാന്റ് മുൻ ഉദ്യോഗസ്ഥൻ കല്ലൂർമഠത്തിൽ ലിജുവില്ലയിൽ പരേതനായ പി.എ. കുര്യന്റെ ഭാര്യ അന്നമ്മ (76) നിര്യാതയായി. നെടുങ്ങാടപ്പള്ളി പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: ലിജി (മുംബൈ), ലിജു (യുഎസ്). മരുമക്കൾ: റെജി (മുംബൈ), അനീറ്റ (യുഎസ്).

**ചെറുവത്തൂർ:** വടക്കെ മലബാറിലെ പ്രമുഖ ഓട്ടൻതുള്ളൽ കലാകാരൻ കുട്ടമത്ത് പൊന്മാലത്തെ പൊടോര വെണ്ണോളി കുഞ്ഞികൃഷ്ണ പൊതുവാൾ (87) നിര്യാതനായി.

**മുണ്ടത്താനം:** വയലുങ്കൽ മലയിൽ പരേതനായ വി.വി. മത്തായിയുടെ ഭാര്യ ഏലിയാമ്മ (മറിയാമ്മ-63) നിര്യാതയായി.

## സി. ഗോപിനാഥൻ നായർ

**തിരുവനന്തപുരം:** എകെബിആർഎഫ് സംസ്ഥാന വൈസ് പ്രസിഡണ്ടും എസ്ബിടി എംപ്ലോയീസ് യൂണിയൻ മുൻ ജനറൽ സെക്രട്ടറിയുമായ സി. ഗോപിനാഥൻ നായർ (73) നിര്യാതനായി. ഭാര്യ: മാധവിക്കുട്ടി (റിട്ട. എസ്ബിടി). മക്കൾ: ലക്ഷ്മി (യുഎസ്), അജയ് (വെസ്റ്റിൻഡീസ്). മരുമക്കൾ: ഹരിചന്ദ്രശേഖരൻ, നീന ശിവശങ്കരൻ.

**കോട്ടയ്ക്കുപുറം:** കല്ലളയിൽ പരേതനായ ജോസഫിന്റെയും ഏലിയാമ്മയുടെയും മകൻ ബിജു (45) നിര്യാതനായി.


**കാരിത്താസ്:** സിവിൽ സപ്ലൈസ് റിട്ട. ഡെപ്യൂട്ടി കൺട്രോളർ കിഴക്കേക്കാട്ടിൽ കെ.യു. ജോസഫ് (72) നിര്യാതനായി.

## അമ്മിണിക്കുട്ടി അലക്സാണ്ടർ

**പുനലൂർ:** നെല്ലിപ്പള്ളി കണയത്ത് വീട്ടിൽ പുനലൂർ ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അധ്യാപകൻ കെ.ഒ. അലക്സാണ്ടറിന്റെ ഭാര്യ അമ്മിണിക്കുട്ടി (75) നിര്യാതയായി. മടത്തറ വേങ്കൊല്ല പുതുപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: വിൻസി, ജോസഫ്, വിൻസന്റ് (ഇരുവരും യുഎസ്). മരുമക്കൾ: ബോവസ്, മിനി.

**ഇടനാട്:** എൻഎസ്എസ് എച്ച്എസ് റിട്ട. അധ്യാപകൻ പൂവയലിൽ രാമൻ നായർ (92) നിര്യാതനായി.

## ജേക്കബ് മത്യാസ്



**ഫിലാഡൽഫിയ:** കോട്ടയം പാമ്പാടി പാടത്തുമാപ്പിള കുടുംബാംഗമായ ജേക്കബ് മത്യാസ് (കുഞ്ഞ്-65) നിര്യാതനായി. സംസ്കാരം നടത്തി. മൂന്ന് ദശാബ്ദമായി അമേരിക്കയിൽ റെഡ് ക്രോസിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പരേതൻ ആത്മീയ മണ്ഡലത്തിലും സാമൂഹിക മണ്ഡലത്തിലും പ്രവർത്തിച്ചു. ഭാര്യ: സൂസൻ, കങ്ങഴ മാമൂട്ടിൽ കുടുംബാംഗം. മക്കൾ: ജെയ്നി ജേക്കബ്, ജിൻസി ജേക്കബ്. മരുമക്കൾ: ജെറിൻ ഡാനി കോശി, സൈമൺ രാജു. സഹോദരങ്ങൾ: മാത്യു ആളോത്ത് (യുഎസ്), അന്നമ്മ ഏബ്രഹാം (കുറോപ്പട), മറിയാമ്മ സ്കറിയ (കോത്തല), ലീല ഈപ്പൻ (യുഎസ്), വത്സമ്മ ഫിലിപ്പ് (യുഎസ്).

**മാവേലിക്കര:** ജയിൽവകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ ഉമ്പർനാട് ലക്ഷ്മിനിവാസിൽ കെ. ദാമോദരൻ നായർ (85) നിര്യാതനായി.

## അന്നമ്മ ജെയിംസ്

**കാവാലം:** കിഴക്കേ കുന്നുമ്മ മുട്ടുങ്കൽ എം.സി. ജെയിംസിന്റെ ഭാര്യ അന്നമ്മ (77) നിര്യാതയായി. നെടുങ്കുന്നം പുന്നവേലി അമ്പിപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ടോമി (സൗദി), ടോജോ, ടോണി (യുഎസ്), ടാജു, ടിറ്റിച്ചൻ. മരുമക്കൾ: ആൻസി, ബെൻസി, സുജി, ഹണി, അനു.

**ഏഴുകുംവയൽ:** വിജയവാഡ സെയിന്റ് ആൻസ് കോൺവന്റ് അംഗം സിസ്റ്റർ സ്റ്റെഫനി (79) നിര്യാതയായി.

**മുക്കൂട്ടുതറ:** പാണപിലാവ് അമ്മനത്ത് ചാക്കോയുടെ ഭാര്യ ജെസി (മറിയാമ്മ-43) നിര്യാതയായി.

**തെള്ളകം:** പന്തനാനിയിൽ പി.കെ. ദേവസ്യയുടെ ഭാര്യ ആനിയമ്മ (65) നിര്യാതയായി.

**കൊറ്റനാട്:** വൃന്ദാവനം മാത്തുംചാലിൽ പുത്തൻപുരയ്ക്കൽ ബിപിൻ വില്ലയിൽ തോമസ് വർഗീസ് (ജീമോൻ-64) നിര്യാതനായി.

**ഭരണങ്ങാനം:** ക്ലാരമഠാംഗം സിസ്റ്റർ തെരേസ് ജോസ് (തെയ്യാമ്മ-86) നിര്യാതയായി.

**കരിമ്പാനി:** പുറ്റത്താങ്കൽ പി.എ. സ്കറിയായുടെ ഭാര്യ മേരിക്കുട്ടി (70) നിര്യാതയായി.

**കൈപ്പുഴ:** പ്ലാനിക്കുംപറമ്പിൽ (തടത്തിൽ) പി.യു. ജോസ് (74) നിര്യാതനായി.

## മേരിക്കുട്ടി സ്കറിയ

**വള്ളംചിറ:** ഇടിയാകുന്നേൽ പരേതനായ സ്കറിയായുടെ ഭാര്യ മേരിക്കുട്ടി (75) നിര്യാതയായി. മീനച്ചിൽ കോടിയാട്ട് കുടുംബാംഗമാണ്. മക്കൾ: കുഞ്ഞുമോൾ, ബിനോയി (യുഎസ്), കുഞ്ഞുമോൻ (കെഎസ്ആർടിസി), സിസ്റ്റർ അനു (യുകെ). മരുമക്കൾ: ഇങ്കാച്ചൻ തളികപ്പറമ്പിൽ (പഴയിടം), കൊച്ചുറാണി, ടിസി.

**മാവേലിക്കര:** വാത്തികുളം സെയിന്റ് പോൾസ് മാർത്തോമ്മാ ഇടവക വൈസ് പ്രസിഡണ്ട് ഓലകെട്ടിയമ്പലം കാങ്കാലിൽ വില്ലയിൽ കെ.കെ. തോമസ് (വാവാച്ചൻ-86) നിര്യാതനായി.

**കോടുകുളഞ്ഞി:** തെക്കേ കുരുമ്പോലിൽ പൈനിക്കരയിൽ പരേതനായ ടി.എച്ച്. ചാക്കോയുടെ മകൻ സാബു കോശി (51) നിര്യാതനായി.

**മുക്കം:** ഇന്ത്യയിലെ പള്ളോട്ടൻ സമൂഹത്തിന്റെ മുൻ പ്രൊവിൻഷ്യൽ സുപ്പീരിയറും അഗസ്ത്യൻമുഴി പള്ളോട്ടി ഭവൻ റെക്ടറും മുക്കം തിരുഹൃദയ ദേവാലയത്തിലെ വികാരിയും അഗസ്ത്യൻമുഴി പള്ളോട്ടിഹിൽ സ്കൂൾ സ്ഥാപകനുമായ ഫാ. ജോസഫ് തറക്കുന്നേൽ (87) നിര്യാതനായി.

## കെ.യു. ചാക്കോ

**ഇരവിമംഗലം:** കൊടുകേപറമ്പിൽ കെ.യു. ചാക്കോ (80) നിര്യാതനായി. ഭാര്യ: കല്ലറ ചൂരവേലിൽ കുടിലിൽ കുടുംബാംഗം ത്രേസ്യാമ്മ. മക്കൾ: കെ.സി. ജോസ് (അധ്യാപകൻ, സെയിന്റ് മൈക്കിൾസ് എച്ച്എസ്എസ്, കടുത്തുരുത്തി), തോമസ് ചാക്കോ (യുഎസ്). മരുമക്കൾ: സുമോൾ (അധ്യാപിക, സെ. ത്രേസ്യാസ് എൽപിഎസ് പാലത്തുരുത്ത്), ഷീന (യുഎസ്).

## ജാൺസൺ മാമ്പിള്ളി

**കല്ലൂർ:** പ്രമുഖ ഐഎൻടിയുസി നേതാവും കൊച്ചിൻ പോർട്ട് റിട്ട. സീനിയർ ഡപ്യൂട്ടി ചീഫ് അക്കൗണ്ടന്റുമായ ദേശാഭിമാനി ഫ്രീഡം റോഡിൽ ജോൺസൺ മാമ്പിള്ളി (75) നിര്യാതനായി. ഭാര്യ: തൃശൂർ പാലത്തിങ്കൽ ലിസി. മക്കൾ: ടീന (യുഎസ്), തോമസ് (സ്വിറ്റ്സർലൻഡ്).

**പെരുമ്പാവൂർ:** റിട്ട. സഹകരണ ജോ. രജിസ്ട്രാർ വെങ്ങോല പാലായിക്കുന്ന് കരവട്ട് (തുമ്മാരുകുടി) അഡ്വ. എ. ചിത്തരഞ്ജൻ നിര്യാതനായി.

## ഒ.ജെ. ജോസഫ്

**അതിരമ്പുഴ:** സെൻട്രൽ എക്സൈസ് റിട്ട. ഉദ്യോഗസ്ഥൻ ഒതളമറ്റത്തിൽ ഒ.ജെ. ജോസഫ് (100) നിര്യാതനായി. ഭാര്യ: വില്ലൂന്നി വരമ്പേൽ ക്ലാരമ്മ. മക്കൾ: റോസമ്മ, സെബാസ്റ്റ്യൻ ജോസഫ് (റിട്ട. അസി. കമ്മീഷണർ കസ്റ്റംസ് ആൻഡ് സെൻട്രൽ എക്സൈസ്), മേരിക്കുട്ടി (യുഎസ്), ലിസി, പരേതനായ ബേബിച്ചൻ. മരുമക്കൾ: ജോസ് ചുരയ്ക്കൽ (കൊഴുവനാൽ), ജെസിമോൾ, ജോയി കുറ്റിയിൽ (മാന്നാനം), സെയിൽസ്.

**വെള്ളൂതുരുത്തി:** പണിക്കർ കുടുംബാംഗം പൂച്ചക്കേരിൽ പരേതനായ ചാക്കോ അന്ത്രയോസിന്റെ ഭാര്യ ഏലിയാമ്മ (കുഞ്ഞമ്മ-80) നിര്യാതയായി.

**കളത്തിപ്പടി:** ഉണ്ണിക്കുന്ന് കിളിയന്തറയിൽ കുഞ്ഞച്ചൻ (യോഹന്നാൻ-72) നിര്യാതനായി.

**ഇലഞ്ഞി:** അന്ത്യാൽമേടമന (നെല്ലിക്കുന്നേൽ) പരേതനായ ചാക്കോയുടെ ഭാര്യ അന്നമ്മ (84) നിര്യാതയായി.

## ഡോ. കെ.വി. മേനോൻ

**തൃശൂർ:** ടെക്സാസ് സർവകലാശാലയിൽ ഗണിത ശാസ്ത്ര പ്രഫസറായിരുന്ന ഡോ. കെ.വി. മേനോൻ (കൊരണ്ടാട്ടിൽ വേണു-88) ടെക്സാസിൽ നിര്യാതനായി. തൃശൂർ കേരളവർമ കോളജ്, കോഴിക്കോട് ദേവഗിരി കോളജ് എന്നിവിടങ്ങളിൽ അധ്യാപകനായി സേവനം അനുഷ്ഠിച്ചു. ടൊറന്റോ സർവകലാശാലയിലും ടെക്സാസ് സർവകലാശാലയിലും റിസർച്ച് ഗൈഡായി പ്രവർത്തിച്ചു. ഭാര്യ: ചങ്കരം പൊന്നത്ത് വത്സല. മക്കൾ: വിനയ്, വിവേക്.

**ചെത്തിപ്പുഴ:** പുതുക്കരി ചെമ്പകശേരിൽ (അടിച്ചിറ) പരേതനായ ശൗര്യാറിന്റെ ഭാര്യ ഏലിയാമ്മ (തങ്കമ്മ-90) നിര്യാതയായി.

**തിരുവനന്തപുരം:** പിരപ്പൻകോട് പുന്നപുരത്തു വീട്ടിൽ മിൽമ റിട്ട. ജോയിന്റ് രജിസ്ട്രാർ പരേതനായ ആർ. സുകുമാരൻ നായരുടെ ഭാര്യ പി. മാധവി അമ്മ (89) നിര്യാതയായി.

## എം.എം. ജോൺ

**കോലഞ്ചേരി:** ഗവ. കോൺട്രാക്ടർ കടയിരുപ്പ് മാവേലിമോളത്ത് എം.എം. ജോൺ (65) നിര്യാതനായി. ഭാര്യ: കറുകപ്പള്ളി ഓമ്പാളയിൽ ലില്ലി. മക്കൾ: മറിയ (യുഎസ്), ജോർജി (ബെംഗളൂരു). മരുമകൻ: മണിമല കൊച്ചുമുറിയിൽ ജെഫിൻ (യുഎസ്).

**ഏറ്റുമാനൂർ:** ഉമ്പുക്കാട്ട് യു.ടി. തോമസ് (ബാബു-67) നിര്യാതനായി.

**പേരൂർ:** പെരുമായിൽ പി.സി. ഉലഹന്നൻ (ജോണ-91) നിര്യാതനായി.

**ചുണ്ടേൽ:** സെ. ജൂഡ്സ് കോൺവന്റ് അംഗം പാലാ ഇളംപുരയിടം സിസ്റ്റർ ഫിദെലേ തലച്ചിറ (87) നിര്യാതയായി.

**കടപ്പൂർ:** വാഴവേലിക്കകത്ത് തോമസിന്റെ ഭാര്യ മേരി (64) നിര്യാതയായി.

**ബ്രഹ്മമംഗലം:** മുഴിയിൽ റിട്ട. സിവിൽ സപ്ലൈസ് ഓഫിസർ പി.കെ. വാസു (66) നിര്യാതനായി.

## ത്രേസ്യാമ്മ തോമസ്

**നീറിക്കാട്:** വെളിയത്തറയിൽ പരേതനായ തോമസിന്റെ ഭാര്യ ത്രേസ്യാമ്മ (പെണ്ണമ്മ -78) ഡാളസിൽ നിര്യാതയായി. കൈപ്പുഴ മുകളേൽ കുടുംബാംഗമാണ്. മക്കൾ: വിൽസൺ, റ്റീമോൾ, ഷേർളി, ഡെയിസൺ, ചാക്കോ, റാണി. മരുമക്കൾ: റോസ്‌ലി, സണ്ണി നടക്കുഴയ്ക്കൽ നീണ്ടൂർ, ഷാജി വാഴയ്ക്കൽ റാന്നി, ബിന്ദു, ജയമോൾ, ബെൻ വാഴക്കാലായിൽ ഇരവിമംഗലം (എല്ലാവരും യുഎസ്).

**ഓയൂർ:** കഥാപ്രസംഗ രചയിതാവും കവിയുമായ വെളിനല്ലൂർ ഗോകുലത്തിൽ പരവൂർ രാമചന്ദ്രൻ (79) നിര്യാതനായി.

**ചങ്ങനാശേരി:** റൂബി നഗർ കിഴക്കേപ്പറമ്പിൽ ഡി. ഗോപിയുടെ ഭാര്യ ഓമന (67) നിര്യാതയായി.

**കോക്കാപ്പിള്ളി:** മണീട് ചേലക്കാട്ടിൽ (മങ്കുഴി തുണ്ടിയിൽ) പരേതനായ തോമസിന്റെ ഭാര്യ മേരി (78) നിര്യാതയായി.

**കുരുവിനാൽ:** മൊടൂർ തോമസ് ജോസഫ് (വെമ്പാല തൊമ്മച്ചൻ-64) നിര്യാതനായി.

**ഓണംതുരുത്ത്:** ചെങ്ങോത്ത് രഘുനന്ദ് (43) നിര്യാതനായി.

**മണിയാപറമ്പ്:** പുന്നക്കുഴത്തിൽ റെജിമോൻ (56) നിര്യാതനായി.

## വി.ടി. തോമസ്

**കുമ്പനാട്:** എയർഫോഴ്സ് റിട്ട. ജെഡബ്ല്യുഒ കടപ്ര തട്ടയ്ക്കാട് വഞ്ഞിപ്പുത്ര പുത്തൻപുരയിൽ വി.ടി. തോമസ് (കുഞ്ഞൂഞ്ഞുകുട്ടി-78) നിര്യാതനായി. ഭാര്യ: കുറ്റിക്കാട്ട് ലില്ലിക്കുട്ടി. മക്കൾ: മനോഷ് (യുഎസ്), സന്തോഷ് (കുവൈത്ത്), ഷൈനു. മരുമക്കൾ: ലീന, ഹാപ്പി.

**ചങ്ങനാശേരി:** എസ്ബി കോളജ് ഫിസിക്സ് വിഭാഗം മുൻ മേധാവിയും ചങ്ങനാശേരി മുനിസിപ്പൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായിരുന്ന കുരിശിങ്കൽ പ്രഫ. കെ.കെ. ജോൺ (87) നിര്യാതനായി.

## ജോളി ജോസഫ്



**ചിക്കാഗോ:** മാർത്തോമ്മാ സഭയിലെ സീനിയർ വൈദികനും പ്രമുഖ കൺവൻഷൻ പ്രാസംഗികനും സിഎസ്എസ്എം മുൻ ജനറൽ സെക്രട്ടറിയും കോഴഞ്ചേരി കീക്കൊഴൂർ മരുതേനെ കുടുംബാംഗവുമായ റവ. ഡോ. എം.ജെ. ജോസഫിന്റെ സഹധർമ്മിണി ജോളി ജോസഫ് എംഎഡ് (64) മുംബൈയിൽ നിര്യാതയായി. മക്കൾ: ആൻസു മറിയം ജോസഫ് (ദുബായ്), ആശിഷ് മെറിൻ ജോസഫ് (ചിക്കാഗോ), ആഞ്ചല എൽസ ജോസഫ് (മുംബൈ). മരുമക്കൾ: തുമ്പമൺ ചെന്നീർക്കര കാഞ്ഞിരം നിൽക്കുന്നതിൽ ടിജു ജോൺ സാം, ചിക്കാഗോ സെയിന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി കൊട്ടാരക്കര ചെങ്കുളം പണയിൽ റവ. സുനീത് മാത്യു, മുംബൈ ബോറിവില്ലി മാർത്തോമ്മ ഇടവക വികാരി നിരണം നാലാംവേലിൽ റവ. അബു ചെറിയാൻ.

**വാഴക്കുളം:** എംസീസ് കോൾഡ് സ്റ്റോറേജ് ഉടമ ആവോലി മണ്ണത്തുക്കാരൻ (കോച്ചേരിക്കുടിയിൽ) കെ.സി. മാത്യു (മത്തച്ചൻ സ്രാമ്പിക്കൽ-68) നിര്യാതനായി.

**നിരണം:** കടവിലേത്ത് പ്രകാശിന്റെ ഭാര്യ രാജശ്രീ (37) നിര്യാതയായി.

## കെ.കെ. ജോസഫ്

**റാന്നി:** കല്ലേലിമണ്ണിൽ കെ.കെ. ജോസഫ് (84) നിര്യാതനായി. ഭാര്യ: ചെറുകാട്ടൂർ മോനിയമ്മ. മക്കൾ: മിനി, മനു. മരുമക്കൾ: റോയ്, ദിലീപ് (എല്ലാവരും യുഎസ്).

**ചങ്ങനാശേരി:** വാഴപ്പള്ളി പാറേക്കടവ് ചിറപുരയിടം സി.സി. സോജൻ (51) നിര്യാതനായി.

**കൊച്ചുകരിമ്പൻ:** ആന്റോപുരം ചാലിസിറ്റി പാറേക്കുടിയിൽ പി.ജെ. ജോസഫ് (73) നിര്യാതനായി.

**രാമപുരം:** കുന്നത്തേട്ട് (പള്ളിവാതുക്കൽ) ജോർജ് ജോസഫിന്റെ ഭാര്യ മേരി (77) നിര്യാതയായി.

**അടൂർ:** ആനന്ദപ്പള്ളി കല്ലുവിളയിൽ പരേതനായ പാപ്പിയുടെ ഭാര്യ ഏലിയാമ്മ (88) നിര്യാതയായി.

**വൈക്കം:** ടിവിപുരം അമ്പാട്ടുമുറിയിൽ പരേതനായ ജോസഫിന്റെ ഭാര്യ അന്നമ്മ (80) നിര്യാതയായി.

## ഡോ.എം. ഗോവിന്ദരാജ്

**കോഴിക്കോട്:** ജനകീയ ഡോക്ടർ എന്നറിയപ്പെടുന്ന ഡോ. എം. ഗോവിന്ദരാജ് (84) നിര്യാതനായി. ഭാര്യ: സാദിയ (ട്രിനിഡാഡ്, വെസ്റ്റിന്റീസ്). മക്കൾ: ഡോ. ഗീത എം. ഗോവിന്ദരാജ് (പീഡിയാട്രിക്സ് വിഭാഗം പ്രഫസർ, കോഴിക്കോട് ഗവ. മെഡിക്കൽ കോളജ്), ഷീല ഗോവിന്ദരാജ് (ബെംഗളൂരു), വിനീതാ ഗോവിന്ദരാജ് (ആപ്റ്റിവ്, ബെംഗളൂരു), നിഖിൽ ഗോവിന്ദരാജ് (യുഎസ്). മരുമക്കൾ: ഡോ. പി. കൃഷ്ണകുമാർ (ഡയറക്ടർ, ഇംഹാൻസ് കോഴിക്കോട്), വി.എസ്. ശ്രീധർ (ആക്സൻചർ, ബെംഗളൂരു), ദീപക് ഇല്ലത്ത്കണ്ടി (ആർക്കിടെക്റ്റ്, ബെംഗളൂരു), അഞ്ജലി അനിൽകുമാർ (യുഎസ്).

**കുറോപ്പട:** റെയിൽവേ റിട്ട. ഉദ്യോഗസ്ഥൻ നാലുകോടി കളത്തിൽപറമ്പിൽ തോമസ് ജോബ് (68) നിര്യാതനായി.

**മേവട:** തോട്ടുവായിൽ മാത്യു ഡൊമിനിക്കിന്റെ ഭാര്യ മേരിക്കുട്ടി (54) നിര്യാതയായി.

**ഏറ്റുമാനൂർ:** ബിഎസ്എൻഎൽ റിട്ട. സബ് ഡിവിഷണൽ എൻജിനീയർ തവളക്കുഴി നന്ദയിൽ പി.എൻ. ബാലചന്ദ്രൻ (65) നിര്യാതനായി.

## എം.ജി. ജേക്കബ്

**മുംബൈ:** കൺഡേർപ്പട ദെയ്സർ വെസ്റ്റ് ന്യൂലിങ്ക് റോഡ് റോക്ക് ഗാർഡൻ ഇ-502ൽ എം.ജി. ജേക്കബ് (76) നിര്യാതനായി. ഭാര്യ: മീനത്തേതിൽ കുഞ്ഞമ്മ. മക്കൾ: ജെൻസി (മുംബൈ), ജാസ്മിൻ (യുഎസ്). മരുമക്കൾ: സോണിയ, ഫിലിപ്പ് ഇട്ടി (യുഎസ്).

**പാലാ:** പരേതനായ രാജൻ കുട്ടി മാട്ടേലിന്റെ ഭാര്യ ത്രേസ്യാമ്മ (91) നിര്യാതയായി.

**ഇല്ലിവളവ്:** കാണക്കാലിൽ പരേതനായ തോമസ് വർഗീസിന്റെ മകൻ ചെറിയാൻ തോമസ് (റെജി-49) നിര്യാതനായി.

## സാറാമ്മ മാത്യു

**പാമ്പാടി ഈസ്റ്റ്:** കൊടച്ചകോട്ട് തുമ്പയിൽ കിഴക്കേവീട്ടിൽ പരേതനായ ടി.കെ. മാത്യുവിന്റെ ഭാര്യ സാറാമ്മ (കുഞ്ഞമ്മ-80) നിര്യാതയായി. പാക്കിൽ കരിക്കാടൻ പാക്കൽ കുടുംബാംഗമാണ്. മക്കൾ: പരേതനായ സലീം, സാലി (റിട്ട. അധ്യാപിക എംഎച്ച്എംഎൽപിഎസ് മലപ്പുറം), സജി മാത്യു (അബുദാബി), അലക്സ് മാത്യു, സൂസൻ, ലീന (ഇരുവരും യുഎസ്). മരുമക്കൾ: സണ്ണി കടുക്കാമുട്ടിൽ, ഫേബ, ലിജി, പാസ്റ്റർ തോമസ് മാത്യു, ബോബി (ഇരുവരും യുഎസ്).

**കഞ്ഞിക്കുഴി:** മലയാള മനോരമ മുൻ ഉദ്യോഗസ്ഥൻ ചിറയിൽ സി.എം. ജോയി (88) നിര്യാതനായി.

**വാകത്താനം:** കുന്നുംപുറത്ത് യു.കെ. മാത്യു (കുഞ്ഞുമോൻ-69) നിര്യാതനായി.

**പൊൻകുന്നം:** ആരാധനാമഠാംഗം സിസ്റ്റർ വെർജീനിയ (മേരിക്കുട്ടി-89) നിര്യാതയായി.

**കുറിച്ചി:** കോലത്തുകളത്തിൽ നെയ്ശേരിൽ പുത്തൻപുരയ്ക്കൽ പരേതനായ ജോർജ് തോമസിന്റെ മകൻ റെജി ജോർജ് (കൊച്ചുമോൻ-52) നിര്യാതനായി.

**തോട്ടയ്ക്കാട്:** വടക്കേപ്പറമ്പിൽ എം.ആർ. രഘുവരൻ (78) നിര്യാതനായി.

**കൊല്ലാട്:** തിരുവാർപ്പ് അറയ്ക്കൽ ഉണ്ണി (88) നിര്യാതനായി.

## 5 ACRES RUBBER ESTATE FOR SALE

5 Acres property near Nelliyani, Palai, easy access to Vaikom - Palai road, Alphonsa college and Mariyan hospital. This property is far away from flood zone. Selling as a whole, or three parts. Good for investment, apartment, villa or other development opportunities.

**Please contact**

**Jay: 001- 416 458 1978 or**

**Santhosh: 919447571716**

## BABY SITTER WANTED

Malayali family living near Chicago in Wisconsin GreenBay need a Nanny/baby sitter to stay at home and look after a one month old baby.

**Please contact**

**Phone: 708 979 3947, 740 398 2374**

## BABY SITTER WANTED

In search of a part time babysitter for 2 girls. Ages: 4 and 1. Days: Wed. & Thurs. Prefers candidate to have transportation but can occasionally drop off if needed.

**Located in Wheeling, please contact**

**847-254-9120**

**847-558-9248**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Bloomingdale*

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Bloomingdale*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Bloomingdale*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Dallas*

## HOUSE AND PROPERTY FOR SALE

About 7 Kms North-East of Tiruvalla Town at KOTTOOR

(Kaviyoor - Kunnamthanam road side) a two-storyhouse and 53 cents of land for sale. Concrete wall with gate on two sides of the property and the rest is covered with fencing. The house is with a garage, living room, dinning room,kitchen, hall, 7 bedrooms, 4 bathrooms, storeroom and a work area etc.

The house is fully furnished with modern appliances like TV/Fridge/ Washing Machine/Inverter /Cooking Range/Telephone connection andfurniture in all rooms readyfor occupancy.

Property: 53 cents of rubber plantation ready for tapping, coconut tree, mango trees and so on.

There is no broker or middleman.Those who are interestedto buy please contact directly on

**Whatsapp**

**# + 1 301-351-6709 or**

**+1 301-256-4758 or**

**+ 1 301-256-4759 or**

**E-mail on: akkamma@msn.com or**

**tcgaig@gmail com**

**N.R.I'sare preferred**

## കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയിൽ വുഡ്റിഡ്ജിൽ താമസിക്കുന്ന പ്രായമായ അമ്മച്ചിയെ വീട്ടിൽ താമസിച്ചോ ദിവസേന പോയി വന്നോ നോക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക.

**ഫോൺ:**

**847-363-9756**

**630-985-5221**

### *Favors Received*



*Inserted by: Firm Believer, Oklahoma*

### *Favors Received*



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, New York*

## കഥ ഇതുവരെ

അലീനയുടെ നന്മകൾ തിരിച്ചറിയുകയാണ് ബബിത. അലീനയിലെ വേലക്കാരി എന്ന ലേബൽ തിരുത്തിക്കുറിക്കാൻ അവൾ വീട്ടിൽ ശ്രമം തുടങ്ങി. വൈജയന്തിയുടെ പുതിയ താമസസ്ഥലം ശിവശങ്കരമേനോൻ കണ്ടുപിടിക്കുന്നു. പ്രതിസന്ധിയിൽ തളരാതെ പരിഹാരങ്ങൾ നിർദ്ദേശിക്കാറുള്ള അലീനയുടെ മനസ്സിൽ എന്തൊക്കെയോ തീരുമാനങ്ങൾ ഉണ്ടാകുന്നു. ഈ കുടുംബം രണ്ടായി പിളരാതിരിക്കണം. അച്ഛനും അമ്മയും മക്കളും ഒന്നിച്ചു കഴിയുന്ന വീടായിരിക്കണം ഇത്. ഈ തീരുമാനം ബാലചന്ദ്രമേനോനെയും മക്കളെയും ഞെട്ടിച്ചു. അലീനയെ അവളുടെ യഥാർത്ഥ അച്ഛനെ ഏൽപ്പിക്കാൻ കഴിഞ്ഞതിൽ ബാലചന്ദ്രമേനോൻ സന്തുഷ്ടനാണ്. വൈജയന്തി കടപ്പാട്ടൂരെ വീട്ടിൽ തിരിച്ചെത്തി. സ്റ്റാൻലിയുടെ അപ്പച്ചൻ അലീനയെ കണ്ടനിമിഷം അയാളുടെ മനസ്സ് അൻപത്തിയഞ്ചു വർഷം പിന്നിലേക്കുപോയി. മരിച്ചുപോയ ഭാര്യ ചിന്നമ്മയുടെ തനിസ്വരൂപമായിരുന്നു അയാൾ കണ്ടത്. സ്റ്റാൻലിയും വല്യപ്പച്ചനും അലീനയുമൊത്ത് പുനലൂർക്കു പോയി. ഊണുമുറിയിൽ വിലക്കേർപ്പെടുത്തിയ ഔസേപ്പച്ചൻ അവളെ കൈപിടിച്ച് ഊണുമുറിയിലേക്ക് ആനയിക്കുന്നത് എല്ലാവരും കണ്ടു. അലീനയെ കൊണ്ടുപോകാനായി സ്റ്റാൻലി എത്തുന്നു. കുളത്തൂപ്പുഴയിലെ വീട്ടിലെത്തി ഉച്ചഭക്ഷണം തയാറാക്കുന്നതിനിടയിലാണ് അലീന ഒരു കാറിന്റെ ശബ്ദം കേട്ടത്. കാറിൽനിന്നിറങ്ങി വന്ന ബാലചന്ദ്രമേനോനെ കണ്ട അവൾ വിസ്മയിച്ചു പോയി. വൈജയന്തി വന്നതോടെ വീട്ടിലെ ഐക്യവും ശാന്തിയും ഇല്ലാതായെന്ന് ബാലചന്ദ്രമേനോൻ അവളോട് പറയുന്നു. പാലായിൽനിന്ന് ആളുകൾ വന്നുപോകുന്നത് മറ്റുള്ളവരിൽ സംശയം ജനിപ്പിക്കുന്ന് സ്റ്റാൻലി ബാലചന്ദ്രമേനോനോട് പറഞ്ഞു. അലീനയുമായി ബന്ധപ്പെട്ട ആ രഹസ്യം രോഹിത്ത് ബാലചന്ദ്രമേനോനിൽനിന്ന് കേൾക്കുന്നു.

(തുടർന്നു വായിക്കുക)

**132**

**സം**സാരിച്ചു തുടങ്ങിയപ്പോൾ ബാലചന്ദ്രമേനോനു മനസ്സിലായി. താൻ വിചാരിച്ചതുപോലെ അത്ര എളുപ്പമല്ല കാര്യങ്ങൾ. രോഹിത്തിനോട് അതു തുറന്നു പറയുകയും ചെയ്തു.

"എനിക്കിതു പറയാൻ നീ കരുതുന്നതിനേക്കാൾ ബുദ്ധിമുട്ടുണ്ട്. ഞാനെന്റെ മകനോടാണല്ലോ സംസാരിക്കേണ്ടത്..... അതിനു ചില പരിമിതികളുണ്ടല്ലോ."

"അച്ഛന് അത്ര വിഷമമാണെങ്കിൽ പറയണ്ട." രോഹിത്ത് പറഞ്ഞു.

"പറയുന്നതുപോലെ തന്നെ വിഷമകരമാണു പറയാതിരിക്കുന്നതും. ഞാനൊരു ഹാർട്ട് പേഷ്യന്റാണെന്ന് നിനക്കറിയാമല്ലോ. ഒ.പി. ടിക്കറ്റെടുത്ത് ഡോക്ടറെ കാണാൻ കാത്തിരിക്കുന്ന രോഗിയെപ്പോലെയാണ് ഞാൻ. ഏതു നിമിഷവും വിളിക്കപ്പെട്ടേക്കാം. ഗാരന്റി തീർന്നു. പെട്ടെന്ന് എന്റെ മരണം സംഭവിച്ചാൽ ഇക്കാര്യം ആരും അറിയാതെപോകരുതല്ലോ."

"അച്ഛനെന്തിനാ വേണ്ടാത്ത കാര്യങ്ങൾ പറയുന്നത്." രോഹിത്ത് അസ്വസ്ഥനായി.

"നിന്നോട് എങ്ങനെ പറഞ്ഞു തുടങ്ങണമെന്ന് എനിക്കറിയില്ല. അലീനയെക്കുറിച്ചും ജയന്തിയെക്കുറിച്ചുമാണ് എനിക്ക് പറയാനുള്ളത്."

"അച്ഛൻ ധൈര്യമായിട്ട് പറഞ്ഞോ. ഞാൻ അച്ഛനു തന്ന വാക്കു പാലിക്കും."

ബാലചന്ദ്രമേനോൻ കൈപ്പടങ്ങൾ വിടർത്തി അതിലേക്കു നോക്കിയിരുന്നു. എന്നിട്ടു മുഖമുയർത്തി രോഹിത്തിനെ നോക്കി.

"നിനക്കറിയാമായിരിക്കും എന്റെ അച്ഛനും അമ്മയുമൊക്കെ ഒരിക്കൽ കൊല്ലപ്പള്ളി കൈതയ്ക്കൽ മാളികവീട്ടിലെ ആശ്രിതരായിരുന്നു."

"അത് അമ്മ ഇടയ്ക്കിടയ്ക്ക് പറയാറുണ്ടല്ലോ. അച്ഛനെ താഴ്ത്തിക്കെട്ടാൻവേണ്ടി."

"ആ കാലത്ത് എനിക്കൊരു മോഹമുണ്ടായി, ജയന്തിയെ കല്യാണം കഴിക്കണമെന്ന്. നന്നേ ചെറുപ്പമാണ് ഞാൻ. പ്രീഡിഗ്രി കഴിഞ്ഞിട്ടേയുള്ളൂ."

"അക്കാലത്ത് എന്നെപ്പോലെ ഒരാളെ സംബന്ധിച്ചിടത്തോളം അതു വലിയ അതിമോഹമായിരുന്നു. അഹങ്കാരമെന്നുതന്നെ പറയണം. ചെറിയ പ്രായമല്ലേ, ബുദ്ധിയും ബോധവുമൊന്നും വികസിച്ചിട്ടില്ല. എന്തായാലും ഞാനാ ഇഷ്ടം പ്രകടിപ്പിക്കാൻ ശ്രമിച്ചതിന്റെ ഫലമായിട്ട് അച്ഛന് അവിടുത്തെ ജോലി ഉപേക്ഷിച്ച് ഉള്ളതൊക്കെ വിറ്റുപെറുക്കി കൊല്ലപ്പള്ളിയിൽനിന്ന് കുടുംബസമേതം സ്ഥലം വിടേണ്ടിവന്നു. അതുകഴിഞ്ഞാണ് ഞാൻ ഗൾഫിൽ പോയതും പൈസയുണ്ടാക്കിയതുമെല്ലാം."

"ഉം...." രോഹിത്ത് മൂളി.

"നാട്ടിൽ തിരിച്ചുവന്നപ്പോ പഴയൊരു വാശിവെച്ച് ജയന്തിയെ കല്യാണമാലോചിച്ചു. ഒരു ബ്രോക്കറുണ്ടായിരുന്നു സഹായത്തിന്. ആദ്യം കുറെ എതിർപ്പു പ്രകടിപ്പിച്ചെങ്കിലും പിന്നീട് ജയന്തിയുടെ അച്ഛനും ആങ്ങളമാരുമെല്ലാം സമ്മതംമൂളി. ജയന്തിക്ക് ഒട്ടു താൽപര്യമില്ലായിരുന്നു എന്നു പിൽക്കാലത്താണ് ഞാനറിയുന്നത്. എന്തായാലും കോല്ലപ്പള്ളിയിലെ ശ്രീധരേട്ടനും നീലഗിരിയിലെ ഗംഗേട്ടനുമെല്ലാം കൂടി ഞങ്ങളുടെ കല്യാണം നടത്തി."

രോഹിത്ത് മൂളി.

"നീ വിചാരിക്കുന്നുണ്ടാവും അച്ഛനീ പറഞ്ഞതും അലീനയും തമ്മിൽ എന്താണു ബന്ധമെന്ന്. അതിലേയ്ക്കാണു ഞാൻ വരുന്നത്. അതിനു മുൻപ് ഞാനും നിന്റെ അമ്മയും തമ്മിലുള്ള വിവാഹം നടക്കാനുണ്ടായ സാഹചര്യം പറഞ്ഞുവെച്ചൂന്നു മാത്രം."

"ഉം.... എനിക്ക് മനസ്സിലായി."

രോഹിത്ത് സമ്മതിച്ചു.

"അലീന ഇവിടെ ജോലിക്കു വന്നശേഷം ചില അനിഷ്ടസംഭവങ്ങളുണ്ടായി."

"ജയന്തിയും ബബിതയും നീയുമെല്ലാം അവളോടു ശത്രുത പ്രഖ്യാപിച്ച്, അവൾക്കെതിരെ ഓരോരോ ദ്രോഹപ്രവൃത്തികൾ തുടങ്ങി. കൊല്ലപ്പള്ളീലെ ശിവേട്ടന്റെ മകൻ ഹരിയും അതിൽ പങ്കുചേർന്നു. അവൻ അലീനയ്ക്കെതിരെ ചില നുണകളും പറഞ്ഞുപരത്തി. അവളോട് എങ്ങനെയെങ്കിലും പ്രതികാരം ചെയ്യണമെന്നു വിചാരിച്ച്, നീയും ഹരിയും കൂടി ഒരു കെണിയൊരുക്കി. രാവിലെ കോളജിൽ പോയ നീ ക്ലാസ് കട്ടുചെയ്തു വീട്ടിലെത്തി. മുൻകൂട്ടി തീരുമാനിച്ചതനുസരിച്ച് ഹരിയും വന്നു. അലീനയ്ക്കു ലെമൺ ജൂസിൽ മയക്കുമരുന്നു കലക്കിക്കൊടുത്ത് അവളെ മാനഭംഗപ്പെടുത്തുക എന്നതായിരുന്നു നിങ്ങളുടെ പ്ലാൻ."

രോഹിത്തിന്റെ മുഖം വിളറി. ശിരസ്സു താണു.

"കഴിഞ്ഞ കാര്യങ്ങളാണ്. നീ അതൊന്നും ഓർക്കാൻപോലും ഇഷ്ടപ്പെടുന്നില്ലെന്ന് എനിക്കറിയാം. നിന്നെ കുറ്റപ്പെടുത്താൻ വേണ്ടിയല്ല ഇപ്പഴിതു പറയുന്നതും. അന്ന് അലീന കത്രികയെടുത്ത് തന്നെത്താൻ വയറ്റിൽ കുത്തിക്കേറ്റി ആത്മഹത്യാശ്രമം നടത്തിയതുകൊണ്ട് നിങ്ങളുടെ പ്ലാൻ അമ്പേ പാളിപ്പോയി. അലീന ഗുരുതരാവസ്ഥയിൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തു."

'അച്ഛാ അന്നത്തെ അറിവില്ലായ്മകൊണ്ടും അഹങ്കാരംകൊണ്ടും അങ്ങനെയെല്ലാം സംഭവിച്ചുപോയി. ഇനിയതൊക്കെ എന്തിനാ പിന്നെ...." രോഹിത്ത് മനോവ്യഥയോടെ പറഞ്ഞു."

"പഴയ കാര്യം പറഞ്ഞ് നിന്നെ കുത്തിനോവിക്കാൻ വേണ്ടിയല്ല. ഞാൻ ഇനിയും പറയാൻ പോകുന്ന സംഗതിക്ക് ഈ ഓർമ്മപ്പെടുത്തൽ അത്യാവശ്യമായതുകൊണ്ടാണ്." ബാലചന്ദ്രമേനോൻ അവനെ സാന്ത്വനിപ്പിക്കുംവിധം ശാന്തസ്വരത്തിൽ പറഞ്ഞു. "അന്നു ഹോസ്പിറ്റലിൽനിന്ന് തിരിച്ചെത്തിയശേഷവും നീയും വൈജയന്തിയുമെല്ലാം ഒരുതരം പ്രതികാര മനോഭാവത്തോടെയാണ് അലീനയോടു പെരുമാറിയത്. അതിൽ മനംനൊന്ത് അലീന ഈ വീട്ടിൽനിന്ന് പിരിഞ്ഞു പോകാൻ ആഗ്രഹിച്ചു. അവളുടെ സങ്കടങ്ങൾ വിവരിച്ചുകൊണ്ട് അവൾ എറണാകുളത്തുള്ള രേവതിക്കുട്ടിക്ക് ഒരു കത്തെഴുതി. മറ്റാരും അറിയരുതാത്ത ചില സ്വകാര്യങ്ങൾ കത്തിലുണ്ടായിരുന്നതിനാൽ രജിസ്ട്രേഡ് പോസ്റ്റിലാണ് അയച്ചത്. ആ സമയം രേവതിക്കുട്ടിയും മാമ്മച്ചനും ഭാര്യയും ഒരു ടൂറിലായിരുന്നതിനാൽ കത്ത് കൈപ്പറ്റാൻ സാധിച്ചില്ല. അതു റീഡയറക്ട് ചെയ്തു തിരിച്ച് ഇവിടേക്കുതന്നെ വന്നു. മഴയത്തുള്ള ഒരു ദിവസം ജ്വല്ലറിയിലേക്ക് പോകാനിറങ്ങിയ എന്റെ കയ്യിൽ പോസ്റ്റുമാൻ തന്ന കത്തുകളിൽ അലീനയുടെ മടങ്ങിവന്ന കത്തും ഉണ്ടായിരുന്നു. ജ്വല്ലറിയിൽ വെച്ച് ഞാനതു പൊട്ടിച്ചുനോക്കി."

"അങ്ങനെയാണ് അച്ഛൻ, ഞാനും ഹരിയും കൂടി നടത്തിയ പ്ലാനിനെപ്പറ്റി അറിഞ്ഞത് അല്ലേ?" രോഹിത്ത് ചോദിച്ചു.

"ഉവ്വ്... അലീന അതേപ്പറ്റിയെല്ലാം വിസ്തരിച്ച് രേവതിക്കുട്ടിക്ക് എഴുതിയിരുന്നു."

"ആദ്യമൊക്കെ ഞാൻ വിചാരിച്ചത് അലീനച്ചേച്ചി അച്ഛനോട് എല്ലാം പറഞ്ഞെന്നായിരുന്നു."

"അവൾടെ സ്വഭാവം നിനക്കറിയാമല്ലോ. ഞാനെത്രയൊക്കെ കുത്തിച്ചോദിച്ചിട്ടും അവൾ ഒന്നുംവിട്ടുപറഞ്ഞില്ല. അതവിടെ നിൽക്കട്ടെ, എനിക്ക് പറയാനുള്ള വിഷയം അതല്ല. നീയും ഹരിയും കൂടി നടത്തിയ ഗൂഢാലോചനയേക്കാൾ എന്നെ നടുക്കിയ മറ്റൊരു സംഗതി കൂടി അലീനയുടെ കത്തിലുണ്ടായിരുന്നു. ബാലചന്ദ്രമേനോൻ എന്ന മനുഷ്യൻ, അയാളുടെ അന്നേവരെയുള്ള ജീവിതം, അയാൾ വെട്ടിപ്പിടിച്ചതും സ്വന്തമാക്കിയതുമായ സകല നേട്ടങ്ങളും എല്ലാം ഒറ്റ നിമിഷംകൊണ്ട് തകർന്നു തരിപ്പണമായി."

രോഹിത്ത് അത്യാശ്ചര്യത്തോടെ അച്ഛന്റെ മുഖത്തേക്കു തന്നെ ഇമയനക്കാതെ നോക്കി.

"എന്തായിരുന്നു അച്ഛാ അത്?"

"പറയാം.... ഞാനറിഞ്ഞതെന്താണോ അതിനൊരു സ്ഥിരീകരണം എനിക്കു വേണമായിരുന്നു. ആരോടും ഒന്നും പറയാതെ ഞാനന്നുതന്നെ നീലഗിരിക്കുപോയി. ഗംഗേട്ടനെ കണ്ടു. അദ്ദേഹമാണ് ഞാനും ജയന്തീം തമ്മിലുള്ള വിവാഹം നടത്താൻ കൂടുതൽ താൽപര്യം കാണിച്ചത് ഗംഗേട്ടനോട് എനിക്ക് ഒരേയൊരു ചോദ്യമേ ചോദിക്കാനുണ്ടായിരുന്നുള്ളു. നിന്റെ അമ്മ, ജയന്തി എന്നെ വിവാഹം കഴിക്കുന്നതിന് മുൻപ് ഒരു കുഞ്ഞിനെ പ്രസവിച്ചിരുന്നോ?"

രോഹിത്ത് ഞെട്ടിപ്പോയി.

അച്ഛൻ എന്ത് അസംബന്ധമാണ് പറയുന്നത്? സമചിത്തതയോടെയാണോ അച്ഛൻ സംസാരിക്കുന്നത്.

"ഗംഗേട്ടന് ഒഴിഞ്ഞുമാറാൻ പഴുതൊന്നുമില്ലായിരുന്നു. ഗംഗേട്ടൻ ആഗ്രാ കന്റോൺമെന്റിൽ ജോലി ചെയ്തിരുന്ന കാലത്ത് ജയന്തി കുറേക്കാലം ഗംഗേട്ടനോടൊപ്പം താമസിച്ച് പഠിക്കുകയും അവിടെ ഒരു സ്കൂളിൽ ടീച്ചറായി ജോലി നോക്കുകയും ചെയ്തിരുന്നു. അക്കാലത്ത് തന്റെ കീഴിൽ ജോലി ചെയ്തിരുന്ന ഒരു സൈനിക ഓഫീസറുമായി ജയന്തി അടുപ്പത്തിലായി എന്നും ഡൽഹിയിലെ മിലിട്ടറി ഹെഡ്ക്വാർട്ടേഴ്സിലേക്ക് ഗംഗേട്ടൻ ട്രാൻസ്ഫറായി പോയപ്പോൾ ജയന്തി അയാളോടൊപ്പം കുറേക്കാലം ഒന്നിച്ചു താമസിക്കാനിടയായി എന്നും ഗംഗേട്ടൻ എന്നോട് സമ്മതിച്ചു. ഗംഗേട്ടനും കൊല്ലപ്പള്ളിക്കാരും കൂടി വിവരമറിഞ്ഞ് ജയന്തിയെ കയ്യോടെ പിടികൂടി തിരുവനന്തപുരത്തെ ഒരു ബന്ധുവിന്റെ വീട്ടിലെത്തിച്ചു. ജയന്തി അന്ന് പൂർണഗർഭിണിയായിരുന്നതിനാൽ നാട്ടുകാരുടെ അപവാദം ഭയന്ന് കൊല്ലപ്പള്ളിക്ക് കൊണ്ടുവന്നില്ല. പകരം നെയ്യാറ്റിൻകരയിലെ ഒരു ഹോസ്പിറ്റലിൽവെച്ച് ജയന്തിയുടെ പ്രസവം അതീവ രഹസ്യമായി നടത്തി. കുട്ടി മരിച്ചുപോയെന്നും ജയന്തിയെ സ്നേഹിച്ചിരുന്ന ആൾ അവളെ ഉപേക്ഷിച്ച് വേറെ ഒരു സ്ത്രീയെ കല്യാണം കഴിച്ചുവെന്നും എല്ലാവരുംകൂടി ഒത്തൊരുമിച്ച് ജയന്തിയെ പറഞ്ഞു വിശ്വസിപ്പിച്ചു. ഇത്രയും കാര്യങ്ങൾ ഗംഗേട്ടൻ എന്റടുത്ത് സമ്മതിച്ചു."

രോഹിത്ത് സ്തംഭിച്ചിരിക്കുകയാണ്.

വാക്കുകൾ പൊട്ടിത്തെറിച്ച് ചീളുകളായി അവന്റെ തലച്ചോറിലൂടെ ചീറിപ്പായുന്നുണ്ട്. അവന്റെ മനസ്സിലെ വിഗ്രഹങ്ങൾ ശിരസ്സും കൈകാലുകളുമറ്റ് തകർന്നു നിലംപതിക്കുന്നു.

"നിനക്കു വിശ്വസിക്കാൻ കഴിയുന്നില്ലെന്ന് എനിക്കറിയാം. വിശ്വസനീയമായ കള്ളങ്ങൾ ഉള്ളതുപോലെ തന്നെ അവിശ്വസനീയമായ സത്യങ്ങളുമുണ്ട്. ആത്മഹത്യ ചെയ്യണോ കൊലപാതകം നടത്തണോ എന്നറിയാതെ ഭ്രാന്തമായ ഒരവസ്ഥയിലൂടെയാണ് ആ ദിവസങ്ങളിൽ നിന്റെ അച്ഛൻ സഞ്ചരിച്ചത്. നിനക്ക് സങ്കൽപ്പിക്കാൻ പോലും കഴിയാത്ത ഒരു സത്യംകൂടി ഞാൻ പറയാൻ പോവുകയാണ്." ബാലചന്ദ്രമേനോൻ ഒരുമാത്ര നിർത്തിയിട്ട് രോഹിത്തിന്റെ ഭഗ്നാശമായ മുഖത്തേക്കു നോക്കി.

"അന്ന് നെയ്യാറ്റിൻകരയിലെ ഒരു പ്രൈവറ്റ് ഹോസ്പിറ്റലിൽവച്ച് നിന്റെ അമ്മ പ്രസവിച്ച കുഞ്ഞ് യഥാർത്ഥത്തിൽ മരിച്ചുപോയിരുന്നില്ല. അതിനെ നിന്റെ അമ്മയുടെ വീട്ടുകാർ, ഒരു അനാഥാലയത്തിൽ ഉപേക്ഷിച്ചുകളഞ്ഞു. അച്ഛനാരെന്നറിയാതെ, അമ്മയാരെന്നറിയാതെ, കൂടപ്പിറപ്പുകൾ ആരെന്നറിയാതെ ആ പെൺകുഞ്ഞ് അവിടെ വളർന്നു. ഇരുപത്തിമൂന്നു വർഷക്കാലം. അവളുടെ പേരാണ് അലീന. നിന്റെ അമ്മ പ്രസവിച്ച മകൾ."

# മഴ തോരും മുൻപേ...

**ജോയ്സി**

രോഹിത്തിന്റെ ശരീരത്തിലൂടെ അടിമുടി ഒരു വിറയൽ കടന്നുപോയി. അവന്റെ ഹൃദയത്തിലേക്ക് ക്ഷോഭിച്ച ഒരു കടൽ മുഴുവൻ അടിച്ചുകേറി. അവന്റെ ഹൃദയഭിത്തികളിലും ധമനികളിലും അലമാലകൾ ആഞ്ഞടിച്ചു ചിതറി.

"ജയന്തി സ്വന്തം അമ്മയാണെന്ന് അറിഞ്ഞതിനുശേഷമാണ് അലീന ഒരു വേലക്കാരിയായി ഈ വീട്ടിൽ വന്നത്. നീ അവളുടെ അനുജനാണെന്നും ബബിതയും കൃഷ്ണമോളും അനുജത്തിമാരാണെന്നും അറിഞ്ഞുകൊണ്ടുതന്നെയാണ് നിങ്ങളെ അവൾ ഇത്രയധികം സ്നേഹിച്ചത്. നിങ്ങൾക്കുവേണ്ടി പ്രാണൻ കളയാൻപോലും സന്നദ്ധയായത്."

രോഹിത്ത് ശ്വാസം നിലച്ചപോലെ ഇരിക്കുകയാണ്.

ഒന്നു തൊട്ടാൽ പൂഴിമണ്ണുപോലെ അവൻ പൊടിഞ്ഞുവീഴുമെന്നും ഒന്നൂതിയാൽ അവൻ പഞ്ഞിത്തുണ്ടുപോലെ പറന്നുപോകുമെന്നും ബാലചന്ദ്രമേനോനു തോന്നി.

"പക്ഷേ, ജയന്തിക്ക് അറിയില്ല, അലീന അവളുടെ മകളാണെന്ന്. അവൾ പ്രസവിച്ച കുഞ്ഞ് ജീവിച്ചിരിപ്പുണ്ടെന്നോ ഒരു ഓർഫനേജിൽ അതു വളർന്നു വലുതായി എന്നോ അവൾക്കറിയില്ല."

രോഹിത്തിന്റെ കാതിനുള്ളിൽ ഒരു കൊടും ചുഴലിയുടെ ആരവം മാത്രം. അവന്റെ സ്മൃതിമണ്ഡലത്തിൽ, കഴിഞ്ഞുപോയ ഓരോരോ രംഗങ്ങൾ ഇരമ്പിയാർത്തു വന്നു കടപുഴകി വീണു.

അലീന ആദ്യമായി ഈ വീട്ടിലെത്തിയത്.

അവൻ അവളുടെ അടുക്കൽ പ്രകടിപ്പിച്ചിട്ടുള്ള ശൃംഗാരചേഷ്ടകൾ. അവളുടെ നേർക്കു കാണിച്ച വെറുപ്പും വിരോധവും, അവൾക്കെതിരെ നടത്തിയ ഗൂഢാലോചനകൾ, അവളെ തേജോവധം ചെയ്യാൻ വേണ്ടി കെട്ടിച്ചമച്ച അപവാദങ്ങളും ആരോപണങ്ങളും. ഒടുക്കം പ്രതികാര വ്യഗ്രതയോടെ നടത്തിയ ബലാൽക്കാരശ്രമം.

അപ്പോഴെല്ലാം അലീനച്ചേച്ചിക്ക് അറിയാമായിരുന്നു. താൻ ചേച്ചിയുടെ സ്വന്തം സഹോദരനാണെന്ന്.

നീലക്കിടക്കവിരിയിൽ മഷിത്തുള്ളികൾ വീണതുപോലെയുള്ള പാടുകൾ പതിയുന്നതു കണ്ട് ബാലചന്ദ്രമേനോൻ, അമ്പരപ്പിൽ രോഹിത്തിന്റെ നേർക്കു നോക്കി. ട്യൂബിന്റെ വെളിച്ചം പിന്നിൽനിന്നായതിനാൽ മുഖം ശരിക്കു കാണാൻ വയ്യ. തല താഴ്ത്തിപ്പിടിച്ചിരിക്കുകയാണ്.

കിടക്കവിരിയിലെ മഷിത്തുള്ളികളുടെ എണ്ണം കൂടിക്കൂടി വരുന്നു. ബാലചന്ദ്രമേനോൻ മുന്നോട്ടാഞ്ഞിരുന്ന് വല്ലായ്മയോടെ അവന്റെ തോളത്ത് കൈവെച്ചു.

"രോഹിത്ത്...."

അവൻ മുഖം തെല്ലുയർത്തി.

ഇരു കണ്ണിൽനിന്നും ധാരധാരയായി കണ്ണുനീർ ഒഴുകുന്നു.

## നോവൽ

"അച്ഛനിതുവരെ.... എന്നോടു പറഞ്ഞില്ലല്ലോ." പൊടുന്നനെ അവൻ വിങ്ങിപ്പൊട്ടി.

"പറയാനുള്ള സമയമായിട്ടില്ലാരുന്നു. ഇപ്പോഴും നിന്നോടു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. അച്ഛൻ അലീനയ്ക്കൊരു വാക്കു കൊടുത്തിട്ടുണ്ട്. ആ വാക്കു തെറ്റിച്ചുകൊണ്ടാണ് നിന്നോടിപ്പോ ഞാനിതു പറയുന്നത്. എനിക്കു വല്ലതും സംഭവിച്ചുപോയാൽ.... അതിനു മുൻപ് നീയെങ്കിലും സത്യമറിഞ്ഞിരിക്കണം എന്നെനിക്കു തോന്നി. താങ്ങാൻ വയ്യാത്തിടത്തോളം തെറ്റിദ്ധാരണകൾ അച്ഛൻ ഏറ്റുവാങ്ങിക്കഴിഞ്ഞു. ഞാൻ മാത്രമല്ല അലീനയും."

"അച്ഛൻ പറയണമായിരുന്നു. അലീനച്ചേച്ചിയോട് ഞങ്ങളെല്ലാരും എന്തെല്ലാം ദ്രോഹം കാണിച്ചു അച്ഛാ.... അതൊക്കെ ഒഴിവാക്കായിരുന്നില്ലേ? അമ്മയറിയുമ്പോ എങ്ങനെ സഹിക്കും."

രോഹിത്ത് ഏങ്ങലടിച്ചു.

ബാലചന്ദ്രമേനോൻ ഒന്നും മിണ്ടാതെ അവന്റെ തോളത്തു മെല്ലെ തട്ടിക്കൊണ്ടിരുന്നു.

രോഹിത്ത് പെട്ടെന്നെഴുന്നേറ്റ് ഷർട്ടിന്റെ തുമ്പുയർത്തി കണ്ണു തുടച്ചുകൊണ്ട് മുറിയിൽനിന്നും ഇറങ്ങിപ്പോയി.

ബാലചന്ദ്രമേനോൻ ആശയക്കുഴപ്പത്തിൽ പെട്ടതുപോലെ അൽപ്പനേരം കൂടി അവിടെത്തന്നെ ഇരുന്നു. താൻ രോഹിത്തിനോട് കാര്യങ്ങൾ തുറന്നുപറഞ്ഞത് വിഡ്ഢിത്തമായിപ്പോയോ എന്നൊരു ശങ്കയോടെ അയാൾ എഴുന്നേറ്റു.

പാസേജിലിറങ്ങി നോക്കിയപ്പോൾ രോഹിത്തിന്റെ വാതിൽ ചാരിയിട്ടിരിക്കുന്നത് കണ്ടു. വാതിൽ മെല്ലെ തുറന്നു നോക്കി. മുറിക്കുള്ളിൽ ആരുമില്ല.



അപ്പോഴാണ് കോണിപ്പടിയിൽനിന്നു തേങ്ങൽ കേട്ടത്.

ബാലചന്ദ്രമേനോൻ ചെന്നു നോക്കുമ്പോൾ രോഹിത്ത് പടിയിലിരുന്നു ഗ്രില്ലിലേക്കു തല ചേർത്തുവച്ച് വിങ്ങിപ്പൊട്ടുകയാണ്.

ബാലചന്ദ്രമേനോൻ അരികെ ചെന്നു.

അവനെ തൊട്ടുവിളിച്ചു.

"രോഹിത്ത്.... എഴുന്നേറ്റുവാ...."

അവൻ അനങ്ങാതെയിരുന്നു.

"ഇവിടിരുന്നു കരയരുത്.... ഉറങ്ങിക്കിടക്കുന്നോരുംകൂടി എഴുന്നേറ്റുവരും..... വാ...." അയാൾ അടക്കിയ സ്വരത്തിൽ പറഞ്ഞു.

കണ്ണും കവിളും തുടച്ചുകൊണ്ട് രോഹിത്ത് എഴുന്നേറ്റു. ബാലചന്ദ്രമേനോൻ അവന്റെ തോളത്തു കൈവച്ചു ചേർത്തുപിടിച്ചു നടത്തി.

രോഹിത്തിനെ അവന്റെ മുറിയിൽ എത്തിച്ചു.

കട്ടിലിൽ ഇരുത്തിയിട്ട് അവന്റെ മുൻപിലേയ്ക്ക് കസേര വലിച്ചിട്ട് ഇരുന്നു.

"നീയിങ്ങനെ സില്ലിയായാലോ. നാളെയൊരിക്കൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണേണ്ടവനാണ് നീ."

ബാലചന്ദ്രമേനോൻ അവനെ ഓർമ്മിപ്പിച്ചു.

"അച്ഛനെന്തുകൊണ്ടാ ഇതു മറച്ചുവച്ചത്?"

ഗദ്ഗദംകൊണ്ട് അവന്റെ തൊണ്ട അടഞ്ഞു.

"ഞാനെന്തു ചെയ്യണമായിരുന്നു."

"അച്ഛനിതു മുൻപേതന്നെ തുറന്നു പറയാമായിരുന്നില്ലേ?"

"പറഞ്ഞിരുന്നെങ്കിൽ നിങ്ങളുടെ പ്രശ്നം തീരുമായിരുന്നു അല്ലേ. അമ്മ മോളെ തിരിച്ചറിയുന്നു. സഹോദരങ്ങൾ ചേച്ചിയെ തിരിച്ചറിയുന്നു. നാടകം ശുഭം. അച്ഛനെപ്പറ്റി മാത്രം എന്റെ മോൻ ചിന്തിച്ചില്ല."

"അച്ഛന്.... അച്ഛനും അലീനച്ചേച്ചിയെ ഇഷ്ടമല്ലേ.... ഞങ്ങളേക്കാളൊക്കെ...."

"അത് അവൾ ജയന്തിയുടെ മകളായതുകൊണ്ടല്ല. എന്റെ മക്കളുടെ ചേച്ചിയാതുകൊണ്ടുമല്ല. അവളുടെ സ്നേഹവും നന്മയും സ്വഭാവ നൈർമല്യവും കണ്ടിട്ടുണ്ടായ ഇഷ്ടമാണ്. ഇരുപത്തിരണ്ടു വർഷക്കാലം സത്യം മറച്ചുവെച്ച് അച്ഛന്റെ മുൻപിൽ അഭിനയിച്ച അമ്മയെ അതേപടി അംഗീകരിക്കാനും സ്വീകരിക്കാനും ബുദ്ധിമുട്ടുണ്ട്. അലീന ജയന്തിയുടെ മകളാണെന്ന സത്യം എല്ലാവരും അറിഞ്ഞശേഷം അച്ഛൻ നിങ്ങളോടൊപ്പം ഈ വിട്ടിലുണ്ടാവില്ല. പിന്നെ എനിക്ക് നിന്റെ അമ്മയുടെ ഭർത്താവായി തുടരാൻ സാധ്യമല്ല. നിന്റെ അമ്മയും ഒരുപക്ഷേ, എന്റെ ഭാര്യാസ്ഥാനത്തു നിന്നു സ്വയം പിരിഞ്ഞുപോയെന്നിരിക്കും. നിങ്ങളുടെ വളർച്ചയുടെ ഘട്ടത്തിൽ ഇങ്ങനൊരു ഗുരുതരമായ പ്രതിസന്ധി നിങ്ങളുടെ മുൻപിലേക്കിട്ടു തന്നിട്ടു പരസ്പരം പിരിഞ്ഞുപോകാൻ അച്ഛൻ ആഗ്രഹിച്ചില്ല. അതുകൊണ്ടാണ് ഒന്നും തുറന്നു പറയാതിരുന്നത്. ഞങ്ങൾ തമ്മിൽ ഇതറിഞ്ഞു കഴിഞ്ഞതിനുശേഷം ഒന്നിച്ചൊരു ജീവിതമില്ല."

രോഹിത്ത് കാര്യഗൗരവം വേണ്ടത്ര പിടികിട്ടാത്ത മട്ടിൽ അച്ഛന്റെ മുഖത്തേക്കു നോക്കിയിരുന്നു.

"അലീനച്ചേച്ചി ഇപ്പോൾ എവിടെയാണെന്ന് അച്ഛൻ പറഞ്ഞില്ല?"

"ജയന്തിയുമായി ആഗ്രയിൽ അടുപ്പമുണ്ടായിരുന്ന മിലിട്ടറി ഓഫീസറുടെ കാര്യം ഞാൻ പറഞ്ഞിരുന്നല്ലോ. കിട്ടിയ വിവരങ്ങൾവച്ച് ഞാൻ അയാളെപ്പറ്റി അന്വേഷിച്ചു. ആർമിയിൽനിന്നു പിരിഞ്ഞ് അയാളിപ്പോൾ കുളത്തുപ്പുഴയിലാണ് താമസം. റിട്ടയേഡ് കേണൽ സ്റ്റാൻലി ജോസഫ്. അയാളാണ് അലീനയുടെ അച്ഛൻ. ഞാനവളെ സ്വന്തം അച്ഛന്റെ കയ്യിൽതന്നെ ഏൽപിച്ചുകൊടുത്തു. അവിടെ താമസിച്ചുകൊണ്ടാണ് അവൾ നിങ്ങളോടു ഫോണിൽ സംസാരിക്കുന്നത്."

രോഹിത്ത് ആശ്ചര്യത്തോടെ അച്ഛനെ നോക്കിക്കൊണ്ടിരുന്നു.

"അമ്മ എന്നെങ്കിലും ഇതറിയണ്ടേ അച്ഛാ?"

"അമ്മ ഇതറിയുന്നതാണ് നിനക്കു പ്രധാനമെങ്കിൽ ഇക്കാര്യം നിനക്ക് എല്ലാവരോടും പറയാം. ബബിതയേയും കൃഷ്ണമോളെയും കൊല്ലപ്പള്ളിക്കാരെയും അറിയിക്കാം. പക്ഷേ, അച്ഛൻ നിങ്ങളോടൊപ്പം തുടരണമെന്നുണ്ടെങ്കിൽ അതു പാടില്ല. നിനക്കിഷ്ടമുള്ള തീരുമാനമെടുക്കാം. ആരോടും പറയില്ലെന്നു നീയെനിക്കു തന്ന വാക്കുപോലും ലംഘിക്കാം."

"അച്ഛാ...." രോഹിത്തിന്റെ കണ്ഠമിടറി. "അലീനച്ചേച്ചി ഈ വീട്ടിലല്ലേ താമസിക്കേണ്ടത്. നമ്മുടെ കൂടെ.... എന്നിട്ട് വേറെയെവിടെയോ പോയി...."

"എനിക്കിനി ഒന്നും നിന്നോടു പറയാനില്ല. കാര്യങ്ങൾ മനസ്സിലാക്കാനുള്ള പ്രായവും പക്വതയും നിനക്കുണ്ടെന്നാണ് എന്റെ വിശ്വാസം. ഇന്നു രാത്രി നീ ശാന്തമായിട്ടുറങ്ങ്. നേരം വെളുക്കുമ്പോ നിനക്കൊരുത്തരം കിട്ടിയിരിക്കും."

ബാലചന്ദ്രമേനോൻ അവന്റെ തോളത്തു തട്ടിയിട്ടു മുറിവിട്ടിറങ്ങി. വാതിൽ ചാരി. കിടക്കറയിലേക്കു നടക്കുമ്പോൾ ഹൃദയഭാരം പാതി കുറഞ്ഞതുപോലെ അയാൾക്കു തോന്നി. തന്റെ മകനിലേക്ക് അത് ഏൽപ്പിച്ചുകൊടുത്തിരിക്കുന്നു. ഇനി അവനാണ് ആ ഭാരം ചുമക്കേണ്ടത്.

രോഹിത്തിന് ഉറങ്ങാൻ കഴിയുന്ന രാത്രിയായിരുന്നില്ല അത്. അവൻ ചിലപ്പോൾ അസ്വസ്ഥനായി മുറിയിലൂടെ നടന്നു. മറ്റു ചിലപ്പോൾ നഖം കടിച്ചുകൊണ്ട് കിടക്കയിലിരുന്നു. ഒരുവേള അവൻ എഴുന്നേറ്റുപോയി കംപ്യൂട്ടർ ഓൺ ചെയ്തു.

അതിനുള്ളിലെ ഫോട്ടോകളുടെ ഫോൾഡറെടുത്തു. അലീനയുമായി അവൻ രേവതിക്കുട്ടിയുടെ വീട്ടിൽ പോയപ്പോഴത്തെ ചിത്രങ്ങളുടെ ഫയൽ തുറന്നു.

അലീനച്ചേച്ചിയുടെ ഒരു ക്ലോസപ്പ് ചിത്രം സ്ക്രീനിൽ നിറഞ്ഞു. താൻ ക്ലിക്ക് ചെയ്തതാണ്. ചുണ്ടുകളിൽ സ്നേഹലോലമായ പുഞ്ചിരിയും കണ്ണുകളിൽ വഴിഞ്ഞൊഴുകുന്ന സ്നേഹവാത്സല്യങ്ങളുമായി തന്റെ മുഖത്തേക്കു നോക്കിയിരിക്കുകയാണ്. അതിലേക്കു നോക്കിയിരിക്കെ രോഹിത്തിനു വീണ്ടും കരച്ചിൽവന്നു.

താൻ എന്തുമാത്രം വേദനിപ്പിച്ചിട്ടുണ്ട്.

അപ്പോഴെല്ലാം അലീനച്ചേച്ചിക്ക് അറിയാമായിരുന്നല്ലോ സ്വന്തം അനുജനാണ് ഈ ക്രൂരതയെല്ലാം കാണിക്കുന്നതെന്ന്. ആരോടും പരാതി പറയാതെ എല്ലാം നിശ്ശബ്ദമായി സഹിച്ചു.

തെറ്റുകളിലേക്കു താൻ കാലിടറി വീഴാതിരിക്കാൻ അലീനച്ചേച്ചിയുടെ പ്രത്യേകമായ ഒരു ശ്രദ്ധ തന്റെ മേലുണ്ടായിരുന്നുവെന്ന് ഇപ്പോൾ തിരിച്ചറിയാൻ കഴിയുന്നു. ഒരിക്കൽ ഒരു പെൺകുട്ടിയേയുംകൂട്ടി ക്ലാസ് കട്ട് ചെയ്ത് വീട്ടിലെത്തിയതും അലീനച്ചേച്ചി ഫോൺ ചെയ്ത് അച്ഛനെ വരുത്തിയതും അവന് ഓർമ്മ വന്നു.

ഹരിശങ്കറിന്റെ പ്രലോഭനത്തിൽപ്പെട്ട് അന്തീനാട്ടെ റബർതോട്ടത്തിലുള്ള ആൾതാമസമില്ലാത്ത വീട്ടിലേക്ക് യാത്ര പുറപ്പെടുമ്പോഴും അലീനച്ചേച്ചി വിലക്കിയിരുന്നു.

ഇതേമുറിയിൽ താനേ വയറ്റിൽ കത്രിക കുത്തിക്കയറ്റി, കുതിച്ചൊഴുകുന്ന ചോര ഇരുകൈപ്പത്തികൊണ്ടും പൊത്തിപ്പിടിച്ച് നിൽക്കേ തന്നോടു പറഞ്ഞ വാക്കുകൾ ഇപ്പോൾ അവനോർത്തു.

-രക്ഷപ്പെട്ടു പൊയ്ക്കോ.... ഇവിടെന്താ നടന്നതെന്ന് ഞാനാരോടും പറയില്ല.

തനിക്കുവേണ്ടിയാണ് അലീനച്ചേച്ചി ഏറെ കഷ്ടപ്പെട്ടതും ഏറ്റവുമധികം സങ്കടമനുഭവിച്ചതും. തന്നെ കേസിൽനിന്നു രക്ഷിക്കാൻവേണ്ടി സ്വജീവൻപോലും പണയപ്പെടുത്തിക്കൊണ്ട് അലീനച്ചേച്ചി ശരണ്യയുടെ വീട്ടിൽപോയ സംഭവം ഇന്നും ഒരുൾക്കിടിലത്തോടെ മാത്രമേ ഓർക്കാൻ കഴിയൂ.

തനിക്കു സുഖമില്ലാതിരുന്നപ്പോൾ ഒരമ്മയുടെ വാത്സല്യത്തോടെ തന്നെ പരിചരിച്ചു.

തന്റെ മനസ്സിടിഞ്ഞു താണിരുന്നപ്പോൾ കൂടെ കൊണ്ടുനടന്ന് ആത്മവിശ്വാസം നൽകി.

അലീനച്ചേച്ചിയുടെ ത്യാഗസന്നദ്ധതയും സ്നേഹപൂർവമായ ശിക്ഷണവും ഇല്ലായിരുന്നെങ്കിൽ തന്റെ ജീവിതം നാശഗർത്തത്തിൽ ചെന്നടിഞ്ഞേനെ.

രോഹിത്ത് കംപ്യൂട്ടറിലെ ചിത്രങ്ങളെല്ലാം ഓരോന്നായി സെലക്ടു ചെയ്തു. തന്റെ തോളത്തു കയ്യിട്ട് അലീനച്ചേച്ചി ചിരിച്ചു നിൽക്കുന്ന പടങ്ങൾ രേവതിക്കുട്ടി ക്ലിക്ക് ചെയ്തതാണ്. എന്നിട്ട് അവൾ ഒരു കമന്റ് പറയുകയും ചെയ്തു.

"നല്ലസ്സല് ചേച്ചീം അനുജനും. ഇത് ഒറിജിനൽ തന്നെ. ഒരു സംശയോം വേണ്ട."

അപ്പോൾ അലീനച്ചേച്ചി അവളെ ശാസനാപൂർവം നോക്കിയതും രോഹിത്ത് ഇപ്പോൾ ഓർക്കുന്നു.

കണ്ടിട്ടും കണ്ടിട്ടും മതിവരാതെ അവൻ വീണ്ടും ആവർത്തിച്ചാവർത്തിച്ച് ആ ചിത്രങ്ങൾ കണ്ടുകൊണ്ടിരുന്നു.

പിന്നെയെപ്പോഴോ കംപ്യൂട്ടർ ഓഫ് ചെയ്ത് പോയിക്കിടന്നു. ആദ്യം മുതൽ എല്ലാം അവൻ മനസ്സിലിട്ട് പതംവരുത്തി ആലോചിച്ചു നോക്കി.

അച്ഛനെക്കുറിച്ചു ചിന്തിച്ചപ്പോൾ അവന് ദുഃഖവും അനുകമ്പയും തോന്നി. അതു വേറിട്ടു കാണേണ്ട ഒരു പ്രശ്നമാണെന്ന് അവനു മനസ്സിലായി.

(ശേഷം 34-ാം പേജിൽ)


# ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*
*ദാനിയേൽ റഫറൻസ് ബൈബിൾ*
*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*
*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*
*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*
website: www.danielbible.com

# ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം
ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!
ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു
https://ttb.twr.org/podcasts
e-mail: malayalamttb@radio882.com
website: www.radio882.com
USA contact: Ph: 972-475-4880
e-mail: ki_thomas@hotmail.com

# MOTHERS PRAYER

**തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നന്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ-സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.**

**ബന്ധപ്പെടേണ്ട വിലാസം:**
**Sister: Annamma Ninan**
**39241 N Stockton Ln, Beach Park, IL - 60083.**
**Phone - 847-623-2973**
**Email- Mothersprayerusa@sbcglobal.net**

# കൊറോണയെ പേടിക്കണോ?

**എന്താണ് പുതിയ കൊറോണ വൈറസ്:** ചൈനയിലെ ഹുബൈ പ്രവിശ്യയുടെ തലസ്ഥാനമായ ഹുവാനിൽ കഴിഞ്ഞ ഡിസംബറിൽ കണ്ടെത്തിയതാണ് ഈ പുതിയ വൈറസ്. 2019-എൻസിഒവി (പുതിയ കൊറോണ വൈറസ് 2019) എന്നാണ് ശാസ്ത്രലോകം ഇപ്പോൾ നല്കിയിരിക്കുന്ന പേര്.

**കൊറോണ വൈറസുകൾ മുമ്പ് ഉണ്ടായിരുന്നോ:** ഉണ്ടായിരുന്നു. സാർസ് (സിവിയർ അക്യൂട്ട് റെസ്പിരേറ്ററി സിൻഡ്രം) മെർസ് (മിഡിൽ ഈസ്റ്റേൺ റെസ്പിരേറ്ററി സിൻഡ്രം) എന്നിവയ്ക്കു കാരണം കൊറോണ വൈറസുകളാണ്. അവയിൽ നിന്നു വ്യത്യസ്തമായ ഇനം കൊറോണ വൈറസാണ് ഇപ്പോഴത്തെ രോഗകാരണം.

**രോഗബാധയുടെ പ്രാരംഭ ലക്ഷണങ്ങൾ:** കടുത്ത പനി, ചുമ, ശ്വാസതടസം. രോഗം മൂർച്ഛിച്ചാൽ ആന്തരാവയവങ്ങൾ തകരാറിലാകും.

**എന്താണ് ചികിത്സ:** ഇപ്പോൾ ചികിത്സ ഇല്ല. ഫ്ളൂവിന്റെ ലക്ഷണങ്ങളാണ് കാണുന്നതെങ്കിലും ഫ്ളൂവിനെതിരായ ആന്റിബയോട്ടിക്കുകൾ വൈറസ് ഫലമായുള്ള ഈ രോഗത്തിനു ഫലപ്രദമല്ല. ആശുപത്രിയിൽ ശ്വാസകോശത്തിനും മറ്റ് ആന്തരാവയവങ്ങൾക്കും അണുബാധയും പ്രശ്നങ്ങളും വരാതിരിക്കാനുള്ള ചികിത്സയാണ് നടത്തുന്നത്. ശരീരത്തിന്റെ തന്നെ പ്രതിരോധ സംവിധാനം കൊണ്ടുവേണം രോഗബാധയിൽ നിന്നു രക്ഷപ്പെടാൻ.

**പ്രതിരോധ മരുന്നുകൾ ഉണ്ടോ:** ഈ രോഗബാധയ്ക്കെതിരെ വാക്സിനുകൾ പോലുള്ള പ്രതിരോധ മരുന്നുകൾ കണ്ടെത്തിയിട്ടില്ല. ഗവേഷണങ്ങൾ നടക്കുന്നു. ഈ രോഗബാധയുള്ളവരുമായി സമ്പർക്കം വരാതെ നോക്കുക. ഈ വൈറസുള്ള പ്രദേശങ്ങളിൽ ചെല്ലാതെ നോക്കുക എന്നിവയാണ് എടുക്കാവുന്ന പ്രതിരോധ നടപടി.

**രോഗം പടരുന്നത് എങ്ങനെ:** സാർസും മെർസും പോലെ ഇതും മൃഗജന്യരോഗമാണെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. സാർസ് വെരുകിൽനിന്നും മെർസ് ഒട്ടകത്തിൽ നിന്നുമാണ് പടർന്നത്. ഇപ്പോഴത്തെ രോഗബാധയ്ക്കു കാരണമായ മൃഗം ഏതെന്നു തിരിച്ചറിഞ്ഞിട്ടില്ല. വവ്വാൽ ആണെന്നാണ് ശാസ്ത്രജ്ഞരുടെ നിഗമനം. ഇതിന്റെ ജനിതകഘടനയും വവ്വാലിന്റേതുമായി 80 ശതമാനം സാമ്യം കണ്ടെത്തി. വുഹാനിലെ മത്സ്യ-മാംസ മാർക്കറ്റിൽ വവ്വാലും വെരുകും പാമ്പും അടക്കം ധാരാളം ജീവികളുടെ മാംസം വിൽക്കുന്നുണ്ട്. 2002-03-ലെ സാർസ് ബാധ ഒതുക്കിയത് വെരുകിറച്ചി നിരോധിച്ചും വെരുകുകളുടെ പ്രജനനം തടഞ്ഞും മറ്റുമാണ്.

**മനുഷ്യരിൽ നിന്ന് രോഗം പടരുമോ:** പടരും. മനുഷ്യരിൽ നിന്ന് മറ്റുള്ളവരിലേക്കു പടർന്ന സംഭവങ്ങൾ ചൈന, തായ്‌ലൻഡ്, തായ്‌വാൻ, ജർമ്മനി, അമേരിക്ക എന്നിവിടങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചൈനയിൽ വുഹാനിൽതന്നെ ചന്തയിലൊന്നും പോകാത്ത പലർക്കും ചന്തയിൽ പോയി വൈറസ് ബാധയുമായി വന്നവരിൽ നിന്നാണ് രോഗം ലഭിച്ചത്.

**രോഗത്തിന്റെ പകർച്ചത്തോത് എങ്ങനെ:** ലണ്ടനിലെ ഇംപീരിയൽ കോളജിലെ ശാസ്ത്രജ്ഞരുടെ കണക്കുകൂട്ടലനുസരിച്ച് ഈ രോഗബാധയുടെ പകർച്ചത്തോത് ഇൻഫ്ളുവൻസയുടെ അതേ നിരക്കിലാണ്. ഒരാൾ ശരാശരി 2.6 പേർക്ക് രോഗം പകർന്നുകൊടുക്കുന്നു.

**പൊതുവേ പാലിക്കേണ്ട കരുതലുകൾ:** ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും തുവാലയോ തോർത്തോ ഉപയോഗിച്ച് വായും മൂക്കും മൂടുക. ഇവ ലഭിച്ചില്ലെങ്കിൽ മൂക്കും വായും കൈക്കുള്ളിലാക്കി മാത്രം ചുമയ്ക്കുക. കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് 20 സെക്കൻഡ് എങ്കിലും കഴുകണം. അല്ലെങ്കിൽ ആൽക്കഹോൾ ഉള്ള സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കുക. പൊതുസ്ഥലങ്ങളിൽ തുപ്പാതിരിക്കുക.

**ചൈനയിൽ നിന്നു വന്നവർ ശ്രദ്ധിക്കേണ്ടത്:** രോഗലക്ഷണങ്ങൾ ഇല്ലെങ്കിലും 28 ദിവസത്തേക്ക് സ്വന്തം വീടുകളിൽ തന്നെ കഴിയുക. പൊതുസ്ഥലങ്ങളിൽ പോകരുത്. മറ്റുള്ളവരുമായി അടുത്ത് ഇടപഴകരുത്. ഗർഭിണികൾ, കുട്ടികൾ, രോഗികൾ എന്നിവരുണ്ടെങ്കിൽ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. പനി, ചുമ, ശ്വാസതടസം എന്നിവ അനുഭവപ്പെട്ടാൽ ഡോക്ടറെ സമീപിക്കുക.

## സ്ത്രീകളുടെ പള്ളിപ്രവേശം ഇസ്ലാം വിലക്കുന്നില്ല: മുസ്ലിം വ്യക്തിനിയമ ബോർഡ് സുപ്രീംകോടതിയിൽ

ന്യൂഡൽഹി: സ്ത്രീകളുടെ പള്ളിപ്രവേശം ഇസ്ലാം വിലക്കുന്നില്ലെന്ന് അഖിലേന്ത്യാ മുസ്ലിം വ്യക്തിനിയമ ബോർഡ് സുപ്രീംകോടതിയിൽ.

അതേസമയം, പൂർണമായും ഇസ്ലാം മതവിശ്വാസങ്ങളും തത്ത്വങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ കോടതി ഇടപെടുന്നത് ഉചിതമല്ലെന്നും ബോർഡ് നിലപാടെടുത്തു. പള്ളി പ്രവേശനത്തിന് അനുമതി തേടി പുണെയിലെ മുസ്ലിം ദമ്പതിമാർ നൽകിയ ഹർജിയിലാണ് സത്യവാങ്മൂലം.

വിഷയം ഒൻപതംഗ ബെഞ്ച് പരിഗണിക്കാനിരിക്കെയാണിത്. ഇസ്ലാം വിശ്വാസപ്രകാരം സ്ത്രീകൾക്ക് പള്ളിയിൽ പ്രാർത്ഥിക്കാൻ അനുമതിയുണ്. അതു ചെയ്യണമോ എന്നത് അവർക്കുതന്നെ തീരുമാനിക്കാം. സ്ത്രീകൾ നിർബന്ധമായും കൂട്ടനമസ്കാരത്തിൽ പങ്കെടുക്കണമെന്ന് ഇസ്ലാം പറയുന്നില്ല. പുരുഷന്മാരുടെ കാര്യത്തിൽ അതുണ്ട്. വെള്ളിയാഴ്ച നിസ്കാരത്തിന്റെ കാര്യവും അങ്ങനെത്തന്നെ.

സ്ത്രീകളുടെ പള്ളിപ്രവേശം ഇസ്ലാമിൽ വിലക്കാത്തതുകൊണ്ടുതന്നെ അങ്ങനെ ചെയ്യുന്ന ഫത്‌വ നിലനിൽക്കുന്നുണ്ടെങ്കിൽ അവഗണിക്കണം. അതേസമയം, ഏതെങ്കിലും വിശ്വാസിക്ക് മതപരമായ ഫത്‌വ ആവശ്യമെന്നു തോന്നിയാൽ അത് ഇറക്കുന്നതിനെ കോടതി നിയന്ത്രിക്കുകയുമരുത്: വ്യക്തി നിയമ ബോർഡ് സത്യവാങ്മൂലത്തിൽ പറയുന്നു.

## നോവൽ

(33-ാം പേജിൽ നിന്നും)

വെളുപ്പാൻ കാലത്താണ് രോഹിത്ത് ഒന്നു മയങ്ങിയത്. ഉണർന്നപ്പോൾ വൈകി. അവൻ സിറ്റൗട്ടിലെത്തിയപ്പോൾ അച്ഛന്റെ പത്രവായന കഴിഞ്ഞിരുന്നു.

ബാലചന്ദ്രമേനോൻ ഒന്നും സംഭവിക്കാത്തതുപോലെ അവനോട് ഗുഡ്മോണിങ് പറഞ്ഞു. അവൻ തിരിച്ചും.

"നിന്റെ കണ്ണു ചുവന്നിരിക്കുന്നു. ഒട്ടും ഉറങ്ങിയില്ലേ നീ?"

"ഉറങ്ങി."

"നീ വിഷമിക്കരുത്. അതിനുവേണ്ടിയാണ് ഞാൻ നിന്നോട് എല്ലാം തുറന്നുപറഞ്ഞത്."

അച്ഛൻ മുഖത്തേക്കു നോക്കിയപ്പോൾ അവന്റെ കണ്ണുനിറഞ്ഞു.

"അച്ഛനെന്നെ അലീനച്ചേച്ചിയുടെ അടുത്തു കൊണ്ടുപോകാമോ?"

ബാലചന്ദ്രമേനോൻ വിസ്മയത്തോടെ അവനെ നോക്കി.

"ഇന്നോ?"

"എനിക്ക്.... എനിക്കൊന്നു കാണണം അച്ഛാ... ഇല്ലെങ്കിലെന്റെ ചങ്ക് പൊട്ടിപ്പോകും....."

അവന്റെ കണ്ണിൽനിന്നു നീർത്തുള്ളികൾ തുളുമ്പി.

"കൊണ്ടുപോകാം." അയാൾ അലിവോടെ പറഞ്ഞു. "പക്ഷേ, ഇന്നല്ല നാളെ."

രോഹിത്ത് പെട്ടെന്ന് തന്റെ കൈപ്പത്തികൊണ്ട് മുഖം മറച്ച് വിതുമ്പി.

*** *** ***

അലീന പൂച്ചെടികൾ നനയ്ക്കുകയായിരുന്നു.

ഔതക്കുട്ടിച്ചായനുണ്ട് അവളോടൊപ്പം.

അയാളാണ് ഹോസ് പൈപ്പ് ചെടികൾക്കിടയിലൂടെ വലിച്ചു നീളം ക്രമീകരിച്ചുകൊണ്ടിരുന്നത്. പൂച്ചെടികൾക്കിടയിൽ നീണ്ട പച്ചിലപ്പാമ്പു കണക്കെ ഹോസ് പൈപ്പ് ഇഴയുമ്പോഴെല്ലാം നായക്കുട്ടികൾ രണ്ടും അതുചാടിക്കടിച്ച് എതിർദിശയിലേക്ക് വലിച്ചുകൊണ്ടിരുന്നു. അലീന തിരിഞ്ഞു നോക്കി ശാസിക്കുമ്പോഴെല്ലാം അവർ കടിച്ചുപിടിച്ച ഹോസ് പൈപ്പ് താഴെയിടും. അവർക്ക് അതൊരു കളിയാണ്.

രാവിലെ ജീപ്പോടിച്ച് തോട്ടത്തിലേക്കു പോയ സ്റ്റാൻലി ഇനിയും മടങ്ങി വന്നിട്ടില്ല.

ഹോൺ ശബ്ദവും കാറിന്റെ ഇരമ്പലും കേട്ട് അലീന മുഖം തിരിച്ചു നോക്കി.

കടപ്പാട്ടൂരെ അച്ഛന്റെ കാർ!

അലീന അതിശയിച്ചു പോയി.

ഔതക്കുട്ടിച്ചായൻ നെറ്റി ചുളിച്ചു.

അയാളും ബാലചന്ദ്രന്റെ കാർ തിരിച്ചറിഞ്ഞു.

"മിനിഞ്ഞാന്നല്ലേ അയാളിവിടെ വന്നിട്ടു പോയത്?"

അനിഷ്ടത്തോടെ ഔതക്കുട്ടിച്ചായൻ പിറുപിറുത്തു. "ഇങ്ങനെ കൂടെക്കൂടെ വരുന്നത് ലാലിച്ചന് ഇഷ്ടപ്പെടില്ല."

കാർ മുറ്റത്ത് എത്തിയപ്പോഴേക്കും അലീന ഹോസ് താഴെയിട്ട് കാറിനടുത്തേക്ക് ഓടിച്ചെന്നു. ബാലചന്ദ്രമേനോൻ കാറിൽനിന്ന് ഇറങ്ങി.

"അച്ഛനെന്താ പിന്നേം വന്നത്? എന്തുപറ്റി?"

അവൾ ഉത്കണ്ഠയോടെ ചോദിച്ചു.

"ഞാൻ മാത്രമല്ല, രോഹിത്തുമുണ്ട്. അവനു നിന്നെയൊന്നു കാണണമെന്ന് പറഞ്ഞു."

ഇപ്പോഴാണ് അവൾ കാറിനുള്ളിലേക്കു നോക്കിയത്.

രോഹിത്ത് കാറിനുള്ളിൽ ഇരിപ്പുണ്ട്.

അലീന അമ്പരപ്പോടെ ബാലചന്ദ്രമേനോന്റെ മുഖത്തേക്കു നോട്ടം തിരിച്ചു. അതിന് അനേക അർഥങ്ങളുണ്ടായിരുന്നു. അതിൽ ധാരാളം ചോദ്യങ്ങളുണ്ടായിരുന്നു.

രണ്ടു നിമിഷംകൊണ്ട് അലീന സമചിത്തത വീണ്ടെടുത്തു. അവൾ വേഗം കാറിന്റെ മറുവശത്തേക്കു ചെന്നു. അപ്പോഴേക്കും ഡോർ തുറന്നു രോഹിത്ത് ഇറങ്ങി.

അവന്റെ കണ്ണുകൾ കലങ്ങിയിരുന്നു.

അവന്റെ മുഖത്ത് സന്തോഷമല്ല, കദനമാണ് അവൾ കണ്ടത്.

"അലീനാ..." ബാലചന്ദ്രമേനോൻ പറഞ്ഞു. "നീയവനെ റൂമിലേക്കു കൂട്ടിക്കൊണ്ടുപോ. അവന് നിന്നോട് സംസാരിക്കണം. ഇവിടെവച്ച് ഒന്നും പറയണ്ട."

അലീന അവന്റെ കരം ഗ്രഹിച്ചു.

"വാ...."

അവൾ അവനെ വിളിച്ചു. രോഹിത്ത് തൂവാലകൊണ്ട് തന്റെ കണ്ണുമറച്ചു.

അലീനയുടെ മനസ്സിൽ തീ കോരിയിട്ടുകൊണ്ട് വേരുപടലങ്ങളുള്ള ഒരു കൊള്ളിയാൻ മിന്നി.

സിറ്റൗട്ടിലൂടെ കടന്നു പോകുമ്പോഴും ഇടനാഴി പിന്നിട്ട് മുറിയിലേക്കു കടക്കുമ്പോഴും അവൾ അവനോട് സംസാരിച്ചില്ല.

മുറിയിലേക്ക് കടന്നിട്ട് അവൾ വാതിൽ ചാരി. എന്നിട്ട് രോഹിത്തിനഭിമുഖമായി തിരിഞ്ഞു.

"രോഹിത്തേ.... എന്തുപറ്റി നിനക്ക്.... നിന്റെ മുഖമെന്താ വല്ലാതെ?"

അവൻ ദയനീയമായി അവളെ നോക്കി.

പെട്ടെന്ന് കൈലേസുകൊണ്ട് കണ്ണുമൂടി അവൻ വിങ്ങിക്കരഞ്ഞു.

"എന്താടാ മേനേ.... എന്നോട് പറയ്...."

അലീന അവന്റെ കുനിഞ്ഞ മുഖം പിടിച്ചുയർത്തി.

ചോദ്യഭാവത്തിൽ അവന്റെ കരഞ്ഞ കണ്ണുകളിലേക്ക് നോക്കി.

"അലീനച്ചേച്ചി.... എന്നോടു പറഞ്ഞില്ലല്ലോ."

അപ്പോഴേക്കും അവന്റെ ഹൃദയം പൊട്ടിപ്പോയി. വാവിട്ടു കരഞ്ഞുകൊണ്ട് അവൻ അവളുടെ തോളത്തേക്ക് മുഖം അമർത്തി.

അലീന ഉൾക്കിടിലത്തോടെ ഏതാനും നിമിഷം അങ്ങനെ നിന്നു. പിന്നെ മെല്ലെ അവനെ ആശ്ലേഷിച്ചു. അവനെ അടുക്കിപ്പിടിച്ച് ശിരസ്സിലും പുറത്തും തലോടി.

"കരയല്ലേ.... മോനേ.... കരയല്ലേ...."

അവൾ കണ്ണീരോടെ മന്ത്രിച്ചുകൊണ്ടിരുന്നു. എത്ര ആശ്വസിപ്പിച്ചിട്ടും അവന്റെ കരച്ചിൽ നിൽക്കുന്നില്ല. കണ്ണുനീർ ഇടമുറിയാതെ ഒഴുകി അവളുടെ ചുമൽ നനഞ്ഞു കുതിർന്നു.

നെഞ്ചിൽ കിടന്ന് അലതല്ലുന്ന തേങ്ങലുകളിൽനിന്ന് അവൾക്ക് അതു മനസ്സിലായിക്കഴിഞ്ഞിരുന്നു.

തന്റെ അനുജൻ തന്നെ തിരിച്ചറിഞ്ഞു കഴിഞ്ഞിരിക്കുന്നു.

അവന്റെ ഹൃദയതാപം അത്രവേഗം അടങ്ങുന്നതല്ല. അത്രമേൽ അവൻ അവളെ വേദനിപ്പിച്ചിട്ടുണ്ട്.

"ഞാനറിയാതെ ചെയ്തുപോയതാ.... എന്നോടു ക്ഷമിക്കണേ ചേച്ചീ.... എന്നോടു ക്ഷമിക്കണേ."

നിലത്തേക്ക് ഊർന്നുവീണ് അവളുടെ കാലുകളെ കെട്ടിപ്പിടിച്ച് അവൻ ക്ഷമ യാചിച്ചുകൊണ്ടിരുന്നു.

ബാലചന്ദ്രമേനോൻ ഔതക്കുട്ടിച്ചായനോട് അൽപ്പനേരം സംസാരിച്ചു നിന്നു. അവർക്കു സംസാരിക്കാൻ വിഷയങ്ങളൊന്നും ശേഷിച്ചില്ല. ഔതക്കുട്ടിച്ചായനെ വിട്ട് അയാൾ ഇടനാഴിയിലേക്കു കടന്നു.

അലീനയുടെ മുറിയുടെ വാതിൽക്കൽ വന്നു നോക്കി.

ചാരിയിട്ടിരിക്കുകയാണ് വാതിൽ.

അടക്കിപ്പിടിച്ച തേങ്ങലുകൾ കേൾക്കാം.

ബാലചന്ദ്രമേനോൻ വാതിലൽപ്പം തുറന്നു.

അലീന കട്ടിലിൽ ഇരിക്കുകയാണ്.

രോഹിത്ത് നിലത്തും.

അവന്റെ ശിരസ്സ് മടിയിലെടുത്തുവച്ച് തഴുകുന്നുണ്ട് അവൾ. മുഖം കുനിച്ച് അവന്റെ നെറുകയിൽ ഉമ്മ വയ്ക്കുകയും ആശ്വാസവാക്കുകൾ മന്ത്രിക്കുകയും ചെയ്യുന്നുണ്ട്. അവളുടെ മുഖവും കണ്ണീരിൽ കുതിർന്നിരിക്കുന്നു.

കണ്ണുനീരിന്റെ നൈർമല്യത്തിൽ സ്നാനം ചെയ്ത് പശ്ചാത്തപിക്കുകയും ക്ഷമിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന രണ്ടാത്മാക്കൾ മാത്രമായി അവർ രൂപാന്തരപ്പെടുന്ന ആ പവിത്രമായ ലോകത്തേക്കു കടന്നുചെന്ന് അവരെ അലോസരപ്പെടുത്താൻ മനസ്സുവരാതെ ബാലചന്ദ്രമേനോൻ പിൻവാങ്ങി.

(തുടരും)


SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Tel. ( ) ______ Signature ______

- ❑ Enclosing $ 375.00 for Long Membership.✪
- ❑ Enclosing my subscription of $49.00 for one year.
- ❑ Enclosing my subscription of $90.00 for two year.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $49.00 REG. $55.00 | 2 Year $90.00 REG. $98.00 | Lifelong* $375.00 REG. $490.00

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS

2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA MasterCard DISCOVER





FLOWERS TV 24/7 MALAYALAM CHANNEL WORLD WIDE
AMERICAN DREAMS
Sat 8.30. AM
(IST, CST)
American lifestyle
Sat 8.00 AM (CST)
Sun 8.00 AM (IST)
FLOWERS USA
24 TWENTY FOUR
24/7 LIVE NEWS
Available in YUPPTV
PROMO CODE PS555
30+ MALAYALAM CHANNELS
10 Days Catch-up TV
250+ Channels 14+ Languages
No Cable No Satellite
24/7 Customer Support
SPECIAL OFFER
Yupp Malayalam TV Pack
$10 per month
FLOWERS TOP SINGER
Mon-fri 8.30pm
Mon- Fri 9.30pm
Mon- Fri 8pm
വാർത്തയുടെ തൽസമയ സ്പന്ദനം
Live
Sat 10.30pm
Fri 10.00pm
Sat - Sun 8.30pm
Mon –Sat 6.30pm
Mon –Fri 7.00pm
Fri 7.30am
Mon,Thu 10.00pm
അത്ഭുതങ്ങളുടെ ജപമാല
എല്ലാ വെള്ളിയാഴ്ചകളിലും
Fri 7.30am
SUBSCRIPTION & ADVERTISEMENT
Biju Zacharia: 847 630 6462 | Email: info@flowersusa.tv | Web: www.flowersusa.tv
NEW YORK & NEW JERSEY
RAJAN CHEERAN: 201 772 6610
MAHESH KUMAR: 610 427 9725
SOJI KARUKAYIL: 516 232 7856
PENNSYLVANIA
GEEMON GEORGE: 267 970 4267
ROJISH SAMUEL: 267 808 1064
DALLAS
T.C. CHACKO: 214 682 7672
WILSON THARAKAN: 972 841 8924
RAVIKUMAR EDATHUVA: 469 556 6598
AUSTIN & TEXAS
SIJO VADAKKAN: 512 740 2262
CHICAGO
DR. JOE GEORGE: 224 381 2174
MIAMI
JOY KUTTIYANI: 954 708 6614
ABY ANAND: 954 305 4165
HOUSTON
GEORGE PAUL: 713 447 2926
TAMPA
SAJI KARIMPANNOOR: 813 263 6302
ORLANDO
NANDAKUMAR CHACKUNGAL: 407 227 0035
RAEES UZHUNNAN: 407 401 2225
JACKSONVILLE
PREJIL ALEXANDER: 847 393 5732
DETROIT
ALLAN CHENNITHALA: 313 999 3365
JOJI VARGHESE: 586 610 9932
ATLANTA
REGI CHERIAN: 404 425 4350
LOS ANGELES
REJI JOHN: 818 297 6307




Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**